www.malankaralibrary.com

# മത്തായി ശ്ലീഹായുടെ സുവിശേഷം ഒരു പുനർവിചാരം

ഫാ. ഡോമിനിക് സഖറിയാ



www.malankaralibrary.com

# മത്തായി ശ്ലീഹായുടെ സുവിശേഷം
# ഒരു പുനർവിചാരം

ഫാ. ഡോമിനിക് സഖറിയാ

www.malankaralibrary.com

*(Malayalam)*

**MATHAI SLEEHAYUDE SUVISHESHAM
ORU PUNARVICHARAN**

*Author*
**Fr. Dominic Zachariah**

© *Copyright*
Jose Zachairah

*First Edition*
January 2000

*Published by*
Vachanam Books
408/Mar Ivanios Nagar
Kesavadasapuram
Thiruvananthapuram-4
Phone : 540514

*Cover*
CC Thomas
Fingraph

*Layout*
Vinod (St. Mary's)

*Printed at*
St. Mary's Press
Pattom, Tvm-4
Ph. 446116

**Rs. 60/-**

www.malankaralibrary.com



## ആശീർവാദ ലേഖനം

ദൈവത്തിലാരംഭിച്ച്, ദൈവത്തിലേക്ക് നീളുന്ന ദൈവജന യാത്രയാണ് വിശുദ്ധ ബൈബിളിന്റെ ഉള്ളടക്കം. പ്രപഞ്ച സൃഷ്ടിയും, രക്ഷയും, പരിപാലനയുമെല്ലാം ഈ യാത്രയിലെ ദൈവസ്നേഹത്തിന്റെ നാഴികക്കല്ലുകളായി ബൈബിളിൽ നിലകൊള്ളുന്നു. പഴയനിയമത്തിൽ ദൈവത്താലയയ്ക്കപ്പെട്ടവരാണ് ഈ യാത്രയ്ക്ക് നേതൃത്വം നൽകിയതെങ്കിൽ, പുതിയനിയമത്തിൽ സാക്ഷാൽ ദൈവപുത്രൻ തന്നെ യാത്രാമദ്ധ്യത്തിലേക്കിറങ്ങിവരുന്നു - ദൈവജനത്തിന്റെ മാർഗ്ഗഭ്രംശപാരമ്യത്തിൽ.

'ദൈവം നമ്മോടുകൂടെ' വഴിയും സത്യവും ജീവനുമായി യാത്ര ചെയ്തപ്പോൾ, നല്ലയിടയനായ അവിടുത്തെ മുന്നിൽ ആടുകളായ നാം യാത്രചെയ്തു. ആ മനോഹരയാത്രയുടെ വിവരണങ്ങളാണ് സുവിശേഷങ്ങൾ. സുവിശേഷം ഒന്നുമാത്രമേയുള്ളു വെങ്കിലും വിവരണത്തിന്റെ അടിസ്ഥാനത്തിൽ നാലു പുസ്തകങ്ങളായിരിക്കുന്നു. അതിൽ ഒന്നാമതായി വരുന്നതാണ് വി. മത്തായിയുടെ സുവിശേഷം. അങ്ങനെ ഭവിച്ചത് അത് ആദ്യം രചിക്കപ്പെട്ടതുകൊണ്ടാണെന്നാണ് വേദപുസ്തക പണ്ഡിതമതം. എന്നാൽ അതിനെക്കാളേറെ, സുറിയാനിസഭാമക്കളായ നമ്മെ സംബന്ധിച്ചിടത്തോളം, അഭിമാനവും സന്തോഷവും ജനിപ്പിക്കുന്ന ഒരു വസ്തുതയാണ് അത് അറമായ ഭാഷയിലാണ് രചിക്കപ്പെട്ടത് എന്നുള്ളത്. അത്തരത്തിലുള്ള ഏക സുവിശേഷവും അതുമാത്രമാണ്. യേശുവിന്റെ സംസാരഭാഷയായിരുന്നല്ലോ ഇന്നത്തെ സുറിയാനിയുടെ മുൻരൂപമായ അറമായ ഭാഷ. അതുകൊണ്ടുതന്നെ അവിടുത്തെ തിരുവചനങ്ങളും, പ്രവൃത്തികളും അർത്ഥവ്യത്യാസങ്ങൾക്കിടയില്ലാതെ ചിത്രീകരിക്കുവാൻ വി. മത്തായിക്ക് കഴിഞ്ഞിരിക്കണം എന്നാണ് നിഗമനം. അതുകൊണ്ടാണ്, സമാന്തരസുവിശേഷങ്ങളിൽ ഒന്നാണ് വി. മത്തായിയുടെ സുവിശേഷമെങ്കിലും അതിന് വി. യോഹന്നാന്റെ സുവിശേഷത്തോടും ആശയസമാനത പുലർത്തുവാൻ കഴിയുന്നത്. പുസ്തകത്തിന്റെ വലിപ്പത്തിലും പ്രത്യേകത കാണുവാൻ സാധിക്കും. യഥാർത്ഥത്തിൽ വി. മത്തായി തന്റെ സുവിശേഷം 28 അദ്ധ്യായങ്ങളിൽ ചുരുക്കിയിരിക്കുകയാണ്. എങ്കിൽത്തന്നെയും യേശുവിന്റെ വചനങ്ങളും പ്രവൃത്തികളും അതിന്റെ ക്രമമനുസരിച്ച് വിവരിച്ചിരിക്കുന്നതു

www.malankaralibrary.com

കൊണ്ട് വായിക്കുന്നവർക്ക് കൂടുതൽ അർത്ഥവത്തും ആസ്വാദ്യകരവുമായി അനുഭവപ്പെടുന്നു. അക്കാരണത്താൽ തന്നെ വി. മത്തായിയുടെ സുവിശേഷത്തിന്റെ വ്യാഖ്യാനം ദൈവവചനാനുഭവത്തിന് വിശ്വാസികളെ കൂടുതൽ സഹായിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. 'വി. മത്തായിയുടെ സുവിശേഷം - ഒരു പുനർവിചാരം' എന്ന ഈ ഗ്രന്ഥം അത്തരത്തിലുള്ള ഒരു സത്പ്രയത്നമാണ്.

ഗ്രന്ഥകർത്താവായ ബഹു. ഡൊമിനിക്ക് സഖറിയാസച്ചൻ നമുക്കേവർക്കും സുപരിചിതനാണ്. ദൈവം തനിക്കു നൽകിയിട്ടുള്ള കഴിവുകൾ ദൈവശുശ്രൂഷയ്ക്കായി വ്യത്യസ്തമേഖലകളിൽ അദ്ദേഹം ഉപയോഗിക്കുന്നുവെന്നതിന്റെ ഒരു ചെറിയ ഉദാഹരണം മാത്രമാണ് ഈ ഗ്രന്ഥരചന. ദൈവജനത്തിൽ ആശയക്കുഴപ്പം ഉണ്ടാക്കുന്നവിധത്തിൽ ധാരാളം പുസ്തകങ്ങൾ ഇന്ന് സമൂഹത്തിൽ സ്ഥാനം പിടിച്ചടക്കിക്കൊണ്ടിരിക്കുമ്പോൾ അതിനെ പ്രതിരോധിക്കാൻ ഏറ്റവും നല്ല മാർഗ്ഗം പുസ്തകങ്ങൾ തന്നെയാണെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ടാണ് അദ്ദേഹം ഗ്രന്ഥരചനയിൽ ഏർപ്പെട്ടിരിക്കുന്നത്. അതിനാവശ്യമായ പഠനവും ഗവേഷണവും പ്രായം കൂടുന്തോറും അദ്ദേഹം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. വി. മത്തായിയുടെ സുവിശേഷത്തെ അടിസ്ഥാനമാക്കി ഇത്തരം ഒരു ഗ്രന്ഥം രചിക്കുന്നതിന്റെ പിന്നിൽ അദ്ദേഹമനുഷ്ഠിച്ച ആദ്ധ്യാത്മികവും ബൗദ്ധികവുമായ ധ്യാനവും പഠനവും പുസ്തകത്തിന്റെ ഉള്ളടക്കത്തിൽ നിന്ന് വ്യക്തമാണ്. ഓരോ അദ്ധ്യായവും പ്രത്യേകമായി പഠിക്കുവാനും മറ്റു സുവിശേഷങ്ങളുടെയും പാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യുവാനും അദ്ദേഹം കാണിച്ചിരിക്കുന്ന വൈഭവം ദൈവവചനത്തോടുള്ള അദ്ദേഹത്തിന്റെ ആഭിമുഖ്യത്തെയും, ദൈവം അദ്ദേഹത്തിലൂടെ നിറവേറ്റാനുദ്ദേശിക്കുന്ന ദൗത്യത്തെയും വെളിവാക്കുന്നു. ഈ പുസ്തകം ദൈവജനത്തെ തിരുവചനാധിഷ്ഠിതമായ ജീവിതയാത്ര മാർഗ്ഗഭ്രംശം കൂടാതെ പൂർത്തിയാക്കുന്നതിനു സഹായിക്കട്ടെ എന്നാശംസിച്ചുകൊണ്ട് പ്രചുരപ്രചാരവും അതുവഴി ഉളവാകുന്ന സൽഫലങ്ങളും പ്രാർത്ഥനാപൂർവ്വം നേർന്നുകൊള്ളുന്നു.

ദൈവം അനുഗ്രഹിക്കട്ടെ!

**മോസ്റ്റ് റവ. സിറിൽ മാർ ബസേലിയോസ്**
മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്താ,
തിരുവനന്തപുരം മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്

5-5-2000

www.malankaralibrary.com

# നന്ദി ! നന്ദി ! നന്ദി !

ഈ ഗ്രന്ഥരചനയിൽ എന്നെ സഹായിച്ചവർ പലരുണ്ട്. മുന്നമേ എന്റെ മാതാവും പിതാവും. ഓരോ ദിവസവും പുതിയ നിയമത്തിലെ ഒരു അധ്യായമെങ്കിലും വായിക്കുന്ന പരിചയം അവരുടെ ശിക്ഷണത്തിൽ ഉരുവപ്പെട്ടതാണ്. അടുത്തതായി, ഭാഗ്യസ്മരണാർഹനായ മാർ ഗ്രിഗോറിയോസ് പിതാവ്. വൈദിക ശുശ്രൂഷയിലേയ്ക്ക് വിളിച്ചടുപ്പിച്ചശേഷം സഭാപരമായ പഠനത്തിന് എന്നെ അഭിവന്ദ്യ പിതാവ് വളരെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ഇവരുടെയെല്ലാം പാവനസ്മരണയ്ക്കു മുമ്പിൽ ഞാൻ ശിരസ്സു നമിക്കുന്നു.

ഏകദേശം മുപ്പതുവർഷം മുമ്പ് പരസ്പരം പരിചയപ്പെട്ടതു മുതൽ, എന്റെ പഠനത്തിലും പുരോഗതിയിലും ഏറെ താത്പര്യം പ്രദർശിപ്പിച്ചു വരുന്ന അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ഈ ഗ്രന്ഥത്തിന് ആശീർവാദലേഖനം എഴുതിതന്നിരിക്കുന്നു. നിരന്തരമായ പഠനത്തിലും ഗ്രന്ഥരചനയിലും ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ബഹുമാന്യ സഹോദരൻ റവ. ഡോ. കുര്യൻ വാലുപറമ്പിൽ ഈ ഗ്രന്ഥത്തിന് പണ്ഡിതോദാരമായ അവതാരിക എഴുതിത്തന്ന്, ചർച്ചയുടെ പുതിയ മേഖലയിലേക്ക് പ്രവേശിപ്പിച്ചിരിക്കുകയാണ്. ഈ ഗ്രന്ഥത്തിന്റെ മുദ്രണം ഭംഗിയായി നിർവഹിച്ചുതന്ന, സെന്റ് മേരീസ് പ്രസ്സിലെ ബ. ജോർജ് ജോണച്ചനും സഹകാരികൾക്കും, ഇതിന്റെ പ്രസിദ്ധീകരണത്തിന് സഹായിച്ച ഏവർക്കും അകൈതവമായ നന്ദി വിനയപൂർവം അറിയിച്ചുകൊള്ളുന്നു. ഈ ഗ്രന്ഥത്തിന്റെ വായനക്കാരെയെല്ലാം ദൈവം അനുഗ്രഹിക്കട്ടെ...

**ഫാ. ഡോമിനിക് സഖറിയാ**

www.malankaralibrary.com

# അവതാരിക

പുതിയ നിയമത്തിലെ ഒന്നാമത്തെ പുസ്തകമാണ്, വിശുദ്ധമത്തായി എഴുതിയ സുവിശേഷം. സൗകര്യാർത്ഥം മത്തായിയുടെ സുവിശേഷം എന്നു പറയുന്നു. അതുതന്നെ, നാലു സുവിശേഷങ്ങളിൽ ഒന്നാമത്തേതും. പുതിയനിയമ ഗ്രന്ഥങ്ങളുടെ പട്ടിക സഭ ഉണ്ടാക്കിയ കാലം മുതലേ മത്തായിയുടെ സുവിശേഷം ഒന്നാമത്തേതായി പരിഗണിച്ചുവരുന്നു. മത്തായിയുടെ സുവിശേഷത്തിന് ആദ്യശതകങ്ങളിൽ ഉണ്ടായിരുന്ന പ്രാമാണ്യമാണ് ഇതു സൂചിപ്പിക്കുന്നത്. സഭാ പിതാക്കന്മാർ ഏറ്റമധികം ഉദ്ധരിക്കുന്നതും ആരാധനക്രമങ്ങളിൽ ഏറെ ഉപയോഗിക്കുന്നതും ഈ സുവിശേഷം തന്നെ.

ഘടനാപരമായും ദൈവശാസ്ത്രപരമായും ഉയർന്ന നിലവാരമുണ്ട്, മത്തായിയുടെ സുവിശേഷത്തിന്. ഇതിലെ ക്രിസ്തുശാസ്ത്രം, സഭാശാസ്ത്രം, ധർമശാസ്ത്രം മുതലായവ പ്രത്യേകപഠനത്തിന് വിധേയമായിട്ടുണ്ട്. ക്രിസ്ത്യാനികളെയും ഇതരരെയും ഹഠാദാകർഷിക്കുന്ന വേദഭാഗങ്ങൾ ഈ സുവിശേഷത്തിലുണ്ട്. മലയിലെ പ്രസംഗം, 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന, ഉപമകളുടെ സമാഹാരം അന്ത്യവിധി എന്നിവ ഉദാഹരണങ്ങൾ മാത്രം. മഹാത്മാഗാന്ധിയെ ഏറ്റം ആകർഷിക്കയും സ്വാധീനിക്കയും ചെയ്തിട്ടുള്ള സുവിശേഷഭാഗം ആണല്ലോ മലയിലെ പ്രസംഗം. നമ്മുടെ മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടാൻ ഈ ഭാഗം ഉൾപ്രേരണയായി വർത്തിച്ചിട്ടുണ്ട്.

www.malankaralibrary.com

സഭാശാസ്ത്രപരമായി അത്യധികം പ്രാധാന്യമുള്ളതാണ് മത്തായിയുടെ സുവിശേഷം. സഭാ (എക്ലേസിയ) എന്ന പദം (16,18;18,17) ഉപയോഗിക്കുന്ന ഒരേ ഒരു സുവിശേഷം ഇതുതന്നെ. ഇതിൽ സഭയെപ്പറ്റി വ്യക്തമായ ഒരു ചിത്രമുണ്ട്. അതിൽ യഹൂദരിൽനിന്നും വിജാതീയരിൽ നിന്നും അംഗങ്ങളായിരിക്കുന്നു. അവരെല്ലാം യേശുമിശിഹായുടെ ശിഷ്യരും ദൈവത്തിന്റെ പുത്രരുമാണ്. ഒരേ പിതാവിന്റെ മക്കളായ സഹോദരങ്ങൾ. സഭാസാഹോദര്യമാണ്, യഥാർത്ഥ ഇസ്രായേൽ. അതിൽ നല്ലവരും ദുഷ്ടരുമുണ്ട്; സത്യപ്രവാചകരും അസത്യപ്രവാചകരുമുണ്ട്. അങ്ങനെ തുടരുകയും ചെയ്യും. സഭയിൽ സാമൂഹിക ജീവിതം ക്രമീകരിക്കുന്നതിന് സംവിധാനങ്ങളുണ്ട്. ശരിയായ വിശ്വാസവും പെരുമാറ്റവും വിശദീകരിക്കാൻ അധികാരമുള്ള ശിഷ്യസംഘം ചുമതല നിർവഹിക്കുകയും ചെയ്യുന്നു. (16,19 - 20; 18,18) അവിടെ ശിഷ്യരിൽ ഒന്നാമൻ പത്രോസ് മാതൃകയാണ്. ആർക്കും തെറ്റുപറ്റാം, എന്നാൽ അനുതപിച്ചു ക്ഷമ തേടാം. സഭാംഗങ്ങൾക്ക് പരസ്പരം ക്ഷമിക്കുന്നതിന് അതിരു കല്പിക്കാവതല്ല. തിരുത്തുകയും തിരുത്തൽ സ്വീകരിക്കുകയും വേണം. തിരുത്തൽസ്വീകരിക്കാത്തവരെ പുറംതള്ളാനും സഭയ്ക്ക് അധികാരമുണ്ട്. (18,17) അതേ സമയം സഭയിൽ അധികാരം ആരുടെയും അവകാശമോ കുത്തകയോ അല്ല. അവിടെ അധികാരം ഏല്പിക്കപ്പെടുന്നവർ മേലാളരോ ആശാൻമാരോ ആകരുത്. യഹൂദമതത്തിലെപ്പോലെ അധികാരശ്രേണി സഭയിൽ പാടില്ല. സകലരും സഹോദരങ്ങളാണ് (23,8). എല്ലാവരും കർത്താവിന്റെ പുനരാഗമനത്തിന് കാത്തിരുന്ന് ഏല്പിക്കപ്പെട്ട വേല ജാഗ്രതയോടെ നിറവേറ്റണം. ഉയിർത്തെഴുന്നേറ്റ് ഭൂസ്വർഗ്ഗങ്ങളിൽ സർവ്വാധികാരം പ്രാപിച്ച യേശുമിശിഹായുടെ നിത്യസാന്നിധ്യം അനുഭവിച്ച് സകലജാതികളെയും യേശുവിന് ശിഷ്യപ്പെടുത്താൻ യേശു പഠിപ്പിച്ചത് സഭ തുടർന്നുകൊണ്ടിരിക്കണം. ഇതാണ് മത്തായിയുടെ സുവിശേഷത്തിലെ സഭാ വിജ്ഞാനീയത്തിന്റെ രത്നച്ചുരുക്കം. ഈദൃശമായ ഒരു സഭാവിജ്ഞാനത്തിന് ഊന്നൽ കൊടുക്കുന്ന ഒരു ഗ്രന്ഥമാണ് ബഹു ഡോമിനിക്ക് സഖറിയാസച്ചൻ ' മത്തായിശ്ലീഹായുടെ സുവിശേഷം- ഒരു പുനർവിചാരം ' എന്ന അഭിധാനത്തിൽ എഴുതിയിരിക്കുന്നത്.

ഒരു പുനർവിചാരം എന്ന് പേരുകൊടുത്തിരിക്കുന്നതുകൊണ്ടു തന്നെ, നിലവിലുള്ള വീക്ഷണത്തെ തിരുത്തുവാൻ ഉദ്ദേ

www.malankaralibrary.com

ശിക്കുന്നുവെന്നു വരുന്നു. എന്തായിരിക്കും തിരുത്തുവാൻ ആഗ്രഹിക്കുക? അതിന് ഈ ഗ്രന്ഥത്തിന്റെ ആധാരചിന്തകളിലേക്ക് കടന്നു ചെല്ലേണ്ടതായുണ്ട്. അവയിലൊന്ന് ചൂണ്ടിക്കാണിച്ചു തുടങ്ങാം. മത്തായി ശ്ളീഹാ എഴുതിയ അറമായ സുവിശേഷമാണ്, ഗ്രന്ഥകാരന്, ഈ ഗ്രന്ഥം എഴുതുന്നതിന് കാരണമായി ഭവിച്ചിരിക്കുന്നത്. ഇതിൽ ചില അടിസ്ഥാന വസ്തുതകൾ ആദ്യമേ വ്യക്തമാക്കേണ്ടതുണ്ട്. നമുക്ക് ലഭിച്ചിട്ടുള്ളത് മത്തായിയുടെ പേരിലുള്ള ഗ്രീക്കുസുവിശേഷം മാത്രമാണ്. അതിന് മാർക്കോസിന്റെയും ലൂക്കോസിന്റെയും സുവിശേഷങ്ങളോട് ഉള്ളടക്കത്തിലും ഘടനയിലും പ്രകടമായ സാമ്യങ്ങളുണ്ട്. മാർക്കോസിന്റെ സുവിശേഷത്തിലെ 650- ലേറെ വാക്യങ്ങൾ മത്തായിയുടെ സുവിശേഷത്തിലുണ്ട് എന്ന് താരതമ്യപഠനം വ്യക്തമാക്കുന്നു. ആദ്യത്തെ മൂന്നു സുവിശേഷങ്ങൾ തമ്മിലുള്ള ഈ സാമ്യങ്ങൾ വച്ച് ഇവ തമ്മിൽ രചനാപരമായ ബന്ധമുണ്ടെന്ന് പഠനങ്ങളുടെ വെളിച്ചത്തിൽ പൊതുവെ അംഗീകരിച്ചിട്ടുണ്ട്. മാർക്കോസിന്റെ സുവിശേഷമാണ് ആദ്യരചന. അതിനെ ആശ്രയിച്ചാണ് മത്തായിയുടെ സുവിശേഷം വിരചിതമായത്. മത്തായിയുടെ ഗ്രീക്ക് സുവിശേഷം ആണ്, ആദ്യ രചനയെന്നു കരുതുന്ന ഒരു ചെറിയ ന്യൂനപക്ഷമുണ്ട്. സുവിശേഷങ്ങളുടെ ഈ പരസ്പരബന്ധം കൊണ്ട് ഒന്നു വേറൊന്നിന്റെ പകർത്തെഴുത്താകുന്നില്ല. എന്നാൽ ആ രീതിയിൽ ചിന്തിക്കുന്ന ലിബറൽ പണ്ഡിതന്മാർ ഉണ്ടെന്ന് ഗ്രന്ഥകാരൻ ആരോപിക്കുന്നു. ഇത്തരം തെറ്റായ നീക്കങ്ങൾക്ക് മറുപടിയായി ഗ്രന്ഥകാരൻ പ്രകൃത ഗ്രന്ഥത്തെ ഉദ്ദേശിക്കുന്നതായി തോന്നുന്നു. അതിന് അദ്ദേഹം മത്തായി അറമായ സുവിശേഷം എഴുതിയതിനെ ആധാരവസ്തുതയായി ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു.

മത്തായി അറമായയിൽ സുവിശേഷം എഴുതിയിട്ടുണ്ട് എന്ന് പപ്പിയാസു ഒരിജൻ എന്നിങ്ങനെ സഭാപിതാക്കന്മാരുടെ പരാമർശങ്ങളിലെ അറിവു മാത്രമെ ഇതുവരെയുള്ളു. പ്രസ്തുത സുവിശേശത്തിൽ നിന്ന് ഉദ്ധരണികൾ പോലും ലഭിച്ചിട്ടില്ല. മത്തായിയുടെ ഗ്രീക്കു സുവിശേഷം രചിക്കാൻ ഉപയോഗിച്ച 'ക്യൂ' ശ്രോതസ്സു (സമാഹാരം) പോലും ഗ്രീക്കിലുള്ളതാണ്, എന്നത്രേ ഇതുവരെയുള്ള നിഗമനം. ഈ ഗ്രന്ഥത്തിൽ ഉപയോഗിച്ചിട്ടുള്ളതും മത്തായിയുടെ സുവിശേഷത്തിന്റെ ഗ്രീക്കുമൂലത്തിൽ നിന്നുള്ള വിവർത്തനമാണല്ലോ. ഗ്രീക്കുമൂലത്തിന്റെ ഗ്രീക്കുശൈലി ഏതെങ്കിലും സെമിറ്റിക്ക്

www.malankaralibrary.com

ഭാഷയിൽ നിന്നുള്ള (ഹീബ്രു അറമായ സുറിയാനി) വിവർത്തനത്തിന്റേതല്ല. ഇത് സി. എഫ്. ഡി. മൂൾ എന്ന പണ്ഡിതൻ ഭാഷാ ഗവേഷണഫലമായി പറയുന്നതാണ്. ഈ നിലപാട് സുവിശേഷ പഠിതാക്കൾ പൊതുവെ സ്വീകരിച്ചിരിക്കുന്നു. സുവിശേഷങ്ങളിൽ സെമറ്റിക്ക് പശ്ചാത്തലവും ശൈലീപ്രയോഗങ്ങളും ഉണ്ടാകാം. അതുകൊണ്ട് ഭാഷാരീതിശാസ്ത്രം (linguistics) അനുസരിച്ച് എടുത്ത പൊതുതീരുമാനം പാഴാവുന്നില്ല. ഗ്രീക്കുകൃതിയെ ഗ്രീക്കു വീക്ഷണം വച്ചുവേണം വായിക്കുവാൻ. ഗ്രന്ഥകാരൻ മത്തായിയുടെ സുവിശേഷത്തിന്റെ സുറിയാനി വിവർത്തനം വച്ചു വ്യാഖ്യാനിച്ചിരുന്നുവെങ്കിൽ, തന്റെ കൃതിക്ക് സെമിറ്റിക്ക്മാനം കൂടുതൽ അവകാശപ്പെടാമായിരുന്നു.

പലസ്തീനായിലെ യഹൂദക്രൈസ്തവരെ ഉദ്ദേശിച്ചാണ് മത്തായിയുടെ സുവിശേഷം എഴുതപ്പെട്ടതെന്ന് ഗ്രന്ഥകാരൻ ചൂണ്ടിക്കാണിക്കുന്നു. മത്തായി അറമായിൽ എഴുതിയ സുവിശേഷത്തെക്കുറിച്ച് സഭാഗ്രന്ഥകാരനായ പപ്പിയാസ് അവ്വിധം സാക്ഷ്യപ്പെടുത്തുന്നുണ്ട്. എന്നാൽ ഗ്രീക്കുമൂലം താദൃശസാഹചര്യത്തിൽ എഴുതപ്പെട്ടതാണോ? മത്തായിയുടെ ഗ്രീക്കുസുവിശേഷത്തിൽ പ്രതിഫലിക്കുന്ന സഭയിൽ യഹൂദ ക്രിസ്ത്യാനികൾ മാത്രമല്ല വിജാതീയക്രിസ്ത്യാനികളുമുണ്ട്. അതായത് വിജാതീയ ക്രിസ്ത്യാനികളെയും ഉദ്ദേശിച്ച് എഴുതിയതാണ് ഈ സുവിശേഷം. അവരും അതിന്റെ ആദ്യ അനുവാചകരാണ്. വിജാതീയർ ഉൾപ്പെടാത്ത ഒരു പലസ്തീനാ സഭയെ മത്തായിക്ക് കാണാനാവില്ല. അത് 'വിജാതീയരുടെ ഗലീലിയും' ഉൾപ്പെടുന്നതാണ്. അവിടെ യേശു സുവിശേഷം ആരംഭിച്ചു. ഉയിർത്തെഴുന്നേറ്റ ക്രിസ്തു ശിഷ്യന്മാരെ അവസാനമായി കാണുന്നതും ഗലീലിയിൽ വച്ചുതന്നെ. യഹൂദരും വിജാതീയരും ഉൾപ്പെടുന്നതാണെങ്കിലും , യഹൂദർക്കു മുൻതൂക്കം ഉള്ള സഭയാണ്, മത്തായിയുടെ സുവിശേഷത്തിൽ കാണാനാവുക. ഈ സഭയ്ക്ക് ഏകനേതൃത്വമാണോ ഉണ്ടായിരുന്നത്? അത് യറുശലേം സഭ ആയിരുന്നുവോ? ഇതൊന്നും തീർത്തുപറയാനാവില്ല. എല്ലാ ദേശത്തുമുള്ള എല്ലാജനതകളെയും ഉദ്ദേശിച്ചുള്ളതാണ് യേശുവിന്റെ സുവിശേഷം. എങ്കിലും ഓരോ സുവിശേഷകർത്താവും എഴുതിയത് നിശ്ചിതഗണം അനുവാചകരെ ഉദ്ദേശിച്ചാണ്. അവരെ തിരിച്ചറിയുക സുവിശേഷവ്യാഖ്യാനത്തിന് ആവശ്യമായിരിക്കുന്നു.

www.malankaralibrary.com

മത്തായി സുവിശേഷം എഴുതിയതിന്റെ ലക്ഷ്യം ഗ്രന്ഥകാരൻ വ്യക്തമാക്കുന്നുണ്ട്. ഏ. ഡി 60-കളിൽ യറുശലേമും അവിടെ വസിച്ചിരുന്ന യഹൂദരും ക്രൈസ്തവരും നേരിട്ട പ്രത്യേക പ്രതിസന്ധിയിൽ പലസ്തിനായുടെ കേന്ദ്രമായ യറുശലേമിലെ സഭയെ മാറ്റത്തിന് പ്രാപ്തമാക്കുക. യറുശലേം സഭയെ സാർവത്രികസഭയുടെ പൊതുധാരണയിൽ ഉൾപ്പെടുത്താനെന്നപോലെ സാർവത്രിക സഭയെ ഇസ്രായേലിന്റെ ചരിത്രപരമായ വേരുകളിൽ ഉറപ്പിക്കാനും ഈ സുവിശേഷരചന ഉപകരിച്ചുവെന്നും ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു.

അബ്രഹാമിൽ ആരംഭിച്ച രക്ഷാപദ്ധതിയിൽ ഉൾപ്പെടാൻ അബ്രഹാമിന്റെ വിശ്വാസം പങ്കുവക്കുന്ന പുതിയ സമൂഹമായി സഭ നവീകരിക്കുപ്പെടണം. അബ്രഹാമിന്റെ വിശ്വാസത്തിൽ നിന്ന് ജീവന്റെ ഉറവിടമായ യേശുക്രിസ്തുവിലേക്ക് ഇസ്രായേൽ സമൂഹം നയിക്കപ്പെടണം. ദൈവത്തിൽ നിന്ന് ഉത്ഭവിക്കുന്ന ജീവന്റെ അനുഭവം പൂർണ്ണമാകുന്നത് യേശുവിലാണെന്ന് ആരംഭത്തിൽ വംശാവലി വിവരണത്തിൽ മത്തായി സൂചിപ്പിക്കുന്നുണ്ട്. ദൈവത്തിൽ നിന്ന് ജനിക്കുന്നത് എങ്ങനെയെന്നു ക്രമപ്രവൃദ്ധമായി സുവിശേഷം വ്യക്തമാക്കിത്തരുന്നു. ഈ സുവിശേഷമാകട്ടെ മനുഷ്യരാശിക്ക് മുഴുവനുമുള്ളതാണ്. ഇതാണ് മത്തായി ഉദ്ദേശിച്ചിരിക്കുന്നതെന്ന്, അദ്ദേഹത്തിന്റെ സുവിശേഷത്തിന്റെ അന്ത്യഭാഗത്തിൽ ഏറ്റം പ്രകടമായി പറഞ്ഞിരിക്കുന്നു. അതുകൊണ്ട് യഹൂദസഭയിൽ ഒതുങ്ങി നിൽക്കുന്നത്, മത്തായിയുടെ സുവിശേഷത്തിന് നിരക്കുന്നതല്ല.

യറുശലേം സഭയിൽ ഒതുങ്ങിനില്ക്കുന്ന സുവിശേഷരചനാലക്ഷ്യത്തിന് ഗ്രന്ഥകാരൻ സാധൂകരണം കണ്ടെത്തുന്നുണ്ട്. റോമനാധിപത്യത്തിൽ ആയിരുന്ന യറുശലേമിനെ വിമോചിപ്പിക്കുവാൻ യഹൂദരിലെ തീവ്രവാദികൾ ഒന്നിനു പുറകെ വേറൊന്നായി പ്രക്ഷോഭണങ്ങൾ സംഘടിപ്പിച്ചിരുന്നു. മിശിഹായെന്ന് അവകാശപ്പെട്ട് പലരും നേതൃത്വം ചമഞ്ഞു മുന്നോട്ടു വന്നു. ഇത്തരം നീക്കങ്ങൾക്കൊക്കെ തിരിച്ചടികളും ഉണ്ടായി. ഈ സാഹചര്യത്തിൽ യഥാർത്ഥ മിശിഹായായ യേശുവിലേക്ക് തിരിഞ്ഞു വരാൻ യഹൂദ നേതൃത്വത്തെ ആഹ്വാനം ചെയ്തുകൊണ്ട് ശ്ലീഹാമാർ സുവിശേഷം പ്രസംഗിച്ചു. യഹൂദനേതൃത്വം ഈ ആഹ്വാനം തിരസ്ക്കരിച്ചുവെന്നു മാത്രമല്ല. ക്രിസ്ത്യാനികളെ കൂടുതലായി പീഡിപ്പിക്കുകയും

www.malankaralibrary.com

ചെയ്തു. അതിന് ഒരു മറുപടിയായി യഹൂദനേതൃത്വത്തെ ശാസിക്കുകയും ക്രൈസ്തവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ട് മത്തായി സുവിശേഷം എഴുതിയതായി ഗ്രന്ഥകാരൻ വിചാരിക്കുന്നു. ഈദൃശസാഹചര്യങ്ങളിൽ സുവിശേഷം പ്രസംഗിക്കുവാനാണ് യേശു ആവശ്യപ്പെട്ടത്. എന്നാൽ സുവിശേഷം രചിക്കുന്നതാകട്ടെ സഭാസമൂഹത്തിനു വേണ്ടിയാണ്. അതിൽ ശിഷ്യത്വത്തിന്റെ പരിശീലനം ലഭിച്ചവരും, നവാഗതരും ഉണ്ടാവാം. അവരുടെ മുഴുവൻ നവീകരണവും വളർച്ചയും ഉദ്ദേശിച്ചാണ് സുവിശേഷം രചിച്ചതും. ആനുകാലിക സംഭവങ്ങളുടെ അലയൊലി അതിൽ ഉണ്ടായിരിക്കുകയും ചെയ്യും. യേശു പീഡാനുഭവത്തിൽ നിന്ന് ഉയിർപ്പിലേക്കു പ്രവേശിച്ച പ്രക്രിയ സഭയിലും ആവർത്തിക്കപ്പെടുന്നു. അതുകൊണ്ട്, പുറത്തു നില്ക്കുന്നവരോട് സുവിശേഷം പ്രസംഗിക്കുക, സഭയിൽ ഉൾപ്പെട്ടവർക്കുവേണ്ടി സുവിശേഷം രചിക്കുക എന്ന വ്യത്യാസം അന്ന് തീർച്ചയായും പ്രസക്തമായിരുന്നു.

പ്രഘോഷണത്തിൽനിന്ന് സുവിശേഷത്തിലേക്കുള്ള മാറ്റം ഈ ഗ്രന്ഥത്തിൽ എടുത്തു കാണിക്കുന്നുണ്ട്. യറുശലേം ആയിരുന്നു, സഭയുടെ ആദ്യത്തെ ബോധനകേന്ദ്രം. ശ്ലീഹന്മാർ അതിന് നേതൃത്വം നൽകി. അവരുടെ ബോധനം വാമൊഴിയായി ഏറെനാൾ നിലനിന്നു. ആ പാരമ്പര്യത്തിൽ നിന്നാണ് സഭയുടെ ആരാധന രൂപം ധരിച്ചത്. യേശുവിന്റെ പീഡാനുഭവവും മരണവും ഉത്ഥാനവും കൊരുത്തുചേർക്കുന്ന സഭാനുഭവം യേശുവിനോടൊത്തു ജീവിച്ച ശ്ലീഹന്മാരിൽ നിന്നു ലഭിച്ചതാണ്. വിശുദ്ധകുർബാന മിശിഹാ നല്കുന്ന വിരുന്നായി പരിഗണിക്കുന്ന പാരമ്പര്യവും യറുശലേം സഭയിൽ ആരംഭിച്ചതായി മനസ്സിലാക്കാം. ഈ പശ്ചാത്തലത്തിലാണ് പത്തു കന്യകന്മാരുടെ ഉപമ അർത്ഥപ്രസക്തമാകുന്നത്. ക്രൈസ്തവർക്കാകട്ടെ, ഞെരുക്കത്തിന്റെ അവസ്ഥ 'പീഡാനുഭവമാകുന്ന മണവറ'യിൽ പ്രവേശിക്കാനുള്ള അവസരമാണ്. ഇതരർക്കാകട്ടെ, ഞെരുക്കത്തിൽ യേശുവിനോട് ഒന്നിക്കാനുള്ള വൈമനസ്യം ശിക്ഷയ്ക്കു കാരണം ആകുകയും ചെയ്യുന്നു.അതുപോലെ തങ്ങൾക്ക് സ്വന്തമായത് ദരിദ്രർക്കു പങ്കുവയ്ക്കുന്നത്, വിശുദ്ധ കുർബാനയുടെ അനുഭവത്തിനുള്ള ഒരുക്കമത്രെ. അതിന് സന്നദ്ധരാകാത്തവരും ശിക്ഷാവിധിയ്ക്ക് പാത്രീഭൂതരാകുന്നു. ഇതിലെല്ലാം ആവിഷ്കൃതമാകുന്നത് ദൈവസ്നേഹമാണ്. ഏകദൈവത്തിലെ മൂന്നാളുകളുടെ പരസ്പരസ്നേഹം, മനുഷ്യർക്ക് ജീവനായിത്തീ

www.malankaralibrary.com

രുന്ന മഹായജ്ഞമാണ്, കർത്താവിന്റെ കല്പനപ്രകാരം സഭ നിർവഹിക്കുന്ന സുവിശേഷഘോഷണം. വാമൊഴിയാണ് സഭയ്ക്ക് എന്നും പ്രധാനം. എന്നാൽ സുവിശേഷം രചിക്കപ്പെട്ടതോടെ വരമൊഴിയും തുല്യപ്രധാനമാണെന്നു വന്നു. ആദിമസഭയിലെ ഈ മാറ്റത്തിന്റെ പ്രക്രിയ കൂടുതൽ പഠനാർഹമാണ്.

മത്തായിയുടെ സുവിശേഷത്തെ സംബന്ധിച്ചിടത്തോളം, വാമൊഴിയിൽ നിന്നു വരമൊഴിയിലേക്കുള്ള മാറ്റം ഗ്രന്ഥകാരൻ വരച്ചുകാണിക്കുന്നുണ്ട്. ജനതകളെ ശിഷ്യപ്പെടുത്തുവാനുള്ള ഉത്തരവാദിത്വമാണ് യേശു ശിഷ്യരെ ഭരമേല്പിച്ചത്. അതിൽ മത്തായി ശ്ലീഹായും പങ്കുചേർന്നു. "യേശുവിനാൽ അയയ്ക്കപ്പെട്ടവൻ (ശ്ലീഹാ) എന്ന നിലയിൽ പരിശുദ്ധാത്മാവിന്റെ വരവിന് മുമ്പും പിമ്പും മറ്റു ശ്ലീഹാമാരോട് ഒത്തുചേർന്നു, യേശു ചെയ്തതും പറഞ്ഞതും അനുഭവിച്ചതും മത്തായിയും ശേഖരിച്ചു വച്ചു. അതിനു ശേഷമാണ്, എല്ലാ ശ്ലീഹമാരും ചുറ്റിസഞ്ചരിച്ച് വിവിധ സഭകളിൽ ഉൾപ്പെടുന്ന വിശ്വാസികൾക്ക് യേശുവിന്റെ പ്രബോധനം പങ്കിട്ടു കൊടുത്തത്. മത്തായിശ്ലീഹാ പിന്നീടും യറുശലേമിൽ പ്രവർത്തിച്ചിരുന്നതായി പാരമ്പര്യമുണ്ട്. അന്ന് അന്തോഖ്യ - യറുശലേം മേഖലയിൽ വസിച്ചിരുന്നവർക്ക് ഗ്രീക്കും അറമായസുറിയാനിയും അറിയാമായിരുന്നു. മത്തായി ശ്ലീഹാ മറ്റു സുവിശേഷങ്ങൾ കണ്ടിട്ടുണ്ടാവാം. അവയിൽ നിന്ന് സ്വീകരിച്ചിട്ടുണ്ടാവാം. വ്യക്തികളല്ല ഇവിടെ പ്രധാനം. സുവിശേഷങ്ങളുടെ രചന സഭയുടെ പൊതുവായ ഉത്തരവാദിത്വത്തിൽ നടന്നിട്ടുള്ളതാണ്. മത്തായി ശ്ലീഹാ പ്രത്യേകമായി യറുശലേം സഭയോട് കടപ്പെട്ടിരുന്നിരിക്കണം. പക്ഷെ അദ്ദേഹത്തിന്റെ പ്രതിബദ്ധത കർത്താവായ യേശുക്രിസ്തുവിനോട് ആയിരുന്നു.(പുറം 13 )ഈ പശ്ചാത്തലത്തിലാണ് അദ്ദേഹം സുവിശേഷം രചിച്ചത്. അദ്ദേഹം സഭാപരമായി സംഗ്രഹിച്ചവ വരമൊഴിയിലേക്ക് പകർത്തി.

എന്നാൽ ഇന്ന് പണ്ഡിതന്മാരുടെ പൊതുമതമനുസരിച്ച് മത്തായിയുടെ ഗ്രീക്കു സുവിശേഷം എ.ഡി 85-90 കൾക്കിടയ്ക്ക് അന്ത്യോഖ്യായിൽ വച്ച് വിരചിതമായി. രചിച്ചതാകട്ടെ ക്രിസ്തുസംഭവങ്ങളുടെ ദൃക്സാക്ഷിയായ ശ്ലീഹായല്ല.രണ്ടാമത്തെയോ മൂന്നാമ

www.malankaralibrary.com

ത്തെയോ ക്രിസ്തീയ തലമുറയിൽപെട്ട വ്യക്തിയോ സമൂഹമോ ആകാം. എന്നാൽ, മത്തായി ശ്ലീഹായുമായി സുവിശേഷത്തിന് ബന്ധമില്ലെന്ന് പണ്ഡിതരിൽ ഏറെ പേരൊന്നും പറയുന്നില്ല. ശ്ലീഹായും രചയിതാവുമായി ഏതോ ബോധനാപരമായ തുടർച്ച ഉണ്ടെന്നു വരുന്നു. ഏ. ഡി എഴുപതിനു മുമ്പ് മത്തായി ശ്ലീഹായുടെ സുവിശേഷം എഴുതി എന്നാണ് ഈ ഗ്രന്ഥത്തിലെ നിലപാട്. യറുശലേമിന്റെ പതനം ആസന്നമായപ്പോൾ, സഭ കൂടുതൽ സാർവത്രികമായപ്പോൾ സഭയുടെ കേന്ദ്രം റോമായായി അംഗികരിക്കപ്പെട്ടു, എന്ന് ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നു. ഈ സംഗതികൾ തമ്മിൽ പൊരുത്തപ്പെടാൻ പ്രയാസമില്ലേ? യറുശലേമിന്റെ പതനത്തിനു മുമ്പ് ക്രിസ്തീയ സഭയുടെ കേന്ദ്രമായി റോമാ അംഗികരിക്കപ്പെട്ടു കഴിഞ്ഞോ? യറുശലേമിന്റെ പതനത്തിനുശേഷമല്ലേ അതിന് ഏറെ സാധ്യത.ലൂക്കോസിന്റെ വിവരണമനുസരിച്ച് യറുശലേമിനുശേഷം അന്ത്യോഖ്യ ആയിരുന്നു സുവിശേഷപ്രവർത്തനത്തിന്റെ കേന്ദ്രം. റോമാ സഭാകേന്ദ്രമായി ക്കഴിഞ്ഞ് മത്തായി സുവിശേഷം എഴുതിയെങ്കിൽ ഏ. ഡി 70-ന് മുമ്പാകുകയില്ല. മത്തായി ശ്ലീഹായുടെ അറമായ സുവിശേഷത്തെപ്പറ്റി കൂടുതൽ ഗവേഷണം അഭികാമ്യമാണ്.

മത്തായിയുടെ സുവിശേഷത്തിന്റെ വ്യാഖ്യാനം ഇരുപത്തിയെട്ടു അധ്യായങ്ങളിലായി നൽകുന്ന ക്രമീകരണമാണ് ഈ ഗ്രന്ഥത്തിൽ സ്വീകരിച്ചിരിക്കുന്നത്. വ്യാഖ്യാനത്തിന്റെ പൊതുസ്വഭാവം മാത്രം. ഇവിടെ ചൂണ്ടിക്കാണിക്കാം. ഓരോവാക്യവും വാക്കും എടുത്തു വ്യാഖ്യാനിക്കുകയില്ല, ഓരോ അധ്യായത്തിലെയും പ്രധാനപ്പെട്ട താത്പര്യം വെളിവാക്കുകയാണ്. ചില സംഭവങ്ങളെപ്പെറ്റി താരതമ്യേന കൂടുതൽ വിവരിക്കാനും ഗ്രന്ഥകാരൻ ശ്രമിച്ചിട്ടുണ്ട്. സുവിശേഷവാചകങ്ങൾക്ക് അവയുടെ രചനയുടെ കാലത്തും ഇന്നും എന്നുമുള്ള പ്രസക്തിയിലേക്ക്, സാങ്കേതികതയിലേക്ക് കടക്കാതെ, അനുവാചകരെ ആകർഷിക്കുന്ന ആഖ്യാനശൈലി ഈ ഗ്രന്ഥത്തിന്റെ സവിശേഷതയായിക്കാണാം. സുവിശേഷത്തിന്റെ വ്യക്തിപരമായ പാരായണം അതിന്റെ വ്യാഖ്യാനമായി പരിണമിച്ചു. സ്വകാര്യമായ വായനയെയും വ്യാഖ്യാനത്തെയും തിരുത്താനാവുന്ന

www.malankaralibrary.com

സഭാത്മകവ്യാഖ്യാനമാണ് ഇത്. സുവിശേഷരചന സഭാപരമായ അനുശീലനത്തിന് വിധേയമായിരിക്കുന്നു. അതേ രീതിയിൽ അല്ലെങ്കിലും സഭയും സുവിശേഷവ്യാഖ്യാനവും തമ്മിൽ ജൈവബന്ധമുണ്ട്. അതേ ജീവബന്ധം സുവിശേഷ പാരായണത്തെയും ശക്തിപ്പെടുത്തണമെന്നാണ് ഈ ഗ്രന്ഥത്തിന്റെ താത്പര്യം.

ഈ ഗ്രന്ഥത്തിൽ നിന്ന് മൗലികചിന്തയുടെ നിരവധി ഉദാഹരണങ്ങൾ ഉദ്ധരിക്കാനാവും. ചിലതുമാത്രം. അധ്യായം നാല്, യേശുവിന്റെ മരുഭൂപരീക്ഷയുടെ സംഭവം. നാം ചോദിക്കുന്നതെന്തും നമുക്ക് ആവശ്യമാണെന്ന് തോന്നി ദൈവം നൽകിക്കൊണ്ടിരിക്കുമെന്ന മിഥ്യാചിന്തയാണ് ആദ്യത്തെ പരീക്ഷ. ദൈവം തന്റെ അനന്തബോധ്യത്തിൽ ആവശ്യമായവ, നാം ചോദിക്കാതെ, നൽകുമെന്ന വിശ്വാസമാണ്, ദൈവവുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനം. അതുപോലെ ഓരോവ്യക്തിയും ദൈവഹിതം നിരാകരിച്ച് തന്നിഷ്ടം പ്രവർത്തിച്ച് അപകടത്തിൽ ചാടിയാലും ദൈവം സംരക്ഷിച്ചുകൊള്ളുമെന്ന മിഥ്യാപ്രതീതിയാണ് രണ്ടാമത്തെ പരീക്ഷ. ദൈവഹിതമാണെന്ന് ബോധ്യം വരുന്നതനുസരിച്ച് ജീവിതത്തെ നേരിടുകയാണ് കരണീയം, കടൽത്തീരം സാർവത്രികതയുടെ പ്രതീകമാണ്. യേശു സഹോദരരെ ശിഷ്യരായി സ്വീകരിച്ചത്, സഭയിൽ ആവശ്യമായ സാഹോദര്യം സൂചിപ്പിക്കാനാണ്. ഓരോ രോഗസൗഖ്യവും സുവിശേഷമാകുന്നത് യേശുവിന്റെ ഉയർപ്പിനോട് ബന്ധപ്പെടുമ്പോഴാണ്. പത്രോസിന്റെ അമ്മായിയമ്മയുടെ ശുശ്രൂഷ ശിഷ്യസമൂഹത്തെ ബലപ്പെടുത്തി. ഇങ്ങനെ പല പരാമർശങ്ങളുണ്ട് എടുത്തു പറയാൻ.

യേശു തന്റെ മരണത്തെപ്പറ്റി മുൻകൂട്ടി അറിയിച്ചപ്പോൾ പത്രോസ് അങ്ങനെ സംഭവിക്കരുതെന്ന് വിലക്കി. സാത്താനെ എന്റെ പിന്നിൽ പോകൂ എന്ന അതിന് യേശു നൽകിയ മറുപടി വ്യാഖ്യാനിച്ചിരിക്കുന്നത് ശ്രദ്ധിക്കുക, 'സാത്താനേ' എന്ന് വിളിച്ചതിൽ പത്രോസ്, തന്നെ പ്രലോഭിപ്പിക്കുന്നുവെന്നു യേശു ചൂണ്ടിക്കാണിക്കുക ആയിരുന്നു. ശിഷ്യനെന്ന നിലയിൽ പത്രോസിന്റെ ചുമതല യേശുവിന്റെ പിന്നാലെ പോകുകയാണ്, മുമ്പിൽ കയറി തടസ്സപ്പെടുത്തുകയില്ല. ഓരോ ശിഷ്യനും തന്റെ

www.malankaralibrary.com

കുരിശെടുത്ത്, യേശുവിനെ അനുഗമിക്കുവാൻ, യേശു ഉപദേശിക്കുന്നുണ്ടല്ലോ, ബൈബിൾ പണ്ഡിതന്മാർ തയ്യാറാക്കിയ വ്യാഖ്യാനഗ്രന്ഥങ്ങളിൽ ആശ്രയിക്കാതെ വ്യക്തിപരമായി സുവിശേഷം വായിച്ചു അർത്ഥം ഗ്രഹിക്കുന്നതിന് ഒരു മാതൃക ഈ ഗ്രന്ഥത്തിൽ കാണാനാകുന്നു. എങ്കിലും മത്തായിയുടെ സുവിശേഷത്തിന്റെ സമഗ്രവ്യാഖ്യാനം, ഇതിൽ ലഭിക്കുമെന്ന് പറയാനാവുകയില്ല.

ബൈബിൾ പഠനത്തിന്റെ സാങ്കേതിക നിയമങ്ങളിൽ നിന്ന് അകലം കാത്ത് രചിച്ചിട്ടുള്ളതാണ് ഈ ഗ്രന്ഥം. എങ്കിലും ബൈബിൾ ഗവേഷണത്തിന്റെ സുവ്യക്ത ഫലങ്ങൾ ആർക്കും നിഷേധിക്കാനാവതല്ല. അതുകൊണ്ട് ഈ ഗ്രന്ഥത്തിന്റെ മൗലികതയും മേന്മയും നിഷേധിക്കുന്നുവെന്ന് അർത്ഥമാകുന്നില്ല. ഇതിന്റെ മൗലികമായ പുതുമക്ക് അടിസ്ഥാനം, ഈ വ്യാഖ്യാനം ബഹു. ഡൊമിനിക്ക് സഖറിയാസച്ചൻ വിശുദ്ധമത്തായിയുടെ സുവിശേഷം വ്യക്തിപരമായി അനുധ്യാനിച്ചതിൽ നിന്ന് ഉളവായതാകുന്നു എന്ന സംഗതിയത്രേ. ഇത് ഈ ഗ്രന്ഥത്തിന്റെ സഹായം വച്ച് സുവിശേഷത്തിലേക്ക് കടന്നുച്ചെല്ലുന്നവർക്ക് ഒരു പ്രചോദനമായിരിക്കും. മത്തായിയുടെ സുവിശേഷത്തിന് ശക്തമായ ഒരു വ്യാഖ്യാനം ഇത്രയും ചുരുക്കിയും ക്രമീകരിച്ചും എഴുതിയതിന്റെ പിന്നിലെ അധ്വാനവും വചനബദ്ധതയും സഭാസ്നേഹവും വിലമതിക്കേണ്ടതാണ്. ഗ്രന്ഥകാരനെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. ഗ്രന്ഥത്തിന് നല്ല പ്രചാരം നേരുന്നു. ബൈബിൾ പരമായ ഈടുറ്റ ഗ്രന്ഥങ്ങൾ ബഹു. ഡൊമനിക് സഖറിയാസച്ചനിൽ നിന്നും ഉണ്ടാകുവാൻ ദൈവം അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ.

*റവ. ഡോ. കുര്യൻ വാലുപറമ്പിൽ*
**സെന്റ് മേരീസ് മേജർ സെമിനാരി, തിരുവനന്തപുരം.**

www.malankaralibrary.com

# മുഖവുര

സഭയുടെ ഏകകണ്ഠമായ പാരമ്പര്യമാണ്, ആദ്യത്തെ സുവിശേഷം യേശുക്രിസ്തുവിന്റെ ശിഷ്യനായ മത്തായിശ്ലീഹയാൽ വിരചിതമായി എന്നത്. വിശുദ്ധഗ്രന്ഥത്തിലെ പുസ്തകങ്ങളുടെ ക്രമം, മത്തായി മർക്കോസു ലൂക്കോസു യോഹന്നാൻ എന്നാണല്ലോ. മാത്രമല്ല, സഭാപിതാക്കന്മാരും ഇതുതന്നെ സമർത്ഥിക്കുന്നു. രണ്ടാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ ജീവിച്ചിരുന്ന ഇരണേവൂസ് പറയുന്നു– "പത്രോസു പൗലോസു ശ്ലീഹന്മാർ റോമായിൽ സുവിശേഷം പ്രചരിപ്പിക്കുകയും സഭ സ്ഥാപിക്കുകയും ചെയ്തിരുന്ന സന്ദർഭത്തിൽ, മത്തായിശ്ലീഹാ 'എബ്രായക്കാരുടെ ഭാഷയിൽ സുവിശേഷം പ്രസിദ്ധീകരിച്ചു" എന്ന് '. എബ്രായക്കാരുടെ ഭാഷയെന്ന് പറയുന്നത് അറമായ ഭാഷയാണ്. ഇന്നു അത് സുറിയാനി എന്ന പേരിൽ അറിയപ്പെടുന്നു. മറ്റു സുവിശേഷങ്ങൾ ഗ്രീക്കു ഭാഷയിൽ എഴുതപ്പെട്ടു. ആദ്യത്തെ ഈ സുവിശേഷമാകട്ടെ സുറിയാനി ഭാഷയിലാണ് എഴുതപ്പെട്ടത്. ആരംഭത്തിൽ യറുശലേം കേന്ദ്രമാക്കി സഭ സ്ഥാപിതമായി. യഹൂദക്രൈസ്തവരുടെ ഒരു വലിയ സമൂഹം പലസ്തീനായിൽ ഉണ്ടായിരുന്നു എന്ന് ശ്ലീഹന്മാരുടെ നടപടി പുസ്തകത്തിൽ പ്രസ്താവിക്കുന്നുണ്ട്. അവർക്കായി ആദ്യസുവിശേഷം എഴുതപ്പെട്ടത് സ്വാഭാവികം മാത്രം. എ.ഡി. അറുപതുകൾ യറുശലേം സഭയെ സംബന്ധിച്ച് ഏറെ സംഭവ ബഹുലമാണ്. യറുശലേമിന്റെ പതനത്തിന് തൊട്ടു മുമ്പുള്ള കാലഘട്ടമാണത്. യഹൂദന്മാരെ സംബന്ധിച്ച് വളരെ പ്രയാസകരമായിരുന്നു ആ സമയസന്ധി. ആ പ്രയാസങ്ങളിൽ യറുശലേംസഭയും ഉൾപ്പെടേണ്ടി വന്നു. യഹൂദരും ക്രൈസ്തവരും പല കാര്യങ്ങളിലും പൊതു

www.malankaralibrary.com

വായ ജീവിതശൈലിയാണ് പുലർത്തിയിരുന്നത്. അതിനെല്ലാം ഒരു ഉടവു വന്നു. അങ്ങനെ യഹൂദ പാരമ്പര്യത്തിൽ നിന്നും സഭ പുറത്തു വരുന്ന സന്ദർഭമായിരുന്നു അത്. യേശുവിന്റെ വാക്കുകളിൽ പറഞ്ഞാൽ, പുതിയ വീഞ്ഞു പുതിയ തോൽക്കുടങ്ങളിൽ ഒഴിച്ചുവയ്ക്കുന്ന സന്ദർഭം. ഈ മാറ്റത്തിന് യറുശലേം സഭയെ പ്രാപ്തയാക്കുവാൻ, മത്തായി ശ്ലീഹാ ആദ്യത്തെ സുവിശേഷം എബ്രായഭാഷയിൽ എഴുതി വച്ചു.

യേശുവിന്റെ സുവിശേഷം സാർവത്രികമാണ്; എല്ലാ സ്ഥലത്തുമുള്ള സഭകൾക്കും അത് പ്രാമാണിക ഗ്രന്ഥമാണ്. നാലു സുവിശേഷങ്ങളായി അറിയപ്പെടുന്നത് യേശുവിന്റെ ഒരേ സുവിശേഷം തന്നെ. ആദ്യത്തെ മൂന്നു സുവിശേഷങ്ങൾക്ക് ശൈലീപരമായും ഘടനാപരമായും വളരെ അടുപ്പമുണ്ട്. അവ സമാനസുവിശേഷങ്ങൾ (synoptic gospels) എന്നറിയപ്പെടുന്നു. എന്നാൽ ആശയപരമായി മത്തായിയുടെ സുവിശേഷവും യോഹന്നാന്റെ സുവിശേഷവും പരസ്പരപൂരകങ്ങളാണ്. ആദ്യത്തേതിൽ അവ്യക്തമായിരിക്കുന്ന പല കാര്യങ്ങളും അവസാനത്തേതിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉദാഹരണമായി, ആദ്യത്തെ മൂന്ന് സുവിശേഷങ്ങളിൽ യേശുവിന്റെ പരസ്യ ശുശ്രൂഷ ഒരു വർഷം മാത്രം നിലനിന്ന പ്രതീതിയാണുള്ളത്. എന്നാൽ യോഹന്നാൻ അത് മൂന്നായി ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു. ഇങ്ങനെ പലതുമുണ്ട്. അതുകൊണ്ട് നാലു സുവിശേഷങ്ങളും സഭയ്ക്കു മുഴുവൻ, അല്ലെങ്കിൽ ഇന്ന് ചിതറിക്കിടക്കുന്ന ബഹുശതം സഭകൾക്ക് ഒരുപോലെ വെളിച്ചവും ജീവനും നൽകുന്നു. അതുകൊണ്ട്, മത്തായിയുടെ സുവിശേഷം എബ്രായഭാഷയിൽ എഴുതപ്പെട്ടത്, എബ്രായരെ മാത്രം ഉദ്ദേശിച്ചല്ല. യഹൂദക്രൈസ്തവരുടെ സമകാലീന പ്രതിസന്ധി തരണം ചെയ്യുവാൻ ഉദ്ദേശിച്ചു വിരചിതമായി, എന്നതു ശരി തന്നെ. യറുശലേംസഭയെ, സാർവത്രികസഭയുടെ പൊതുധാരയിൽ ഉൾപ്പെടുത്താനെന്നപോലെ സാർവത്രിക സഭയെ ഇസ്രായേലിന്റെ ചരിത്രപരമായ വേരുകളിൽ ഉറപ്പിക്കുവാനും അത് ഉപകരിച്ചു. ഇന്നും സഭയ്ക്ക് ഇത് ഗൗരവതരമായ പ്രശ്നമാണ്. യേശുവിന്റെ ഉത്ഥാനത്തോടെ സഭ ആരംഭിച്ചുവെന്ന് നാം മനസ്സിലാക്കുന്നു. മത്തായിയുടെ സുവിശേഷവും പറഞ്ഞുതരുന്നത് ഇതാണ്. എന്നാൽ പെന്തക്കൂസ്താ ദിനത്തിൽ പുതിയതായി സഭ പൊട്ടിവിടരുകയായിരുന്നില്ല. ഈശൈയുടെ കുറ്റിയിൽ നിന്ന് ഒരു പുതിയ മുള ഉണ്ടാകുകയായി

www.malankaralibrary.com

രുന്നു, യേശുവിനെപ്പറ്റി പറഞ്ഞതാണിത്. അത് യേശുവിന്റെ സഭയിലും പ്രസക്തമായിരിക്കുന്നു. പുതിയ ഇസ്രായേലാണ് സഭ എന്ന അവബോധം മത്തായിയുടെ സുവിശേഷം വിശ്വാസികളിൽ ഉളവാക്കുന്നു. ഈ അവബോധം എല്ലാവരിലും ഉണ്ടാകണം.

മത്തായിയുടെ സുവിശേഷം ആരംഭിക്കുന്നത്, അബ്രഹാം മുതലുള്ള വംശാവലിയുടെ ഒടുക്കത്തിൽ യേശു ജനിച്ചുവെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ്. അങ്ങനെ യേശു അബ്രഹാമിന്റെ മകനാണ്, ദാവീദിന്റെ പിൻഗാമിയാണ്. എന്നാൽ യേശു വാസ്തവത്തിൽ ജനനപ്രകാരം അബ്രഹാമിന്റെ മകനല്ല, യേശു കന്യകമറിയായിൽ നിന്ന് പരിശുദ്ധാത്മാവിന്റെ അത്ഭുതപ്രവർത്തനത്താൽ ജനിച്ചവനാണ്. പക്ഷേ മത്തായി സുവിശേഷകൻ വിവക്ഷിക്കുന്നു, അബ്രഹാം മുതലുള്ള ഓരോ ജനനത്തിലും യഹോവായുടെ തുടർച്ചയായ ഇടപെടലുണ്ടെന്ന്. ജീവന്റെ ഉത്ഭവം ദൈവത്തിലാണ്. ആ ഉത്ഭവമാകട്ടെ അതിന്റെ പൂർണ്ണതയിൽ യേശുവിൽ സംഭവിച്ചു. ഇത് മനുഷ്യരാശിക്കു മുഴുവനുമുള്ള സുവിശേഷമാണ്. അതുപോലെ യേശുവിനെ ദാവീദിന്റെ പിൻഗാമിയാക്കി വയ്ക്കുന്നത് പിതാവായ ദൈവമാണ്. ദാവീദിനെ, ദൈവമാണല്ലോ അഭിഷേകം ചെയ്തത്. ഇതിലും ഒരു നല്ല വാർത്തയുണ്ട്, എല്ലാ നേരായ അധികാരവും ദൈവത്തിൽ നിന്നാണെന്ന്. യേശുവാകട്ടെ ശുശ്രൂഷയായി സ്വയം പിതാവിന് സമർപ്പിച്ചു; പിതാവ് പുത്രനെ ഉയർപ്പിച്ചു, സർവ്വജനത്തിന്റെയും രാജാവായി അവരോധിച്ചു. ഇസ്രായേൽ ജനത്തിൽ ഒരുവനായി തീർന്നുകൊണ്ട് ഇസ്രായേലിനെ യേശു മഹിമപ്പെടുത്തി. അതായിരുന്നു പിതാവിന്റെ തിരുവുള്ളം. ദൈവം അബ്രഹാമിനെ തെരഞ്ഞെടുത്ത ശേഷം, അബ്രഹാമിന്റെ സന്തതികൾ എത്രയെല്ലാം നീതി മാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ചിട്ടും ദൈവം അവരെ കൈവിട്ടില്ല. ദൈവം ചെയ്ത ഉടമ്പടി പൂർത്തിയാക്കുക തന്നെ ചെയ്തു. അബ്രഹാമിന് ആകാശത്തിന്റെ നക്ഷത്രങ്ങളോളം, കടൽക്കരയിൽ മണൽത്തരികളോളം, സന്തതികളെ ജനിപ്പിക്കുമെന്ന്, ദൈവം നൽകിയ വാഗ്ദാനംപൂർത്തിയാക്കി. യേശു തന്റെ ഉത്ഥാനത്തിനുശേഷം വെളിപ്പെടുത്തിയതു പോലെ, വിശ്വാസത്തിലൂടെയുള്ള ജനനത്താലാണ്, ദൈവം തന്റെ മക്കളെ ജനിപ്പിച്ചത്. സ്വാഭാവികവും അതിസ്വാഭാവികവുമായ തലങ്ങൾ തമ്മിലുള്ള ഈ സവിശേഷബന്ധം എടുത്തു കാണിക്കുന്നത് മത്തായിയുടെ സുവിശേഷമാണ്. ഓരോ സ്വാഭാവിക ജനനത്തിലും ദൈവം നിത്യതയുടെ വാഗ്ദാനം നൽകിക്കൊണ്ടിരിക്കുന്നു.

www.malankaralibrary.com

സുവിശേഷങ്ങളിൽ പഴയ നിയമത്തിൽ നിന്നുള്ള ഉദ്ധരണികൾ ഏറ്റവും കൂടുതൽ നൽകുന്നത്, മത്തായിയുടെ സുവിശേഷമാണ്. പഴയ നിയമത്തിന്റെ തുടർച്ചയാണ്, പുതിയ നിയമമെന്നതിന് ഒരു തെളിവ് ആണിത്. പൗലോസുശ്ലീഹാ പഴയതിന് പുതിയ ദർശനം നൽകി, ഒരു തിരിഞ്ഞു നോട്ടം ആയാണ് പഴയ നിയമത്തിൽ നിന്ന് ഉദ്ധരിക്കുന്നത്. എന്നാൽ ഈ സുവിശേഷത്തിൽ അങ്ങനെയല്ല, പഴയതിന്റെ നിറവേറലാണ് പുതിയത്. പഴയതു നിറവേറാൻ യേശു സ്വയം വഴങ്ങിക്കൊടുത്തു. പഴയനിയമം എന്നു വച്ചാൽ നിയമവും പ്രവചനവും എന്ന് യഹൂദർ മനസ്സിലാക്കിയിരുന്നു. അവരെ ഉദ്ദേശിച്ച് സുവിശേഷകൻ പറയുന്നു. "നിയമത്തെയോ പ്രവാചകന്മാരെയോ, അസാധുവാക്കാനാണ് ഞാൻ വന്നതെന്ന് നിങ്ങൾ വിചാരിക്കരുത്, അസാധുവാക്കാനല്ല പൂർത്തിയാക്കാനാണ് ഞാൻ വന്നിരിക്കുന്നത്". (5/17) ഒരു പുതിയ ദർശനം നൽകുവാൻ യേശു ശ്രമിച്ചു, അത് സുവിശേഷകൻ വിശ്വസ്തമായി പകർത്തുകയും ചെയ്തു. മനുഷ്യന്റെ മനസ്സാക്ഷിയോട് സംസാരിക്കുകയാണ്, യേശുവിന്റെ സമീപനം. " മറ്റുള്ളവർ നിങ്ങൾക്കു ചെയ്തു തരണമെന്നത് നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ. ഇതാണ് നിയമവും പ്രവാചകന്മാരും" (7/12). നിയമജ്ഞരുടെ ഭാവനാനിർമ്മിതമായ വ്യാഖ്യാനങ്ങളിൽ നിന്നു ദൈവജനത്തെ രക്ഷിക്കണമല്ലോ. യേശുവിന്റെ അതേ ശ്രമം മത്തായി ശ്ലീഹാ ഏറ്റെടുത്തു . നിയമജ്ഞർ ശക്തരായി നിന്നിരുന്ന ഒരു സമൂഹത്തെയാണ് സുവിശേഷകൻ സംബോധന ചെയ്തത്. യഹൂദരുടെ നിയമങ്ങളും ആചാരങ്ങളും മാറ്റമില്ലാതെ തുടരുവാൻ നിർബന്ധിച്ചിരുന്നവർ യഹൂദ ക്രിസ്ത്യാനികളുടെ ഇടയിലും ഉണ്ടായിരുന്നല്ലോ. മാറ്റത്തിനുവേണ്ടി നിൽക്കുന്ന ക്രിസ്തുവിനെ അവതരിപ്പിക്കാൻ, അവിടുത്തെ വചസ്സുകൾ അതേപടി ഉദ്ധരിക്കണമെന്ന് സുവിശേഷകന് നിർബന്ധമുണ്ട്. എന്നാൽ മാറ്റം അലകും പിടിയും മാറുക എന്ന വിധത്തിലാണോയെന്നു പോലും സംശയിച്ചു പോകും ചില വാക്യങ്ങൾ വായിക്കുമ്പോൾ. ഈ വാക്യം ശ്രദ്ധിക്കുക. "പുതിയ വീഞ്ഞ് പുതിയ തോൽക്കുടത്തിലാണ് ഒഴിച്ചു വെക്കേണ്ടത്. അപ്പോൾ രണ്ടും ഭദ്രമായിരിക്കും"(9/17) ക്രൈസ്തവ സഭയെ യഹൂദ മതത്തിന്റെ ഒരു ഭാഗമാക്കുവാൻ ശ്രമിച്ചവരുണ്ടായിരുന്നു. അവരെ ഉദ്ദേശിച്ചാണ് യേശുവിന്റെ ഈ വാക്യം സുവിശേഷകൻ ഉദ്ധരിച്ചിരിക്കുന്നത്. പിന്നീട് സഭയ്ക്കു വരാൻ പോകുന്ന പ്രതിസന്ധി യേശു

www.malankaralibrary.com

മുൻകൂട്ടി ദർശിച്ചിരുന്നു. പൂർണ്ണമായ നവീകരണം യേശു ഉദ്ദേശിക്കുന്നു, പക്ഷേ പിതാവിന്റെ രക്ഷാപദ്ധതി അനുസരിച്ച് മാത്രം. രക്ഷാപദ്ധതിയാകട്ടെ അബ്രഹാമിൽ ആരംഭിച്ചതാണ്. അബ്രഹാമിന്റെ വിശ്വാസത്തിൽ പങ്കുവയ്ക്കുന്ന പുതിയ സമൂഹമാണ് യേശു വിഭാവനം ചെയ്തത്. അതേ ചൈതന്യം മത്തായിയുടെ സുവിശേഷത്തിൽ ഉടനീളം കാണാം. ക്രൈസ്തവരും യഹൂദരും തമ്മിൽ സംഘർഷം മുറ്റി നിന്ന സന്ദർഭത്തിലാണ് സുവിശേഷരചന നടന്നത്. ഇതിന്റെ പിന്നിൽ യഹൂദരുടെ തെറ്റായ പാരമ്പര്യത്തിൽ നിന്ന് അകന്നു നിൽക്കാനുള്ള പ്രേരണയുണ്ട്.

പുതിയ വീഞ്ഞ് പഴയ തോൽക്കുടങ്ങളിൽ ഒഴിച്ചു വയ്ക്കുന്ന ഭോഷത്തത്തിനു തുല്യമാണ്, പുതിയ തുണിക്കഷ്ണം പഴയ വസ്ത്രത്തിൽ തുന്നിച്ചേർക്കുന്നത്. യോഹന്നാന്റെ ശിഷ്യർ ഫരിസേയരോട് ചേർന്ന് ഉപവാസത്തെപ്പറ്റി തർക്കം ഉന്നയിച്ചതാണ് യേശുവിന് ഈ സാദൃശ്യം എടുത്തുകാണിക്കുവാൻ, ലഭിച്ച സന്ദർഭം. ഫരിസേയർ പഴയ വസ്ത്രമായിരിക്കുന്നു, യോഹന്നാന്റെ ശിഷ്യർ പുതിയ തുണിക്കഷണവും. യോഹന്നാൻ തടവിലായിരിക്കുമ്പോൾ, അദ്ദേഹത്തിന്റെ ശിഷ്യർ ഫരിസേയരോടു കൂട്ടുചേരുവാൻ ശ്രമിക്കുകയായിരുന്നു. അതിന്റെ ഭോഷത്തം യേശു ചൂണ്ടിക്കാണിക്കുന്നു. യേശുവിന്റെ കൂട്ടായ്മയാണ് പുതിയ വസ്ത്രം. അതിന്റെ അടിസ്ഥാനമാകട്ടെ, ദരിദ്രർക്കു സുവിശേഷം അറിയിക്കുകയാണ്. ഈ സുവിശേഷത്തിൽ ഭൗമികവും സ്വർഗ്ഗീയവുമായ നന്മകൾ ഒത്തുചേരുന്നു. ഇതെല്ലാം മിശിഹാ തന്റെ രാജ്യത്തിൽ വാഗ്ദാനം ചെയ്യുന്നു. ഇതാണ്, യോഹന്നാൻ സ്നാപകൻ ആദ്യമേ പ്രഖ്യാപിച്ച സ്വർഗ്ഗരാജ്യം. സ്വാഭാവികമായി തങ്ങളുടെ ഗുരു തുടങ്ങിവച്ചതിന്റെ പൂർണ്ണത പ്രാപിക്കാൻ, യോഹന്നാന്റെ ശിഷ്യർ യേശുവിൽ വിശ്വാസം അർപ്പിക്കണം. യോഹന്നാന്റെ ശിഷ്യർ തീരുമാനം എടുക്കാതെ നിൽക്കുന്ന അവസരത്തിൽ അവരെ ഉദ്ദേശിച്ചായിരിക്കണം, മത്തായി ഈ ഭാഗം എടുത്ത് എഴുതിയത്. അന്ന് അവർ പലരും ക്രിസ്തുവിന്റെ മാർഗ്ഗത്തിൽ ചേർന്നിരുന്നു. അവരിൽ ഒരാളാണ് അപ്പോളോ. "കർത്താവിന്റെ മാർഗ്ഗത്തെക്കുറിച്ച് അവന് ഉപദേശവും ലഭിച്ചിരുന്നു. അവന് യോഹന്നാന്റെ ജ്ഞാനസ്നാനത്തെക്കുറിച്ച് മാത്രമേ അറിവുണ്ടായിരുന്നുള്ളു" (അപ്പ.പ്ര 18/25) അപ്പോളോ വിശുദ്ധലിഖിതങ്ങളിൽ അവഗാഹം നേടിയവനായിരുന്നു. അവൻ പൊതുസ്ഥലങ്ങളിൽ വച്ച് വിശുദ്ധ ഗ്രന്ഥങ്ങൾ ഉദ്ധരിച്ചുകൊണ്ട്

www.malankaralibrary.com

ക്രിസ്തു യേശു തന്നെയാണെന്ന് തെളിയിക്കുകയും യഹൂദന്മാരെ വാക്കു മുട്ടിക്കുകയും ചെയ്തിരുന്നു. ഇതിനോട് അടുത്ത സന്ദർഭ ത്തിലാണ് മത്തായി ശ്ലീഹാ സുവിശേഷം എഴുതിയതെന്ന് വിചാ രിക്കാം. യോഹന്നാൻ സ്നാപകനെപ്പറ്റി കൂടുതൽ പരാമർശങ്ങൾ ഈ സുവിശേഷത്തിലുണ്ട്.

യോഹന്നാൻ തന്റെ ശിഷ്യന്മാരെ അയച്ചു യേശുവിനോട് ചോദിച്ചു "വരാനിരിക്കുന്നവൻ നീ തന്നെയോ അതോ ഞങ്ങൾ മറ്റൊരുവനെ പ്രതീക്ഷിക്കണമോ" (11/3) എന്ന്, യേശു പ്രസ്തുത ശിഷ്യരോടു പറഞ്ഞു- " നിങ്ങൾ കണ്ടതും കേട്ടതും പോയി യോഹ ന്നാനെ അറിയിക്കുക" (11/4) എന്ന്. യേശുവിനെ അവർ സൗഖ്യം നൽകുന്നവനായി കണ്ടു. അതായത് രക്ഷയുടെ ദാനം ദൈവം യേശുവിലൂടെ നൽകാനിരിക്കുന്നു. ഈ പ്രതീക്ഷയിൽ പങ്കു ചേർന്ന വർ യേശുവിൽ വിശ്വസിക്കുന്നവരായി ഉയർന്നു. എന്നാൽ യഹൂദ രിൽ ഭൂരിഭാഗവും ഇതിൽനിന്ന് മാറി നിന്നു, അവർ ഭൗമിക മിശി ഹായെ കാത്തുകിടന്നു. ഇത് കള്ളമിശിഹാന്മാർക്ക് കടന്നുവരാൻ കളമൊരുക്കി. എ.ഡി. അറുപതിനുശേഷം തുടരേ പലരും മിശിഹാ ആണെന്ന് അവകാശപ്പെട്ടിരുന്നു. റോമൻ ആധിപത്യത്തിനെതിരെ അവർ ലഹളകൾ അഴിച്ചു വിട്ടു. ഒരു സമയത്ത് റോമൻ സേനയെ തടുത്തുനിർത്താൻ പോലും അവർക്കു സാധിച്ചു. ശക്തമായ തിരി ച്ചടി റോമൻ പടയാളികളിൽ നിന്നും ഉണ്ടാകാൻ ഇത് കാരണമായി. ഇതാണു യറുശലേമിന്റെ നാശത്തിനു ഹേതുഭൂതമായ പാശ്ചാ ത്തലം. ഇത്, യഥാർത്ഥ മിശിഹായിലേയ്ക്ക് തിരിഞ്ഞു വരാൻ യഹൂദരെ മുഴുവൻ ആഹ്വാനം ചെയ്യുവാനും യേശുവിന്റെ സുവി ശേഷം വീണ്ടും അറിയിക്കുവാനുമുള്ള ദൈവദത്തമായ അവസര മായി പരിഗണിച്ചുകൊണ്ട് ശ്ലീഹന്മാരും അവരുടെ പിൻഗാമികളും മുമ്പോട്ടു വന്നു. ഈ ചരിത്രപശ്ചാത്തലത്തിലാണ് മത്തായി, മർക്കോസ്, ലൂക്കോസ് എന്നിവരുടെ സുവിശേഷങ്ങൾ എഴുതപ്പെ ട്ടത്. മർക്കോസിന്റെതായിരിക്കണം, ആദ്യത്തേത്. എങ്കിലും നേതൃത്വം നൽകിയത് മത്തായി ശ്ലീഹാ, തന്നെ. പത്രോസു പൗലോസു ശ്ലീഹന്മാർ റോമായിൽ വളരെ സ്തുത്യർഹമാം വിധം സുവിശേഷം അറിയിക്കുകയായിരുന്നു, ഈ അവസരത്തിൽ. പല സ്തീനായിലെ കലങ്ങിമറിഞ്ഞ സാഹചര്യങ്ങളിൽ ദൈവജനത്തിന് പരിശുദ്ധാത്മാവ് ശാന്തിയും ധൈര്യവും നൽകിയത്, വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലൂടെയാണ്.

www.malankaralibrary.com

യറുശലേമിന്റെ നാശവും അതിനോട് അനുബന്ധിച്ചുള്ള മറ്റു സംഭവങ്ങളും യേശു മുന്നറിയിച്ചതാണ്. യേശുവിന്റെ ഈ പ്രവചനം വരമൊഴിയിൽ ആക്കുവാൻ അവ നടക്കുന്നതിനു മുമ്പേ, മത്തായി സുവിശേഷകൻ മുമ്പോട്ടു വന്നു. ദേവാലയത്തെപ്പറ്റി പറഞ്ഞതാണിത്. "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഇവിടെ കല്ലിന്മേൽ കല്ലു ശേഷിക്കാതെ എല്ലാം തകർക്കപ്പെടും". (24 /2) അനുബന്ധസംഭവങ്ങൾ ഇങ്ങനെ മുന്നറിയിച്ചു, "പലരും എന്റെ നാമത്തിൽ വന്ന്, ഞാൻ മിശിഹായാണ് എന്നു പറയുകയും അനേകരെ വഴി തെറ്റിക്കുകയും ചെയ്യും". (24/5). യുദ്ധങ്ങളുടെയും ലഹളകളുടെയും സാഹചര്യങ്ങൾ, ദൈവജനത്തെ വഴി തെറ്റിക്കുന്നതിന് അവസരമായിത്തീരുന്നു. അപ്പോൾ സുവിശേഷം അറിയിക്കുവാനുള്ള ഉത്തരവാദിത്വം ക്രിസ്തുശിഷ്യർക്ക് ഗൗരവതരമാകുകയും ചെയ്തു. യഹൂദജനത്തെ സംബന്ധിച്ച് അവരുടെ ഉത്തരവാദപ്പെട്ടവർ കർത്തവ്യവിലോപത്തിന് അടിമകളായി എന്നാണ് യേശു അവരെ ശാസിച്ചത്. "നിങ്ങൾ മനുഷ്യരുടെ മുമ്പിൽ സ്വർഗ്ഗരാജ്യം അടച്ചുകളയുന്നു. നിങ്ങൾ അതിൽ പ്രവേശിക്കുന്നില്ല. പ്രവേശിക്കാൻ വരുന്നവരെ അനുവദിക്കുന്നുമില്ല". (23/13,14) യേശുവിന്റെ ഈ വചസ്സുകൾ സമകാലീനമായി പ്രസക്തമാണെന്നു മനസ്സിലാക്കിയതിന്റെ നല്ല ഫലമാണ്, മത്തായിയുടെ സുവിശേഷം. ഈ സന്ദർഭം അനുസരിച്ച് പ്രവർത്തിക്കുവാൻ പരിശുദ്ധാത്മാവ് സുവിശേഷകനെ തുണച്ചു, സഭ പിന്തുണക്കുകയും ചെയ്തു.

മത്തായിശ്ലീഹാ സുവിശേഷം എഴുതിയ കാലത്ത് യഹൂദ നേതൃത്വം ഫരീസേയരിലും നിയമജ്ഞരിലും കേന്ദ്രീകരിച്ചു കഴിഞ്ഞിരുന്നു. ഫരീസേയരിൽ ഒരു ഗണം തീവ്രവാദി (zealots)കളായിത്തീർന്നു. ദൈവത്തെ അല്ലാതെ വേറൊരു അധികാരിയെയും സ്വീകരിക്കുകയില്ല എന്നായിരുന്നു അവരുടെ പ്രമാണം. റോമൻ അധികാരത്തെ പിന്താങ്ങുന്നവരെയെല്ലാം കൊല്ലുവാൻ അവർ കച്ച കെട്ടി നിന്നിരുന്നു. പ്രധാന പുരോഹിതർ അധികാരം നിലനിർത്തിയത് റോമാക്കാരുടെ താങ്ങ് കൊണ്ട് ആയിരുന്നതുകൊണ്ട് ഈ തീവ്രവാദികൾ അവർക്ക് എതിരായി, അവരെ വധിച്ചു. യേശുവിന് വധശിക്ഷ വിധിച്ച ഹന്നാന്റെ മകൻ ഹന്നാൻ, അന്ന് പ്രധാന പുരോഹിതൻ ആയിരുന്നു. അദ്ദേഹവും വധിക്കപ്പെട്ടു. ഈ ഹന്നാൻ ആണ് യറുശലേമിന്റെ പ്രഥമ മെത്രാനായ യാക്കോബു (ചെറിയ യാക്കോബ്) ശ്ലീഹായെ ദേവാലയത്തിന്റെ ഗോപുരത്തിൽ നിന്നു

www.malankaralibrary.com

താഴോട്ട് എറിഞ്ഞു കൊല്ലുവാൻ ഉത്തരവിട്ടത്. ഇങ്ങനെ അനാഥരായ ക്രൈസ്തവസമൂഹത്തിന് നേതൃപ്രകാശം നൽകുന്നതിന് പരിശുദ്ധാത്മാവ് നിർദ്ദേശിച്ച് എഴുതപ്പെട്ടതാണ് ഈ സുവിശേഷം. ഈ പശ്ചാത്തലത്തിൽ യഹൂദ സമൂഹത്തിന്റെ നേതൃത്വം ചമഞ്ഞിരുന്ന ഫരിസേയർക്ക് എതിരായി, യേശു നടത്തിയ പ്രഭാഷണം എടുത്തെഴുതിയത് തീർത്തും പ്രസക്തമാണ്. അതിലൊരു ഭാഗം ശ്രദ്ധിക്കാം. മത്തായിയുടെ സുവിശേഷം "ബലി പീഠത്തെക്കൊണ്ട് ആണയിടുന്നവൻ അതിനെക്കൊണ്ടും അതിന്മേലുള്ള എല്ലാ വസ്തുക്കളെക്കൊണ്ടും ആണയിടുന്നു. ദേവാലയത്തെക്കൊണ്ട് ആണയിടുന്നവൻ അതിനെക്കൊണ്ടും, അതിൽ വസിക്കുന്നവനെക്കൊണ്ടും ആണയിടുന്നു. സ്വർഗ്ഗത്തെക്കൊണ്ട് ആണയിടുന്നവൻ ദൈവത്തിന്റെ സിംഹാസനത്തെക്കൊണ്ടും, അതിൽ ഇരിക്കുന്നവനെക്കൊണ്ടും ആണയിടുന്നു".(23/20-22) യേശുവിന്റെ ഈ വാക്യം മത്തായിയുടെ സുവിശേഷത്തിൽ മാത്രം കാണുന്നു. ബലിപീഠം, ദേവാലയം, സ്വർഗ്ഗം എന്നിവയുടെ പരസ്പര ബന്ധം എബ്രായചിന്തയിൽ നിന്ന് വരുന്നതാണല്ലോ. ദേവാലയം നിലവിലിരുന്ന സാഹചര്യത്തിലാണല്ലോ ഈ വാക്യം ഏറെ പ്രസക്തമാകുന്നത്. ഇതെല്ലാം വച്ച് നോക്കുമ്പോൾ, ഫരീസേയരെ യഥാർത്ഥ വിശ്വാസത്തിലേക്ക് കൊണ്ടുവരാനുള്ള ശ്രമവും ഇതിൽ കാണാം. റോമൻ അധികാരികൾക്ക് എതിരായി പ്രവർത്തിച്ചിരുന്നവരാണ്, ഫരീസേയർ. യേശുവിനെ വിസ്തരിക്കുന്നതിലും മറ്റും അവർ കൂട്ടുചേർന്നതായി മത്തായിയുടെ സുവിശേഷത്തിൽ പറയുന്നില്ല. സുവിശേഷകൻ അവരോട് മയപ്പെട്ട് ഇടപെടുന്നു.

യറുശലേം മെത്രാനായ മാർയാക്കോബുശ്ലീഹായുടെ മരണശേഷം സഭാക്രമത്തിൽ ചില പുതിയ ഊന്നലുകൾ ആവശ്യമായി വന്നു. മാർ പത്രോസുശ്ലീഹാ സാർവത്രിക സഭയിൽ ഏറ്റം പ്രമുഖനായി അംഗീകരിക്കപ്പെട്ടുവെന്നതാണ്, അവയിൽ പ്രധാനം. ഇത് ഒരു പുതിയ കാര്യമല്ല, യേശു തന്റെ പരസ്യശുശ്രൂഷയുടെകാലത്ത് തീരുമാനിച്ചതാണ്. മാത്രമല്ല സഭ ആരംഭത്തിൽ യറുശലേമിൽ കേന്ദ്രീകരിച്ചപ്പോൾ പത്രോസുശ്ലീഹായാണ്, എല്ലാ കാര്യങ്ങളിലും പ്രാമുഖ്യം വഹിച്ചത്. എന്നാൽ അദ്ദേഹം അന്ത്യോക്യയിലേക്കും പിന്നീട് റോമായിലേക്കും പ്രവർത്തനകേന്ദ്രം മാറ്റിയപ്പോഴും യറുശലേം ബോധനകേന്ദ്രമായിത്തുടർന്നു. എന്നാൽ യറുശേലേമിന്റെ പതനം ആസന്നമായപ്പോൾ, സഭ കൂടുതൽ സാർവത്രികമായപ്പോൾ,

www.malankaralibrary.com

സഭയുടെ കേന്ദ്രം റോമാ ആയി അംഗീകരിക്കപ്പെട്ടു. ഈ സാഹചര്യങ്ങൾ വച്ചാണ്, മത്തായിയുടെ സുവിശേഷത്തിൽ പത്രോസുശ്ലീഹായ്ക്ക് കൂടുതൽ പ്രാമാണ്യം കല്പിച്ചത്. പത്രോസിനെപ്പറ്റി കൂടുതൽ പരാമർശങ്ങൾ ഉള്ളത്, ഈ സുവിശേഷത്തിലാണ്. അതിൽ ശ്ലീഹായുടെ മാനുഷികദൗർബല്യം മറച്ചുവയ്ക്കാൻ യാതൊരു ശ്രമവും ഉണ്ടായിട്ടില്ല. ദൗർബല്യം മനസ്സിലാക്കി തന്നെയാണ് ,ശെമഓന് പാറയെന്ന (കീപ്പായെന്ന് അറമായയിലും പത്രോസെന്ന് ഗ്രീക്കിലും) അഭിധാനം യേശു നൽകിയതും, പ്രധാനസ്ഥാനത്തേയ്ക്ക് ഉയർത്തിയതും. അതുകൊണ്ട്, ദൈവമാണ് ജനത്തിന്റെ പാറയും സംരക്ഷണവും എന്നും, ക്രിസ്തു ദൈവത്തിന്റെ വെളിപ്പെടുത്തപ്പെട്ട പാറയാണെന്നും, ശ്ലീഹന്മാർക്ക് സഭാസംരക്ഷണത്തിൽ കൂട്ടുത്തരവാദിത്വമുണ്ടെന്നും നിഷേധിക്കപ്പെട്ടിട്ടില്ല. എങ്കിലും ക്രിസ്തുവിന്റെ അദൃശ്യനേതൃത്വം വെളിപ്പെടുത്തുന്ന ദൃശ്യനേതൃത്വമായി പത്രോസും പിൻഗാമികളും നിയമിക്കപ്പെട്ടു, എന്നത് സഭാജീവിതത്തിന്റെ അടിസ്ഥാനമാണ്. പത്രോസുശ്ലീഹായുടെ രക്തസാക്ഷിമരണത്തിനു മുമ്പെ മത്തായിയുടെ സുവിശേഷത്തിൽ യേശുവിന്റെ വാക്കുകളിലൂടെ ഈ സത്യം ഊന്നിപറഞ്ഞുവെന്നത്, പരിശുദ്ധാത്മാവിന്റെ നടത്തിപ്പിൽ സംഭവിച്ചതാണ്. ക്രിസ്തുവിന്റെ ശിഷ്യനായ മത്തായിശ്ലീഹാ സഭയെന്ന യാഥാർത്ഥ്യത്തിന് സവിശേഷപ്രകാശനം നൽകിയെന്നത് സഭ എന്നും നന്ദിപൂർവം സ്മരിക്കേണ്ടതാണ്.

യറുശലേം സഭയുടെ ബോധനകേന്ദ്രമായിരുന്നുവെന്ന് മുകളിൽ സൂചിപ്പിച്ചുവല്ലോ. ശ്ലീഹമാരുടെ ബോധനം ആദ്യം കേന്ദ്രീകരിച്ചു നിന്നത് യറുശലേമിലാണ്. യറുശലേമിൽ ആദ്യത്തെ മതപീഡനം ഉണ്ടായപ്പോൾ "അപ്പസ്തോലൻമാരൊഴികെ മറ്റെല്ലാവരും യൂദയായുടെയും സമരിയായുടെയും ഗ്രാമങ്ങളിലേയ്ക്ക് ചിതറിപ്പോയി " (അ. പ്ര 8/1). അപ്പസ്തോലൻമാർ അവിടെ തങ്ങിയത് ബോധനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനാണ്. അതനുസരിച്ച് അത് സ്വീകരിക്കുവാനും വാമൊഴിയായി കാത്തു സൂക്ഷിക്കുവാനും വിശ്വാസികൾ സന്നദ്ധരായി. ഇസ്രായേലിന്റെ പാരമ്പര്യം പുലർത്തുന്നവർക്ക്, യേശുവിന്റെ സുവിശേഷം അഭംഗം സൂക്ഷിക്കുക എളുപ്പമായിരുന്നു. ഈ വാമൊഴി പാരമ്പര്യത്തിൽ നിന്നാണ്, സഭയുടെ ആരാധനക്രമം രൂപമെടുത്തത്. യറുശലേമിലെ ചെറിയ യാക്കോബു ശ്ലീഹാ ഇക്കാര്യത്തിൽ നേതൃത്വം നൽകിയെന്നും പാരമ്പര്യമുണ്ട്.

www.malankaralibrary.com

വിശുദ്ധ കുർബാനയെ, മണവാളനായ യേശുക്രിസ്തു ഒരുക്കിത്തരുന്ന വിരുന്നായി പരിഗണിച്ചു തുടങ്ങിയതും യറുശലേമിലെ സഭയിലാണ്. ഈ സന്ദർഭം വച്ചു നോക്കുമ്പോൾ യേശു അരുളിച്ചെയ്ത പത്തു കന്യകമാരുടെ ഉപമ കൂടുതൽ അർത്ഥവത്തായി തോന്നാം. യൂഹൂദരും ക്രൈസ്തവരും ഒന്നിച്ച് മിശിഹായുടെ വരവിനായി കാത്തിരുന്നു. ഇസ്രായേലിന്റെ പാരമ്പര്യമാകുന്ന വിളക്ക് ഇരുകൂട്ടരുടെയും കൈയിലുണ്ട്. എന്നാൽ യഥാർത്ഥമിശിഹായെപ്പറ്റി ശരിയായ ബോധം പുലർത്തിയ ക്രൈസ്തവർ, ഇസ്രായേലിന്റെ പാരമ്പര്യത്തിന് വെളിച്ചം പകർന്നു. ആ ബോധം ഇല്ലാത്തവർക്ക് വിളക്ക് തെളിക്കാൻ പറ്റിയില്ല. മണവാളനെപ്പറ്റി യഥാർത്ഥമായ ബോധമുള്ളവർക്ക് മണവാളനൊത്ത് മണവറയിൽ പ്രവേശിക്കാൻ സാധിച്ചു. അത് ഇല്ലാത്തവർ പുറത്ത് തള്ളപ്പെടുകയും ചെയ്തു. യേശുവിന്റെ പീഡാനുഭവമാകുന്ന മണവറയിലേക്ക് പ്രവേശിക്കാനുള്ള അവസരമാണ്, ക്രിസ്ത്യാനികൾക്ക് ഞെരുക്കത്തിന്റെ അവസ്ഥ. യേശുവിൽ വിശ്വസിക്കാത്തവർക്ക് ആ ആനന്ദം നിഷേധിക്കപ്പെടുന്നു. യേശുവിന്റെ പീഡാനുഭവവും മരണവും ഉയിർപ്പും, വിശുദ്ധ കുർബാനയോടു കൊരുത്തുചേർക്കുന്ന സഭാനുഭവം യേശുവിനോടൊപ്പം ജീവിച്ച ശ്ലീഹൻമാർക്കു മാത്രം ലഭിക്കുന്നതാണ്. അവർ അത് വിശ്വാസികൾക്ക് പകർന്നു കൊടുക്കുന്നു. ഇങ്ങനെ കാലിക പ്രാധാന്യം അനുസരിച്ച് യേശുവിന്റെ ഉപമ അവതരിപ്പിച്ചത് മത്തായി ശ്ലീഹയാണ്.

മത്തായിയുടെ സുവിശേഷത്തിലെ ഏറ്റം മനോഹരമായ ഭാഗമാണ്. 25-ാം അദ്ധ്യായത്തിലെ അവസാന വിധിയുടേത്. ഇത് എവിടെ നിന്ന് പകർത്തിയെടുത്തുവെന്നാണ്, പാശ്ചാത്യ ബൈബിൾ ചിന്തകരുടെ അന്വേഷണം. യേശുവിൽ നിന്നോ, ആദ്യ സഭയിൽ നിന്നോ, യഹൂദ മതത്തിൽ നിന്നോ, എന്നൊക്കെ അവർ ചോദിക്കുന്നു. വിശക്കുന്നവർക്കു ഭക്ഷണവും രോഗികൾക്ക് സൗഖ്യവുമെല്ലാം യേശു നൽകി. "നിങ്ങൾ അവർക്കു ഭക്ഷിക്കുവാൻ നൽകുവിൻ" എന്നാണ് യേശു ശിഷ്യർക്ക് നൽകിയ കൽപന. സഭയും അതിൽ നിന്ന് ഒട്ടും പിന്നോക്കം പോയില്ല. യറുശലേമിലെ പാവപ്പെട്ടവർക്കുവേണ്ടി പൗലോസ് ശ്ലീഹാ ധനശേഖരം ചെയ്തിരുന്നു. എന്നാൽ യഹൂദർ, ഭാരം ചുമത്തിയിട്ട് വിരൽകൊണ്ടു പോലും തൊടാത്തവരായിരുന്നു. മത്തായി ശ്ലീഹാ ഇതെല്ലാം നേരിട്ടു കണ്ട് മനസ്സിലാക്കിയ ആളാണ്. സ്നേഹത്തിന്റെ അംശം പോലും

www.malankaralibrary.com

തീണ്ടാത്ത യഹൂദരെയും അവസാനവിധിയിൽ ഉൾപ്പെടുന്നവരായി സുവിശേഷകൻ ഉദ്ദേശിച്ചിരുന്നിരിക്കാം. അവരെയും ക്രിസ്തുവിന്റെ സ്നേഹത്തിലേക്ക് സുവിശേഷകൻ മാടിവിളിക്കുന്നു. "ദരിദ്രർ നിങ്ങളോടുകൂടെ എപ്പോഴുമുണ്ട്" എന്ന് ഓർമ്മിപ്പിച്ച യേശു ദരിദ്രരിൽ മിശിഹായെ കാണുവാൻ പ്രേരിപ്പിച്ചത് വളരെ പ്രസക്തമാണ്. ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ പ്രകാശനമാണ് പരസ്നേഹത്തിന്റെപ്രവൃത്തികൾ. അതുപോലെ വിശുദ്ധ കുർബാനയുടെ അനുഭവത്തിന്റെ ഒരുക്കമാണ്, ദരിദ്രരോടുകൂടെ ഭക്ഷണം പങ്കിടുന്നത്, എന്ന് പൗലോസു ശ്ലീഹാ പഠിപ്പിക്കുന്നു. (Cf 1 കോറ 10/17-26). യേശുവിന്റെ പ്രത്യാഗമനംവരെ ജീവന്റെ പ്രതീക്ഷ നൽകുന്നതാണ് വിശുദ്ധ കുർബാന, അതു തന്നെ ഓരോ പരസ്നേഹ പ്രവൃത്തിയും കുറിക്കുന്നു. അതുകൊണ്ട്, വിശ്വാസവും ആരാധനയും ഒന്നും വേണ്ട വെറും പരസ്നേഹം മതി, എന്ന രീതിയിലുള്ള സ്നേഹത്തിന്റെ വെളിപ്പെടുത്തലിന് അർത്ഥമൊന്നുമില്ല. യേശു തന്റെ പ്രത്യാഗമനത്തിൽ പങ്കു ചേരാൻ ഈ ഭാഗത്തിലൂടെ ശിഷ്യരെ പഠിപ്പിക്കുന്നു. ധർമ്മികളെയും അധർമ്മികളെയും വേർതിരിക്കുന്ന അന്ത്യവിധി വച്ചുകൊണ്ട് വിശ്വാസം പോരാ, പ്രവൃത്തിയും വേണമെന്ന് യേശു ഓർമ്മിപ്പിക്കുകയാണ്. യേശുവിന്റെ കൂടെ നടന്നു ജീവിച്ച മത്തായി ശ്ലീഹാ ഇതു എടുത്തെഴുതുമ്പോൾ ,യേശുവിന്റെ സ്നേഹദർശനത്തിന്റെ പ്രയുക്ത ചിത്രം വരച്ചു വയ്ക്കുകയാണ്.

സ്നേഹം ജീവനാകുന്നത് എങ്ങനെയെന്ന് യേശു തന്റെ മരണവും ഉത്ഥാനവും കൊണ്ട് വ്യക്തമാക്കുന്നു, സ്നേഹിക്കുന്ന പിതാവിന് ജീവൻ നൽകാനാകും. യേശുവിന്റെ ഉത്ഥാനം അതിൽ തന്നെ പൂർണ്ണമല്ല, അത് പൂർണ്ണമാകുന്നത്, ഉത്ഥാനം ചെയ്ത ക്രിസ്തു തന്നിൽ വിശ്വസിക്കുന്നവരുടെ സമൂഹത്തിൽ ജീവിക്കുമ്പോഴാണ്. അതുകൊണ്ടാണ് മത്തായി സുവിശേഷകൻ, ഉത്ഥിതനായ യേശു ശ്ലീഹൻമ്മാർക്ക് ആർക്കും, പത്രോസിനുപോലും പ്രത്യക്ഷനായി എന്ന് വിവരിക്കാത്തത്. "യേശു പറഞ്ഞു - എന്റെ സഹോദരന്മാരോട് ഗലീലിയിലേക്ക് പോകണമെന്നും അവിടെ അവർ എന്നെ കാണുമെന്നും പറയുക". (28/10) ഇതിൽ നിന്ന് വ്യക്തമാണ്, യേശു അവർക്ക് എന്തോ പുതിയ ഉത്തരവാദിത്വം നൽകാനിരുന്നുവെന്നു. "അവനെ കണ്ടപ്പോൾ അവർ അവനെ ആരാധിച്ചു. എന്നാൽ ചിലര് സംശയിച്ചു". (28/17) സമൂഹമായി ആരാധന നൽകി; എങ്കിലും വ്യക്തിപരമായി ക്രിസ്തുവിന്റെ ഉത്ഥാനത്തിൽ

www.malankaralibrary.com

അവർ പൂർണ്ണമായി പങ്കു പറ്റിയില്ല. ശ്ലീഹക്കാരുടെ സമൂഹം ഇനിയും പൂർണ്ണത പ്രാപിക്കുവാനിരിക്കുന്നതേയുള്ളു. മത്തായി സുവിശേഷം എഴുതുന്ന കാലത്തും, ഈ അവസ്ഥ തുടർന്നിരുന്നു. മാനുഷികമായി ചിന്തിക്കുന്നതിനൊത്ത് ദൈവികമായി ജീവിക്കുന്നവരുടെ സമൂഹമാണ് സഭ. സുവിശേഷകന്റെ പക്വമായ വിലയിരുത്തലാണിത്. മാനുഷികദൗർബല്യം അദ്ദേഹം ഒരിക്കലും മറച്ചു വയ്ക്കുന്നില്ല. എങ്കിലും യേശു ശ്ലീഹമാർക്ക് എല്ലാ അധികാരവും നൽകി, എല്ലാ ജനങ്ങളെയും ശിഷ്യപ്പെടുത്താനുള്ള ദൗത്യവും നൽകി. ആ ദൗത്യം എറ്റം സജിവമായി നിർവഹിക്കപ്പെടുന്ന സന്ദർഭത്തിലാണ്, ഈ സുവിശേഷം എഴുതപ്പെട്ടത്. "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ" (28/20) ഏകദൈവത്തിലെ മൂന്നാളുകളുടെ പരസ്പരസ്നേഹം മനുഷ്യർക്ക് ജീവനായിത്തീരുന്ന പ്രക്രിയയാണ്, മാമോദീസാ. യേശുവിന്റെ മാമോദീസാസമയത്ത് ത്രിത്വത്തിലെ മറ്റു രണ്ടാളുകളും സന്നിഹിതരായിരുന്നു. അന്ന് യോഹന്നാൻ ചൂണ്ടിക്കാണിച്ചത് സഭയിൽ നിറവേറുന്നു. "ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" (28,20). എന്ന് യേശു തുടർന്നു പറയുന്നു ശ്ലീഹന്മാരുടെ ബോധനത്തിന്റെ തുടർച്ച ഇന്നും സഭയിലുണ്ട്. യേശു വാഗ്ദാനം ചെയ്തു. "യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കും" (28/20). ഈ വാഗ്ദാനം എടുത്തുപറയുന്നത്, മത്തായിസുവിശേഷകൻ മാത്രം. അതു പറയാനുള്ള തന്റേടം, യേശുവിനോടുകൂടി ജീവിക്കുകയും യേശുവിനാൽ അയക്കപ്പെടുകയും ചെയ്ത ശ്ലീഹന്മാർക്കുള്ളതാണ്. ഇത് എഴുതി വയ്ക്കുമ്പോൾ കർത്താവിന്റെ സ്വരം മത്തായി ശ്ലീഹായുടെ ചെവികളിൽ മുഴങ്ങിയിരുന്നു.

മത്തായിയുടെ സുവിശേഷത്തെ വെറും പകർത്തെഴുത്തായി കാണാനാണ് ലിബറൽ ബൈബിൾ പണ്ഡിതരുടെ ശ്രമം. അത് മാർക്കോസിൽ നിന്നാണ്, ലൂക്കോസിൽ നിന്നാണ് ,അല്ലെങ്കിൽ അത് നിലവിലുണ്ടായിരുന്ന മറ്റു വേറൊന്നിൽ നിന്നാണ്, എന്ന് അവർ ശഠിക്കുമ്പോൾ പൗരസ്ത്യചിന്തകർക്ക് മറുപടി ഒന്നുമില്ലേ എന്ന് തോന്നിപ്പോകും. അറമായ (സുറിയാനി) ഭാഷയിലാണ് മത്തായിയുടെ സുവിശേഷം എന്ന സഭാപാരമ്പര്യത്തിലാണ് പാശ്ചാത്യർക്ക് പ്രയാസം തോന്നുന്നത്. എന്നാൽ യേശുവിന്റെ സമീപാനന്തരകാ

www.malankaralibrary.com

ലത്ത്, യറുശലേം - അന്ത്യോഖ്യാമേഖലയിൽ വസിച്ചിരുന്നവർക്ക് ഗ്രീക്കും സുറിയാനിയും ഒരുപോലെ അറിയാമായിരുന്നു. ഏതായാലും മത്തായി ശ്ലീഹായുടെ ഗ്രീക്ക് പരിജ്ഞാനത്തെപ്പറ്റി ഇവിടെ തീർപ്പ് കല്പിക്കുന്നില്ല. അദ്ദേഹം മറ്റു സുവിശേഷങ്ങൾ കണ്ടിട്ടുണ്ടാവാം, അവയിൽനിന്ന് സ്വീകരിച്ചിട്ടുണ്ടാവാം. എന്നാൽ സുവിശേഷരചന സഭയുടെ പൊതുവായ ഉത്തരവാദിത്വത്തിൽ നടന്നിട്ടുള്ളതാണ്. മത്തായി ശ്ലീഹാ ഇക്കാര്യത്തിൽ യറുശലേം സഭയോട് കടപ്പെട്ടിരുന്നിരിക്കണം. പക്ഷേ അദ്ദേഹത്തിന്റെ പ്രതിബദ്ധത കർത്താവായ യേശു ക്രിസ്തുവിനോട് ആയിരുന്നു. മത്തായിശ്ലീഹാ യേശുവിനോടൊപ്പം മൂന്നു വർഷം നടന്നു, എല്ലാം നോക്കിക്കണ്ട് മനസ്സിൽ സംഗ്രഹിച്ചു. യേശുവിനാൽ അയക്കപ്പെട്ടവൻ (ശ്ലീഹാ) എന്ന നിലയിൽ പരിശുദ്ധാത്മാവിന്റെ വരവിനു മുമ്പും പിമ്പും മറ്റു ശ്ലീഹാന്മാരോട് ഒത്തുചേർന്നു. യേശു ചെയ്തതും പറഞ്ഞതും അനുഭവിച്ചതും അവർ ഒന്നിച്ചു ശേഖരിച്ചുവച്ചു. അതിനു ശേഷമാണ് എല്ലാ ശ്ലീഹാന്മാരും ചുറ്റി സഞ്ചരിച്ച്, വിവിധ സഭകളിൽ ഉൾപ്പെട്ട വിശ്വാസികൾക്ക് യേശുവിന്റെ ബോധനം പങ്കിട്ടുകൊടുത്തത്. യറുശലേം ആയിരുന്നു, മത്തായി ശ്ലീഹായുടെ ആദ്യത്തെപ്രവർത്തനകേന്ദ്രം. യേശു പ്രവചിച്ചപ്രകാരം, ഓരോ ദുരന്തം യറുശലേമിന് സംഭവിക്കുന്നതു കണ്ടപ്പോൾ, അവയുടെ ദുഷ്ഫലം അനുഭവിക്കുന്ന വിശ്വാസികളെ ധൈര്യപ്പെടുത്തുന്നതിനും, അതോടൊപ്പം യഥാർത്ഥ മിശിഹായായ യേശുവിലേയ്ക്ക് യഹൂദരെ ആകർഷിക്കുന്നതിനും വേണ്ടി മത്തായി ശ്ലീഹാ സുവിശേഷം എഴുതി. ഒരു പ്രത്യേക ദേശത്ത് പ്രത്യേക സമയത്തുള്ള ആളുകളെ എന്നതിനെക്കാൾ എല്ലാ ദേശത്തും എല്ലാ ജനതകളെയും ഉദ്ദേശിച്ചുള്ളതാണ് യേശുവിന്റെ ബോധനം. യേശുവിനെ നേരിട്ടറിയുന്ന വ്യക്തി എന്ന നിലയിൽ മത്തായി ശ്ലീഹാ അവിടുത്തെ ചിന്തകൾ വിശ്വസ്തതയോടെ, തന്റെ സുവിശേഷത്തിൽ അവതരിപ്പിച്ചിരിക്കുന്നു. അത് ഇന്നും ഏവർക്കും അനുഗ്രഹമായി അനുഭവപ്പെടുകയും ചെയ്യുന്നു.

www.malankaralibrary.com

# ഉള്ളടക്കം


*അധ്യായം*

ഒന്ന് – മിശിഹായുടെ ജനനവഴി / യൗസേഫിന് മാലാഖയുടെ അറിയിപ്പ് / ദൈവം നമ്മോടുകൂടെ/ യേശുവെന്ന് പേരിടൽ

രണ്ട് – യഹൂദൻമാരുടെ രാജാവിന്റെ ജനനം/ വിദ്വാന്മാരുടെ ആഗമനം/ യറുശലേമിലെ കലക്കം/ റാഹേലിന്റെ വിലാപം നസറായനെന്ന അഭിധാനം

മൂന്ന് – യോഹന്നാൻ/സ്നാപകന്റെ ആവിർഭാവം / അനുതാപത്തിന്റെ മാമോദീസാ/ പുതിയ ഇസ്രായേലിനെപ്പറ്റി പ്രവചനം/. യേശുവിന്റെ മാമോദീസായും ദർശനവും.

നാല് – യേശുവിന്റെ ഉപവാസവും/പ്രലോഭനവും/, ഇസ്രായേലുമായി താദാത്മ്യപ്പെടൽ / ശിഷ്യന്മാരെ വിളിച്ചു കൂട്ടുന്നത്./ രോഗികൾക്ക് സൗഖ്യം /, ഇസ്രായേലിന് വിടുതൽ

അഞ്ച് – മലയിലെ പ്രസംഗം, അഷ്ടഭാഗ്യങ്ങൾ/ വെളിച്ചത്തിലുള്ള പങ്കാളിത്തം/ നിയമത്തിന്റെ മൗലികഭാവങ്ങൾ/ സ്നേഹത്തിന്റെ പുതിയ ഉപദേശം

ആറ് – പ്രാർത്ഥനയുടെ യഥാർത്ഥ ചൈതന്യം/ ഉപവാസത്തിനും ദാനധർമ്മത്തിനും പ്രതിഫലം/ സ്വർഗ്ഗത്തിൽ നിക്ഷേപം വയ്ക്കുക/ ദൈവത്തിന്റെ പരിപാലന

www.malankaralibrary.com

| | | |
|---|---|---|
| ഏഴ് | – | വിധിക്കുന്നതനുസരിച്ചു വിധിക്കപ്പെടും/ ദൈവത്തിൽ ആശ്രയം വയ്ക്കുക/ ജീവന്റെ വഴി,/ അപഥസഞ്ചാരം/ യഥാർത്ഥശിഷ്യൻ |
| എട്ട് | – | കുഷ്ഠരോഗിക്ക് സൗഖ്യം/ ശതാധിപന്റെ വിശ്വാസം /കാറ്റിലും കോളിലും പിൻബലം/ പിശാചുക്കളുടെ ബഹിഷ്കരണം |
| ഒൻപത് | – | പാപമോചനത്തിന് അധികാരം/ രോഗികൾക്ക് സൗഖ്യവും രക്ഷയും /തള്ളപ്പെട്ടവളുടെ വിശ്വാസം/ മരിച്ച പെൺകുട്ടിയെ ഉയിർപ്പിക്കുന്നു/. കുരുടർക്ക് കാഴ്ചകൊടുക്കുന്നു/ ഇടയനില്ലാത്ത ആടുകളിൽ കരുണ |
| പത്ത് | – | പന്ത്രണ്ടു പേരെ തിരഞ്ഞെടുക്കുന്നു/ ശിഷ്യൻമാരുടെ ആശ്രയം/ ദൈവജനം/. ശിഷ്യൻമ്മാർക്ക് പീഡനങ്ങൾ /ദൈവമാണ്, സർവപ്രധാനം/ മിശിഹായെ അന്വേഷിച്ച് ചെല്ലുന്നു. |
| പതിനൊന്ന് | – | യോഹന്നാന്റെ ശിഷ്യരുടെ സന്ദർശനം/ യോഹന്നാന്റെ ശക്തിയും പ്രഭാവവും/ യഹൂദരുടെ അവിശ്വാസവും എതിർപ്പും/ പിതാവിന്റെ വെളിപാട് സ്വീകരിക്കുന്നവർ /മിശിഹായുടെ നുകം മധുരവും, ചുമടു ലഘുവും |
| പന്ത്രണ്ട് | – | മനുഷ്യനോ നിയമമോ വലുത്/, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ദാസൻ/ യേശുവും ബേൽസബൂലും/ യോനായെക്കാൾ, ശലോമോനെക്കാൾ വലിയവൻ/ ആരാണ് എന്റെ അമ്മ, എന്റെ സഹോദരൻ?/ |

www.malankaralibrary.com

| | | |
|---|---|---|
| പതിമൂന്ന് | - | വിതക്കാരന്റെ ഉപമ /ഉപമകളും സ്വർഗ്ഗ രാജ്യത്തിന്റെ രഹസ്യങ്ങളും/ ഉപമയുടെ അർത്ഥം/-കടുകുമണി, പുളിമാവ് /വിളയുടെയും കളയുടെയും ഉപമ/, നിഗൂഢമായത് പ്രസ്താവിക്കും/ സ്വർഗ്ഗരാജ്യത്തിന്റെ ശിഷ്യൻ/ നിധിയുടെയും രത്നത്തിന്റെയും ഉപമകൾ |
| പതിനാല് | - | പ്രവാചകൻ സ്വന്തനാട്ടിൽ അവഗണിക്കപ്പെടുന്നു/ സ്നാപകന്റെ ശിരച്ഛേദം/ അപ്പം പെരുക്കി അയ്യായിരം പേർക്ക്/ വെള്ളത്തിൽ മീതെ നടക്കുന്നു, പത്രോസും / ഗന്നസറേത്തിലെ സമൂഹം |
| പതിനഞ്ച് | - | ദൈവനിയോഗവും മനുഷ്യരുടെ പാരമ്പര്യങ്ങളും/ ആന്തരികശുദ്ധി,/ വായിൽനിന്നു വരുന്നത് അശുദ്ധമാക്കുന്നു/ നിന്റെ വിശ്വാസം വലുത്/, അത്ഭുതങ്ങൾ, /അപ്പം വർദ്ധിപ്പിക്കൽ |
| പതിനാറ് | - | സ്വർഗ്ഗത്തിൽ നിന്ന് അടയാളം/ ഫ്രീശരുടെ പുളിമാവ്/ പത്രോസിനെ പാറയായി ചുമതലപ്പെടുത്തുന്നു/ പീഡാനുഭവം, ഒന്നാം പ്രവചനം/ കുരിശുമെടുത്ത് അനുഗമിക്കുക |
| പതിനേഴ് | - | യേശു രൂപാന്തരപ്പെടുന്നു /ഏലിയായും യോഹന്നാൻ സ്നാപകനും/ പീഡാനുഭവം - രണ്ടാം പ്രവചനം/ ആരിൽനിന്നാണ് നികുതി പിരിക്കേണ്ടത് |
| പതിനെട്ട് | - | മാനസാന്തരവും ശിശുവിനെപ്പോലെ ആയിത്തീരലും/ ദുഷ്പ്രേരണകൾ/ |

www.malankaralibrary.com

ദൈവത്തിന്റെ സ്നേഹം, പാപിയുടെ നേരെ/ തിരുത്തൽ, -സാമൂഹിക പ്രക്രിയ/ ദൈവത്തിന്റെ കരുണയും മനുഷ്യന്റെ ക്രൂരതയും/

പത്തൊമ്പത് - ഇരുവരും ഒരു ശരീരം/ മനുഷ്യൻ വേർപെടുത്തരുത്/ കല്പന പാലിക്കാം, പക്ഷെ യേശുവിനെ പിൻചെല്ലാൻ പ്രയാസം/ ധനവാനും സ്വർഗ്ഗരാജ്യവും/ ശിഷ്യന്മാർക്ക് ഭാഗ്യവാഗ്ദാനം/

ഇരുപത് - യജമാനനും ജോലിക്കാരും/ പീഡാനുഭവം - മൂന്നാം പ്രവചനം / മഹത്വത്തിൽ, വലത്തും / ഇടത്തും/ ബാഹ്യവും ആന്തരികവുമായ കാഴ്ച

ഇരുപത്തി ഒന്ന് - ഓശാന, ദാവിദിന്റെ പുത്രന് /ദേവാലയ ശുദ്ധീകരണം അത്തിവൃക്ഷത്തിന്റെ ശാപം, / പുരോഹിതരും മൂപ്പന്മാരും ചോദ്യം ഉന്നയിക്കുന്നു. രണ്ടു പുത്രന്മാരുടെ ഉപമ / *മുന്തിരിത്തോട്ടം - ഇസ്രായേൽ*

ഇരുപത്തി രണ്ട് - വിളിക്കപ്പെട്ടവർ വളരെ, തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം/. മെസയാനിക വിരുന്നിന്റെ ഉപമ/ സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും/ ദൈവം, മരിച്ചവരുടെയോ ജീവനുള്ളവരുടെയോ/ കല്പനകളുടെ ഹ്രസ്വരൂപം/ ക്രിസ്തു ദാവീദിന്റെ പുത്രനും, കർത്താവും

ഇരുപത്തി മൂന്ന് - അനുസരിക്കുക, പക്ഷെ അനുകരിക്കരുത്/ ഗുരു, പിതാവ്, നേതാവ് /ബലിപീഠം, ദേവാലയം, സ്വർഗ്ഗം/ ദശാംശം

www.malankaralibrary.com

കൊടുക്കുക, പാവന മൂല്യങ്ങൾ പാലിക്കുക/ വെള്ളയടിച്ച കുഴിമാടം/ 'പിതാക്കളിൽ നിന്നു ലഭിച്ച ഓഹരി ' /യറുശലേമിനെക്കുറിച്ച് വിലാപം/

ഇരുപത്തി നാല് - ശിഷ്യന്മാർക്ക് പീഡനവും സുവിശേഷദൗത്യവും/ യറുശലേമിന്റെ കെടുതിയും ജനത്തിന് ഞെരുക്കവും/ മനുഷ്യപുത്രന്റെ വരവും ലോകാന്ത്യവും കാലത്തിന്റെ അടയാളങ്ങൾ/ ഉണർവോടിരിക്കുക/, വിശ്വസ്തനും വിവേകിയുമായ ശിഷ്യൻ

ഇരുപത്തി അഞ്ച് - പത്തുകന്യകമാർ, വിളക്കും എണ്ണയും/ മിശിഹായുടെ വരവ് / താലന്തുകൾ, ഓരോരോർത്തർക്കും-പ്രതിഫലമോ ശിക്ഷയോ / വിശ്വാസത്തിന്റെ യോജിപ്പും സ്നേഹത്തിന്റെ ചൈതന്യവും / അന്ത്യവിധിയിൽ, ഇടയൻ ആടുകളെ വേർതിരിക്കുന്നതുപോലെ

ഇരുപത്തി ആറ് - പീഡാനുഭവത്തിന്റെ അറിയിപ്പ്/, മിശിഹായുടെ അഭിഷേകം,/ യൂദാസിന് മുന്നറിയിപ്പ് / പെസഹാ ബലിയുടെ മുന്നനുഭവം / ഗത്സമനിലെ പ്രാർത്ഥന, യൂദാസിന്റെ ചുംബനം /പത്രോസു തള്ളിപ്പറയുന്നു, അനുതപിക്കുന്നു

ഇരുപത്തിയേഴ് - യൂദാസിന്റെ നിരാശ/ യേശുവിനു പകരം ബറാബാസ്/ പരിഹാസരാജാവ് ആക്കുന്നു./ കുരിശുമരണം, യേശുവിന്റെ ബലി/ പ്രകൃതിയുടെ പ്രതിധ്വനി ശതാധിപന്റെ വിശ്വാസം/ ബഹുമാന്യമായ കബറടക്കം/

www.malankaralibrary.com

| | | |
|---|---|---|
| ഇരുപത്തിയെട്ട് | – | ഭക്തസ്ത്രീകൾക്ക് അറിയിപ്പ് / ഉത്ഥിതനായ കർത്താവ്/ പുരോഹിതരുടെ വ്യാജപ്രചരണം/ മഹാപ്രേഷണം/ അധികാരത്തിന്റെ കൈമാറൽ ശ്ലീഹന്മാർക്ക് ദൗത്യം / പരിശുദ്ധത്രിത്വത്തിന്റെ നാമത്തിൽ ജ്ഞാന സ്നാനം, ബോധനം/യേശുവിന്റെ നിതാന്ത സാന്നിധ്യം. |

www.malankaralibrary.com

## അദ്ധ്യായം ഒന്ന്

യേശുവിൽ യഥാർത്ഥ ഇസ്രായേലിനെ കണ്ടെത്തി എന്നതാണ് മത്തായിയുടെ സുവിശേഷത്തിന്റെ നേട്ടം. ഇസ്രായേൽ വംശത്തോട് പൂർണ്ണമായും താദാത്മ്യം പ്രാപിച്ച വ്യക്തിയാണ് യേശു. ഈ പാശ്ചാത്തലത്തിൽ, അബ്രഹാം മുതലുള്ള വംശാവലിയുടെ പരകോടിയായി യേശുവിനെ എടുത്തു കാണിക്കുന്നത് ഏറെ പ്രസക്തമാണെന്ന് കാണാം. അബ്രഹാം ഇസഹാക്കിനെ ജനിപ്പിച്ചുവെന്ന് തുടങ്ങുന്ന വംശാവലിയുടെ അന്ത്യത്തിൽ 'യാക്കോബ് മറിയത്തിന്റെ ഭർത്താവായ യൗസേഫിനെ ജനിപ്പിച്ചു. അവളിൽ നിന്ന് ക്രിസ്തുവെന്ന് വിളിക്കപ്പെടുന്ന യേശു ജനിച്ചു' എന്ന് രേഖപ്പെടുത്തിയപ്പോൾ സുവിശേഷകർത്താവ് സ്വന്തമായ സമാപനം നൽകി വംശാവലി പൂർത്തിയാക്കി വച്ചു. അതിൽ, ഇസ്രായേൽ ചരിത്രത്തിന്റെ തുടർച്ചയുണ്ട്. അതോടൊപ്പം പുതിയ വംശത്തിന്റെ തുടക്കവും. തുടക്കത്തിൽ മാത്രം ശ്രദ്ധിക്കുന്ന രീതിയാണ്, മിക്കവാറും ബൈബിൾ പഠിതാക്കൾ അവലംബിച്ചിരിക്കുന്നത്. എന്നാൽ തുടർച്ചയുടെ അടിസ്ഥാനമായി തുടക്കത്തെ കാണുവാൻ സുവിശേഷം നമ്മെ നിർബന്ധിക്കുന്നു. അബ്രഹാം മുതലുള്ള വംശാവലിയുടെ തുടർച്ചയിൽ, ദൈവത്തിന്റെ ഇടപെടൽ എന്തെന്ന് മനസ്സിലാക്കിയാൽ മാത്രമെ അതിന്റെ പര്യവസാനത്തിൽ ദൈവം പ്രവർത്തിച്ചതിന്റെ പുതുമ തിരിച്ചറിയാൻ സാധിക്കയുള്ളു. വംശാവലി, ജീവന്റെ പ്രസരണത്തിന്റെ ചരിത്രമാണ്. അതിൽ ഇടപെട്ട മനുഷ്യരുടെ പട്ടികയാണ് പ്രത്യക്ഷത്തിൽ കാണുന്നത്: അതും പിതാക്കന്മാരുടെ കാര്യം മാത്രം. നാലു മാതാക്കളെയും ഇവിടെ പരാമർശിക്കുന്നുണ്ട്, അവസാനം സവിശേഷമായി യേശുവിന്റെ അമ്മയായ മറിയത്തെയും. മാതാപിതാക്കളിൽ നിന്നും ഓരോ ശിശുവും ജനിക്കുന്നു. എന്നാൽ അതിൽ ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലുണ്ടെന്ന് തിരുവചനം സാക്ഷിക്കുന്നു. അബ്രഹാമിനും സാറായ്ക്കും ഇസഹാക്ക് ജനിക്കുന്നതിൽ, ദൈവം എങ്ങനെ ഇടപെട്ടുവെന്ന് ഉൽപ്പത്തി പുസ്തകത്തിൽ പറയുന്നുണ്ട്. വ്യത്യസ്തമായ രീതികളിലാണ്, ഓരോ ജനനത്തിലും ദൈവം ഇടപെടുന്നത്. അങ്ങനെ ഇസ്രായേലിന്റെ നിലനിൽപ്പിൽ, ദൈവം ഇടപെട്ടുകൊണ്ടിരുന്നു എന്നതിന്റെ പ്രതീകാത്മകസമ്മതമാണ് ' ജനി പ്പിച്ചു' എന്ന പദത്തിന്റെ ആവർത്തനത്തിലൂടെ സുവിശേഷകർത്താവ് രേഖപ്പെടുത്തിയിരിക്കുന്നത്.

www.malankaralibrary.com

രക്ഷാകര ചരിത്രത്തിന്റെ സമഗ്രരൂപമാണ്, വംശാവലിയിലൂടെ മത്തായിശ്ലീഹാ നൽകുന്നത്. അതിൽ പ്രധാനിയാണ് ദാവീദുരാജാവ്. ദാവീദ് എന്ന പേര് എങ്ങനെ ഒളിച്ചു വച്ചിരിക്കുന്നുവെന്ന് വംശാവലിയെ പതിനാലു വീതമുള്ള (ദ+വ+ദ = 4+6+4 – ഹീബ്രു ലിപിയുടെ സംഖ്യാമൂല്യം വച്ച്) മൂന്നു ഗണമായി തിരിച്ചിരിക്കുന്നതിൽ നിന്ന് കാണാം. ഇപ്രകാരമൊരു ക്രമീകരണത്തിൽ ഏതെങ്കിലും പിതാക്കന്മാരെ വിട്ടുകളഞ്ഞുവെങ്കിൽ അതു പ്രശ്നമാക്കേണ്ടതില്ല. ദാവീദു രാജാവു മാത്രമാണ്, ഇതിൽ പ്രധാനം. കാരണം ദാവീദിന്റെ പിൻഗാമിയായി യേശു ജനിച്ചു, ഇസ്രായേലിന്റെ നിലനിൽപിൽ ദൈവം ഇടപെട്ടുകൊണ്ടിരുന്നു എന്നതാണല്ലോ ദാവീദിന്റെ രാജത്വത്തിന്റെ തുടർച്ചയുടെ അർത്ഥം. ആ വംശത്തിൽ നിന്നും ഒരു രാജാവ് എഴുന്നേറ്റുവരുമെന്ന്, ഇസ്രായേൽ ജനം പ്രതീക്ഷിച്ചിരുന്നു, ആ രാജാവാണ്, മിശിഹാ അഥവാ ക്രിസ്തു, നിത്യമായി വാഴുവാൻ, ദൈവം അയച്ചു തരുന്ന അഭിഷിക്തൻ. മോശയിലൂടെ രൂപംകൊണ്ട ഇസ്രായേലിന് എല്ലാം നഷ്ടപെട്ടു, പിന്നെ അവകാശപ്പെടാനുള്ളത് നിയമവും പ്രവചനവും മാത്രം. പക്ഷേ അവയിൽ ദൈവം ഇസ്രായേലിന് നൽകിയ സാമൂഹിക ജീവൻ ഉള്ളടങ്ങിയിരുന്നു. മഹത്തായ ഈ പൈതൃകത്തിന്റെ സൂക്ഷിപ്പും പൂർത്തീകരണവും ദൈവത്തിന്റെ അഭിഷിക്തന്റെ, മിശിഹായുടെ ദൗത്യമാണ്. മിശിഹാ വരുമ്പോൾ ലൗകിക ഭരണം, ഏറ്റെടുക്കുമെന്ന് യഹൂദജനം വിചാരിച്ചിരുന്നു. എന്നാൽ ദൈവത്തിന്റെ രക്ഷാകരപദ്ധതി പൂർത്തീകരിക്കാനാണ്, മിശിഹാ ജനിച്ചത്. അന്നുവരെ തുടർന്നതിൽ നിന്ന് വ്യത്യസ്തമായിരിക്കും, മിശിഹായുടെ ദൗത്യനിർവഹണം എന്നതിന്റെ സൂചന, ഇവിടെ ദർശിക്കാം, 'മറിയാമിൽ നിന്നു യേശു ജനിച്ചു' എന്ന പ്രസ്താവത്തിൽ.

യേശുവിന്റെ ജനനത്തിൽ ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലുണ്ടെന്ന് സൂചിപ്പിച്ചു കഴിഞ്ഞു. ദൈവിക തലത്തിലാണ് ആ സംഭവം നടന്നത്. എന്നാൽ അതിനെ മാനുഷികതലത്തിലേക്ക് ഇടിച്ചുതാഴ്ത്തുവാൻ പല ബൈബിൾ പഠിതാക്കളും ശ്രമിക്കുന്നുണ്ട്. വിവരണം ഊന്നിയിരിക്കുന്നത്, 'യൗസേഫ് നീതിമാനാകയാൽ' എന്ന വാചകത്തിലാണ്. 'നീതിമാൻ', ദൈവത്തിന്റെ ഹിതം അനുവർത്തിക്കുന്നവനാണ്. രക്ഷാകരപദ്ധതിയിൽ അവിടുത്തെ ദൗത്യം നിർവഹിക്കുന്നവനാണ്. യൗസേഫ് തനിക്ക് വിവാഹ നിശ്ചയം ചെയ്തിരിക്കുന്ന മറിയാമിൽ സംഭവിച്ചത്, മനസ്സിലാക്കി, എന്നാൽ

www.malankaralibrary.com

അതിൽ താൻ എന്തു ചെയ്യണമെന്നതിനെപ്പറ്റി അദ്ദേഹം പര്യാകുലനായി , മറിയാമിൽ നിന്നു വേർപെടുന്നതിനെപറ്റിപ്പോലും ആലോചിച്ചു. അപ്പോൾ മാലാഖ പ്രത്യക്ഷപ്പെട്ടു. ശിശുവിന്റെ ജനനത്തിൽ യൗസേപ്പിന്റെ പങ്ക് എന്തെന്ന് വ്യക്തമാക്കിക്കൊടുത്തു. അതിൽ മറിയാമിനെ യൗസേഫ് സംശയിച്ചുവെന്നു സുവിശേഷകൻ ഉദ്ദേശിച്ചിട്ടില്ല. അങ്ങനെയാരെങ്കിലും മനസ്സിലാക്കാൻ ശ്രമിച്ചാൽ സംഭവത്തിന്റെ ദൈവികതലം വിസ്മരിക്കുകയാണ്. മാലാഖ പറഞ്ഞു.

" ദാവീദിന്റെ പുത്രനായ യൗസേഫ്, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ മടിക്കേണ്ട. അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിനാലാണ് "(മത്തായി 1/20). ദൈവം ഇടപെട്ടു, ഇസ്രായേൽ വംശത്തെ നിലനിർത്തി. അതേ ദൈവത്തിന്റെ ആത്മാവ് അതിന്റെ പൂർത്തീകരണത്തിലും ഉൾപ്പെട്ടു. എല്ലാം സംഭവിക്കുന്നത് ദൈവത്താലാണ്. ഈ അത്ഭുത സംഭവവും ദൈവത്താൽ തന്നെ. ഒരു വാക്കു പോലും എതിരു പറയാതെ നീതിമാനായ യൗസേഫ് ദൈവം പറഞ്ഞത് വിശ്വസിച്ചു. ശിശുവിന് യേശു എന്ന് പേരിടണമെന്ന് ആവശ്യപ്പെട്ടു. ജനത്തെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കുവാനുള്ള ദൗത്യം ശിശുവിനെ ഏല്പിക്കുവാൻ മാലാഖ യൗസേപ്പിനെ ചുമതലപ്പെടുത്തി. യേശു എന്ന നാമത്തിന് രക്ഷകനെന്നാണല്ലോ അർത്ഥം. ഇവിടെ ഇസ്രായേൽ ജനം, ദൈവത്തോടുള്ള ഉടമ്പടിയിൽ നിന്ന് വിട്ടകന്ന് ചെയ്തുകൂട്ടിയ പാപങ്ങൾ, സുവിശേഷം സൂചിപ്പിക്കുന്നു. ഇസ്രായേലിന്റെ മാത്രമല്ല എല്ലാ മനുഷ്യരെയും പാപങ്ങളിൽ നിന്ന് രക്ഷിക്കുവാനാണ് യേശു ജനിച്ചത്. ആദിയിൽ ദൈവം സൃഷ്ടിയിൽ ജീവൻ പ്രസരിപ്പിച്ചതിനെക്കാൾ ഉന്നതമാണ് യേശുവിന്റെ ജനനം.

"കന്യക ഗർഭം ധരിച്ച് ഒരുപുത്രനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും". (മത്തായി 1/23) ഇത് ഏശയായുടെ 'എമ്മാനുവേൽ പ്രവചനം' എന്ന് അറിയപ്പെടുന്നു. അതായത് ദൈവത്തിന്, തന്റെ ജനത്തിന്റെ മേലുള്ള സ്നേഹ പരിപാലനയുടെ പ്രഖ്യാപനമാണ്, കന്യകയിൽ നിന്നുള്ള ദൈവപുത്രന്റെ ജനനം. ദൈവപരിപാലനയുടെ തുടർച്ച കാണിക്കുന്ന പ്രധാന ഘട്ടമാണ്, പ്രവാചകരുടേത്. അവർ, പ്രത്യേകിച്ച് ഏശായാ, മിശിഹായെപ്പറ്റി, ധാരാളം പ്രവചനങ്ങൾ നടത്തിയിട്ടുണ്ട്. ഈ പ്രവചനങ്ങളൊന്നും സംഭവം

www.malankaralibrary.com

നടന്നുവെന്നതിന്റെ തെളിവാകുന്നില്ല. എന്നാൽ ദൈവജനത്തിന്റെ വിശ്വാസത്തിന്ന് ശക്തമായ പ്രേരണകളാണ് ഇവ. കന്യകയിൽ നിന്നുള്ള ജനനം സുവിശേഷമായി ശ്രവിച്ച വിശ്വാസികൾക്ക്, ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാണെന്നബോധ്യം ഇതിലൂടെ ലഭിക്കുകയും ചെയ്തു. മത്തായിയുടെ സുവിശേഷത്തിൽ, 'അരുളിചെയ്തതു പൂർത്തിയാക്കാൻ വേണ്ടി' എന്ന ആമുഖം ഓരോ പ്രവചനത്തിനു മുമ്പിലും കുറിക്കുന്നുണ്ട്. ദൈവത്തിന്റെ പദ്ധതിയുടെ തുടർച്ചയാണ് ഇതിലൂടെ സൂചിപ്പിക്കുന്നത്. 'ദൈവം നമ്മോടുകൂടെ' എന്ന അനുഭവത്തിൽ വർത്തിക്കുന്നവർക്ക് ഇവയെല്ലാം സന്തോഷകാരണമാകുന്നു. ദൈവം തന്റെ ജീവസാന്നിദ്ധ്യത്തിലൂടെ തന്നിൽ വിശ്വസിക്കുന്നവരെ ദൈവികതലത്തിലേക്ക് ഉയർത്തിക്കൊണ്ടിരിക്കുന്നു. "അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിക്കുന്നതുവരെ, അവൻ അവളെ അറിഞ്ഞില്ല". 'അറിയുക' എന്ന പദം ലൈഗികസംഗമം എന്ന അർത്ഥത്തിൽ വിവക്ഷിക്കുന്നതും ഈ ഉദാത്തസംഭവത്തിന് നിരക്കുന്നതല്ല. അങ്ങനെയൊന്ന് യൗസേഫും മറിയവും തമ്മിൽ ഉണ്ടായില്ലെന്നത് സുവിദിതമാണ്. 'ആദ്യജാതൻ'എന്നതാകട്ടെ യേശു തന്റെ മരണത്തിൽ ഏറ്റെടുക്കുവാനിരുന്ന ബലിയർപ്പണം സൂചിപ്പിക്കുന്നു. യേശുവിന്റെ ജനനത്തിനു ശേഷം യൗസേഫും മറിയവും തമ്മിൽ പുതിയ ദൈവികബന്ധം ഉണ്ടായി. 'ദൈവം നമ്മോടു കൂടെ'എന്നതിന്റെ പുതിയ അനുഭവം.

## അദ്ധ്യായം രണ്ട്

മത്തായിയുടെ സുവിശേഷം അനുസരിച്ച്, യേശു ദാവീദിന്റെ പിൻഗാമിയാണ്, ജനിച്ചത് ദാവീദിന്റെ നഗരമായ ബത്ലഹേമിൽ. എങ്ങനെ യൗസേഫും മറിയാമും ബത്ലഹേമിൽ എത്തിച്ചേർന്നു, എന്ന വിശദാംശങ്ങളിലേക്ക് സുവിശേഷകൻ കടക്കുന്നില്ല. മിശിഹാ യഹൂദന്മാരുടെ രാജാവാണെങ്കിലും അവർക്കുവേണ്ടി മാത്രം ഉള്ളവനെന്ന തെറ്റിദ്ധാരണ സുവിശേഷം തുടക്കത്തിലെ തിരുത്തിക്കുറിക്കുന്നു. കാരണം, യഹൂദന്മാരുടെ രാജാവിന്റെ ജന്മനക്ഷത്രം കണ്ടു തിരിച്ചറിഞ്ഞത്, യഹൂദരല്ല, പ്രത്യുത, ഇതര വംശങ്ങളിൽ പെട്ട വിദ്വാന്മാരാണ്. അവരിൽ നിന്ന്, തങ്ങൾക്കു രാജാവു

www.malankaralibrary.com

ജനിച്ചിരിക്കുന്നുവെന്നു കേട്ട്, യറുശലേം മുഴുവൻ ഭയപ്പെട്ടു. സുവിശേഷത്തിന്റെ വീക്ഷണത്തിൽ, യറുശലേം എതിർകേന്ദ്രം ആയിക്കഴിഞ്ഞിരുന്നു. രാജകൊട്ടാരം എതിരാളികളുടെ താവളവും. യേശുവിന്റെ ജനനത്തെക്കുറിച്ചു യറുശലേമിൽ ഉള്ളവർ അറിഞ്ഞിരുന്നു. പക്ഷെ അവർ അതു സ്വീകരിച്ചില്ല. എന്നാൽ വിദ്വാന്മാരാകട്ടെ അന്വേഷിച്ചറിഞ്ഞു, ശിശുവിനെ ദർശിച്ചു, കാഴ്ചകൾ അർപ്പിച്ചു. അനുഗ്രഹം പ്രാപിച്ചു മടങ്ങിപ്പോയി. ഇസ്രായേൽക്കാരും ഇതരരും തമ്മിലുള്ള ഈ വൈരുദ്ധ്യം സുവിശേഷത്തിൽ ഉടനീളം കാണുവാൻ സാധിക്കും.

മത്തായി സുവിശേഷകന്റെ, സംതൃപ്തി യേശുവിന്റെ ജീവിതത്തിലെ ഓരോ സംഭവത്തിലും പ്രവചനങ്ങൾ നിറവേറിയതായി ചൂണ്ടിക്കാണിക്കുന്നതിലാണ്. യറുശലേമിൽ ഹേറോദേസിന്റെ നിർദ്ദേശമനുസരിച്ച് കൂടിയ പ്രധാന പുരോഹിതരും നിയമജ്ഞരും ഇങ്ങനെ കണ്ടെത്തി.

"യൂദയായിലെ ബെത്ലഹെമേ, നീ യൂദയായിലെ പ്രമുഖാധികാരങ്ങളിൽ ഒട്ടും താഴെയല്ല എന്റെ ജനമായ ഇസ്രായേലിനെ നയിക്കാനുള്ളവൻ നിന്നിൽ നിന്നാണ് ഉത്ഭവിക്കുക" (മത്താ 2/6) മിക്കാ പ്രവാചകന്റേതാണ്, ഈ പ്രവചനം. ഇസ്രായേലിന്റെ വീഴ്ചയെയും ഉയർച്ചയെയും പറ്റി ഇതിൽ പറഞ്ഞിരിക്കുന്നു. ഇസ്രായേൽ, ദൈവത്തിലേക്കു തിരിഞ്ഞു വരുമ്പോൾ ദൈവത്തിന്റെ ശക്തിയാൽ ഒന്നിച്ചുകൂടുമെന്നാണ്, അതിൽ ദൈവം നല്കുന്ന വാഗ്ദാനം. എന്നാൽ അങ്ങനെ ഒരു ഉദ്ധരണിയിൽ മാത്രം ഒതുങ്ങി നില്ക്കുന്ന പ്രവചനമല്ല ഇത്. പ്രത്യുത മെസയാനിക സന്ദർഭം മുമ്പിൽ വച്ചുള്ളത് ആണിത്. അതിന് മെസയാനിക പ്രവചനങ്ങൾ മുഴുവൻ മനസ്സിലാക്കണമല്ലോ.

"രണ്ട്, ഞാൻ എന്റെ പുത്രനെ ഈജിപ്റ്റിൽ നിന്നു വിളിച്ചു വരുത്തി", (2/15) ഹോസി.യായുടെ പ്രവചനമാണിത് . (17/1) പുത്രനെന്ന് ഏകവചനത്തിൽ പറയുന്നുണ്ടെങ്കിലും ഇസ്രായേൽ മുഴുവനെയുമാണ് ഇവിടെ ഉദ്ദേശിക്കുന്നത്, "ഞാൻ അവരെ അടുക്കലേക്കു വിളിക്കുന്തോറും അവർ എന്നിൽ നിന്ന് അകന്നു പോവുകയാണ് ചെയ്തത്," (ഹോസി 11/2) വാസ്തവത്തിൽ യേശുവിന്റെ ജനനകാലത്തെ യഹൂദരെ സംബന്ധിച്ച് ഈ രണ്ടാം പ്രവചനം

www.malankaralibrary.com

ഏറെ പ്രസക്തമാണ്. എന്നാൽ യേശുവിൽ അങ്ങനെ ഒരു അവസ്ഥ ആരോപിക്കുവാൻ സാധിക്കുകയില്ല. എന്നിരുന്നാലും ഇവിടെ ഒരു വിദൂരസാമ്യം സുവിശേഷകൻ കണ്ടെത്തുന്നു. യേശു യറുശലേമിൽ നിന്നും, യൂദയായിൽ നിന്നും രക്ഷപ്പെട്ട് ഓടിപ്പോയത്, ഒരുവിധത്തിൽ അകൽചയായികണ്ട്, ശിശുവായ യേശുവിനെ ഈജിപ്റ്റിൽ നിന്ന് തിരികെ വിളിക്കുന്നതായി സുവിശേഷ കർത്താവ് സങ്കൽപിക്കുകയാണ്. ശിശുവായ യേശു യൂദയായിൽ തിരിച്ചെത്തി, അവിടെ ഇസ്രയേലിന്റെ പാരമ്പര്യത്തിൽ വളരുന്നത്, ആവശ്യമാണെന്ന് ഒരു വിധത്തിൽ സമ്മതിക്കാം. എന്നാൽ പ്രധാനം, യേശുവിനെ, ഇസ്രായേൽ വംശവുമായി താദാത്മ്യപ്പെടുത്തി, മത്തായി സുവിശേഷകൻ ദർശിക്കുന്നതാണ്. ഇസ്രായേലിന്റെ നല്ല പാരമ്പര്യം ഉൾക്കൊള്ളുന്നതോടൊപ്പം, പാപഭാരവും വഹിക്കുവാൻ യേശു തയാറാകുന്നുവെന്നതാണ് സുവിശേഷകന്റെ വിവക്ഷ. ഇസ്രായേലിന് ഉള്ളതു മുഴുവൻ തനിക്കു സ്വന്തപ്പെട്ടതാണെന്നുള്ള അവബോധത്തിലാണ്., യേശു വളർന്നുവന്നത്. ഇസ്രായേലുമായുള്ള യേശുവിന്റെ ഈ താദാത്മ്യം മത്തായിയുടെ സുവിശേഷത്തിന്റെ. പ്രത്യേകതയാണ്. അതുകൊണ്ട് അക്ഷരാർത്ഥത്തിൽ ഹോസിയായുടെ പ്രവചനം യേശുവിൽ അന്വർത്ഥമാകുന്നില്ലെങ്കിലും അർത്ഥധ്വനിയിൽ വളരെ പ്രസക്തം ആണെന്നതിൽ സംശയമില്ല.

"മൂന്ന് – റാഹേൽ സന്താനങ്ങളെക്കുറിച്ച് വിലപിക്കുന്നു. അവളെ സാന്ത്വനപ്പെടുത്തുക അസാധ്യം. എന്തെന്നാൽ അവൾക്കു അവർ നഷ്ടപ്പെട്ടിരിക്കുന്നു " (2/18). യറമിയാ പ്രവാചകൻ ഇസ്രായേലിലെ ഒരു ഗണത്തിന്റെ ദുഷ്ടതമൂലം, നിഷ്കളങ്കർ വേദനപ്പെടുന്നതാണ് ഇവിടെ സൂചിപ്പിക്കുന്നത്, ഈ വേദനകൾ റാഹേലെന്ന പ്രതീകത്തിലൂടെ കാണുകയാണ്, പ്രവാചകൻ. റാഹേൽ സ്നേഹത്തിന്റെ മൂർത്തീഭാവമാണ്. അവൾ സന്താനങ്ങളെ പ്രസവിച്ചശേഷം മരിച്ചുപോയി. എങ്കിലും അവളുടെ സ്നേഹം പൊലിയുന്നില്ല. അത് ദൈവസ്നേഹത്തിന്റെ പതിപ്പാണ്. എന്നാൽ ഇസ്രായേലിന്റെ മക്കൾ തിന്മയുടെ ആഘാതമേറ്റ് ഇല്ലാതാകുന്നു. ഇതാണ് ഹേറോദേസിന്റെ ക്രൂരതയിൽ മരിച്ചുവീണ നിഷ്കളങ്കരായ ശിശുക്കൾക്ക് സംഭവിച്ചത്. ഇതും തുടർച്ചരിത്രമായി സംഭവിക്കാനിരിക്കുന്നതേയുള്ളു. യറുശലേമിന്റ നാശത്തിൽ എരിഞ്ഞു തീരുന്ന മനുഷ്യരെപ്പറ്റി യേശു വിലപിക്കുന്നത്, പിന്നീട് ഈ സുവിശേഷത്തിൽ പരാമർശിക്കുന്നുണ്ട്. റാഹേലിന്റെ വിലാപം വീണ്ടും ആവർത്തിക്കുന്നു.

www.malankaralibrary.com

എന്നാൽ തികച്ചും വ്യത്യസ്തമാണ് നാലാമത്തെ പ്രവചനത്തിന്റെ നിറവേറൽ.'അവൻ നസ്രായനെന്നു വിളിക്കപ്പെടും' (2/23). ഇങ്ങനെ ഒരു പ്രവചനം എങ്ങും കാണാനില്ല. എന്നാൽ ഈശൈയുടെ കുറ്റിയിൽ നിന്നുള്ള മുളയെപ്പറ്റി പരാമർശമുണ്ട്. (നേരെത്തേ സൂചിപ്പിച്ചതാണ്) മുള എന്നതിന് 'നസർ' എന്നാണ് ഹീബ്രൂ പദം - ഇതും നസ്രത്തും തമ്മിൽ ബാഹ്യസാദൃശ്യം മാത്രം. എങ്കിലും യാതൊരു നന്മയും പ്രതീക്ഷിക്കാനിടയില്ലാത്ത ഒരു കുഗ്രാമമായ നസ്രത്ത് ഈശൈയുടെ ഉണങ്ങിയ കുറ്റിക്ക് സദൃശമായിരിക്കുന്നു. അവിടെ നിന്നാണ് ഇസ്രായേലിന്റെ പുതിയ മുള പൊടിച്ചു വന്നത്. യേശുവാണല്ലോ പുതിയ ഇസ്രായേൽ, അവൻ 'നസ്രായനെന്നു വിളിക്കപ്പെടും' എന്നതിലൂടെ യേശുവിലൂടെ പൂർത്തിയാകാനിരിക്കുന്ന രക്ഷയുടെ തുടർക്രിയയെയാണ് വിവക്ഷിച്ചിരിക്കുന്നത്. യേശുവിലൂടെ നിർവഹിക്കപ്പെടുന്ന രക്ഷാകരസംഭവത്തിന്റെ മൂന്നു മാനങ്ങൾ ഇവിടെ സുവിശേഷകൻ വിടർത്തി വയ്ക്കുന്നു, ക്രിസ്തുവിന്റെ പെസഹാ സംഭവവും, അതിലൂടെ നടക്കുന്ന പഴയ ഇസ്രായേലിന്റെ തിരോധാനവും, പുതിയ ഇസ്രായേലിന്റെ ഉയിർത്തെഴുന്നേൽപ്പും.

## അധ്യായം മൂന്ന്

**ഈ** അധ്യായം, സുവിശേഷം മുഴുവന്റെയും ആമുഖമാണെന്ന് പറയാം. യോഹന്നാൻ സ്നാപകൻ എങ്ങനെ കർത്താവിന് വഴി ഒരുക്കി എന്നതാണ് ഇതിലെ പ്രധാന പ്രമേയം. മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം, എന്നു ഏശായ ദീർഘദർശി മുൻകൂട്ടി വിശേഷിപ്പിച്ചു, യോഹന്നാനെപ്പറ്റി. അദ്ദേഹം യറുശലേമിലും യൂദയാ മുഴുവനിലും നിന്ന് ജനക്കൂട്ടങ്ങളെ മരുഭൂമിയിലേക്ക് ആകർഷിച്ചു. പ്രവാചകൻ തന്റെ മരണത്തിനു ശേഷവും ജനത്തിന്റെ ആദരവ് പിടിച്ചു പറ്റിയിരുന്നു എന്ന് മത്തായി സുവിശേഷകൻ പല സ്ഥലത്തും പലവിധത്തിലും എടുത്തു പറയുന്നുണ്ട്. ജനം സ്നാപകനെ സ്വീകരിച്ചു, അദ്ദേഹം ആവശ്യപ്പെട്ടപ്രകാരം പ്രവർത്തിച്ചു. 'മാനസാന്തരപ്പെടുവിൻ, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു'(3/2). എന്നായിരുന്നു, യോഹന്നാൻ ആവർത്തിച്ചു പ്രസംഗിച്ചത്. ദൈവത്തിന്റെ വഴികളിൽ നിന്ന് ഏത് രീതിയിലെല്ലാം ഇസ്രാ

www.malankaralibrary.com

യേൽ ജനം വ്യതിചലിച്ചിരുന്നുവെന്ന് വ്യക്തമായി മനസ്സിലാക്കി കൊണ്ട് അദ്ദേഹം ശാസനാരൂപത്തിൽ തന്നെ സംസാരിച്ചു, ജനത്തിന്റെ മാനസാന്തരത്തിലൂടെ, 'കർത്താവിന്ന് വഴിയൊരുക്കപ്പെടും, അവിടുത്തെ വഴി ചൊവ്വാക്കപ്പെടും' എന്നാണ്, യോഹന്നാൻ പ്രതീക്ഷിച്ചത്. ശാസനയിലും ഈ പ്രതീക്ഷ നിലനിർത്തിയതാണ്, അദ്ദേഹത്തിന്റെ ശക്തി. ജനം അദ്ദേഹത്തിന്റെ വാക്കുകൾ സ്വീകരിച്ചു, ഓരോരുത്തരായി തങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞു, അനുതാപത്തിന്റെ മാമോദീസാ സ്വീകരിച്ചു.

വ്യക്തികൾ ഒന്നിച്ച് ഏർപ്പെട്ട ഈ സംഭവം, മിശിഹായുടെ വരവിനു വഴിയൊരുക്കിക്കൊടുത്തു. പക്ഷേ പ്രീശരും സദ്ദുക്കായരും മാമോദീസാ സ്വീകരിക്കാൻ വന്നപ്പോൾ യോഹന്നാൻ അവരെ സംശയത്തോടെയാണ് വീക്ഷിച്ചത്. വെറും ബാഹ്യാചാരങ്ങൾ കൊണ്ട് സംതൃപ്തരായിരുന്നു, പ്രീശരും കൂട്ടരും. യോഹന്നാൻ അവരോടു പറഞ്ഞു, "അണലിസന്തതികളേ ആസന്നമായ ക്രോധത്തിൽ നിന്ന് ഓടിയകലാൻ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകിയത് ആരാണ്", (3/7). അവർക്ക് ഉത്തരമൊന്നും കൊടുക്കാൻ ഉണ്ടായില്ല. അവർ സ്നാനപ്പെട്ടതായി സുവിശേഷകൻ രേഖപ്പെടുത്തിയിട്ടില്ല. എങ്കിലും സ്നാപകൻ പറയാനുള്ളത് പറഞ്ഞു, " മാനസാന്തരത്തിന് യോജിച്ച ഫലം പുറപ്പെടുവിക്കുവിൻ," (3/8) എന്ന്. പഴയ ഇസ്രായേലിന്റെ മിഥ്യാബോധം ആയിരുന്നു, തങ്ങൾക്ക് പിതാവായ അബ്രഹാമുണ്ട്, ഒന്നും ഭയപ്പെടാനില്ല എന്ന്. "ഈ കല്ലുകളിൽ നിന്ന് അബ്രഹാമിന് മക്കളെ ഉളവാക്കാൻ ദൈവത്തിന് സാധിക്കും"(3/9) എന്നാണ്, യോഹന്നാൻ അവർക്ക് നൽകിയ മറുപടി. പുതിയ ജനനവും ഇസ്രായേലിന്റെ മിശിഹാക്കാലത്ത് ഉണ്ടാകുമെന്നാണ് ഇത് സൂചിപ്പിക്കുന്നത്. മാത്രമല്ല പുതിയ ഇസ്രയേൽ രൂപം കൊള്ളുമ്പോൾ ജനം രണ്ടായി തിരിയാൻ പോകുന്നുവെന്ന് യോഹന്നാൻ മുന്നറിയിപ്പു നൽകി. മിശിഹായോട് ചേർക്കപ്പെടുന്നവർ നല്ല ഫലം പുറപ്പെടുവിക്കും. എന്നാൽ മിശിഹായെ തിരസ്ക്കരിക്കുന്നവർ ചീത്ത ഫലമായിരിക്കും പുറപ്പെടുവിക്കുന്നത്. ചീത്ത ഫലം നൽകുന്ന വൃക്ഷമെല്ലാം വെട്ടി തീയിൽ എറിയപ്പെടും. മിശിഹായുടെ മരണത്തിനു ശേഷം സംഭവിക്കുന്ന അത്യാഹിതങ്ങളിൽ തിന്മയോടു ചേർന്നുനിൽക്കുന്നവർ, നശിപ്പിക്കപ്പെടുമെന്ന് ഇതിൽ മുന്നറിയിപ്പുണ്ട്.

www.malankaralibrary.com

യോഹന്നാന് പറയാനുള്ളത്, മിശിഹാ തന്നെക്കാൾ എത്രയോ ഉന്നതൻ ആയിരിക്കുമെന്നാണ്. "മാനസാന്തരത്തിനായി ഞാൻ ജലംകൊണ്ട് നിങ്ങളെ സ്നാനപ്പെടുത്തി. എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ ശക്തൻ. അവന്റെ ചെരിപ്പ് വഹിക്കാൻ പോലും ഞാൻ യോഗ്യനല്ല. അവൻ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങളെ സ്നാനപ്പെടുത്തും" (3/11). യേശുവും യോഹന്നാനും തമ്മിൽ, യജമാനനും ഭൃത്യനും തമ്മിലുള്ള ബന്ധം പോലും അസാധ്യമാകുന്നവിധം, അത്രവലിയ അകലമാണുള്ളത്. യേശു തന്റെ ഉത്ഥാനശേഷം നൽകാനിരിക്കുന്ന മാമോദീസായെപ്പറ്റി ഇതിൽ സൂചനയുണ്ട്. യോഹന്നാനിൽ നിന്ന് സ്നാനം സ്വീകരിച്ചവരും, ഇത് സ്വീകരിച്ചേ മതിയാവൂ. കാരണം യേശു ക്രിസ്തുതന്നിൽ വിശ്വസിക്കുന്നവർക്ക്, ഇതിലൂടെ പരിശുദ്ധാത്മാവിനെ നൽകുന്നു. മിശിഹായുടെ വരവ് രക്ഷാദാനത്തിന് ഉദ്ദേശിച്ചുള്ളതാണ്. എന്നാൽ മിശിഹായെ സ്വീകരിക്കുന്നവർ, ഗോതമ്പ് പോലെ അറപ്പുരയിൽ ശേഖരിക്കപ്പെടും, സ്വീകരിക്കാത്തവരാകട്ടെ പതിരുപോലെ കെടാത്ത തീയിൽ എറിയപ്പെടും.

മിശിഹായെപ്പറ്റി ഇത്രയും പ്രവചനമായി യോഹന്നാൻ പറഞ്ഞു കഴിഞ്ഞപ്പോൾ, യേശു മാമോദീസാ സ്വീകരിക്കാൻ അടുത്തുവന്നു. പാപിയല്ലെങ്കിലും, പാപികളോടുകൂടി എണ്ണപ്പെടുവാൻ, യേശു തയാറായി. എന്നാൽ, യോഹന്നാൻ യേശുവിന് സ്നാനം നൽകാൻ സമ്മതിച്ചില്ല. യേശു എത്ര ഉന്നതനാണെന്ന് യോഹന്നാന് അറിയാമായിരുന്നു. എന്നാൽ ഇവിടെവെച്ച് യേശുവിനെ മിശിഹായായി യോഹന്നാൻ തിരിച്ചറിഞ്ഞുവെന്ന് പറയാനാവില്ല. എന്നാൽ യേശു പറഞ്ഞു,"ഇപ്പോൾ ഇത് സമ്മതിക്കുക; അങ്ങനെ സർവനീതിയും പൂർത്തിയാക്കുക നമുക്ക് ഉചിതമാണ്" (3/15) സർവനീതിയെന്ന് പറഞ്ഞത്, പിതാവായ ദൈവത്തിന്റെ പദ്ധതിയെ ഉദ്ദേശിച്ചാണ്. ദൈവേഷ്ടം നിറവേറ്റുകയാണ്, യോഹന്നാനും യേശുവിനും സന്തോഷകരം. യേശു യോഹന്നാനെ തന്റെ കൂട്ടായ്മയിലേക്ക് സ്വീകരിച്ചു, അതേ സമയം യോഹന്നാൻ യേശുവിനെ സ്നാനപ്പെടുത്തുകയും ചെയ്തു.

യേശു സ്നാനം സ്വീകരിച്ചു വെള്ളത്തിൽ നിന്നു ഉയർന്നു വന്ന ഉടനെ, തന്റെ ദൗത്യത്തെപ്പറ്റി കൂടുതൽ ബോധ്യപ്പെടുന്ന സംഭവമുണ്ടായി. 'സ്വർഗ്ഗം തുറക്കപ്പെട്ടു.' യേശുതന്റെ ശുശ്രൂഷ

www.malankaralibrary.com

നിർവഹിക്കുന്നത് പിതാവിനോട് നിരന്തരം സംസർഗം ചെയ്തു കൊണ്ടാണല്ലോ. ദൈവാത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവന്നു. പരിശുദ്ധാത്മാവിന്റെ സഹവാസം എന്നും യേശുവിനോടു കൂടെ ഉണ്ടായിരിക്കും എന്നാണ്, ഇതിന്റെ അർത്ഥം. ഈ ദർശനം യേശുവിന് മാത്രം ആയിരിക്കാനാണ് സാധ്യത. 'അവൻ കണ്ടു' എന്നാണ് പറഞ്ഞിരിക്കുന്നത്. "ഇവൻ എന്റെ പ്രിയപുത്രൻ", ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന സ്വരവും സ്വർഗ്ഗത്തിൽ നിന്നു ഉണ്ടായി. സ്വരം മറ്റുള്ളവരും, യോഹന്നാനെങ്കിലും, കേൾക്കുവാൻ ഉദ്ദേശിച്ചുള്ളതായിരിക്കണം. പിതാവിന്റെ പ്രസാദത്തിലാണ് യേശു ശുശ്രൂഷ തുടങ്ങിയതും, തുടർന്നതും, പൂർത്തിയാക്കിയതും. യോഹന്നാൻസ്നാപകൻ ഏതെല്ലാം മുൻസൂചനകൾ നൽകിയോ, അതെല്ലാം യേശുവിൽ നിറവേറിയതായി മത്തായി സുവിശേഷകൻ പിന്നാലെ വിവരിക്കുന്നുണ്ട്. യേശു തനിക്ക് ഒരുക്കികിട്ടിയ വഴിയിലൂടെ മുമ്പോട്ട് പോയി, താൻ വരാനിരിക്കുന്ന മിശിഹായാണെന്നും വെളിപ്പെടുത്തുകയും ചെയ്തു.

## അദ്ധ്യായം നാല്

യേശു, മാമോദീസാ സ്വീകരിച്ചപ്പോൾ, തനിക്ക് പിതാവായ ദൈവം ഏൽപിച്ചുതന്ന രക്ഷാകരദൗത്യത്തെപ്പറ്റി, ബോധവാനായി; മാത്രമല്ല പരിശുദ്ധാത്മാവ് തുടർന്ന് സഹായിക്കുമെന്ന്, സൂചന നൽകുകയും ചെയ്തു. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് ഒന്നിച്ചു മനുഷ്യരക്ഷയിൽ ഏർപ്പെടുന്നതായാണ്, നാം ഇതിൽനിന്നും മനസ്സിലാക്കുന്നത്. ദൈവസാന്നിദ്ധ്യത്തിന്റെ അനുഭവം യേശു തന്റെ മനുഷ്യത്വത്തിൽ എങ്ങനെ സ്വീകരിച്ചുവെന്ന് നാലാം അദ്ധ്യായം വിവരിച്ചുതരുന്നു. അതിലെ പ്രധാനഭാവം യേശുവിന് ഉണ്ടായ പ്രലോഭനമാണ്. പാപം ചെയ്യാൻ സാധിക്കാത്തവന് എന്തിന്, എങ്ങനെ പ്രലോഭനമുണ്ടായി. ഒരുത്തരം മാത്രമേ അതിനുള്ളു, പാപികളായ മനുഷ്യരോട് താദാത്മ്യപ്പെടാൻ അത് ആവശ്യമായിരുന്നു. 'പാപമൊഴികെ എല്ലാത്തിലും മനുഷ്യനു തുല്യൻ,' എന്നാണ് പൗലോസ് ശ്ലീഹാ ക്രിസ്തുവിനെ വിശേഷിപ്പിക്കുന്നത്. ആ താദാത്മ്യപ്പെടലിന്റെ വിവരണം സുവിശേഷകൻ ഈ അധ്യായത്തിൽ നൽകുന്നു. പ്രലോഭനത്തിൽ മാത്രമല്ല തന്റെ ദൗത്യത്തിന്റെ കേന്ദ്ര

www.malankaralibrary.com

സ്ഥാനം നിശ്ചയിക്കുന്നതിലും ശിഷ്യന്മാരെ വിളിച്ചുചേർക്കുന്നതിലും ജനങ്ങൾക്കു രോഗസൗഖ്യം നൽകുന്നതിലുമെല്ലാം, യേശു മനുഷ്യരോട് തനിക്കുള്ള സ്നേഹവും പ്രതിബദ്ധതയും വ്യക്തമാക്കുകയായിരുന്നു.

"പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതിന് യേശുവിനെ ആത്മാവ് മരുഭൂമിയിലേക്ക് നയിച്ചു" (4/1) ഇസ്രായേൽ ജനം പരീക്ഷിക്കപ്പെട്ടത് മരുഭൂമിയിൽ വച്ചാണ്. ആ അനുഭവം യേശുവിനും ഉണ്ടായി.പക്ഷെ ഇത് മനുഷ്യദൗർബല്യത്തോടുള്ള പ്രതീകാത്മകമായ യോജിപ്പിന്റെ ഘടകമായി മാത്രം. യേശുവിനുണ്ടായ മൂന്ന് പരീക്ഷണങ്ങളും ദൈവത്തിൽ ആശ്രയിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരു മനുഷ്യനും ഉണ്ടാകാവുന്നതാണ്. ദൈവം തന്റെ ആവശ്യമെല്ലാം, ചോദിക്കുന്നതെന്തും, നൽകികൊണ്ടിരിക്കുമെന്ന മിഥ്യാബോധമാണ് ആദ്യത്തേത്. അപ്പം എല്ലാ ആവശ്യങ്ങളെയും സൂചിപ്പിക്കുന്ന പൊതു പ്രതീകമാണ്. ദൈവം മനുഷ്യന് ആവശ്യമെന്ന് ബോധ്യപ്പെടുന്നതെല്ലാം നൽകുമെന്നവിശ്വാസമാണ്, വേണ്ടത്. തങ്ങൾക്ക് ഇഷ്ടമെന്ന് തോന്നുന്നതെല്ലാം ലഭിക്കുവാൻ ഇസ്രായേൽജനം, ദൈവത്തിന്റെ മുമ്പാകെ നിർബന്ധിച്ചതിന്, ശിക്ഷിക്കപ്പെട്ടുവെന്ന്, തിരുവചനം സാക്ഷിക്കുന്നു.

അടുത്തത് മനുഷ്യൻ സ്വന്തമായി എടുക്കുന്ന ഏതു തീരുമാനത്തിനും, ദൈവം കൂട്ടുനിന്ന് സംരക്ഷണം നൽകണമെന്ന നിർബന്ധമാണ്. ദൈവഹിതം അവഗണിച്ച് ഓരോ വ്യക്തിയും തന്നിഷ്ടമനുസരിച്ച് പ്രവർത്തിക്കുന്നതാണല്ലോ പാപം. ഏത് അപകടത്തിൽ ചെന്നു വീണാലും ദൈവം കാത്തുകൊള്ളുമെന്ന് ചിന്തിക്കുന്നത് മിഥ്യാവിശ്വാസമാണ്. യഥാർത്ഥ വിശ്വാസമാകട്ടെ; ദൈവഹിതം മനസ്സിലാക്കി അതനുസരിച്ച് പ്രവർത്തിക്കുമെന്നതാണ്. എന്നാൽ ഇസ്രായേൽക്കാർ, കനാൻനാട്ടിൽ എത്തിക്കഴിഞ്ഞ്, ദൈവത്തിന്റെ നിർദ്ദേശം വിട്ടു സ്വന്തമായി പ്രവർത്തിച്ചിരുന്നു. വിശ്വാസം ധിക്കാരമാകുന്ന അവസ്ഥയാണിത്.

മൂന്നാമതായി ദൈവവിശ്വാസത്തിന്റെ പേരിൽ ഓരോ വ്യക്തിയും, താൻ ഉണ്ടാക്കി വയ്ക്കുന്ന ദേവനെയോ ദേവിയെയോ സ്വന്തം ഹൃദയത്തിൽ വച്ചുപൂജിക്കുന്നതാണ്. അത് ബിംബാരാധനയായി അറിയപ്പെടുന്നു. ബിംബങ്ങളെ ആരാധിക്കുന്നത്,

www.malankaralibrary.com

ലോകത്തിലെ സ്വത്തും സന്തോഷവുമെല്ലാം സ്വന്തമാക്കാനാണ്. അതിൽനിന്ന് കിട്ടുന്നതിന്റെ ഭാഗം ദേവാലയത്തിൽ ബലിയായി അർപ്പിച്ചെന്നും ഇരിക്കും. മനുഷ്യന്റെ കാഴ്ചയുടെ വിലയും വലിപ്പവുംകൊണ്ട് ദൈവം പ്രീതിപ്പെടുമെന്നാണ് ബിംബാരാധകരുടെ തെറ്റായ ധാരണ. ശലോമോനു ശേഷം പലരാജാക്കന്മാരും വ്യാജ ദേവന്മാരുടെ പിറകെ പോയതായി തിരുവചനം അനുസ്മരിപ്പിക്കുന്നു. ഇത് ഇസ്രായേലിന്റെ മുഴുവൻ പാപമായിപോലും തീർന്നു.

താൻ ആരെ രക്ഷിക്കുവാൻ ആഗ്രഹിച്ചുവോ ആ ജനത്തിന്റെ പാപത്തിന്റെ വൈവിധ്യവും ബാഹുല്യവും യേശുവിന് ബോധ്യപ്പെട്ടിരുന്നു. അവരുടെ ബലഹീനതയിൽ പങ്കുചേരാൻ ആഗ്രഹിക്കുകയും ചെയ്തു . പാപമല്ലാതെ എല്ലാത്തിലും അവിടുന്ന് അവരോട് താദാത്മ്യപ്പെട്ടു. ഇതാണ് യേശുവിന് ഉണ്ടായ പ്രലോഭനങ്ങളുടെ പശ്ചാത്തലം. കല്ല് അപ്പമായി മാറ്റുവാൻ പിശാചും ആദ്യമേ ആവശ്യപ്പെട്ടു. 'ദൈവത്തിന്റെ നാവിൽ നിന്ന് പുറപ്പെടുന്ന ഓരോ വാക്കു കൊണ്ടുമാണ് മനുഷ്യൻ ജീവിക്കുന്നത്' (4/4), എന്ന് യേശു അതിന് മറുപടികൊടുത്തു. ഓരോ വാക്കും ദൈവഹിതം പ്രകാശിപ്പിക്കുന്നു. അത് അനുവർത്തിക്കാൻ വേണ്ട ശക്തി ദൈവം തരികയും ചെയ്യുന്നു. ദേവാലയത്തിന്റെ ഗോപുരത്തിൽ നിന്ന് ചാടാൻ പിശാച് യേശുവിനോട് ആവശ്യപ്പെട്ടു. 'മാലാഖമാർ താങ്ങുമല്ലോ' എന്നാണ്, പിശാചിന്റെ കുതർക്കം. " നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്," (4/7) എന്ന് യേശു അതിന് മറുപടി പറഞ്ഞു. യഹൂദർ യേശുവിനോട് അടയാളം കാണിച്ചു തരാൻ ആവശ്യപ്പെട്ടപ്പോൾ, ഇതേ ദുഷ്പ്രേരണവച്ചാണ് വല വീശിയത്. എന്നാൽ പിതാവു തന്റെ പദ്ധതിയിൽ ചെയ്തു തരുന്നതു മാത്രമേ, യേശു ആവശ്യപ്പെട്ടുള്ളു. അടുത്ത പ്രലോഭനം, പിശാചിനെ താണു വീണ് നമസ്ക്കരിക്കാനുള്ള പ്രേരണ ആയിരുന്നു. പിശാച് നന്മയുടെ പൊയ്മുഖം ധരിച്ചായിരിക്കും സമീപിക്കുന്നത്, യേശു അതിന് മറുപടി പറഞ്ഞു. " നിന്റെ ദൈവമായ കർത്താവിനെ മാത്രമേ ആരാധിക്കാവൂ എന്നും എഴുതപ്പെട്ടിരിക്കുന്നു".a (4/10). സ്വന്തം സ്ഥാനവും മഹിമയും പുലർത്താൻ മനുഷ്യൻ ആരെയും എന്തിനെയും കുമ്പിട്ടു വണങ്ങാൻ തയാറാകുന്നു. യേശു പിശാചിനു നൽകിയ മൂന്നു മറുപടിയും ഓരോ വിശ്വാസിക്കും സാധനപാഠങ്ങളാണ്. ഇസ്രായേലിന് സ്വാഭാവികമായി വന്നു ഭവിച്ച തിന്മകളിൽ നിന്നെല്ലാം അവരെ രക്ഷിക്കാനാണ് താൻ

www.malankaralibrary.com

വന്നിരിക്കുന്നതെന്ന് പരീക്ഷയിൽ വിജയിച്ച യേശു വ്യക്തമാക്കി ത്തരുന്നു. "അപ്പോൾ പിശാച് അവനെ വിട്ടു പോയി. ദൈവദൂത ന്മാർ അടുത്തു വന്ന് അവനെ ശുശ്രൂഷിച്ചു (4/11). ദൈവസഹവാസം യേശുവിന് അനുഭവപ്പെട്ടു, എന്നാണ് ഇതിന്റെ അർത്ഥം. ജീവിത ത്തിന്റെ അടുത്തഘട്ടങ്ങളിലും, പ്രത്യേകിച്ചു പീഡാനുഭവസമ യത്തും അതിനു മുമ്പും, യേശുവിന് പരീക്ഷണമുണ്ടായി, അതി ൽനിന്ന് വിടുതൽ നേടാൻ യേശു പ്രാർത്ഥിച്ചു. അപ്പോഴും ദൈവ സഹവാസം അനുഭവപ്പെട്ടു.

യോഹന്നാന്റെ ബന്ധനശേഷം യേശു ദൈവരാജ്യം പ്രസം ഗിക്കാനിറങ്ങിയെന്നതു്, യേശുവിന്റെ ശുശ്രൂഷ ഓരോ ഘട്ടമായി സുവിശേഷകൻ തിരിച്ചു കാണുന്നതിന് തെളിവാണ്. എന്നാൽ യേശു ഗലീലി തന്റെ പ്രവർത്തനരംഗമാക്കിയെന്നത് പ്രധാനമാണ്, യറുശലേമിൽ നിന്ന് അകന്നു നിൽക്കുകയായിരുന്നു, അതിന്റെ പിന്നിലെ ഉദ്ദേശ്യം. യേശു യഹൂദരോട് തുറന്ന സംഘട്ടനം ഒഴി വാക്കിയിരുന്നു. വിജാതീയരുടെ ഗലീലി യെന്നാണ് സുവിശേ ഷകൻ എടുത്തുപറയുന്നത്. ഇസ്രായേലിന്റെ പ്രാന്തപ്രദേശമായി രുന്നു അത്. " അന്ധകാരത്തിൽ സ്ഥിതി ചെയ്തിരുന്ന ജനങ്ങൾ വലിയ പ്രകാശം കണ്ടു. മരണത്തിന്റെ മേഖലയിലും നിഴലിലും വസിച്ചിരുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു". (4/16) ഇസ്രാ യേൽ എങ്ങനെ ഇരുട്ടിൽ കിടന്നിരുന്നുവെന്ന് സുവിശേഷത്തിൽ പിന്നീടു വ്യക്തമാക്കുന്നുണ്ട്. വിജാതീയരും വഴിവെളിച്ചം കിട്ടാതെ ഉഴലുകയായിരുന്നു. യേശു നൽകുന്ന വെളിച്ചത്തിന്റെ സന്ദേശം ഇതാണ്. "മാനസാന്തരപ്പെടുവിൻ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കു ന്നു" (4.17). ഇതു തന്നെ ആയിരുന്നു, യോഹന്നാൻസ്നാപ കന്റെയും സന്ദേശം. എങ്ങനെ യേശു യോഹന്നാൻ ഒരുക്കിയ പാതയിലൂടെ മുമ്പോട്ടു പോയിയെന്ന് സുവിശേഷകൻ പിന്നാലെ ചൂണ്ടിക്കാണിക്കുന്നു.

യേശു തന്റെ ആദ്യശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നത്, കടൽതീരത്തുനിന്നാണ്. സുവിശേഷ പ്രചരണം സാർവത്രികമാ കുമെന്ന് ഇതിൽ സൂചനയുണ്ട്. മീൻ പിടിച്ചിരുന്നവർ മനുഷ്യരെ പിടിക്കുന്നവരായിത്തീർന്നു. സുവിശേഷപ്രചാരണം ശ്രമകരമാ ണെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം മനുഷ്യരെ സ്വർഗ്ഗരാജ്യത്തിൽ ഉൾപ്പെടുത്തുന്നത് ആകട്ടെ, നിത്യജീവന്റെ അനുഭവം നൽകുന്ന

www.malankaralibrary.com

തിനാണ്. ഇസ്രായേലിന്റെ ചേരിപ്രദേശത്ത് കിടന്നിരുന്ന വരെയാണ്, ശിഷ്യരായി യേശു സ്വീകരിച്ചത്. ഇത് തികച്ചും അപ്ര തീക്ഷിതമായിരുന്നു . യഹോവായുടെ സാധുക്കളിൽപെടുന്ന ഇവരെ എത്ര ഉയരത്തിലേക്കാണ് യേശു ഉയർത്തിയെടുത്തത്. ദൈവത്തിന്റെ ചിന്ത എത്ര ഉദാത്തമായിരിക്കുന്നു. യേശു വിളിച്ചു കൂട്ടിയ പത്രോസും അന്ത്രയോസും, യാക്കോബും യോഹന്നാനും. ഭാവിയിൽ സഭയുടെ അടിസ്ഥാനങ്ങളായിത്തീർന്നു. അവരുടെ സഹോദരബന്ധംസാർവത്രിക സാഹോദര്യത്തിന് നാന്ദിയായി. ഒരു വലിയ പുറപ്പാടിന് ഇവിടെ തുടക്കമിട്ടു.

എങ്ങനെയാണ് യേശു ദൈവരാജ്യത്തിന് അടിസ്ഥാനമിട്ട തെന്ന് നോക്കാം,''സിനഗോഗുകളിൽ പഠിപ്പിച്ചും, രാജ്യത്തിന്റെ സുവി ശേഷം പ്രസംഗിച്ചും ജനങ്ങളുടെ എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും ഗലീലി മുഴുവൻ ചുറ്റിസഞ്ചരിച്ചു'',(4/23) രോഗ ങ്ങളിൽ നിന്ന് സുഖപ്പെടുത്തിയത്, പിശാചിന്റെ അടിമത്തത്തിൽ നിന്ന് വിടുവിക്കും എന്നതിന്റെ സൂചനയാണ്. യഹൂദസമൂഹ ത്തിൽനിന്ന് യേശുവും ശിഷ്യരും വിട്ടുനിന്നില്ല. ഇസ്രായേലിലെ നഷ്ടപ്പെട്ട ആടുകൾക്കാണ് അവിടുന്ന് സുവിശേഷം അറിയിച്ചത്. എന്നാൽ യോഹന്നാൻ സ്നാപകന്റെ 'ശൈലിയിൽ നിന്ന് വ്യത്യ സ്തമായിരുന്നു, യേശുവിന്റേത്. രോഗികൾക്ക് സുഖം നൽകി. അതേസമയം യേശു ജ്ഞാനസ്നാനം നൽകിയുമില്ല. ഏറ്റം പ്രധാന കാര്യം, തന്നെ ശ്രവിക്കാൻ സന്നദ്ധമായ ഒരു സമൂഹത്തിന് രൂപം കൊടുക്കാൻ യേശു ശ്രമിച്ചുവെന്നതാണ്.

## അധ്യായം അഞ്ച്

**മോ**ശ ഫറവോന്റെ അടിമത്തത്തിൽ നിന്ന് ഇസ്രായേലിനെ പുറത്തുകൊണ്ടു വന്ന ശേഷം, അവർക്ക് സീനായ് മലയിൽ വച്ച് ഒരു സമൂഹമായി രൂപം കൊടുത്തു. ആ സാദൃശ്യം വെച്ച് യേശു, പുതിയ ഇസ്രായേലിനെ പിശാചിന്റെ അടിമത്തത്തിൽ നിന്ന് മോചി പ്പിച്ച ശേഷം അവരെ 'മലയിലെ പ്രസംഗത്തിലൂടെ' ഒരു പുതിയ നിയമവ്യവസ്ഥയിലേക്ക് വിളിച്ചടുപ്പിച്ചു. ഈ ഉൾക്കാഴ്ച വച്ചാണ് മത്തായി സുവിശേഷകൻ, എല്ലാവരെയും എല്ലാത്തരത്തിലുള്ള

www.malankaralibrary.com

രോഗവ്യാധികളിൽ നിന്നും സുഖപ്പെടുത്തിയത് വിവരിച്ച ശേഷം, യേശുവിന്റെ വചസ്സുകൾ ഒരു നീണ്ട പ്രഭാഷണമായി കൂട്ടിയെഴുതിയിരിക്കുന്നത്.

'ആത്മാവിൽ ദരിദ്രരോട്' ആണ് യേശു സംസാരിക്കുന്നത്. യഹോവായുടെ സാധുക്കൾ, അഥവാ ഇസ്രായേലിന്റെ ശിഷ്ടഭാഗം ഒരു ജനമായി ഉയർത്തപ്പെടുമെന്ന് പ്രവാചകന്മാർ മുൻകൂട്ടി അറിയിച്ചിരുന്നു. ആ പ്രവചനങ്ങളുടെ പൂർത്തീകരണമാണ് യേശുവിന്റെ ഉദ്ദേശം. സാധുക്കളെ ഭാഗ്യവാന്മാരായി പ്രഖ്യാപിക്കുന്നു. അവർക്ക് യേശുവിനോടൊത്ത് കൂട്ടുദൗത്യമുണ്ട്. ലോകത്തിന്റെ പ്രകാശമായും ഭൂമിയുടെ ഉപ്പായും വർത്തിക്കുക. ഈ ഉദ്ദേശത്തിലാണ്, ദൈവം ഇസ്രായേലിന് നിയമ വ്യവസ്ഥ നൽകിയിരുന്നത്. എന്നാൽ ഇസ്രായേൽക്കാർ ദൈവത്തിന്റെ വഴിയിൽ നിന്ന് വ്യതിചലിച്ചു. നിയമവ്യവസ്ഥയുടെ പ്രാക്തനശുദ്ധി നഷ്ടമായി എന്നാൽ യേശു നിയമവും പ്രവചനവും നിരാകരിച്ചില്ല. അത് പൂർത്തിയാക്കാനാണ് താൻ വന്നിരിക്കുന്നതെന്ന്, യേശു തുറന്നു പ്രഖ്യാപിച്ചു. വെറും ബാഹ്യാചരണമായിതീർന്നിരുന്ന നിയമങ്ങൾ ആന്തരികശുദ്ധിയിൽ പുനഃസ്ഥാപിക്കപ്പെടണമെന്ന് യേശു ആഗ്രഹിച്ചു. ഹൃദയത്തിൽ ശുദ്ധീകരണം പ്രാപിക്കുക, അപ്പോൾ ഓരോ വ്യക്തിയും ദൈവത്തിന്റെ ആത്മാവിന് വിധേയമായി വർത്തിക്കും. അപ്പോൾ അവന്റെ ബാഹ്യപ്രവൃത്തികളും ശുദ്ധിയുള്ളവയാകും. ദൈവം ആഗ്രഹിക്കുന്നപോലെ മറ്റു മനുഷ്യരോട് ബന്ധപ്പെടുക മനുഷ്യബന്ധങ്ങളിൽ പ്രധാനമാണ്, ഭർത്താവും ഭാര്യയും തമ്മിലുള്ള ബന്ധം, വാക്കുകളിലുള്ള സത്യസന്ധത, സഹോദരനോടുള്ള സ്നേഹസമീപനം എന്നിവയെല്ലാം. ഈ നല്ല ബന്ധങ്ങൾ സ്വർഗ്ഗരാജ്യത്തിലേക്കുള്ള വാതിൽ തുറന്നുതരുന്നു.

സ്വർഗ്ഗരാജ്യമാണ് മലയിലെ പ്രസംഗത്തിന്റെ അടിസ്ഥാന പ്രമേയം. സ്വർഗ്ഗരാജ്യവും ദൈവരാജ്യവും ഒന്നുതന്നെ. പക്ഷേ അവ തമ്മിൽ അർത്ഥധ്വനിയിൽ വ്യത്യാസമുണ്ട്. ദൈവമെന്നു ഉച്ചരിക്കാനുള്ള വിമ്മിട്ടം കൊണ്ടാണ് മത്തായി സുവിശേഷകൻ, സ്വർഗ്ഗരാജ്യമെന്ന് പറയുന്നത്, എന്ന് ചില ബൈബിൾ പഠിതാക്കൾ അഭിപ്രായപ്പെടുന്നു. യഹൂദനായിരിക്കെ ദൈവനാമം ഉച്ചരിക്കുകയില്ല പോലും. ദൈവത്തെ പിതാവെന്നു വിളിച്ചു പ്രാർത്ഥിക്കുന്ന സുവിശേഷകൻ ദൈവനാമം ഉച്ചരിക്കുന്നതിന്റെ സന്തോഷം അനുഭവി

www.malankaralibrary.com

ക്കുന്നവനാണ്. സ്വർഗമെന്ന് ഉപയോഗിക്കുന്നതിൽ പ്രത്യേകമായി ഊന്നലുണ്ട്. ദൈവത്തിനും മനുഷ്യനും ഇടയ്ക്കുള്ള ശക്തമായ പ്രതീകമാണ് സ്വർഗ്ഗം. മനുഷ്യൻ മേലോട്ടു നോക്കുമ്പോൾ ആകാശം കാണുന്നു. ആകാശമാണ് വിവർത്തകൻ സ്വർഗ്ഗമെന്നു മാറ്റിമറിച്ചത്. 'ആകാശങ്ങളിൽ,' അതാണ് ഹീബ്രൂ ഭാഷയിലെ അടിസ്ഥാനപ്രയോഗം എല്ലാം നേരേചൊവ്വിന് ഓടുന്നു. ദൈവം മനുഷ്യനെ ഏൽപിച്ചുകൊടുത്ത ഭൂമിയിൽ എല്ലാം കുഴഞ്ഞു മറിഞ്ഞു കിടക്കുന്നു. സ്വാഭാവികമായി ഏതൊരു ദൈവപൈതലും ആകാശങ്ങളിലെപ്പോലെ ഭൂമിയിലും ആകണമെന്ന് പ്രാർത്ഥിക്കും. ഇതാണ് മലയിലെ പ്രസംഗത്തിൽ യേശു നൽകുന്ന അടിസ്ഥാനോപദേശം. യഹൂദന്മാർ ദൈവത്തിന്റെ ജനമെന്ന് അവകാശപ്പെടുമ്പോൾ തന്നെ, എല്ലാം കൈയടക്കാൻ ആഗ്രഹിച്ചതിനെയാണ് യേശു എതിർത്തത്. മോശ ദൈവചൈതന്യത്തിൽ ഉണ്ടാക്കി വച്ച നിയമസംഘടനയെ നിയമജ്ഞർ കോട്ടി മാട്ടി, അതിന്റെ ചൈതന്യം നഷ്ടപ്പെടുത്തിയിരുന്നു. അവരും, യേശുവിന്റെ വിമർശനത്തിനു വിധേയരായി. എന്നാലും യേശുവിന്റെ വീക്ഷണം നിഷേധാത്മകമല്ല. നിയമത്തെ അതിന്റെ പ്രാക്തന ചൈതന്യത്തിലേക്ക് തിരികെ കൊണ്ടുവരുന്നതിന്, ദൈവത്തിൽ യഥാർത്ഥമായി വിശ്വസിക്കുന്നവരുടെ കൂട്ടായ്മ ആവശ്യമാണ്. അവരാണ് യഹോവയുടെ പാവങ്ങൾ. മലയിലെ പ്രസംഗം യേശു തുടങ്ങി വയ്ക്കുന്നത്, അവരെ പരാമർശിച്ചുകൊണ്ടാണ്. ദൈവം തന്റെ ആളുകളായി ഉയർത്തിയവരാണ്, 'ആത്മാവിൽ ദരിദ്രർ' സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു. ആ നിലയിലേക്ക് കടന്നുവരാൻ ഒരുക്കമുള്ളവരോടാണ്, യേശു സംസാരിക്കുന്നത്. ഇന്നു സഭയിലുള്ളവരും അവരിൽപെടുന്നു. അവരെയെല്ലാം ചേർത്തുകൊണ്ട് ദൈവം തന്റെ രാജ്യം സ്ഥാപിക്കുവാനിരിക്കുന്നു, യേശുക്രിസ്തുവിലൂടെ.

ദൈവത്തിന്റെ ഭരണത്തിൽ മനുഷ്യന്റെ സ്ഥാനമെന്ത്? ഇന്ന് അവമതിക്കപ്പെടുന്നവർ, സ്വർഗ്ഗരാജ്യത്തിൽ വിലമതിക്കപ്പെടും. ദരിദ്രർ, വിലപിക്കുന്നവർ, താഴ്മയുള്ളവർ മുതൽപേർക്കാണ് ഭാഗ്യം വരുന്നത്. അതുപോലെ ദൈവനീതിക്കായി പാടുപെടുന്നവരും കരുണചെയ്യുന്നവരുമെല്ലാം കൃതകൃത്യരാവും. ഓരോ വ്യക്തിയും സ്വന്തം താല്പര്യം മാത്രം വച്ചു പ്രവൃത്തിക്കുമ്പോൾ സമാധാനം നഷ്ടമാകുന്നു. എന്നാൽ ദൈവഹിതം അനുവർത്തിക്കുമ്പോൾ സമാധാനവും സംതൃപ്തിയും ഉളവാകുന്നു, ദൈവഹിതം അനു

www.malankaralibrary.com

വർത്തിക്കുന്നത് ദൈവമക്കളുടെ സന്തോഷമാണ്. ക്രിസ്തു തന്റെ ജീവിതത്തിലൂടെ കാണിച്ചുകൊടുക്കുന്ന ആദർശമാണ്, ഇത്. അതിലേക്ക് അവൻ തന്റെ ശിഷ്യരെ ആകർഷിച്ചടുപ്പിക്കുന്നു. തദ്ഫലമായി ക്രിസ്തു എങ്ങനെ ലോകത്തിന്റെ പ്രകാശമായിരിക്കുന്നുവോ, അങ്ങനെ ശിഷ്യർക്കും പ്രകാശവാഹകരാകാം. ക്രിസ്തു എങ്ങനെ ശുശ്രൂഷയിൽ സ്വയം ഇല്ലാതായോ ,അങ്ങനെ ശിഷ്യർക്കും ഭൂമിയുടെ ഉപ്പായി വർത്തിക്കാൻ സാധിക്കും. ഈ രീതിയിൽ ക്രിസ്തുവിൽ കേന്ദ്രീകൃതമായ ഒരു സമൂഹഘടനയാണ് സ്വർഗ്ഗരാജ്യമായി, സുവിശേഷം ഉദ്ദേശിക്കുന്നത്.

സ്വർഗ്ഗസ്ഥപിതാവിനെ മഹത്ത്വപ്പെടുത്തുകയാണ് യേശുവിന്റെ ജീവിതോദ്ദേശ്യം. അത് അനുസരിച്ചുള്ള പൂർത്തീകരണമാണ്, ഇസ്രായേലിന്റെ നിയമഘടനയ്ക്ക് ഉണ്ടാകേണ്ടത്. യേശു ഉറപ്പിച്ചു പറയുന്നു - 'സകലതും നിവൃത്തിയാകും വരെ പ്രമാണത്തിൽ നിന്ന് ഒരു യോദ് എങ്കിലും ഒരുവര എങ്കിലും കടന്നുപോവുകയില്ല' എന്ന്. നിയമഗ്രന്ഥം പകർത്തുമ്പോൾ വരുന്ന പിശകുകളാണ് യേശു ഇവിടെ പരാമർശിക്കുന്നത് (5/18 - മാണിക്കത്തനാർ) ഹിബ്രു ഭാഷയുടെ സ്വഭാവമനുസരിച്ച് യോദും (ഏറ്റം ചെറിയ അക്ഷരം) വരയും (ഒരു അക്ഷരത്തിൽ നിന്ന് വേറൊന്നിനുള്ള വ്യത്യാസം) മാറി വരുമ്പോൾ വലിയ അർത്ഥാന്തരമാണ് ഉണ്ടാവുക. ദൈവത്തിൽ കേന്ദ്രീകൃതമായ ഘടനയിൽ ഒരു നിയമവും മനുഷ്യർക്ക് തള്ളാവുന്നതല്ല. അതുകൊണ്ട്, "ചെറുതെന്ന് വിചാരിച്ച് ഏതെങ്കിലും ലംഘിക്കുകയോ ലംഘിക്കാൻ പഠിപ്പിക്കുകയോ ചെയ്യുന്നവൻ സ്വർഗ്ഗ രാജ്യത്തിൽ ചെറിയവനെന്ന് വിളിക്കപ്പെടും. അതനുസരിക്കുകയും അനുസരിക്കാൻ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ വലിയവനെന്ന് വിളിക്കപ്പെടും" (5/19) യേശുവിന്റെ കാലത്ത് നിയമജ്ഞർ പല പ്രമാണങ്ങളും അവഗണിക്കാമെന്ന് പഠിപ്പിച്ചിരുന്നു. ഉദാഹരണമായി മാതാപിതാക്കൾക്കുള്ള ജീവനാംശം ദേവാലയത്തിന് കാണിക്കയായി വച്ചുവെന്ന് പറഞ്ഞ്, അവർക്ക് ഉപജീവനത്തിന് നൽകാതിരിക്കുക (cf 15/4 6). മലയിലെ പ്രസംഗത്തിൽ സൂചിപ്പിച്ചതു പലതും ഇതുപോലെ പിന്നീട് വിശദമാക്കുന്നുണ്ട്. സ്വർഗ്ഗരാജ്യത്തിൽ നിയമജ്ഞർ ചെറിയവരായി (അവഗണിക്കപ്പെട്ടവർ) തള്ളപ്പെടുമ്പോൾ, നിയമം യഥാർത്ഥത്തിൽ പാലിക്കുന്നവരാകകൊണ്ട്, യേശുവിന്റെ ശിഷ്യർ, സ്വർഗ്ഗരാജ്യത്തിൽ ഉൾപ്പെടുന്നു. ഇതാണ്, ഈ വാക്യത്തിന്റെ വിവക്ഷ.

www.malankaralibrary.com

ഓരോ നിയമത്തിന്റെയും ഉള്ളറയിലേക്ക് പ്രവേശിക്കുവാനാണ്, യേശു ആവശ്യപ്പെടുന്നത്. കൊല്ലരുത് എന്നത് പത്ത് പ്രമാണങ്ങളിൽ ഒന്നാണ്. എന്താണ് അതിന്റെ അർത്ഥം? ദൈവം പിതാവാണ്; എല്ലാ മനുഷ്യരും സഹോദരരും, ഈ തത്വമാണ് കോപിക്കുമ്പോഴും സഹോദരനെ റാക്കാ എന്നോ വിഢ്ഢി എന്നോ വിളിക്കുമ്പോഴും നിഷേധിക്കപ്പെടുന്നത്. കോപിക്കുമ്പോൾ ഇതരവ്യക്തിയുടെ അവകാശം ഭഞ്ജിക്കുന്നു. അതിന് ന്യായാധിപന്റെ മുമ്പിൽ ഉത്തരം പറയണം. അവനെ റാക്കാ (എമ്പോക്കി) എന്ന് വിളിക്കുമ്പോൾ സമൂഹബന്ധത്തിൽ നിന്ന് അവനെ പുറത്താക്കുകയാണ്. അതിന് സമൂഹത്തിന്റെ തീർപ്പിന് വിധേയനാകണം. വിഢ്ഢി എന്നു വിളിക്കുമ്പോൾ അവനെ വിശുദ്ധസമൂഹത്തിന് അന്യനാക്കുന്നു. അതിന് ദൈവത്തിൽ നിന്ന് ശിക്ഷ ഏൽക്കണം. യേശു പറയുന്നു, ''നിന്റെ സഹോദരന് വരുത്തിവക്കുവാൻ ആഗ്രഹിക്കുന്ന തിന്മ, നിനക്ക് ശിക്ഷയായി ഭവിക്കും'' എന്ന്. തന്റെ സഹോദരനോട് ബന്ധം വിഛേദിക്കുന്നവൻ ദൈവത്തോടുള്ള ബന്ധവും ഉപേക്ഷിക്കുന്നു. അതുകൊണ്ടാണ്, ദൈവത്തോടുള്ള ബന്ധം നേരെയാക്കാൻ കാഴ്ച അർപ്പിക്കുമ്പോൾ മുന്നമെ പോയി സഹോദരനോട് ബന്ധം നേരെയാക്കാൻ യേശു ആവശ്യപ്പെടുന്നത്.

'വ്യഭിചാരം ചെയ്യരുത്' എന്ന കല്പനയിലും അതിന്റെ ഉൾവേരുകൾ കണ്ടെത്താൻ യേശുആവശ്യപ്പെടുന്നു. തെറ്റായ ആഗ്രഹത്തിലും നോട്ടത്തിലും, പുരുഷൻ സ്ത്രീയോട് തെറ്റു ചെയ്യുന്നു. കഴിഞ്ഞു എന്നാണ് യേശു പഠിപ്പിക്കുന്നത്. നേരെ തിരിച്ചു സംഭവിക്കാമല്ലോ. ജീവിതത്തോട് ഏറ്റം ബന്ധപ്പെട്ട സാഹചര്യമാണ്, പാപഹേതുവാകുന്നത് എങ്കിൽ ഉപേക്ഷിച്ചു കളയണം. ഇഹലോകജീവിതത്തിൽ കുറവുള്ളവനായിരുന്നാലും പരലോകം നേടുന്നതാണ് പ്രധാനം. അതിനു തടസ്സം വരുന്നതെല്ലാം ഇടർച്ചയാണ്. ഓരോ വ്യക്തിയും പരലോകത്തിൽ എത്തിച്ചേരാൻ ഇടർച്ചകളെ മാറ്റുകയാണ്, ആവശ്യം. സ്വന്തം ശരീരം പോലെ നേരേ ചൊവ്വേ പുലർത്തേണ്ടതാണ്, വിവാഹബന്ധവും. എന്തിനും ഏതിനും ഉപേക്ഷിക്കാൻ, ഭാര്യ ഭർത്താവിന്റെ കളിപ്പാട്ടമല്ല. അതുകൊണ്ടാണ് യേശു പറയുന്നത്, തന്റെ ഭാര്യയെ ഉപേക്ഷിക്കുന്നവൻ അവളെ, തന്റെ ഭാര്യയെ, വ്യഭിചാരിണിയാക്കുന്നു എന്ന്.

www.malankaralibrary.com

ദൈവത്തോടുള്ള ബന്ധം ആസ്പദമാക്കിയുള്ള മൗലികനിർദ്ദേശമാണ്, യേശു അടുത്തതായി നൽകുന്നത്. ദൈവത്തോട് ചെയ്ത ശപഥം നിറവേറ്റുകയെന്ന ഉത്തരവാദിത്വത്തെപ്പറ്റി ആരും സംശയിക്കുന്നില്ല. എന്നാൽ ശപഥം ചെയ്യുന്നതും ആണയിടുന്നതും ശരിയാണോ? മനുഷ്യന് സ്വന്തമായൊന്നുമില്ല. ആകാശം ദൈവത്തിന്റെ സിംഹാസനമാണ്; ഭൂമി അവിടത്തെ പാദപീഠവും, യറുശലേമാകട്ടെ രാജാവിന്റെ നഗരവും. തന്റെ ശിരസ്സുപോലും പൂർണ്ണമായി മനുഷ്യന് അ്വകാശപ്പെട്ടിട്ടില്ല, അതിലെ മുടിയിഴപോലും തനിക്കിഷ്ടം പോലെ കൈകാര്യം ചെയ്യാൻ സാധിക്കുന്നില്ല. അതുകൊണ്ട് നിന്റെ ഉത്തരം 'അതേ, അതേ' എന്നോ, 'അല്ല, അല്ല' എന്നോ ആയിരിക്കട്ടെ. പ്രവൃത്തിയിൽ വിശ്വസ്തത പാലിക്കുന്നതിന് മുമ്പേ, വാക്കുകളിലുള്ള ആർജ്ജവവും സത്യസന്ധതയും പാലിക്കേണ്ടതുണ്ട്.

സമൂഹം വ്യക്തിബന്ധങ്ങളെ വിലയിരുത്തുന്നത്, 'കണ്ണിനു പകരം കണ്ണ് ', 'പല്ലിനു പകരം പല്ല് 'എന്ന മാനദണ്ഡം വച്ചാണ്. കാരണം, ഓരോ വ്യക്തിയും സ്വതന്ത്രമായി, തന്റെ ജീവിതം നയിക്കുന്നു, അതിന് തടസ്സപ്പെടുത്തുന്നവരോട് അതേ നാണയത്തിൽ പ്രതികരിക്കുകയും ചെയ്യുന്നു. എന്നാൽ പ്രതികാരം ദൈവത്തിന്റേതാണ് എന്ന് തിരുവചനം പഠിപ്പിക്കുന്നു. ദൈവമാണ് ആത്യന്തികമായി, എല്ലാം ഭരിക്കുന്നത്. അതാണ് സ്വർഗ്ഗരാജ്യത്തിന്റെ അടിസ്ഥാനസങ്കല്പം. അതു വച്ച് യേശു പറയുന്നു, 'ദുഷ്ടനെ എതിർക്കരുത്'' എന്ന്. വലതുകരണത്ത് അടിക്കുന്നവന് മറ്റേ കരണം കൂടി കാണിച്ചു കൊടുക്കുക എന്നതിന്റെ അർത്ഥം, തിന്മയെ അംഗീകരിക്കണം എന്നല്ല പ്രത്യുത തിന്മ ചെയ്യുന്നവനെ സ്നേഹിക്കണം എന്നാണ്. ഈ ലോകത്തിൽ ഇത്രയും സമാധാനം നിലനിൽക്കുന്നത്, തിന്മയെ തിന്മകൊണ്ട് വളരെപേർ പ്രതികരിക്കാത്തതുകൊണ്ടാണ്. എന്നാൽ എല്ലാവരും സഹോദരരോട് ക്ഷമിക്കുകയും എല്ലാ കാര്യത്തിലും ദൈവത്തിൽ ആശ്രയിക്കുകയും ചെയ്താൽ ഭൂമി സ്വർഗ്ഗമായിത്തീരുമെന്നതിൽ സംശയമില്ല. ഇതേ ചുവടു വച്ച് യേശു തുടരുന്നു-"ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ "(5/44) ഇത് യേശു തന്റെ ജീവിതം കൊണ്ട്, പ്രത്യേകിച്ച് മരണത്തിൽ, തെളിയിച്ചതാണല്ലോ. 'ശത്രുക്കളെ സ്നേഹിക്കുവിൻ' എന്ന് യേശു നിർദ്ദേശിച്ചത്, ദൈവം എല്ലാവരുടെയും പിതാവായിരിക്കുന്നതുകൊ

www.malankaralibrary.com

ണ്ടാണ്. എല്ലാവരെയും ഒരു പോലെ പരിഗണിച്ചാൽ നിങ്ങൾ സ്വർഗ്ഗസ്ഥപിതാവിന്റെ മക്കളായിത്തീരും എന്നാണ് യേശുവിന്റെ വാഗ്ദാനം. ദൈവം " ശിഷ്ടരുടെയും ദുഷ്ടരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും, നീതിമാൻമാരുടെയും നീതിരഹിതരുടെയും മേൽ മഴപെയ്യിക്കുകയും ചെയ്യുന്നു" (5.46). എന്നത്, ദൈവം എല്ലാവർക്കും പിതാവായി പെരുമാറുന്നു എന്നതിന്റെ തെളിവായി യേശു ചൂണ്ടിക്കാട്ടുന്നു. അതേ മാനദണ്ഡം മനുഷ്യരും പുലർത്തണം.

യേശു തന്റെ ജനത്തിന് സുവിശേഷമായി നൽകുന്ന ഉപദേശമാണ്, 'എല്ലാവരെയും സ്നേഹിക്കുക 'എന്നത്. നിങ്ങളെ സ്നേഹിക്കുന്നവരെ മാത്രം സ്നേഹിക്കുമ്പോൾ നിങ്ങൾ പ്രതിഫലം പ്രാപിച്ചു കഴിഞ്ഞു. അതിൽ ചുങ്കക്കാരുടെ കച്ചവട മനസ്ഥിതിയേ ആകുന്നുള്ളു. നിങ്ങൾ സഹോദരരായി തോന്നുന്നവരെ മാത്രം സ്വീകരിക്കുന്നതിൽ പുലർത്തുന്നത് വംശീയമനസ്ഥിതിയാണ്. യേശുവിന്റെ കാലത്ത് യഹൂദരും ഇതേ മനസ്ഥിതിക്കാരായിരുന്നു. ദൈവം എല്ലാ മനുഷ്യരുടെയും പിതാവാണ്; ദൈവമക്കളാകകൊണ്ട് എല്ലാവരും സഹോദരരാണ്, എന്ന തത്വം ഇസ്രായേൽക്കാരെ ബോധ്യപ്പെടുത്താനുള്ള ശ്രമം ഇവിടെകാണാം. ഈ അടിത്തറ വെച്ച് ഓരോരുത്തരും ജീവിതം കെട്ടിപ്പടുക്കുമ്പോൾ 'സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ, നിങ്ങളും പരിപൂർണ്ണനായിരിക്കുവിൻ 'എന്ന ഉപദേശം പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയാണ് ചെയ്യുന്നത്.

---

## അധ്യായം ആറ്

സ്വർഗ്ഗസ്ഥനായ പിതാവിൽ വിശ്വസിക്കുക, അപ്പോൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാം, എന്നതിൽ അടങ്ങിയിരിക്കുന്നു യേശുവിന്റെ സുവിശേഷം. അത് സ്വീകരിക്കുന്നതിന് തുടക്കമായി നല്ല പ്രവൃത്തികൾ വിശ്വാസത്തോടെ ചെയ്യുവിൻ എന്ന്, യേശു, തന്നെ ശ്രവിക്കുന്നവരോട് ആവശ്യപ്പെടുന്നു. ധർമ്മദാനം, പ്രാർത്ഥന, ഉപവാസം എന്നിവയാണല്ലോ, അടിസ്ഥാന സൽകൃത്യങ്ങൾ. യഹൂദ പാരമ്പര്യം സ്വീകരിച്ചതുകൊണ്ട്, മുസ്ലീങ്ങൾക്കും ഇവ പ്രധാ

www.malankaralibrary.com

നമാണ്. എന്നാൽ ഇവ തെറ്റായ മനോഭാവത്തോടെ ചെയ്യുകയാണെങ്കിലോ, ഫലം നഷ്ടപ്പെടുത്തുന്നു. അതാണ് കപടനാട്യക്കാരിൽ സംഭവിക്കുന്നത്. ഈ ഗണത്തിൽ പ്രീശന്മാരും നിയമജ്ഞരും ഉൾപ്പെടുന്നു. എന്നാൽ സുവിശേഷത്തിന്റെ ആരംഭത്തിൽ, യേശു അവർക്കെതിരെ തുറന്നടിക്കുന്നില്ല. കപടനാട്യക്കാരെന്നുവച്ചാൽ, സത്യസന്ധമായ മനോഭാവം പുലർത്താത്തവർ, എന്നാണ് അർത്ഥം: എന്താണ് കാപട്യമെന്ന്, സുവിശേഷകൻ ഓരോന്നായി വിശദമാക്കുന്നു.

ഒന്നാമതായി ധർമ്മദാനത്തിന്റെ കാര്യമെടുക്കുക. കാപട്യക്കാർ ഭിക്ഷ കൊടുക്കുമ്പോൾ മുമ്പിൽ കാഹളം ഊതുന്നു. യേശു ലളിതമായി, അവർ ചെയ്യുന്നതിന്റെ പൊള്ളത്തരം തുറന്ന് കാട്ടുന്നു. മറ്റുള്ളവർ അറിഞ്ഞ് പ്രശംസിക്കാനാണല്ലോ, കാഹളം ഊതുന്നത്. അങ്ങനെ പ്രശംസ ലഭിക്കുന്നതോടെ ചെയ്തതിന്റെ ഫലം നേടിക്കഴിഞ്ഞു. പിന്നെ ദൈവസന്നിധിയിൽ നിന്ന് പ്രതിഫലമൊന്നും പ്രതീക്ഷിക്കാനില്ല. രഹസ്യത്തിൽ ചെയ്യുക, രഹസ്യത്തിൽ പിതാവ് പ്രതിഫലവും നൽകും. 'രഹസ്യത്തിൽ' എന്നത് വിശ്വാസത്തിന്റെ തലമാണ്, പിതാവുമായി പുത്രനുള്ള ആത്മീയ ബന്ധത്തിന്റെ മേഖലയാണിത്. യേശു ഇവിടെ തന്റെ പിതാവുമായുള്ള ബന്ധത്തിലേക്ക്, തന്നിൽ വിശ്വസിക്കുന്നവരെ ആകർഷിക്കുകയാണ്, ഒരു പുതിയ തുറവിയിലേക്ക് ഇസ്രായേലിനെ അവൻ വിളിച്ചടുപ്പിക്കുന്നു.

അടുത്തത് പ്രാർത്ഥനയുടെ സംഗതിയാണ്. അതിലും കപടഭക്തരുടെ ദുർമാതൃക, യേശു വെളിച്ചത്തു കൊണ്ടു വരുന്നു. അവർ, മറ്റുള്ളവരെ കാണിക്കാൻ സിനഗോഗുകളിലും തെരുക്കോണുകളിലും, പ്രാർത്ഥിക്കുന്നവരായി പ്രത്യക്ഷപ്പെടുന്നു, പ്രശംസ പിടിച്ചു പറ്റുന്നു; അവരും പ്രതിഫലം പ്രാപിച്ചു കഴിഞ്ഞു. " നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽകടന്ന് കതകടച്ച് രഹസ്യമായി നിന്റെ പിതാവിനോട് പ്രാർത്ഥിക്കുക "(6/6). വ്യക്തിപരമായ പ്രാർത്ഥനയാണ് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത്. രഹസ്യമായി എന്നതിന്റെ വിശദാംശമാണ്, 'മുറിയിൽ കടന്ന് കതകടച്ച്,' എന്നത്. രഹസ്യങ്ങൾ അറിയുന്ന പിതാവ് രഹസ്യമായി നിനക്ക് പ്രതിഫലം നൽകും. പിതാവ് മനുഷ്യരുടെ രഹസ്യമായ ആവശ്യങ്ങളും അറിയുന്നു, എന്നാണ് വിവക്ഷ. അപ്പോൾ എന്തിന് അതിഭാഷണം

www.malankaralibrary.com

ചെയ്യുന്നു? അത് പുറജാതിക്കാരുടെ രീതിയാണ് . മനുഷ്യരെ എന്നപോലെ ഈശ്വരനെയും പറഞ്ഞു ബോധ്യപ്പെടുത്താമെന്ന് അവർ ചിന്തിക്കുന്നു. എല്ലാമറിയുന്ന പിതാവിൽ വിശ്വസിക്കുമ്പോൾ, പ്രാർത്ഥനയുടെ രൂപഭാവങ്ങൾ മാറുമെന്ന് യേശു പഠിപ്പിക്കുന്നു.

യഥാർത്ഥമായ പ്രാർത്ഥനയുടെ മാതൃക, യേശു ശിഷ്യരെ പഠിപ്പിക്കുന്നു. നിങ്ങളുടെ പിതാവ് എന്നു യേശു ഉപദേശത്തിൽ പറഞ്ഞിരുന്നു. എന്നാൽ 'സ്വർഗ്ഗസ്ഥനായ' 'ഞങ്ങളുടെ പിതാവേ', എന്ന പ്രാർത്ഥനയിൽ 'ഞങ്ങളുടെ പിതാവ്' എന്ന് യേശു ശിഷ്യരെ മനസ്സിലാക്കികൊടുക്കുന്നു. അതായത് യേശുവിനോട് ചേർന്ന് പ്രാർത്ഥിക്കുക, എന്നർത്ഥം. 'പിതാവ് ' എന്നു ദൈവത്തെ സംബോധന ചെയ്യാൻ, യേശു സാവകാശം തന്റെ ജനത്തെ ഒരുക്കിയെടുക്കുന്നതായി സുവിശേഷകൻ സൂചിപ്പിക്കുന്നു. മാത്രമല്ല, 'സ്വർഗ്ഗസ്ഥനായ പിതാവേ', എന്ന പ്രാർത്ഥനയിൽ പിതാവിന്റെ രക്ഷാകര പദ്ധതിയാണ് യേശു തുറന്നുവയ്ക്കുന്നത്. ദൈവത്തിന്റെ നാമം വൃഥാ ഉപയോഗിക്കപ്പെട്ടതിന്റെ ഫലമായി അതു അശുദ്ധമാക്കപ്പെട്ടു. അത് ശുദ്ധമാക്കപ്പെടണം. ഇസ്രായേൽ വ്യക്തിപരമായും സാമൂഹികമായും സ്വന്തം രാജ്യം കെട്ടിപ്പടുക്കുവാൻ ശ്രമിച്ചു, ദൈവത്തിന്റെ രാജ്യം വിസ്മരിച്ചു തള്ളി. അതിനു പകരം, അവിടുത്തെ മക്കൾ പിതാവിനോടുള്ള ബന്ധം ബോധ്യപ്പെട്ട്, 'നിന്റെ രാജ്യം വരട്ടെ എന്ന്', ഒന്നിച്ചു പ്രാർത്ഥിക്കുന്നു. അതുപോലെ സ്വർഗ്ഗത്തിൽ ദൈവഹിതം നടക്കുന്നതുപോലെ ഭൂമിയിലും ആകണമെന്ന് അപേക്ഷിക്കുന്നു. തന്റെ ഹിതമനുസരിച്ച് പ്രവർത്തിക്കുന്ന മക്കൾക്ക്, പിതാവ് അവർക്ക് വേണ്ടുന്നത് എന്തും നൽകുന്നു. 'അപ്പം' എല്ലാ ആവശ്യങ്ങൾക്കും പ്രതീകമായിരിക്കുന്നു. എന്നാൽ ഭൂമിയിൽ മക്കളുടെ വലിയ ആവശ്യം, പിതാവ് അവരുടെ പാപങ്ങൾ മോചിപ്പിക്കണം എന്നതാണ് – അതിന് ഒരു വ്യവസ്ഥയുണ്ട്. 'ഓരോരുത്തരും തങ്ങൾക്ക് കടപ്പെട്ടവരോട് ക്ഷമിക്കണം'. ഈ വ്യവസ്ഥ സ്വീകരിച്ച് പ്രാർത്ഥിക്കുന്നവർക്ക് യേശു ഉറപ്പ് നൽകുന്നു – 'മറ്റുള്ളവരുടെ തെറ്റുകൾ നിങ്ങൾ ക്ഷമിക്കുമെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളോടും ക്ഷമിക്കും' (6/14). സഹോദരരോടു ക്ഷമിക്കുന്നില്ലെങ്കിലോ പിതാവും ക്ഷമിക്കുകയില്ല. അനുരഞ്ജനത്തിന്റെ സമൂഹം കെട്ടിപ്പടുക്കുവാൻ യേശു ഇവിടെ ആഗ്രഹിക്കുന്നു.

www.malankaralibrary.com

ദൈവത്തോട് അടുത്തിരിക്കുന്നു എന്നതിന്റെ പ്രകാശനമാണ്, ഉപവാസം. പക്ഷേ അത് ആരാണ് ശ്രദ്ധിക്കേണ്ടത്, പിതാവായ ദൈവം തന്നെ. അതിനു പകരം മനുഷ്യനെ കാണിക്കാൻ മുഖം വാട്ടി നടന്നാലോ . അതേപ്പറ്റിയും ഉത്തരം ഒന്നു മാത്രം. 'നിങ്ങളുടെ പ്രതിഫലം ലഭിച്ചുകഴിഞ്ഞു'. നീ ഉപവസിക്കുന്നത് അദൃശ്യനായ പിതാവല്ലാതെ മറ്റാരും ശ്രദ്ധിക്കേണ്ടതില്ല. ഉപവാസം പ്രതീക്ഷയുടെയും സന്തോഷത്തിന്റെയും അനുഭവം ആയിരിക്കണം. അതുകൊണ്ട് ശിരസ്സിൽ തൈലം പൂശുകയും മുഖം കഴുകുകയും ചെയ്യുക. "രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്ക് പ്രതിഫലം നൽകും" (6/18). ഉപവസിക്കുന്നവന് ദൈവം ഒരുക്കുന്ന വിരുന്നിൽ പങ്കുചേരാൻ സാധിക്കുന്നു.

ധർമ്മദാനത്തിലും പ്രാർത്ഥനയിലും ഉപവാസത്തിലും യേശു നൽകുന്ന വാഗ്ദാനം, നിന്റെ പിതാവു നിനക്കു പ്രതിഫലം നൽകും എന്നാണ്. അതായത് അവ അനുഷ്ഠിക്കുന്നവൻ സ്വർഗ്ഗത്തിൽ നിക്ഷേപം കരുതി വയ്ക്കുന്നു. നേരെ മറിച്ച്, ഭൂമിയിൽ നിക്ഷേപം കരുതി വയ്ക്കുന്നതിൽ അർത്ഥമില്ല. കാരണം, ഒന്നുകിൽ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും, അല്ലെങ്കിൽ കള്ളന്മാർ അവ കട്ടെടുക്കും. അതുകൊണ്ട് നശിച്ചുപോകാത്ത നിക്ഷേപങ്ങൾ കരുതിവയ്ക്കാൻ യേശു ഉപദേശിക്കുന്നു. നേരായ ലക്ഷ്യബോധം പാലിക്കുന്നതിന് മുന്നറിയിപ്പും നൽകുന്നു. "നിങ്ങളുടെ നിക്ഷേപം എവിടെയോ, അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും". (6/21) അതനുസരിച്ചുള്ള വീക്ഷണം വേണം, ജീവിതത്തിൽ പാലിക്കുവാൻ. നല്ല വീക്ഷണം ഉണ്ടാവാൻ, കണ്ണുകൾ നന്നായിരിക്കണം. കണ്ണാണ് ശരീരത്തിന്റെ വിളക്ക്, എന്നത് പ്രതീകാത്മകമാണ്. കണ്ണു വീക്ഷണത്തെയും, ശരീരം പ്രവർത്തനമണ്ഡലത്തെയും വിളക്ക് പ്രകാശത്തിന്റെ ഉറവിടത്തെയും കുറിക്കുന്നു. വീക്ഷണം തെറ്റിയാൽ പ്രവർത്തന മണ്ഡലം ഇരുണ്ടുപോകും, പ്രകാശവുമായുള്ള ബന്ധത്തിൽ നിന്ന് അകന്നുപോകും. യേശുവിനെ നോക്കി പ്രവർത്തനം നിർണ്ണയിച്ചു മുമ്പോട്ടു പോകണം എന്നാണ്, ഇതിലെ വിവക്ഷ. "നിങ്ങൾക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുത്തശേഷം എന്നെ പിന്തുടരുക" (19/21). എന്ന യേശുവിന്റെ ആഹ്വാനം പിന്നാലെ വരുന്നുണ്ട്. ഇതിന്റെയെല്ലാം ചുരുക്കമിതാണ്, 'ദൈവത്തെയും മാമോനായേയും ഒന്നിച്ചു സേവിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല' (6/24). ദൈവമാണ് ഏകലക്ഷ്യം, ലോകം പ്രവർത്തനരംഗം മാത്രം.

www.malankaralibrary.com

ദൈവത്തെ സേവിക്കുന്നവർക്ക് ഒന്നിലും ഉൽക്കണ്ഠ വേണ്ട. നിങ്ങൾക്കു വേണ്ടതെന്തെന്ന് സ്വർഗ്ഗസ്ഥപിതാവ് അറിയുന്നു. ആകാശത്തിലെ പറവകളെയും വയലിലെ ലില്ലികളെയും വളർത്തുന്ന സ്വർഗ്ഗസ്ഥപിതാവ് എത്രയധികമായി തന്റെ മക്കളെ പരിപാലിക്കും. അതുകൊണ്ട് ദൈവമക്കളുടെ ചുമതല ഇതാണ്, 'നിങ്ങൾ ആദ്യമേ അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക'. സ്വർഗ്ഗരാജ്യം നമ്മുടെ ലക്ഷ്യമാണ്. ദൈവനീതിയാണ് നമ്മുടെ നിയമവും ശക്തിയും. ലക്ഷ്യവും മാർഗ്ഗവും ദൈവം കൽപിച്ചു തന്നിരിക്കുന്നതുകൊണ്ട് യാത്ര എളുപ്പമായിരിക്കുന്നു. സ്വർഗ്ഗരാജ്യത്തിലേക്കു വഴിയിൽ ക്ലേശം ഉണ്ട്, ആശ്വാസവും ഉണ്ട്. എന്ന് യേശു ഇവിടെ സ്പഷ്ടമാക്കുന്നു.

---

## *അധ്യായം ഏഴ്*

**ഒ**രു പിതാവ് മകന് നൽകുന്ന നിർദ്ദേശങ്ങൾ പോലെയാണ്, ഈ അധ്യായം അനുഭവപ്പെടുന്നത്. സ്വർഗ്ഗസ്ഥപിതാവ് തന്റെ മക്കളോട് സംസാരിക്കുന്നു, തന്റെ പുത്രനായ യേശുവിലൂടെ, പിതാവു ചെയ്യുന്ന സംഭാഷണമാകകൊണ്ട് വലിയ കാര്യങ്ങളായിരിക്കും പ്രതീക്ഷിക്കുക. വലിയ കാര്യങ്ങൾ തന്നെ, പക്ഷേ സരളമായ കൊച്ചു കൊച്ചു വാക്കുകളിലൂടെയാണ്, അവ വെളിപ്പെടുത്തുന്നത്. പിതാവായ ദൈവത്തോടുള്ള സ്നേഹ ബന്ധത്തിൽ വളരാനുള്ള നിർദ്ദേശങ്ങളാണ് ഇവ. യേശു പറഞ്ഞു തരുന്നതുകൊണ്ട് ഇവയ്ക്ക് കൂടുതൽ ആധികാരികത അനുഭവപ്പെടുന്നു.

വിധിക്കപ്പെടാതിരിക്കാൻ നിങ്ങളും വിധിക്കരുത്' (7/1) കർമ്മണിപ്രയോഗം ഉപയോഗിച്ചതുകൊണ്ട് മനസ്സിലാക്കണം, അതിന്റെ പിന്നിലെ കർത്താവ് ദൈവം തന്നെയാണെന്ന്. ഓരോ വ്യക്തിയും, തന്റെ സഹോദരനെ വിധിക്കുന്ന വിധിയാൽ, വിധിക്കപ്പെടും. ദൈവത്തിന്റെ ശിക്ഷാവിധിയിൽ നിന്ന് രക്ഷപ്പെടാൻ ആരെയും തിന്മപ്പെട്ടവനായി വിധിക്കാതിരിക്കണം. ഇതരനെപ്പറ്റി നല്ല വിധി ചെയ്താൽ, ദൈവത്തിൽ നിന്നും നല്ല വിധി പ്രതീക്ഷിക്കാം. ഓരോരുത്തരുടെയും, ആഗ്രഹം മറ്റുള്ളവരെ തിരുത്തുവാനാണ്, കണ്ണിൽ നിന്ന് കരട് എടുത്തു കളയാൻ. എന്നാൽ സ്വന്തം

www.malankaralibrary.com

കണ്ണിൽ ഒരു കോലുണ്ടെങ്കിലോ – സ്വയം തെറ്റിലായിരിക്കുമ്പോൾ സഹോദരനെ തിരുത്താനാവില്ല. അതുകൊണ്ടു സ്വന്തം തെറ്റിൽ നിന്നു മോചനം നേടുക. അതിന് സഭയുടെ സഹായം ആവശ്യ മായി വന്നേക്കാം. നിർമ്മലനായ മനസ്സുള്ളവന് മറ്റുള്ളവരെയും നിർമ്മലതയിലേക്ക് കൊണ്ടുവരാൻ സാധിക്കും. ഇതരരെ വിധി ക്കുക, ചിലപ്പോൾ ആവശ്യമായി വരാം, പ്രത്യേകിച്ച് ദൈവത്തിന്റെ വചനം പകർന്നുകൊടുക്കുമ്പോൾ. ' വിശുദ്ധമായത് നായ്ക്കൾക്ക് കൊടുക്കരുത്. മുത്തുകൾ പന്നികൾക്ക് ഇട്ടുകൊടുക്കരുത്' (7/6) നായും പന്നിയും പ്രതീകങ്ങളാണ്. ഓരോ തരത്തിലുള്ള മനുഷ്യരെ അവ പ്രതിധ്വനിപ്പിക്കുന്നു. നായ് അടിമത്വത്തെയും, പന്നി അവിശു ദ്ധിയെയും സൂചിപ്പിക്കുന്നു. പാപത്തിന് അടിമകളായിരിക്കുന്നതിൽ സന്തോഷിക്കുന്നവരുണ്ട്. അതുപോലെ അവിശുദ്ധമായ സന്തോ ഷത്തിൽ ആറാടിക്കിടക്കുന്നവരുണ്ട്. അവരെയൊക്കെ ഒഴിവാക്കാൻ .യേശു ഉപദേശിക്കുന്നു.

സ്വർഗ്ഗസ്ഥനായ പിതാവിന്റെ സ്നേഹത്തെപ്പറ്റിയാണ് അടു ത്തതായി പരാമർശിക്കുന്നത്. "ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും. അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ നിങ്ങൾക്കു തുറ ന്നുകിട്ടും" (7/9) ആവശ്യമായ ആഹാരത്തിനു വേണ്ടി അപേക്ഷി ക്കുവാൻ യേശു പഠിപ്പിച്ചല്ലോ. ദൈവം, ഏൽപ്പിച്ച ദൗത്യം നിർവ ഹിക്കാൻ ആവശ്യമായവ, തന്നുകൊണ്ടിരിക്കും, എന്നതാണ് ഓരോ ദൈവപൈതലിന്റെയും പ്രാർത്ഥനയിലെ അനുഭവം. ഇതെപ്പറ്റി യേശു പറയുന്നു, ഭൗമിക മാതാപിതാക്കളെക്കാൾ ദൈവം എത്രമേൽ ഉയർന്നിരിക്കുന്നുവെന്ന്. എന്നാൽ ദൈവം നൽകുന്നത്, ഓരോ രുത്തരും മറ്റുള്ളവർക്ക് പങ്കിടാനാണ്. തികച്ചും സാധാരണമായ അനുഭവംവച്ചാണ് യേശു സംസാരിക്കുന്നത്, "മറ്റുള്ളവർ നിങ്ങൾക്ക് ചെയ്തു തരണമെന്ന് ആഗ്രഹിക്കുന്നതെല്ലാം നിങ്ങളും അവർക്ക് ചെയ്തു കൊടുക്കുവിൻ", (7/12) ഇവിടെ യേശു എളുപ്പത്തിൽ നിയ മത്തെയും പ്രവചനത്തെയും ദൈവത്തോട് ബന്ധപ്പെടുത്തി കാണിച്ചുതരുന്നു.

പിതാവിന്റെ പക്കലേക്കുള്ള യാത്രയുടെ ചുറ്റുവട്ടങ്ങൾ എ ന്താണ് ? 'ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവിൻ' എന്നതിലാണ് ആദ്യം ശ്രദ്ധിക്കേണ്ടത്. അതിന് കാരണവും യേശു പറഞ്ഞുതരുന്നു. നാശത്തിലേക്കുള്ള വഴി വിസ്താരമുള്ളതാണ്.

www.malankaralibrary.com

എത്രയോ പേർ അതിലേ യാത്ര ചെയ്ത് നാശത്തിൽ ചെന്നവസാനിക്കുന്നു. മനുഷ്യന് ബാഹ്യമായി നോക്കുമ്പോൾ, വളരെ സാധ്യതകളുണ്ട് . എന്നാൽ അവയെല്ലാം ഒരുപോലെ സ്വീകാര്യമല്ല. ദൈവത്തെയും മാമോനായെയും ഒന്നിച്ചു സേവിക്കുക സാധ്യമല്ല. ദൈവസന്നിധിയിൽ എത്താൻ ഒരു വഴിയേ ഉള്ളു, യേശു കാണിച്ചു തരുന്ന കുരിശിന്റെ വഴി. ഓരോ വിശ്വാസിയും തനിക്കു സ്വന്തമായ രീതിയിൽ പിതാവിനെ പ്രാപിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. അതിനുള്ള വാതിൽ ഇടുങ്ങിയതും വഴി ഞെരുങ്ങിയതുമാണ്. അത് കണ്ടെത്തുവാൻ ഓരോ വ്യക്തിയെയും യേശു ക്ഷണിക്കുന്നു.

പിതാവിന്റെ പക്കലേക്കുള്ള യാത്രയിൽ തെറ്റായ വഴി എടുക്കുന്ന അപകടമുണ്ട്. അതു സംഭവിക്കുന്നത്, ദൈവത്തിന്റെ പേരിൽ സംസാരിക്കുന്നുവെന്ന് ഭാവിക്കുന്ന വ്യാജ പ്രവാചകർ മൂലമാണ്. ആടുകളുടെ വേഷത്തിൽ വരുന്ന ചെന്നായ്ക്കളാണ് അവർ. സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളെന്ന നാട്യത്തിൽ പരിശുദ്ധിയുടെ പരിവേഷം അണിഞ്ഞാണ് ഇവർ വിശ്വാസികളെ സമീപിക്കുന്നത്. യേശു പറയുന്നു, 'ഫലങ്ങളിൽനിന്ന് അവരെ മനസ്സിലാക്കണമെന്ന്. ക്രിസ്തീയവിവേകം ഉണ്ടെങ്കിലേ നല്ലതും ചീത്തയും തിരിച്ചറിയാൻ സാധിക്കു'. 'ഹൃദയത്തിൽ നിന്ന് അധരം സംസാരിക്കുന്നു' എന്ന യേശുവിന്റെ വാചകം ഓർക്കുക. ഓരോരുത്തരുടെയും വായിൽ നിന്നും വരുന്ന വാക്കുകൾ വച്ചു അവരെ തിരിച്ചറിയാം. വിശ്വാസിക്ക് ഉണ്ടാകാവുന്ന നാശമാണിത് - വ്യാജപ്രവാചകരുടെ തിന്മയിൽ പങ്കുചേർന്നു പോകുന്നതിന് എതിരെ ദൈവത്തിന്റെ ആത്മാവ് ഓരോ നിമിഷത്തിലും നമ്മെ നയിക്കുന്നു, തിന്മയെ വിട്ടകലാനും, നന്മയോട് ഒത്തുചേരാനും.

"കർത്താവേ, കർത്താവേ, എന്ന് എന്നെ വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗ്ഗസ്ഥ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക" (7/21). പ്രവചിച്ചാലും പിശാചുക്കളെ പുറത്താക്കിയാലും, അത്ഭുതം പ്രവർത്തിച്ചാലും ഒന്നും അവ കൊണ്ടു മാത്രം ആരും സ്വർഗ്ഗത്തിൽ എത്തിച്ചേരുന്നില്ല. ചോദ്യമിതാണ്, നീ നിന്റെ ഹൃദയത്തിൽ ദൈവത്തിന് ഒരു ആലയം പണിയുന്നുവോ എന്ന്. ദൈവസ്നേഹത്തിന്റെ പ്രേരണയിൽ സഹോദരരെ സ്നേഹിക്കുന്നവനാണ്, തന്റെ ഹൃദയത്തിൽ

www.malankaralibrary.com

ദൈവത്തിന് ഭവനം പണിയുന്നത്. ഒരു ഉപമയിലൂടെ യേശു ഇത് വ്യക്തമാക്കുന്നു, പാറമേൽ വീടു പണിയുന്നവന്റെ സാദൃശ്യം. ഏതെല്ലാം പ്രതികൂല സാഹചര്യത്തിലായാലും വീട് ഉറച്ചു നിൽക്കുന്നു. എന്നാൽ മണൽപുറത്തു പണിത വീട് പ്രതികൂല സാഹചര്യങ്ങളിൽ വീണുപോകുന്നു. പിതാവിൽ വിശ്വസിക്കുന്നവൻ പിതാവിന്റെ ഹിതം അനുവർത്തിക്കുന്നു. തനിക്ക് ഉറപ്പുള്ള ഭവനം പണിയുകയും ചെയ്യുന്നു. ഇതിന്റെ അനന്യവും ഉദാത്തവുമായ മാതൃകയാണ് യേശുക്രിസ്തു. ആ ജീവത്തായ മാതൃകയിൽ പങ്കുചേരുക, യേശുവിൽ വിശ്വസിക്കുക, യേശുവിന്റെ ജീവനിൽ സമൂഹമായി ഒത്തുചേരുക, ഇതെല്ലാം സംഭവിക്കുന്നത് ക്രിസ്തുവിന്റെ സഭയിലാണ്. സഭയാണ് ഉറപ്പുള്ള ഭവനം. അതിൽ ഉൾപ്പെട്ടു ദൈവത്തിന്റെ മക്കളായി ജീവിക്കുക. എന്നതാണ് യേശുവിന്റെ ഉപദേശം. അതിന് പാറയുടെ ഉറപ്പുണ്ട്. യേശുവിന്റെ വാക്കുകേട്ട് ജനക്കൂട്ടം വിസ്മയിച്ചു, അവർ പറഞ്ഞു – അവരുടെ നിയമജ്ഞരെപ്പോലെയല്ല അധികാരമുള്ളവനെപ്പോലെയാണ് അവൻ പഠിപ്പിച്ചത് എന്ന്-പിതാവിന്റെ അധികാരമുള്ളത് യേശുവിന് മാത്രം. യേശു പഠിപ്പിക്കുക മാത്രമല്ല, ഓരോ വിശ്വാസിയെയും ദൈവത്തിന്റെ ഭവനമായി ഉയർത്തുന്നു.

## അധ്യായം എട്ട്

യേശുവിനെ സ്നേഹമുള്ള മനുഷ്യനായി പരിചയപ്പെടുത്തുകയാണ്, സുവിശേഷകൻ ഈ അധ്യായത്തിൽ. വ്യത്യസ്തരായ വ്യക്തികളെ യേശു കണ്ടുമുട്ടുന്നു. ഓരോരുത്തർക്കും ലഭിക്കുന്ന അനുഭവം വ്യത്യസ്തമാണ്. മലയിൽ നിന്ന് യേശു ഇറങ്ങി വന്നു, ജനമധ്യത്തിലേക്ക് നടന്നുചെന്നു. ദൈവം യേശുവിനെ അയച്ചിരിക്കുകയാണ്, ജനങ്ങൾക്ക് ശുശ്രൂഷ ചെയ്യുവാൻ. യേശുവിൽ നിന്ന് സൗഖ്യം പ്രാപിച്ച ശേഷം പലരും തിരികെപ്പോയി. എന്നാൽ ശിഷ്യർ യേശുവിന്റെ കൂടെ സഞ്ചരിച്ചു. അവർ മനുഷ്യപുത്രനെ തിരിച്ചറിഞ്ഞ്, ഒരു സമൂഹമായി രൂപം ധരിക്കുകയാണ്. യേശുവിനെ യാത്രയിൽ കണ്ടുമുട്ടിയ പലരും വിട്ടകന്നുപോയി. മറ്റുചിലരാകട്ടെ, തങ്ങളുടെ നാടു വിട്ടുപോകാൻ യേശുവിനോട് ആവശ്യപ്പെട്ടു. എന്നാൽ ശിഷ്യർ യേശുവിനോടൊപ്പം യാത്രചെയ്ത് വിശ്വാസത്തിൽ വളർന്നുകൊണ്ടിരുന്നു.

www.malankaralibrary.com

സുവിശേഷകൻ ആദ്യമേ രംഗത്ത് കൊണ്ടുവരുന്നത് ഒരു കുഷ്ഠരോഗിയെ ആണ്. അയാൾ അപേക്ഷിച്ചു, "കർത്താവേ നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധിയുള്ളവനാക്കാൻ കഴിയും" 3/8 എന്ന്. യേശു അവനെ സ്പർശിച്ചു. അവനെ ശുദ്ധിയുള്ളവനാക്കി, അവനോട് പറഞ്ഞു, നീ ഈ വിവരം ആരോടും പറയരുത്. ദൈവത്തിന് നന്ദിപറഞ്ഞ് ദൈവാനുഭവത്തിൽ വളരുക, ലഭിച്ച അനുഭവം ശിഥിലമാക്കരുത്. സൗഖ്യം സുവിശേഷമാകുന്നത് യേശുവിന്റെ ഉയിർപ്പിൽ പങ്കുചേരുമ്പോഴാണ്. സമൂഹത്തിൽ ഉൾപ്പെടാൻ പുരോഹിതനെ കണ്ട്, ജനത്തിന് സാക്ഷ്യത്തിനായി കാഴ്ച അർപ്പിക്കുവാൻ യേശു അവനോട് നിർദ്ദേശിച്ചു. യഹൂദസമൂഹത്തിൽ നിന്ന് പുറത്താക്കപ്പെട്ടിരുന്നവൻ, തിരികെ അതിൽ ഉൾപ്പെടേണ്ടത് ആവശ്യമായിരുന്നു. യേശു നൽകുന്ന സൗഖ്യം ഒരുവനെ യഹൂദ സമൂഹത്തിൽനിന്ന് വേർപ്പെടുത്തുകയല്ല, അതിൽ ഉൾപ്പെടുത്തുകയാണ്.

അടുത്തതായി രംഗത്തു വരുന്നത് ശതാധിപനാണ്. അയാളുടെ ഭൃത്യൻ തളർവാതം പിടിച്ച് കഠിനവേദന അനുഭവിക്കുകയായിരുന്നു. യേശു അയാളുടെ വീട്ടിൽ ചെന്ന് സൗഖ്യപ്പെടുത്താൻ സന്നദ്ധത പ്രകടിപ്പിച്ചു. എന്നാൽ തന്റെ വീട്ടിൽ യേശു കടന്നുവരാൻ താൻ യോഗ്യനല്ല എന്ന് ബോധ്യപ്പെട്ട് ശതാധിപൻ ഏററുപറഞ്ഞു. 'ദൂരെ നിന്ന് കല്പിച്ചാൽ മതി എന്റെ ഭൃത്യൻ സുഖപ്പെടും' എന്ന്. യേശുവിന്റെ അധികാരശക്തിയിൽ അത്രമേൽ വിശ്വാസം അയാൾക്ക് ഉണ്ടായിരുന്നു.. കൂടെ നടന്നിരുന്ന ജനാവലിയെ പഠിപ്പിക്കാൻ, യേശു, ഇത് ഒരു അവസരമായി എടുത്തു. യേശു പറഞ്ഞു, 'ഇസ്രായേലിൽ ഒരുവനിൽപോലും ഇതുപോലെ ഒരു വിശ്വാസം ഞാൻ കണ്ടിട്ടില്ല' എന്ന്. ശതാധിപൻ വിജാതീയൻ, ഇസ്രായേൽക്കാരോ ദൈവജനത്തിൽ ഉൾപ്പെട്ടവർ. യേശു തുടർന്നു പറഞ്ഞു, 'കിഴക്കുനിന്നും പടിഞ്ഞാറു നിന്നും നിരവധി പേർ വന്ന് അബ്രഹാമിനോടും, ഇസഹാക്കിനോടും, യാക്കോബിനോടുംകൂടെ സ്വർഗ്ഗരാജ്യത്തിൽ വിരുന്നിനിരിക്കും' (8/11). ശതാധിപനെപ്പോലെയുള്ളവരെ, പുതിയ ഇസ്രായേലിനെപ്പറ്റിയാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ഒരു ഗണം പോകുന്നു, വേറൊരു ഗണം ചേരുന്നു; പുതുതായി വന്നവർ വിരുന്നിന് ഇരിക്കുന്നു. യേശുവിന് പുറംതിരിഞ്ഞു നിൽക്കുന്നവർക്ക് ഒരു മുന്നറിയിപ്പുണ്ട് - "രാജ്യത്തിന്റെ മക്കളാകട്ടെ പുറത്തുള്ള അന്ധകാരത്തിലേക്ക് എറിയപ്പെടും. അവിടെ കരച്ചിലും പല്ലുകടിയും ആയിരിക്കും "(8/12). ശതാധിപൻ വിജാതീയർക്ക് രക്ഷ ഉണ്ടെന്നതിന് തെളിവായി ഭവിച്ചു.

www.malankaralibrary.com

ഇസ്രായേലിൽ നിന്ന് ഒരു ചെറിയ ഗണത്തെ വിളിച്ചുകൂട്ടുന്നതിനെപ്പറ്റിയാണ് അടുത്ത സംഭവം. രംഗം, പത്രോസിന്റെ ഭവനം. അവിടെ അയാളുടെ അമ്മായിഅമ്മ പനിപിടിച്ചു കിടപ്പിലായിരുന്നു. യേശു അവിടെ കയറിച്ചെന്നു; രോഗിയെ സുഖപ്പെടുത്തി. അവൾ എഴുന്നേറ്റു, യേശുവിനെ ശുശ്രൂഷിച്ചു. ശുശ്രൂഷ സമൂഹത്തെ ബലപ്പെടുത്തുന്നു. മാത്രമല്ല യേശു തന്റെ ശുശ്രൂഷാദൗത്യത്തെപ്പറ്റി കൂടുതൽ താത്പര്യമുള്ളവൻ ആയിത്തീർന്നു, അവിടെ വന്നരോഗികളെയെല്ലാം സുഖപ്പെടുത്തി. ആ ഭവനം സൗഖ്യം നൽകാൻ വേദിയായി. സുവിശേഷകൻ ഏശയായുടെ പ്രവചനം ഉദ്ധരിച്ചുകൊണ്ട് യേശുവിനെ പരിചയപ്പെടുത്തിത്തരുന്നു. "അവൻ നമ്മുടെ ബലഹീനതകൾ ഏറ്റെടുക്കുകയും രോഗങ്ങൾ വഹിക്കുകയും ചെയ്തു"(8/17) .യേശു ഇസ്രയേലിനോട് താദാത്മ്യം പ്രാപിച്ചു എന്നാണ് ഇതിന്റെ അർത്ഥം. ഓരോവ്യക്തിയുടെയും ബലഹീനതയും രോഗവും, യേശു സ്വന്തമാക്കിയിരിക്കുന്നു.

യേശു ഒരു പുതിയ വഴി കണ്ടെത്തുകയാണ്, മറുകരയ്ക്കു പോകാൻ ശ്രമിക്കുന്നു. ശിഷ്യർ കൂടെപോകാൻ തയാറായി. അപ്പോൾ നിയമജ്ഞൻ വന്നു പറഞ്ഞു, 'നീ പോകുന്നിടത്തെല്ലാം ഞാൻ നിന്നെ അനുഗമിക്കും', എന്ന് 'മനുഷ്യപുത്രന് തലചായ്ക്കാൻ ഇടമില്ല' എന്ന് യേശു മറുപടി പറഞ്ഞു. അതേ സമയം ശിഷ്യരിൽ ഒരുവൻ പറഞ്ഞു എന്റെ അപ്പനെ സംസ്ക്കരിച്ചിട്ടു വരാം എന്ന്, ലോകത്തിന്റെ വഴികളിൽ തങ്ങിനിൽക്കുന്നവരാണ് ഇവർ, അഥവാ പകുതി വഴിവരെ പോയിട്ട് തിരികെ പോകുന്നവർ. അവർക്ക് യേശുവിനെ പിൻചെല്ലാൻ സാധിക്കുന്നില്ല. മനുഷ്യപുത്രൻ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കുന്നു, പിതാവിന്റെ ഭവനത്തിലേക്കുള്ള യാത്രയിലുമാണ്. ലോകത്തെ വിട്ടുപോരുന്നവർക്കേ യേശുവിനെ പിന്തുടരാനാവൂ , ലോകത്തിൽ നടക്കേണ്ട കാര്യങ്ങളുണ്ട്, മരിച്ചവരുടെ സംസ്ക്കാരമൊക്കെ. അത് ലോകത്തിലുള്ളവർ നടത്തിക്കൊള്ളും എന്നാണ് യേശു പറഞ്ഞത്. യേശുവിന് ശിഷ്യപ്പെട്ടവർ, ലോകത്തിൽ നിന്ന് വേർപെടുത്തപ്പെട്ടവർ ആകണം.

www.malankaralibrary.com

വേർപാടിന്റെ പ്രതീകമായാണ്, തോണിയിലെ യാത്രയെ സുവിശേഷകൻ എടുത്തുപറയുന്നത്. അവിടെ യേശുവും ശിഷ്യന്മാരും മാത്രം. അതേ സമയത്ത് യേശു സ്വന്തമായ അനുഭവത്തിലാണ്. അതാണ് നിദ്രയുടെ അർത്ഥം. കാറ്റും കോളുമാകട്ടെ ലോകത്തിലെ പ്രയാസങ്ങളും, പ്രതികൂലസാഹചര്യങ്ങളും ആണ്. അതിന്റെ പേരിൽ ഭയപ്പെടുന്നത്, വിശ്വാസത്തിന്റെ അഭാവമാണ് കാണിക്കുന്നത്. അതിന്റെ പേരിലാണ് യേശു ശിഷ്യരെ ശാസിച്ചത്. ഇങ്ങനെ പ്രതീകാത്മകമായ സാഹചര്യം, സുവിശേഷകൻ വായനക്കാരുടെ മുമ്പിൽ വിടർത്തി വയ്ക്കുന്നു. യേശു തന്റെ ദൈവികമായ ശാന്തതയിൽ ശിഷ്യരെ പങ്കുചേർക്കാൻ ആഗ്രഹിച്ചു. അല്പവിശ്വാസികളെ പൂർണ്ണ വിശ്വാസത്തിലേക്ക് നയിക്കാൻ. ഈ വിവരണത്തിന് പ്രതീകാത്മകമായ അർത്ഥമുള്ളതുകൊണ്ട്, അതിന് ആസ്പദമായ സംഭവം യഥാർത്ഥമല്ലെന്നു വരുന്നില്ല. സംഭവം ദർശിച്ച ശിഷ്യർക്ക്, യേശുവിനെ പുതിയ വെളിച്ചത്തിൽ കാണുവാൻ സാധിച്ചു, പ്രകൃതിയുടെ അധിനാഥനായി യേശുവിന്റെ ദൈവത്വത്തെപ്പറ്റി ശിഷ്യർക്ക് പുതിയ ഉൾക്കാഴ്ച ലഭിച്ചു.

യേശു മറുകരയിൽ എത്തി. അവിടെ പിശാചു ബാധിതരായ രണ്ടു മനുഷ്യരെ യേശു കണ്ടു മുട്ടി. പിശാചുക്കൾ അക്രോശിച്ചു. 'ദൈവപുത്രാ നീ എന്തിന് ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു' എന്നു പറഞ്ഞുകൊണ്ട്. പിശാചുക്കളും യേശുവിനെ തിരിച്ചറിഞ്ഞു, ആ തിരിച്ചറിവ് അവരെ ദൂരെ അകറ്റാൻ കാരണമായി ലോകത്തിന്റെ അവസാനത്തിൽ ദൈവം പിശാചുക്കളെ ദൂരെയാക്കുമെന്ന് യഹൂദർ വിശ്വസിച്ചിരുന്നു. യേശുവിന്റെ വരവോടെ അന്ത്യകാലമായിക്കഴിഞ്ഞു. പിശാചിൽനിന്നും ദൈവമക്കളെ വിടുവിക്കാൻ യേശു രംഗത്ത് എത്തിയതിന്റെ വിവരണമാണിത്. എന്നാൽ പിശാചിന്റെ അടിമത്തം ഇഷ്ടപ്പെട്ടവർ യേശുവിനോട് പറഞ്ഞു, 'ഞങ്ങളുടെ അതിർത്തി വിട്ടുപോകണം', എന്ന്, ലോകത്തിൽ നിന്നും പിശാചിൽ നിന്നും വേർപെടുത്തപ്പെട്ട ജീവിതമാണ്, യേശുവിന്റെയും ശിഷ്യരുടെയും. പിശാചുബാധയിൽ നിന്ന് വിടുവിക്കപ്പെട്ടവരും ആ കൂട്ടത്തിലേക്ക് വിളിക്കപ്പെട്ടു. എന്നാൽ ഒരു കൂട്ടം ജനമാകട്ടെ, പിശാചിനോടും പണത്തോടും ഒട്ടിനിന്നു.

www.malankaralibrary.com

## അദ്ധ്യായം ഒൻപത്

യേശു തന്റെ ശിഷ്യരെ വച്ച് ഒരു വിശ്വാസിസമൂഹത്തിന്റെ കെട്ടുപണി ആരംഭിച്ചുഴിഞ്ഞു. അതിലേക്ക് ആളുകളെ വിളിച്ചുകൂട്ടുകയാണ്, അവിടുത്തെ ഉദ്ദേശ്യം. വിളിച്ചുകൂട്ടുന്നവരെ പാപത്തിൽ നിന്ന് മോചിപ്പിക്കുന്നു. രോഗികളെ വിശ്വാസത്തിലേക്കു നയിക്കുക എളുപ്പമാണ് . അതിന് മൂന്ന് പടികൾ ഉണ്ട്. അവർ, യേശു ആരാണെന്ന് തിരിച്ചറിയുക, യേശുവിന് സൗഖ്യം നൽകാൻ കഴിവുണ്ടെന്ന് സമ്മതിക്കുക. സൗഖ്യപ്രാപ്തിക്ക് യേശുവിന് തന്നെത്തന്നെ സമർപ്പിക്കുക. ഇതെല്ലാം യേശു നിർവ്വഹിക്കുന്നത് സ്വർഗ്ഗരാജ്യത്തിലേക്ക് ആളുകളെ പ്രവേശിപ്പിക്കുന്നതിനുവേണ്ടിയാണ്. എന്നാൽ യേശുവിന്റെ ഈ പരിശ്രമത്തെ എതിർത്തവരോട് യേശു പറഞ്ഞു, രോഗികൾക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യം എന്ന്. യേശു ഏതു സമയത്തും നൽകുന്ന സൗഖ്യം പിതാവിന്റെ ഹിതമാണെന്ന്, ഊന്നിപ്പറയുന്നു. കാരണം കരുണചെയ്യുന്നത് ബലി അർപ്പിക്കുന്നതിനെക്കാൾ ദൈവത്തിന് ഹിതകരമായിരിക്കുന്നു. അതുകൊണ്ടു തന്റെ ശുശ്രൂഷയെപ്പറ്റി യേശു പറയുന്നു , 'ഞാൻ വന്നത് നീതിമാന്മാരെയല്ല. പാപികളെ വിളിക്കാനാണ്' ഇതാണ് വിശ്വാസിസമൂഹത്തിന്റെ കെട്ടുപണിയുടെ സമഗ്രരൂപം. ഈ പാശ്ചാത്തലത്തിൽ വേണം, ഈ അധ്യായത്തിലെ സംഭവങ്ങളെ വിലയിരുത്താൻ.

യേശു ഒരു ഭവനത്തിൽ വന്നപ്പോൾ, തന്റെ ഉദ്ദേശ്യം പൂർണ്ണമായി പ്രകാശിതമാക്കി. അതിന് ശിഷ്യന്മാർ രംഗം ഒരുക്കി ഒരു തളർവാതരോഗിയെ കിടക്കയിൽ കിടത്തി യേശുവിന്റെ പക്കൽ കൊണ്ടുവന്നു. അവരുടെ വിശ്വാസത്തെ യേശു ശ്ലാഘിച്ചു. വിശ്വസിച്ചു പ്രവർത്തിച്ചവർ യേശുവിന്റെ ശിഷ്യന്മാരാണല്ലോ. അവിടെ ഒരു വിശ്വാസിസമൂഹം ഉണ്ടായി. ആ വിശ്വാസിസമൂഹത്തിലേക്ക് നയിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട്. യേശു തളർവാതരോഗിയോട് പറഞ്ഞു 'നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു' എന്ന്. അതിലൂടെ യേശു സഭയുടെ അടിത്തറ പാകി. ഈ ശ്രമത്തെ ആണ് നിയമജ്ഞർ എതിർത്തത്. അവർക്ക് യേശു മറുപടി കൊടുത്തു – 'ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കാൻ മനുഷ്യപുത്രന് അധികാരമുണ്ട്' എന്ന്. യേശു ശിഷ്യർക്കു നൽകാനിരിക്കുന്ന പാപം മോചിക്കുവാനുള്ള അധികാരത്തിന്റെ സൂചനയും ഇതിൽ സുവിശേഷകൻ

www.malankaralibrary.com

നൽകുന്നുണ്ട്. അധികാരമുണ്ടെന്ന് തെളിയിച്ചുകൊണ്ട്, തളർവാതരോഗിയോട് കിടക്കയും എടുത്ത് നടന്നുപോകാൻ യേശു കല്പിച്ചു. അങ്ങനെ സംഭവിക്കുകയും ചെയ്തു. ജനക്കൂട്ടമാകട്ടെ മനുഷ്യർക്ക്, ഇത്തരം അധികാരം നൽകിയ ദൈവത്തെ മഹത്വപ്പെടുത്തി. വിശ്വാസിസമൂഹത്തിന്റെ അടിത്തറ പാകിയ അനർഘനിമിഷമാണ് ഇത്. ഈ സാഹചര്യത്തിൽ മത്തായിയെ യേശു വിളിച്ച സംഭവം വിവരിച്ചതും തീർച്ചയായും പ്രസക്തമാണ്. നേരത്തേ ശിഷ്യരെ - പത്രോസു ആന്ത്രയോസു, യാക്കോബു യോഹന്നാൻ, എന്നിവരെ വിളിച്ച സംഭവം വിവരിച്ചുവല്ലോ. ഇപ്പോൾ മത്തായിയെയും. ഈ അഞ്ചു പേരുടെ പ്രത്യേക വിളി മാത്രമേ മത്തായി സുവിശേഷകൻ രേഖപ്പെടുത്തുന്നുള്ളു. മത്തായിയെ വിളിച്ചതിനുശേഷം ഒരുക്കിയ വിരുന്നിൽ ചുങ്കക്കാരും, പാപികളും സംബന്ധിച്ചിരുന്നു. അതിനെയാണ് ഫരിസേയർ എതിർത്തത്. പാപികളാണെന്നു ഏറ്റു പറയുന്ന ഏവരെയും സഭയിൽ സ്വീകരിക്കുന്നു. അവർക്കായി സഭ തന്റെ വാതിൽ എന്നും തുറന്നിട്ടിരിക്കുന്നു.

യോഹന്നാൻ സ്നാപകനെ സഭ പ്രത്യേകം ബഹുമാനിച്ചിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യരെ ഗൗരവമായി പരിഗണിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ശിഷ്യരെ സഭയിലേക്ക് ആകർഷിക്കുക എന്ന് ഉദ്ദേശ്യം വച്ചാണ് മത്തായി സുവിശേഷകൻ യേശുവിന്റെ വചസ്സുകൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സന്ദർഭമിതാണ്. യോഹന്നാന്റെ ശിഷ്യർ പരാതിപ്പെടുന്നു - അവരും പ്രീശരും, കൂടുതലായ ഉപവാസവിധികൾ ആചരിക്കുമ്പോൾ, എന്തുകൊണ്ട് യേശുവിന്റെ ശിഷ്യർ അങ്ങനെ ചെയ്യുന്നില്ല എന്ന്. യേശു ഒരു ചോദ്യം ചോദിച്ചു. "മണവാളൻ കൂടെയുള്ളപ്പോൾ അയാളുടെ തോഴർ എന്തിന് ദു:ഖം ആചരിക്കുന്നു" (9/15). യേശു നേരത്തേ വ്യക്തമാക്കിയതാണ്, ഉപവാസം ദു:ഖാചരണമല്ലെന്ന്. അത് ദൈവാനുഗ്രഹത്തിന്റെ പ്രതീക്ഷയാണ്. ഇവിടെ മെസയാനിക വിരുന്നിനെപ്പറ്റിയാണ് യേശു പരാമർശിക്കുന്നത്. മണവാളനോടുകൂടി വിരുന്നിൽ പങ്കുകൊള്ളാൻ വിളിയുള്ളവരാണ്, ശിഷ്യന്മാർ. അവർ മിശിഹായാകുന്ന മണവാളന്റെ തോഴരാണ്. അവർ അപ്പോൾ ഉപവസിക്കുന്ന പ്രശ്നമില്ല. എന്നാൽ വിശ്വാസികൾ വിരുന്നിന് ഒരുങ്ങുന്ന കാലമുണ്ടാകും, അപ്പോൾ അവർ ഉപവസിക്കും. എന്നാൽ മെസയാനിക വിരുന്നു, പെസഹാ കുഞ്ഞാടായ യേശുവിന്റെ മരണത്തിനു ശേഷമായിരിക്കും, ശിഷ്യർ കൊണ്ടാടുന്നത്. അതായത് ക്രിസ്തു

www.malankaralibrary.com

വിന്റെ ഉയിർപ്പിനുശേഷം പരിശുദ്ധാത്മാവിന്റെ സഹവാസത്തിൽ വിശ്വാസികളുടെ സമൂഹം രൂപം കൊള്ളുമ്പോൾ. അത് സഭയുടെ കാലഘട്ടമാണ്. അപ്പോൾ ഉപവാസത്തിന്റെയും മറ്റും സമയകാലങ്ങൾ നിർണ്ണയിക്കപ്പെടും. പഴയ ഇസ്രായേലിന്റെ സ്ഥാനത്ത് പുതിയ ഇസ്രായേൽ സംസ്ഥാപിക്കപ്പെടുന്നു. പഴയതിന്റെ ചൈതന്യവും ഘടനയും മാറി, ആ സ്ഥാനത്ത് പുതിയ ചൈതന്യവും ഘടനയും വ്യവസ്ഥാപിതം ആകുന്ന ഘട്ടത്തെ, പുതിയ വീഞ്ഞ് പുതിയ തോൽക്കുടങ്ങളിൽ ഒഴിച്ചുവക്കുന്നതിനോടാണ്, യേശു താരതമ്യപ്പെടുത്തിയിരിക്കുന്നത്. യോഹന്നാന്റെ ശിഷ്യർക്ക് ഒരു ഉപദേശവും നൽകുന്നു, 'പഴയ വസ്ത്രത്തിൽ പുതിയ തുണ്ട് വച്ച് പിടിപ്പിക്കാറില്ല'. യോഹന്നാന്റെ ശിഷ്യർ ശ്രമിച്ചിരുന്നത്, പ്രീശരുടെ പഴയ നിയമ ഘടനയോട്, പുതിയ രീതികൾ കൂട്ടിച്ചേർക്കാനായിരുന്നു. യോഹന്നാന്റെ കാലം മുതൽ പുതിയ ആവേശം ആരംഭമിട്ടു കഴിഞ്ഞു, അത് പഴയതിൽ തുന്നിച്ചേർക്കരുതല്ലോ. അതുകൊണ്ട് യേശു, യോഹന്നാന്റെ ശിഷ്യരെ പരോക്ഷമായി ഉപദേശിക്കുന്നു, മിശിഹായുടെ പുതിയ വിരുന്നിന്റെ ക്രമത്തിൽ ഉൾപ്പെടുകയെന്ന് . യേശു, പ്രീശർക്ക് നൽകാത്ത പരിഗണന, അവർക്ക് നൽകിയിരിക്കുന്നു.

മെസയാനിക വിരുന്നിലേക്ക് നയിക്കുന്നവയാണ്, മത്തായിയുടെ സുവിശേഷ പ്രകാരം ഓരോ സൗഖ്യദാനവും , അതിന്റെ രണ്ടു ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുന്നു. രക്തസ്രാവരോഗം പിടിച്ച സ്ത്രീയെ സുഖപ്പെടുത്തിയത്, യേശു അവളോട് പറയുന്നു, "മകളേ ധൈര്യമായിരിക്കുക". നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു (9/22). അവൾക്കു രക്ഷ ലഭിച്ചു, കൂടെ ശരീര സൗഖ്യവും, വിശ്വാസജീവിതത്തിലേക്കുള്ള പ്രവേശവും. സമൂഹം അകറ്റി നിർത്തിയിരുന്ന ആ സ്ത്രീ എത്ര മാനസിക ഞെരുക്കത്തോടെ, ആരും ശ്രദ്ധിക്കരുതെന്ന മുൻകരുതലോടെയാണ് യേശുവിന്റെ വസ്ത്രത്തിന്റെ അറ്റത്തു സ്പർശിച്ചത്. യേശു അവളെ ശ്രദ്ധിച്ചു, അഭിനന്ദിച്ചു, വിശ്വാസജീവിതത്തിലേക്കു പിടിച്ചുകയറ്റി. ഇതുപോലെ ഒരു ഉയർച്ചയുടെ സംഭവമാണ്, യായിറോസിന്റെ മകളെ പുനർജീവിപ്പിച്ചതും. മത്തായി സുവിശേഷകൻ പ്രതീകങ്ങളിലൂടെ ഈ സംഭവത്തെ യേശുവിന്റെ പെസഹാ സംഭവത്തോട് സാദൃശ്യപ്പെടുത്തുന്നു. ഒന്ന് മരണത്തെ നിദ്രയായി ചിത്രീകരിക്കുന്നു. യേശുവിനു മരണം നിദ്രയാണ്. അതാണ് വിശ്വാസജീവിതത്തിന്റെ

www.malankaralibrary.com

അനുഭവം. യേശു ബാലികയെ കൈയ്യിൽ പിടിച്ചു. അവൾ എഴുന്നേറ്റു. 'എഴുന്നേൽക്കുക' എന്നത് യേശുവിന്റെ ഉത്ഥാനത്തെ സൂചിപ്പിക്കുന്ന പദമാണ്. പുനർജീവിതം, വിശ്വാസികളുടെ നവ്യജീവന്റെ വാഗ്ദാനമാണ്.

അന്ധർക്കു കാഴ്ച നൽകിയതിൽ വിശ്വാസാനുഭവത്തിന്റെ പൂർണ്ണഘടന ദൃശ്യമാണ്. രണ്ടുപേർ ഉൾക്കൊള്ളുന്ന ഒരുസമൂഹമായ അവർ യേശുവിനെ ദാവീദിന്റെ പുത്രനെന്ന് തിരിച്ചറിയുന്നു. മിശിഹാ ദാവീദിന്റെ പുത്രനാണ്. യേശു സൗഖ്യം നൽകാൻ കഴിയുന്നവനെന്ന്, അവർ ഏറ്റു പറയുന്നു. അവസാനമായി സൗഖ്യം ലഭിക്കാൻ, അവർ തങ്ങളെ യേശുവിന് സമർപ്പിക്കുന്നു. യേശു അവരുടെ കണ്ണുകളിൽ സ്പർശിച്ചു; അവർ സുഖം പ്രാപിച്ചു. എന്നാൽ വിശ്വാസത്തിന്റെ പൂർണതയിലേക്ക് അവർ പ്രവേശിച്ചില്ല. അതുകൊണ്ട് സുഖം പ്രാപിച്ച വിവരം ആരോടും പറയരുതെന്ന് യേശു കർശനമായി ആവശ്യപ്പെട്ടു. എന്നാൽ അവർ അത് ചെവിക്കൊണ്ടില്ല. അവർ പോയി അവന്റെ കീർത്തി നാടെങ്ങും പരത്തി. ലോകത്തിന്റെ രീതിയാണ് ഇങ്ങനെ പറഞ്ഞു നടക്കുക. അതിൽപ്പെട്ടാൽ സ്വന്തം വിശ്വാസത്തിൽ വളരാൻ സാധിക്കാതെ പോകും എന്ന് യേശു വ്യക്തമാക്കുന്നു. രണ്ടു കുരുടരും, ദൈവം ചെയ്ത ദാനം, തങ്ങളുടെ മനസ്സിൽ കാത്തു സൂക്ഷിച്ചു വിശ്വാസാനുഭവത്തിൽ വളരണമെന്നായിരുന്നു, യേശുവിന്റെ ആഗ്രഹം. എന്നാൽ അവർ ശിഷ്യത്വത്തിലേക്ക് കടന്നുവന്നില്ല. മത്തായി സുവിശേഷകൻ രണ്ടു കുരുടരെ ഉൾപ്പെടുത്തുന്നു. മാർക്കോസ് ഒരാളെപ്പറ്റിയേ പറയുന്നുള്ളു. ഭൂമിയിൽ രണ്ടു പേർ ഒന്നിച്ചപേക്ഷിച്ചാൽ സ്വർഗ്ഗസ്ഥപിതാവ് അവരുടെ പ്രാർത്ഥന ശ്രവിക്കും (18,19) എന്നതിൽ രണ്ടുപേർ ഒന്നിക്കുന്നതിന്റെ പ്രധാന്യം എടുത്തു പറയുന്നുണ്ടല്ലോ.

'യേശു ഊമനെ സുഖപ്പെടുത്തിയപ്പോൾ, ജനം പറഞ്ഞു, ഇതുപോലൊരു സംഭവം ഇസ്രായേലിൽ ഒരിക്കലും ഉണ്ടായിട്ടില്ല' എന്ന്. മത്തായിയുടെ സുവിശേഷത്തിൽ ജനത്തിന്റെ പ്രതികരണം നന്നായിരുന്നു എന്നാണ് പൊതുവെ രേഖപ്പെടുത്തിയിരിക്കുന്നത്. സുവിശേഷം എഴുതിയ കാലത്ത് വളരെയേറെ യഹൂദ ക്രൈസ്തവർ ഉണ്ടായിരുന്നതിന്റെ കാരണം ഇതിൽനിന്ന് വെളിവാകുന്നുണ്ട്. ജനം പറയുന്നതിന് എതിരായി ഫരിസേയർ പറഞ്ഞു, യേശു പിശാചുക്കളുടെ തലവനെക്കൊണ്ടാണ്, പിശാചുക്കളെ

www.malankaralibrary.com

ബഹിഷ്ക്കരിക്കുന്നത്, എന്നു. മത്തായി സുവിശേഷകൻ വേറൊരു നിഗമനത്തിലേക്കു കടക്കുന്നു. ഫരിസേയരും മറ്റും പ്രഖ്യാപിത നേതാക്കളായിരിക്കെ, ജനത്തെ ഈവണ്ണം തെറ്റിദ്ധരിപ്പിച്ചു കൊണ്ടിരുന്നു. അതുവച്ച് യേശു പറയുന്നു. – അവർ ജനം, ഇടയനില്ലാത്ത ആടുകളെപ്പോലെ പരിഭ്രാന്തരും നിസ്സഹായരുമായിരുന്നു, എന്നു. യേശു ഇടയനെപ്പോലെ വർത്തിച്ചു. "അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും ചുറ്റിസഞ്ചരിച്ചു" 9/35) . ഇത് (4/23) ന്റെ ആവർത്തനമാണ്. സുവിശേഷ പ്രചാരണത്തിന്റെ പുതിയ ഘട്ടമാണ് ഇനിയും വരുന്നതെന്ന് സൂചിപ്പിക്കുന്നു. ശിഷ്യന്മാരുടെ (സഭയുടെ) പ്രവർത്തനത്തിന്റെ ആരംഭം ഇവിടെ കുറിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് യേശു ശിഷ്യരോട് പറഞ്ഞത്, "വിളവ് അധികം, വേലക്കാരോ ചുരുക്കം, അതിനാൽ തന്റെ വയലിലേക്ക് വേലക്കാരെ അയക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ "(9/38) എന്ന്.

## അധ്യായം പത്ത്

പന്ത്രണ്ടു ശ്ലീഹന്മാരുടെ ദൗത്യത്തിന്റെ വ്യത്യസ്തമാനങ്ങൾ ഈ അധ്യായത്തിൽ സുവിശേഷകൻ വ്യക്തമാക്കുന്നു. സഭ പുതിയ ഇസ്രായേലാണ്, ഇസ്രായേലിന്റെ പന്തണ്ടു ഗോത്രങ്ങൾ വച്ച്, യേശു പന്ത്രണ്ടു ശിഷ്യരെ പ്രത്യേകം തെരഞ്ഞെടുത്ത് ചുമതലപ്പെടുത്തുന്നു. അവരുടെ ദൗത്യം ഇസ്രായേലിൽ മാത്രം ഒതുങ്ങി നിൽക്കുന്നതാണ്. ഏതെല്ലാം പ്രവർത്തനങ്ങൾ യേശു ചെയ്തിരുന്നുവോ അവയെല്ലാം യേശു പന്ത്രണ്ടു പേർക്കും ഏൽപിച്ചുകൊടുക്കുന്നു. ഇസ്രായേലിന്റെ വീണ്ടെടുപ്പിനുവേണ്ടി പ്രവർത്തിക്കുമ്പോൾ യേശുവിനു ഉണ്ടായതുപോലെ അവർക്കും എതിർപ്പുകൾ നേരിടേണ്ടി വരും. എങ്കിലും ദൈവം അവരുടെ ഭാഗത്ത് ഉള്ളതുകൊണ്ട് അവർക്കൊന്നും ഭയപ്പെടേണ്ടതില്ല. എന്തായിരിക്കും ശിഷ്യരുടെ ദൗത്യനിർവഹണത്തിന്റെ അനന്തരഫലം ? സമാധാനമല്ല, ഭിന്നതയാണ്. എങ്കിലും ഇസ്രായേലിൽ അവരെ സ്വീകരിക്കുന്നവരുണ്ടാകും, അവർക്ക് നല്ല പ്രതിഫലം ലഭിക്കുകയും ചെയ്യും. ഇങ്ങനെ വേർപെട്ടു കിടന്ന വാക്യങ്ങളെ ഒന്നിച്ചു കൊണ്ടുവന്നതിൽ, സുവിശേഷകന് സ്വന്തമായ രചനാപദ്ധതിയുണ്ടെന്നു കാണാം.

www.malankaralibrary.com

ഇസ്രായേലിന് സമാന്തരമായ ഒരു പ്രവർത്തനസംഘടനയാണ് യേശു ഉദ്ദേശിച്ചത്. പന്ത്രണ്ടു ഗോത്രങ്ങൾ വച്ച് പന്ത്രണ്ടു ശ്ലീഹന്മാർ, അവരിൽ ഒന്നാമനാണ് പത്രോസ്. യേശു പത്രോസിനെ വിളിച്ചു, പേരു ചൊല്ലി തെരഞ്ഞെടുത്തു . എല്ലാവർക്കും അധികാരവും ദൗത്യവും ഒരുപോലെ. അശുദ്ധാത്മാക്കളെ പുറത്താക്കാനും, എല്ലാരോഗങ്ങളും വ്യാധികളും സുഖപ്പെടുത്താനും യേശു അവർക്ക് അധികാരം നൽകി.

യേശു ഇപ്രകാരം ചുമതലപ്പെടുത്തി അയച്ചു: " നിങ്ങൾ വിജാതീയരുടെ അടുക്കൽ പോകരുത്. ശമറിയാക്കാരുടെ പട്ടണത്തിൽ പ്രവേശിക്കരുത്, പ്രത്യുത ഇസ്രയേൽ വംശത്തിലെ നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുത്തേക്ക് പോകുവിൻ". യേശുവിന്റെ രക്ഷാദൗത്യം സാർവത്രികമാണ്. ശമറിയാക്കാർ ഇസ്രയേലിന്റെ നഷ്ടപ്പെട്ട ഗോത്രങ്ങളാണ്. എങ്കിലും രക്ഷാദൗത്യത്തിന് അവർ പുറത്താണ്. വ്യത്യസ്തമായ മതാചരണവും സംസ്ക്കാരാചാരവും പുലർത്തിയതിന്റെ ഫലമായി അവരെ യഹൂദർ ഒഴിവാക്കിയിരുന്നു. യേശു പലസ്തീനായുടെ അതിർത്തിക്ക് പുറത്തുപോകുമായിരുന്നില്ല. അതായിരുന്നു യേശുവിന്റെ രക്ഷാപദ്ധതിയിലെ ആദ്യത്തെ രംഗം. അതു വച്ചാണ് യേശു ശിഷ്യരെ അയച്ചത്. ' സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നുവെന്ന് പ്രസംഗിക്കുവിൻ' എന്ന് യേശു നിർദ്ദേശിച്ചു. സ്വർഗ്ഗരാജ്യം വാസ്തവത്തിൽ രൂപം കൊണ്ടത്, യേശുവിന്റെ മരണത്തിലും ഉത്ഥാനത്തിലുമാണ്. അതുവരെയുള്ള പ്രേഷിത പ്രവർത്തനം തുടക്കകാലമാണ്. ഈ തിരിച്ചറിവില്ലാതെ ശിഷ്യരുടെ ദൗത്യത്തെ സഭയുടെ പ്രേഷിത പ്രവർത്തനത്തോട് തുല്യമാക്കി ബൈബിൾ പഠിതാക്കൾ അഭിപ്രായം പറയുന്നത് സ്വാഗതാർഹമല്ല. സഭ പുതിയ ഇസ്രായേലാണ്, അവളുടെ ദൗത്യം സാർവത്രികമാണ്.

' നിങ്ങൾക്കു ദാനമായി കിട്ടി; ദാനമായി നിങ്ങൾ കൊടുക്കുവിൻ' എന്നാണ് യേശു തന്റെ ശിഷ്യർക്ക് നൽകിയ ഉപദേശം. സ്വന്തമായി എന്തെങ്കിലും കരുതിവച്ചല്ല പ്രേഷിത പ്രവർത്തനത്തിന് ഇറങ്ങേണ്ടത്. വിശദാംശങ്ങൾ പറഞ്ഞിരിക്കുന്നത് പ്രേഷിതന്റെ ജീവിതശൈലി വെളിപ്പെടുത്താനാണ്. അവരുടെ അടിസ്ഥാനാശ്രയം ദൈവത്തിലാണ്. ദൈവജനത്തിനുവേണ്ടി വേലചെയ്യുന്നവൻ ആഹാരത്തിനും മറ്റും അർഹനാണ്. എന്നാൽ അതിന് ആരെയാണ്

www.malankaralibrary.com

ആശ്രയിക്കേണ്ടത്. ചെല്ലുന്ന ഗ്രാമത്തിലോ പട്ടണത്തിലോ യോഗ്യൻ ആരാണെന്നു കണ്ടുപിടിച്ചു സ്ഥലം വിടുന്നതു വരെ, അയാളുടെ വീട്ടിൽ താമസിക്കുക. മത്തായി സുവിശേഷകന്, വീട് സുരക്ഷിതത്വത്തിന്റെ പ്രതീകമാണ്. ശിഷ്യർക്ക് സുരക്ഷിതത്വം ആവശ്യമാണ്. പ്രവേശിക്കുന്ന വീടിന്, അതിലെ അംഗങ്ങൾക്ക്, ദൈവത്തിന്റെ സമാധാനം കൈമാറുക എന്ന് യേശു ശിഷ്യരെ നിർദ്ദേശിക്കുന്നു. പ്രേഷിതനോട് നല്ല ബന്ധം പാലിക്കുന്ന ഭവനത്തിൽ ആ ചൈതന്യം നിലനിൽക്കും. ദൈവം ആ ഭവനത്തിൽ വസിക്കും. ആ ഭവനം ഐശ്വര്യമുള്ളതാകും. എന്നാൽ ഭവനം യോഗ്യമായി തോന്നുന്നില്ലെങ്കിൽ, ആ ഇടം വിട്ടുപോകുക, നിങ്ങൾ കൈമാറിക്കൊടുത്ത സമാധാനവും, നിങ്ങളുടെ കൂടെ തിരികെ പോരും. അങ്ങനെ ദൈവദൗത്യത്തിൽ പങ്കു ചേരുവാൻ അവസരം നിരാകരിച്ച ഭവനത്തിന്റെ സ്ഥിതി, അതിനുള്ള അവസരം ലഭിക്കാതിരുന്ന സോദോംഗോമോറാ ദേശത്തെക്കാൾ, മോശമായിരിക്കുമെന്ന് യേശു മുന്നറിയിപ്പു നൽകുന്നു. പ്രേഷിതപ്രവർത്തനത്തിൽ കൂട്ടായ ചൈതന്യം പാലിക്കുവാൻ പ്രേഷിതൻ, വസിക്കുന്ന ഭവനവുമായോ, പ്രവർത്തിക്കുന്ന സമൂഹവുമായോ, ഏർപ്പെടുന്നത്, ഏതു കാലത്തും ആവശ്യമാണെന്നതിൽ സംശയമില്ല.

പ്രേഷിതന് ലഭിക്കാവുന്ന തിരസ്ക്കരണത്തെപ്പറ്റി യേശു തുടർന്നു പറയുന്നു. "ചെന്നായ്ക്കളുടെ ഇടയിലേക്ക് ചെമ്മരിയാടുകളെയെന്നപോലെ നിങ്ങളെ ഞാൻ അയക്കുന്നു". അതിനാൽ നിങ്ങൾ സർപ്പത്തെപ്പോലെ വിവേകികളും പ്രാവിനെപ്പോലെ നിഷ്കളങ്കരും ആയിരിക്കുവിൻ, (10/17). നിഷ്ക്കളങ്കതയാണ് പ്രേഷിതന്റെ മുഖമുദ്ര. വിവേകമാണ് അവന്റെ പ്രവർത്തന ശൈലി. യേശുവിന് സംഭവിക്കാനിരിക്കുന്നത്, പ്രേഷിതർക്കും സംഭവിക്കുമെന്ന മുന്നറിയിപ്പ് ഏറെ പ്രധാനമാണ് പീഡനങ്ങളുടെ നടുവിലും അവർ യേശുവിന് സാക്ഷ്യം നൽകും. ദൈവത്തിന്റെ ആത്മാവാണ് അപ്പോൾ അവരെ തുണയ്ക്കുന്നത്. "എന്തെന്നാൽ നിങ്ങളല്ല, നിങ്ങളിലൂടെ പിതാവിന്റെ ആത്മാവാണ് സംസാരിക്കുക . എന്നാലും അന്ത്യം ഒന്നുതന്നെ" (10,20) "എന്റെ നാമം നിമിത്തം നിങ്ങൾ സർവരാലും ദ്വേഷിക്കപ്പെടും. അവസാനം വരെ സഹിച്ചു നിൽക്കുന്നവൻ രക്ഷപ്പെടും" (10/22). ഓരോ പ്രേഷിതന്റെയും സാക്ഷ്യം യഥാർത്ഥത്തിൽ രൂപം ധരിക്കുന്നത് അവന്റെ അന്ത്യഘട്ടത്തിലാണ്. "ഒരു പട്ടണത്തിൽ അവർ നിങ്ങളെ പീഡിപ്പിക്കുമ്പോൾ മറ്റൊന്നിലേക്ക്

www.malankaralibrary.com

ഓടിപ്പോകുവിൻ'' (10/23). പീഡനം പല സ്ഥലങ്ങളിൽ പ്രവർത്തിക്കുവാൻ അവസരം നൽകുന്നു. ''മനുഷ്യപുത്രന്റെ ആഗമനത്തിനു മുമ്പ് ഇസ്രയേലിന്റെ പട്ടണങ്ങളെല്ലാം നിങ്ങൾ ഓടി പൂർത്തിയാക്കുകയില്ല''(10/24). ആഗമനം രക്ഷാവേലയുടെ അന്ത്യമാണ്. ഇസ്രായേൽ എന്നതിൽ ഇവിടെ സഭയും ഉൾപ്പെടുന്നു. പ്രേഷിതർക്ക് ഒരിക്കലും ജോലിതീർന്നുവെന്നു വരികയില്ലെന്നാണ്, വാക്യത്തിന്റെ വിവക്ഷ. പ്രേഷിതൻ യേശുവിനോട് താദാത്മ്യപ്പെടുന്നത് അനുസരിച്ച്, ഏൽപ്പിച്ച ദൗത്യത്തിലും വിജയിക്കുന്നതാണ്. അതുകൊണ്ട് യേശുവിന് സംഭവിച്ചതെല്ലാം പ്രേഷിതന് മാർഗ്ഗപ്രകാശനമായിരിക്കും.

തെരഞ്ഞെടുക്കപ്പെട്ട ശിഷ്യരിൽ നിന്ന്, കൂടുതൽ വിശാലമായ വേദിയിലേക്ക്, എല്ലാ വിശ്വാസികളിലേക്കും, സുവിശേഷകൻ നമ്മെ നയിക്കുന്നു. യേശുവിന്റെ ശുശ്രൂഷയിൽ വളരെ സംഭവങ്ങൾ നടന്നിട്ടുണ്ട്, വളരെ കാര്യങ്ങൾ അരുളി ചെയ്തിട്ടുണ്ട്. ഈ സന്ദർഭം വച്ചു യേശു പറയുന്നു ''അന്ധകാരത്തിൽ നിങ്ങളോടു ഞാൻ പറയുന്നവ നിങ്ങൾ പ്രകാശത്തിൽ പ്രഘോഷിക്കുവിൻ'' (10/27) .ഇതിൽ ആരെയും ഭയപ്പെടേണ്ട. മനുഷ്യരെ ഭയപ്പെട്ടു ദൈവകാര്യങ്ങൾ പുറത്തുപറയാതിരിക്കരുത്. ''ആത്മാവിനെയും, ശരീരത്തെയും നരകത്തിൽ എറിയാൻ കഴിയുന്നവനെ ഭയപ്പെടുവിൻ'' (10/28) കുരുവികളെ കാത്തു സൂക്ഷിക്കുന്ന ദൈവം നിങ്ങളെയും കാത്തു സൂക്ഷിക്കും. അതുകൊണ്ട് യേശുവിനെ ഏറ്റു പറയുന്നതിൽ നിന്ന് പിന്മാറരുത്. ''മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റു പറയുന്നവനെ എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റുപറയും''. (10/32) തള്ളിപ്പറയുന്നവനെ യേശുവും തള്ളിപ്പറയും. യേശു തന്റെ ശുശ്രുഷ അവസാനിപ്പിച്ച് പിതാവിന്റെ പക്കലേക്ക് തിരികെപ്പോകുന്നതിനെപ്പറ്റി ഇതിൽ സൂചന നൽകുന്നുണ്ട്. സഭയുടെ പ്രവർത്തനഘട്ടം ഉദ്ദേശിച്ച് യേശു മുൻകൂട്ടി ശിഷ്യർക്ക് നിർദ്ദേശം നൽകിയതായി ഇവിടെ നാം കാണുന്നു.

യേശുവിൽ നിന്ന് സൗഖ്യം പ്രാപിക്കുകയും വചനം ശ്രവിക്കുകയും അപ്പം ഭക്ഷിക്കുകയും, ചെയ്ത ജനം ഒന്നുകിൽ യേശുവിനെ സ്വീകരിക്കണം, അഥവാ തിരസ്ക്കരിക്കണം. അവരെല്ലാം ഒരു തീരുമാനമെടുത്തേ തീരൂ. ഓരോ കുടുംബത്തിൽ പെട്ടുനിൽക്കുന്ന ഈ ജനത്തെ മനസ്സിൽ കണ്ടുകൊണ്ടായിരിക്കണം,

www.malankaralibrary.com

മത്തായി സുവിശേഷകൻ യേശുവിന്റെ പ്രവചനം ഇവിടെ ഉദ്ധരിച്ചിരിക്കുന്നത്. ഈ സന്ദർഭം വച്ചാണ്, സമാധാനത്തിന്റെയും വാളിന്റെയും അർത്ഥം മനസ്സിലാക്കേണ്ടത്. സമാധാനത്തിന് ഐക്യം അഥവാ യോജിപ്പ് എന്ന് അർത്ഥം കൽപിച്ചാൽ മതി; വാളിന് വേർതിരിവ് അല്ലെങ്കിൽ വിഭജനം എന്നും. ഓരോ കുടുംബത്തിലും ചിലർ സുവിശേഷം സ്വീകരിക്കുന്നു. മറ്റു ചിലർ നിരാകരിക്കുന്നു. അത് വേർതിരിവിന് കാരണമാകുന്നു. ഈ പാശ്ചാത്തലത്തിൽ യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക, "ഭൂമിയിൽ സമാധാനമാണ് ഞാൻ കൊണ്ടു വന്നിരിക്കുന്നത്. എന്നു നിങ്ങൾ വിചാരിക്കരുത്, സമാധാനമല്ല വാളാണ് ഞാൻ കൊണ്ടു വന്നിരിക്കുന്നത് " (10/34). ഈ ഭിന്നിപ്പിന്റെ ചിത്രം ഇവിടെ എത്ര ഭംഗിയായി വർണ്ണിച്ചിരിക്കുന്നു. യേശുവിനുവേണ്ടി തീരുമാനമെടുക്കാൻ ഓരോ വ്യക്തിയും നിർബന്ധിക്കപ്പെടുന്നു. അവിടുത്തെ വചനം കർശനമാണ്. "എന്നെക്കാളധികം പിതാവിനെയോ മാതാവിനെയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല." (10/37) മാതാപിതാക്കന്മാർ മക്കളെ സ്നേഹിക്കുന്നതും ഇതേ മാനദണ്ഡംവച്ച് വേണം. 'യേശുവിനെ ' എന്നാൽ 'പിതാവിനെ' എന്നാണ് അർത്ഥം. സഭയുടെ സന്ദർഭം വച്ച് യേശു ഈ താദാത്മ്യം ഉറപ്പിക്കുന്നു. പുത്രൻ പിതാവിനെയും പിതാവ്, പുത്രനെയും മഹത്വപ്പെടുത്തുവാനിരിക്കുന്ന സന്ദർഭംവച്ച് യേശു പറയുന്നു "സ്വന്തം കുരിശെടുത്ത് എന്നെ അനുഗമിക്കാത്തവൻ എനിക്ക് യോഗ്യനല്ല". (10/28) മഹത്ത്വീകരണത്തിന്റെ ചിഹ്നമാണ് കുരിശ്. സ്വയം സമർപ്പിക്കുന്ന പ്രക്രിയയാണ്, അതിന്റെ ഉള്ളടക്കം. ഓരോ വ്യക്തിക്കും ദൈവത്തെക്കൂടാതെ തനിച്ചൊരു ജീവൻ സാധ്യമാണോ, എന്നതാണ് പ്രശ്നം. അതിന് യേശു ഉത്തരം പറയുന്നു. "സ്വന്തം ജീവൻ കണ്ടെത്തുന്നവൻ അതു നഷ്ടപ്പെടുത്തും എന്നെ പ്രതി സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്നവൻ അത് കണ്ടെത്തും" (10/39).

യേശുവിൽ നിന്നു ദൗത്യം സ്വീകരിച്ച്, രംഗത്ത് ഇറങ്ങുന്നവരുമായി കൂട്ടായ്മ കണ്ടെത്തുകയാണ്, വിശ്വാസികളുടെ സംതൃപ്തിയും സന്തോഷവും. "നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു. എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു"(10/40). ഭൂമിയിൽ നിന്നു സ്വർഗ്ഗം വരെ എത്തുന്ന ഒരു സോപാനമാണ് ഇവിടെ സ്ഥാപിതമാകുന്നത്. ആദ്യത്തെ ഇസ്രായേലായ യാക്കോബ് അങ്ങനെ ഒരു കോണി

www.malankaralibrary.com

യുടെ സ്വപ്നം കണ്ടു. ഉടനെ ഉണർന്നെഴുന്നേറ്റു, താൻ തലയ്ക്കു വച്ചിരുന്ന കല്ല് കുത്തിനിർത്തി എണ്ണയൊഴിച്ചു. ഈ സ്ഥലം ദൈവത്തിന്റെ ആലയമാണ് എന്നു പ്രഖ്യാപിച്ചു. അതിന്റെ പൂർത്തീകരണമാണ് സുവിശേഷകൻ ഇവിടെ ഉദ്ദേശിക്കുന്നത്. യേശുവിൽ വിശ്വസിക്കുന്നവർക്ക് പിതാവിൽ എത്തിച്ചേരാം. യേശുവിന്റെ ദൗത്യം ഏറ്റെടുത്തു നടത്തുന്നവരോട് സഹകരിക്കുന്നവർക്ക്, ആ ദൗത്യം നിർവഹിക്കുന്നതിന്റെ സംതൃപ്തിയാണ് ലഭിക്കുക. വിശ്വാസികൾ തമ്മിൽ സഭയിലുണ്ടാകുന്ന കൂട്ടായ്മയ്ക്ക് ഇത് രൂപം കൊടുക്കുന്നു. എന്നാൽ പ്രധാന ദൗത്യം ശുശ്രൂഷയാണ്. "ഈ ചെറിയവരിൽ ഒരുവന്, ശിഷ്യൻ എന്ന നിലയിൽ ഒരു പാത്രം വെള്ളമെങ്കിലും കൊടുക്കുന്നവന് പ്രതിഫലം ലഭിക്കാതിരിക്കുകയില്ലെന്ന് സത്യമായി ഞാൻ നിങ്ങളോട് പറയുന്നു" (10/42).

---

## *അധ്യായം പതിനൊന്ന്*

**ദൈ**വവെളിപാടിനോടുള്ള പ്രതികരണങ്ങൾ വ്യത്യസ്തമാണ്. അവയിൽ ശരി ഏതെന്ന് ചൂണ്ടിക്കാണിക്കുന്നു. യോഹന്നാൻ സ്നാപകൻ അയച്ച ശിഷ്യന്മാർ വന്നു ചോദിച്ചു, "വരാനിരിക്കുന്നവൻ നീ തന്നെയോ അതോ വേറെ ആരെയെങ്കിലും കാത്തിരിക്കണമോ" എന്ന്. കാരണം യേശുവിന്റെ പ്രവർത്തനശൈലി കേട്ടറിഞ്ഞ് യോഹന്നാന് തന്റെ കണക്കുകൂട്ടലുകൾ തെറ്റിപ്പോയോ എന്ന് സംശയം തോന്നി. എന്നാൽ യോഹന്നാൻ ആരെന്ന് ജനം മനസ്സിലാക്കണമെന്ന ഉദ്ദേശ്യത്തിൽ യേശു അവർക്ക് വ്യക്തമാക്കിക്കൊടുത്തു. സ്വർഗ്ഗരാജ്യത്തിന്റെ വാതിൽക്കൽ എത്തിനിൽക്കുന്നവനാണ്, യോഹന്നാൻ. യേശു അദ്ദേഹത്തെ കുറ്റമുള്ളവനായി കാണുന്നില്ല. എന്നാൽ വളരെ അത്ഭുതങ്ങൾ കണ്ടിട്ടും മനം മാറാത്തവയാണ് , കൊറാസിൻ, ബത്സയ്ദാ കഫർനഹോം മുതലായ ഗ്രാമങ്ങൽ. അവ അകന്നു പോകുന്നു, എന്നാൽ ബുദ്ധിമാന്മാരും വിവേകികളും അല്ലാത്തവർ ദൈവവെളിപാടു തിരിച്ചറിയുന്നു. ശിശുക്കളാണ് അവർ, യേശുവിന്റെ ദൃഷ്ടിയിൽ. ഈ ശിശുക്കളുടെ നിരയിലേക്ക് അധ്വാനിക്കുന്നവരും. ഭാരം വഹിക്കുന്നവരുമെല്ലാം കടന്നുവരാൻ യേശു ആവശ്യപ്പെടുന്നു.

www.malankaralibrary.com

യോഹന്നാൻ തന്റെ ശിഷ്യരെ പറഞ്ഞയച്ചതാണ്, യേശുവിനെപ്പറ്റി വിവരം അറിയുവാൻ യേശുവിന്റെ മാമോദീസായുടെ സമയത്ത്, പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ പറന്നിറങ്ങി വരുന്നത് യോഹന്നാൻ തിരിച്ചറിഞ്ഞതാണ്. നല്ലവരെയും തീയവരെയും വേർതിരിച്ച് ഉടനെ സ്വർഗ്ഗരാജ്യം സ്ഥാപിതമാകും എന്നായിരിക്കണം യോഹന്നാൻ ഊഹിച്ചത്. സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന് വിളിച്ചു പറഞ്ഞപ്പോൾ ഉടനെ അത് നിറവേറുമെന്ന് അദ്ദേഹം വിചാരിച്ചു. എന്നാൽ സ്വർഗ്ഗരാജ്യം സ്നേഹവും സഹിഷ്ണതയും കരുണയും നിറഞ്ഞതാണെന്ന് യേശു മനസ്സിലാക്കി. ഈ ഉപവിയുടെ മാനം യോഹന്നാന്റെ ശിഷ്യർക്ക് പറഞ്ഞുകൊടുത്തു, കൂടെ ഒരു മുന്നറിയിപ്പും നൽകി. മനുഷ്യൻ തന്റെ ബുദ്ധി വച്ച് സ്വർഗ്ഗരാജ്യത്തിന്റെ സ്വഭാവം തീരുമാനിക്കുന്നത്, ഇടർച്ചയിൽപെട്ടുപോകുന്ന അപകടമാണ്. ദൈവം എല്ലാം പദ്ധതി അനുസരിച്ച് പൂർത്തിയാക്കുമെന്ന് വിശ്വസിക്കുന്നവൻ ഭാഗ്യവാൻ ആയിരിക്കും. ഇതിലൂടെ യോഹന്നാന്റെ ശിഷ്യരെ തന്റെ പക്കലേക്ക് യേശു ക്ഷണിക്കുകയായിരുന്നു.

യോഹന്നാൻ സ്നാപകനെപ്പറ്റി കാവ്യാത്മകമായ വിവരണമാണ് യേശു നൽകിയത്. അതിന് ഉപസംഹാരമെന്നോണം യേശു പറഞ്ഞു. "സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവനില്ല. എന്നാൽ സ്വർഗ്ഗരാജ്യത്തിലെ ഏറ്റം ചെറിയവൻ യോഹന്നാനെക്കാൾ വലിയവനാകുന്നു." ജനനംകൊണ്ട് ദൈവത്തിന്റെ പ്രവാചകനായി നിർണ്ണയിക്കപ്പെട്ട ആളാണ്, യോഹന്നാൻ. ദൈവം സ്വയം വെളിപ്പെടുത്തുന്നതിനെക്കുറിച്ച് വ്യത്യസ്ത പ്രതികരണങ്ങൾ ഉണ്ടായിരുന്നപ്പോൾ, യോഹന്നാൻ നേരായ വഴിയിൽ മിശിഹായുടെ മുന്നോടിയായി വർത്തിച്ചു. - തനിക്ക് വഴിയൊരുക്കുന്നവൻ, വന്നു കഴിഞ്ഞുഎന്ന് യേശു പറയുമ്പോൾ, താൻ മിശിഹാ ആണെന്ന് സൂചിപ്പിക്കുകയായിരുന്നു. മാത്രമല്ല, യോഹന്നാൻ രക്ഷയുടെ പുതിയ ഘട്ടം തുറന്നുവച്ചു. അന്നു മുതൽ സ്വർഗ്ഗരാജ്യം ബലപ്രയോഗത്തിനു വിഷയമായിരിക്കുന്നു. എന്താണ് ഈ ബലപ്രയോഗം എന്നതിൽ ബൈബിൾ പഠിതാക്കളുടെ ഇടയിൽ ഭിന്നാഭിപ്രായമാണുള്ളത്. യോഹന്നാന്റെ കാലം മുതൽ അനുതാപത്തിന്റെ മാമോദീസായുടെ കാലമാണ്. യേശുവിന്റെ ശിഷ്യരും ഇതേ മാമോദീസാ മുങ്ങിയിരുന്നതായി യോഹന്നാന്റെ സുവിശേഷത്തിൽ പറയുന്നുണ്ട്. അതുകൊണ്ട് ബലപ്രയോഗം നടക്കുന്നത് പാപ

www.malankaralibrary.com

ങ്ങൾ ഏറ്റുപറഞ്ഞ് അനുതപിക്കുന്നതിലാണ്. അപ്പോൾ ആത്മാവിന്റെ ബലം ഓരോരുത്തരും തന്നിൽതന്നെ അനുഭവിക്കുന്നു. ഒരു പുതിയ ചൈതന്യത്തിന്റെ ആരംഭമാണിത്. ആത്മാവിൽ ദരിദ്രർ അഥവാ ശിശുക്കൾ ആകുന്നതിന്റെ തുടക്കവുമാണു്. അതു വച്ച് യേശു പറയുന്നു "സ്നാപകയോഹന്നാന്റെ നാളുകൾ മുതൽ ഇന്നു വരെ സ്വർഗ്ഗരാജ്യം ബലപ്രയോഗത്തിന് വിധേയമായിരിക്കുന്നു. ബലവാന്മാർ അത് പിടിച്ചടക്കുന്നു." (11/12) ഇത് നിയമത്തിനും പ്രവാചകന്മാർക്കും ശേഷമുള്ള ഘട്ടമാണ്. പിടിച്ചടക്കൽ വിശ്വാസത്താലുള്ളതാണ്. ഇതേപ്പറ്റി സുവിശേഷകൻ പിന്നീടു പറയുന്നുണ്ട്.

ഈ ആധ്യാത്മിക ശൈശവത്തിലേക്ക് പ്രവേശിക്കാതെ അന്നന്നുള്ള താളത്തിനൊത്തു പ്രതികരിക്കുന്ന ഒരു കൂട്ടരെ, ഉദാഹരണത്തിലൂടെ, യേശു വിമർശിക്കുന്നു. കുഴലൂതുമ്പോൾ നൃത്തം ചെയ്യണമെന്നും, വിലാപഗാനം ആലപിക്കുമ്പോൾ കൂടെ കരയണമെന്നും നിർബന്ധിക്കുന്ന തെരുവുപിള്ളേരെപ്പോലെയാണ്, യഹൂദനേതാക്കൾ. അവസരത്തിനൊത്തു അഭിപ്രായം മാറ്റുന്നവർ. യോഹന്നാൻ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യാത്തവനായി വന്നപ്പോൾ, അവനിൽ പിശാചുബാധയുണ്ട് എന്നായിരുന്നു, അവരുടെ ആരോപണം. എന്നാൽ മനുഷ്യപുത്രൻ, ഭക്ഷിച്ചും പാനം ചെയ്തും വന്നപ്പോൾ, തീനിയും കുടിയനുമായി, അവരുടെ നോട്ടത്തിൽ. യുക്തിയില്ലാതെ പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരാണ്, ഫരിസേയരും മറ്റും. അവർ ദൈവത്തിന്റെ രക്ഷാരഹസ്യം തിരിച്ചറിഞ്ഞില്ല. എന്നാൽ "ദൈവത്തിന്റെ ജ്ഞാനം അതിന്റെ പ്രവൃത്തികളാൽ നീതിപരമെന്ന് തെളിയിക്കപ്പെടുന്നു" (11/19). യേശു ഇതു പറഞ്ഞത്, സ്വന്തം ദൗത്യത്തെക്കുറിച്ചാണ്.

ദൈവത്തിന്റെ ജ്ഞാനം ആരിലാണ്, പ്രവർത്തിക്കുന്നതെന്ന്, ഉദാഹരണത്തിലൂടെ യേശു വെളിവാക്കുന്നു. ഫലം പുറപ്പെടുവിക്കാത്തത് ആരെന്നും അവിടുന്ന് എടുത്തു പറയുന്നു. ഗലീലിയായിരുന്നു, യേശുവിന്റെ പ്രധാനപ്പെട്ട പ്രവർത്തനരംഗം, അതിന്റെ കേന്ദ്രമാകട്ടെ, കഫർനഹോമും; അതിന്റെ കൂടെ കൊറാസീൻ, ബഥ്സെയദാ എന്ന കൊച്ചു നഗരങ്ങളുമുണ്ട്. യേശു ഏറ്റം കൂടുതൽ അദ്ഭുതങ്ങൾ പ്രവർത്തിച്ചത് ഈ സ്ഥലങ്ങളിലായിരുന്നു. പക്ഷെ അവയൊന്നും ഫലം പുറപ്പെടുവിച്ചില്ല. ജനക്കൂട്ടങ്ങളെയും അവരിൽ നടക്കുന്ന അത്ഭുതങ്ങളെയും കൂടുതൽ പരിചയപ്പെട്ടു

www.malankaralibrary.com

കഴിഞ്ഞപ്പോൾ എല്ലാം അവർക്ക് സാധാരണദൃശ്യമായി. വളരെ കണ്ടു, വളരെ കേട്ടു, ഒന്നും ഗ്രഹിച്ചില്ല, എന്ന നിലയിൽ ആ നഗരങ്ങളിലുള്ളവർ ആണ്ടുപോയി. യേശു പഴയനിയമത്തിലേക്ക് തിരിഞ്ഞുചെന്ന്, അവിടെ കടുത്ത ശിക്ഷയ്ക്കു പാത്രമായ സോദോമിനോട്, ഈ നഗരങ്ങളെ താരതമ്യപ്പെടുത്തുകയാണ്. ഇവിടെ സംഭവിച്ച അത്ഭുതങ്ങൾ സോദോമിൽ നടന്നിരുന്നുവെങ്കിൽ ആ പട്ടണം ഇന്നും നിലനില്ക്കുമായിരുന്നുവെന്ന്. ഇതോടു ചേർത്ത് വിജാതീയനഗരങ്ങളായ ടയറിനും സീദോനും, ഇസ്രായേൽ നഗരങ്ങളെക്കാൾ ആശ്വാസം ഉണ്ടാകുമെന്നും യേശു പ്രവചിച്ചു. അനുതപിച്ചു, ശിശുക്കളെപ്പോലെ പിതാവിൻ പക്കലേക്ക് തിരികെ വരണമെന്നാണ് ഇതിലെയെല്ലാം വിവക്ഷ.

ദൈവത്തിന്റെ ജ്ഞാനം ബുദ്ധിമാന്മാരിൽ നിന്നും വിവേകികളിൽ നിന്നും ഒളിഞ്ഞിരിക്കുന്നതാണ്, അത് ശിശുക്കൾക്ക് ദൈവം വെളിപ്പെടുത്തുന്നു. പിതാവിന്റെ തിരുവുള്ളമനുസരിച്ച് ക്രമാനുഗതമായി ദൈവരഹസ്യം വെളിപ്പെടുത്തപ്പെടുന്നു. ആ പ്രക്രിയയുടെ പൂർത്തീഭാവമാണ്, 'യേശുക്രിസ്തു. ആ വെളിപാട് എന്തെന്നു യേശു വ്യക്തമാക്കുന്നു. "സർവവും എന്റെ പിതാവ് എന്നെ ഏൽപിച്ചിരിക്കുന്നു പിതാവല്ലാതെ മറ്റാരും പുത്രനെ അറിയുന്നില്ല. പുത്രനും പുത്രൻ ആർക്ക് വെളിപ്പെടുത്തികൊടുക്കാൻ മനസ്സാകുന്നുവോ അവനും അല്ലാതെ മറ്റാരും പിതാവിനെയും അറിയുന്നില്ല" (11/17) രക്ഷാകരപദ്ധതിയിലൂടെ പഴയ നിയമത്തിൽ തുടങ്ങി വച്ചതും. പുത്രനെക്കുറിച്ചുള്ള വെളിപാടായിരുന്നു. ഒന്നല്ലെങ്കിൽ മറ്റൊരു വിധത്തിൽ നിയമം യേശുവിൽ പൂർത്തീകരിക്കപ്പെടുന്നു, പ്രവചനം ക്രിസ്തുവിൽ നിറവേറുന്നു. എന്നാൽ യേശു ആകട്ടെ രക്ഷക്കു പുതിയ പ്രകാശനം നൽകി, കുരുടർക്കു കാഴ്ചയും കുഷ്ടരോഗികൾക്ക് സൗഖ്യവും, ചെകിടർക്കു കേൾവിയുമെല്ലാം കുരുണയുടെ ദാനവും അനുഭവവുമാണ്. അതുവച്ച് യേശു പറയുന്നു– "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമേ, നിങ്ങൾ എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (11/28). പുത്രൻ നൽകുന്ന ആശ്വാസം, പിതാവിന്റെ സ്നേഹത്തിന്റെ വെളിപ്പെടുത്തലാണ്, പിതാവിന്റെ വെളിപാടാണ്, പുത്രൻ. യേശു പറയുന്നു – "ഞാൻ ശാന്തശീലനും വിനീതനുമാകയാൽ എന്റെ 'നുകം' വഹിക്കുകയും എന്നിൽ നിന്ന് പഠിക്കുകയും ചെയ്യുവിൻ" (11/29). പിതാവിന്റെ നുകം വഹിച്ചവനാണ്, യേശു. അതുതന്നെ

www.malankaralibrary.com

ശിഷ്യർക്ക് കൈമാറിക്കൊടുക്കുന്നു. അതുകൊണ്ട് യേശു വീണ്ടും പറയുന്നു "എന്റെ നുകം വഹിക്കാൻ എളുപ്പമുള്ളതും ചുമടു ഭാരം കുറഞ്ഞതുമാണ്" (11/30) ദൈവത്തിന്റെ വെളിപാടിന്റെ മധുരിമ തിരിച്ചറിയുന്നതു യേശുവിന്റെ ദൗത്യം ഏറ്റെടുത്ത് നിർവഹിക്കുമ്പോഴാണ്.

---

## *അദ്ധ്യായം പന്ത്രണ്ട്*

**യേ**ശു എതിർപ്പുകളെ അതിജീവിച്ച് തന്റെ പിതാവിന്റെ ഭവനത്തിൽ പ്രവേശിക്കുന്നു. ഇസ്രായേൽ ഭരിക്കപ്പെട്ടിരുന്നത് മോശയുടെ നിയമത്താൽ ആയിരുന്നു. എന്നാൽ അതിന് അബദ്ധ വ്യാഖ്യാനം കൊടുത്ത് തെറ്റിദ്ധരിപ്പിച്ചത് ഫ്രീശരും നിയമജ്ഞരുമായിരുന്നു. അവർക്കു നിയമത്തിന്റെ ബാഹ്യാചരണം ആയിരുന്നു, പ്രധാനം. യേശുവാകട്ടെ, ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ പുരസ്ക്കരിക്കുന്ന, ആന്തരിക ചൈതന്യത്തിന് ഊന്നൽ കൊടുക്കുന്നു.

യേശുവിന്റെ ശിഷ്യന്മാർ ഒരു ശാബതിൽ വിശന്നിട്ട് വഴിയരികെ വയലിൽനിന്ന് കതിരുകൾ പറിച്ച് തിരുമ്മിയെടുത്ത് അതിലെ ധാന്യമണികൾ തിന്നിരുന്നതാണ് ഫ്രീശർ വിമർശിക്കുവാൻ കണ്ട വിഷയം. യേശു അതിനു മറുപടി കൊടുത്തു, ഒന്ന് ഏതൊരു നിമിഷവും മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾക്ക് എതിർ നിൽക്കാൻ പാടില്ലെന്ന് .അതിന് ദാവീദിന്റെയും അനുചരന്മാരുടെയും ഉദാഹരണം ഉദ്ധരിക്കുന്നു. ബലിയല്ല കരുണയാണ് പ്രധാനം. അടുത്തതായി, ശാബതിൽ തന്നെ പുരോഹിതന്മാർ ദേവാലയത്തിൽ ജോലികളിൽ ഏർപ്പെടുന്ന് ഉണ്ടല്ലോ എന്ന് യേശു ചൂണ്ടിക്കാണിക്കുന്നു. ഫ്രീശരെത്തന്നെ തിരുത്തുവാൻ തനിക്കു അധികാരമുണ്ടെന്ന് യേശു അവകാശപ്പെടുന്നു. "മനുഷ്യ പുത്രൻ ശാബതിന്റെയും കർത്താവാണ് "(12/8). തുടക്കത്തിൽ വളരെ ലളിതമായി തോന്നിയിരുന്നു, മനുഷ്യ പുത്രൻ എന്ന അഭിധാനം. നാളേറെ ചെല്ലുന്തോറും അത് കൂടുതൽ അർത്ഥപൂർണ്ണം ആയിവന്നു. യേശുവിൽ കുറ്റം ആരോപിക്കാൻ ഫ്രീശർ ചോദിച്ചു. ശാബത്തിൽ രോഗശാന്തി നൽകുന്നത് അനുവദനീയമാണോ എന്ന്, എന്നാൽ യേശുവിന് നിർബന്ധമുണ്ട്,

www.malankaralibrary.com

തന്റെ സ്ഥാനം ഉറപ്പിക്കണമെന്ന്. കൈ ശോഷിച്ച ഒരുവനെ ശാബതിൽ സുഖപ്പടുത്തിയത് ശരിയാണോ എന്നചോദ്യത്തിന് യേശു മറുചോദ്യം ചോദിച്ചു. കുഴിയിൽ വീണ ആടിനെ ശാബതിൽ പിടിച്ചു കയറ്റാമെങ്കിൽ ഒരു മനുഷ്യന്റെ രോഗം സുഖപ്പെടുത്തരുതോ, എന്നു. യേശു തന്റെ സ്ഥാനം ഉറപ്പിക്കാൻ ശ്രമിച്ചതനുസരിച്ച് പ്രീശരുടെ എതിർപ്പും വർദ്ധിച്ചു. എങ്കിലും തുറന്ന എതിർപ്പിന് മുതിരാതെ, യേശു അവിടെ നിന്നും പിൻവാങ്ങി.

യേശുവിന്റെ പ്രവർത്തനശൈലി എതിർപ്പിന്റേതല്ല. ഏശായാ പ്രവചിച്ച പ്രകാരം, യേശു ദൈവത്തിന്റെ തെരഞ്ഞെടുത്ത ദാസനാണ്; "പുത്രനിൽ പിതാവ് പ്രസാദിച്ചിരിക്കുന്നു. മാത്രമല്ല ദൈവം തന്റെ ആത്മാവിനെ അവന്റെ മേൽ അയക്കുകയും ചെയ്യുന്നു" (12/18). പ്രവചനത്തിൽ മിശിഹാ വിജാതീയരെയും ന്യായവിധി അറിയിക്കുമെന്ന് വെളിപ്പെടുത്തി. യേശു അറിയിക്കുന്ന ന്യായവിധി കരുണയുടേതു് ആകയാൽ, എല്ലാവർക്കും അത് സുവിശേഷമാണ്. യേശുവിന്റെ വിധി സൗമ്യതയുടേതാണ്. "അതുകൊണ്ട് ഏശായാ തുടരുന്നു. – "അവൻ തർക്കിക്കുകയോ ബഹളം കൂട്ടുകയോ ഇല്ല." തെരുവുവീഥികളിൽ അവന്റെ ശബ്ദം ആരും കേൾക്കുകയുമില്ല (12/19) എതിരാളിക്ളെന്നു പ്രത്യക്ഷപ്പെടുന്നവരോട് തുറന്നടിക്കാത്തതിനു കാരണമുണ്ട്. അവർ ദൈവത്തിന്റെ പദ്ധതിയെ എതിർക്കുമ്പോൾ തന്നെ, ദൈവചൈതന്യം മുഴുവനും നഷ്ടപ്പെടുത്തിക്കാണുകയില്ല. തിരിഞ്ഞുവരാനുള്ള സാധ്യത അവരിൽ ഉണ്ടാകാം, അതുകൊണ്ട് ഏശായ പ്രവചനത്തിൽ തുടർന്നു കാണുന്നു. "നീതിയെ വിജയത്തിലെത്തിക്കുംവരെ ചതഞ്ഞ ഞാങ്ങനെ ഒടിക്കുകയില്ല, മങ്ങിക്കത്തുന്ന തിരി കെടുത്തിക്കളയുകയുമില്ല" (12/20). ദൈവത്തിന്റെ കരുണയും സ്നേഹവും ആർക്കും സന്തോഷകരമാണ്. "അതുകൊണ്ട് അവന്റെ നാമത്തിൽ വിജാതീയർ പ്രത്യാശ വയ്ക്കും" (12/21).

അന്ധനും ഊമനുമായ ഒരുവനെ സുഖപ്പെടുത്തിയതിന്റെ പേരിലുണ്ടായ ആരോപണം രസകരമാണ്, 'പിശാചിന്റെ തലവനെക്കൊണ്ടു പിശാചിനെ പുറത്താക്കുന്നു എന്ന് ആണത്. യേശു മറുപടി കൊടുത്തു, "സാത്താൻ സാത്താനെ പുറത്താക്കുന്നു എങ്കിൽ അവൻ തനിക്കെതിരായി ഭിന്നിക്കുകയാണ്" എന്ന് (12/26). ഒരു മറുചോദ്യം യേശു ഉന്നയിച്ചു, നിങ്ങളുടെ പുത്രന്മാർ ആരെക്കൊ

www.malankaralibrary.com

ണ്ടാണ് പിശാചിനെ ബഹിഷ്ക്കരിക്കുന്നത് എന്ന്. പിശാചുബഹിഷ്ക്കരണം എന്ന പേരിൽ ഒത്തിരി പേക്കൂത്തുകൾ അന്നു നടന്നിരുന്നു. ആ വ്യാജശ്രമങ്ങളിൽ പിശാചിന്റെ കൈയ്യ് ഉണ്ടെന്ന് യേശു ചൂണ്ടിക്കാണിക്കുകയാണ്, ആ ചോദ്യത്തിലൂടെ. യേശു തുടർന്നു പറഞ്ഞു, "ദൈവാത്മാവിനെക്കൊണ്ടാണ് ഞാൻ പിശാചുക്കളെ പുറത്താക്കുന്നത് എങ്കിൽ ദൈവരാജ്യം നിങ്ങളുടെ ഇടയിൽ വന്നിരിക്കുന്നു" (12/28). "ശക്തനായ മനുഷ്യന്റെ ഭവനത്തിൽ പ്രവേശിച്ച് വസ്തുക്കൾ കവർച്ചചെയ്യാൻ ആദ്യം അവനെ തന്നെ ബന്ധിക്കാതെ സാധിക്കുമോ" (15/29) ഇസ്രയേലാണ് ദൈവഭവനം, അതിനെ കാക്കുന്ന ശക്തനെ. ബന്ധിക്കാനാണ് പ്രീശരുടെ ശ്രമം. യേശുവാണ് ആ ശക്തൻ. എന്നാൽ ഒരു കാര്യം യേശു തുറന്നുപറയുന്നു. എന്നോടു കൂടെയല്ലാത്തവൻ എനിക്കെതിരാണ്. എന്നോടു കൂട്ടുചേരാത്തവൻ ചിതറിപ്പോകുന്നു. അതുകൊണ്ട് പ്രീശരെപ്പോലും തന്റെകൂടെ ചേർന്നു നിൽക്കാൻ യേശു ഒന്നു കൂടി ക്ഷണിക്കുന്നു.

ദൈവത്മാവിൽ ആണ്, യേശു പ്രവർത്തിക്കുന്നത്. ആത്മാവിനെഎതിർത്തു നിൽക്കരുതെന്നാണ്, യേശുവിന്റെ അഭ്യർത്ഥന. യേശു വ്യക്തമാക്കുന്നു.- "മനുഷ്യപുത്രന് എതിരായി ആരെങ്കിലും ഒരു വാക്കു പറഞ്ഞാൽ അത് ക്ഷമിക്കപ്പെടും, എന്നാൽ പരിശുദ്ധാത്മാവിന് എതിരായി ആരെങ്കിലും സംസാരിച്ചാൽ ഈ യുഗത്തിലേ, വരാനിരിക്കുന്ന യുഗത്തിലോ ക്ഷമിക്കപ്പെടുകയില്ല" (12/32) ഈ വാക്യത്തിന്റെ അർത്ഥം അത്ര ലളിതമല്ല. കാരണം മനുഷ്യപുത്രൻ പ്രവർത്തിക്കുന്നത് ദൈവാത്മാവിനാലാണ്. അതുകൊണ്ട് സ്വാഭാവികമായി യേശുവിന് എതിരായിരിക്കുന്നവൻ ആത്മാവിനും എതിരായിരിക്കുന്നു. എന്നാൽ ദൈവവചനം സ്വീകരിക്കുന്നതിന് രണ്ടു ഘട്ടമുണ്ട്. ഒന്നാമതായി ബാഹ്യപ്രകാശനം ഗ്രഹിച്ചുവോ എന്ന അടിസ്ഥാനത്തിൽ. പലരും പലതും കാണുന്നു, കേൾക്കുന്നു. എന്നാൽ ഗ്രഹിക്കുന്നില്ല. അവർ മനുഷ്യനോട് എന്നപോലെ ദൂഷണം പറയുന്നവരിൽപെടുന്നു അവർ സത്യം ഗ്രഹിച്ചിട്ടില്ല. എന്നാൽ സത്യം ഗ്രഹിച്ചിട്ടും, കഠിനഹൃദയരായി അതിനു എതിർ നിൽക്കുന്നവരുമുണ്ട്. അവർ പിശാചിന്റെ കുട്ടിൽപെട്ടുകഴിഞ്ഞു. സത്യം അറിഞ്ഞുകൊണ്ട് മറുതലിക്കുന്നവർ, പരിശുദ്ധാത്മാവിന് എതിർനിൽക്കുന്നവരാണ്. ആ മനോ

www.malankaralibrary.com

ഭാവത്തിൽ നിന്ന് വിട്ടുപോരുന്നത് കഠിനം, അതേ കാഠിന്യം പുലർത്തുന്നവർക്ക് രക്ഷ സാധ്യമായി വരികയില്ല, ദൈവത്തിന്റെ പ്രവൃത്തികളെന്നു ബോധ്യപ്പെട്ട ശേഷം, അവ പിശാചിന്റേതാണ് എന്ന് ആരോപിക്കുന്നവരുടെ മനസ്സാക്ഷി എത്ര കഠിനമായിരിക്കുന്നു. അങ്ങനെ സ്ഥിരമായി സത്യത്തിന് എതിരെ നിൽക്കുന്നവരെ ചീത്ത വൃക്ഷമായി യേശു എണ്ണുന്നു, ദൈവാത്മാവിന് കീഴ്വഴങ്ങിനിൽക്കുന്നവരെ നല്ല വൃക്ഷമായും. നല്ല വൃക്ഷം നല്ല ഫലവും ചീത്ത വൃക്ഷം ചീത്ത ഫലവും നൽകുന്നു. ഹൃദയത്തിൽ നിന്നാണല്ലോ നാവു സംസാരിക്കുന്നത്. "നല്ല മനുഷ്യൻ നന്മയുടെ ഭണ്ഡാര(ഹൃദയം) ത്തിൽ നിന്നു നന്മ സംസാരിക്കുന്നു. ദുഷ്ടരായവർ തിന്മയുടെ ഭണ്ഡാരത്തിൽ നിന്ന് തിന്മ പുറപ്പെടുവിക്കുന്നു" (12/35). അതുകൊണ്ട് വ്യർത്ഥവചനവും ഗൗരവതരമാണ്. യേശുവിന് എതിരായി സംസാരിക്കുന്നവർ, ദൈവരാജ്യത്തിന് എതിരുനിൽക്കുന്നവരാണ്. "നിന്റെ വാക്കുകളാൽ നീതിമത്ക്കരിക്കപ്പെടും. നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും."

എല്ലാം കണ്ടിട്ടും കേട്ടിട്ടും പിന്നെയും അടയാളം ചോദിക്കുകയാണ്, പ്രീശരിലും നിയമജ്ഞരിലും ചിലർ. ദുഷിച്ചതും വ്യഭിചരിക്കുന്നതുമായ തലമുറ, എന്നാണ് യേശു അവരെ വിശേഷിപ്പിക്കുന്നത്. "യോനാ മൂന്നു രാവും മൂന്നു പകലും മത്സ്യത്തിന്റെ വയറ്റിൽ കിടന്നതു പോലെ മനുഷ്യപുത്രനും മൂന്നുരാവും മൂന്നുപകലും ഭൂമിയുടെ ഉള്ളിലായിരിക്കും". നിലവിലിരുന്ന പാരമ്പര്യമാണ് യോനായുടേത്. അത് നടന്നതാണ് എന്ന തീർപ്പൊന്നും ഈ വാക്യത്തിലില്ല. സാദൃശ്യം മാത്രം പ്രധാനം. യേശുവിന്റെ കബറടക്കത്തെയും മരണത്തെയുമാണ് ഇതിൽ സൂചിപ്പിക്കുന്നത്. അത് ഒരു അടയാളമാണല്ലോ , പക്ഷേ വിശ്വാസികൾക്കു മാത്രം. യഹൂദർ മറുതലിച്ചു നിന്നു. എന്നാൽ യോനായുടെ പ്രസംഗം കേട്ട് നിന്നവർ അനുതപിച്ചതുപോലെ ഉത്ഥിതനായ കർത്താവിൽ വിശ്വസിച്ച് ജാതികൾ രക്ഷപ്പെടും എന്നാണ്, ഇതിലെ വിവക്ഷ. യേശു താൻ ആരെന്ന് വ്യക്തമാക്കിക്കൊടുക്കുന്നു, യോനായെക്കാൾ വലിയവൻ. ശലോമോന്റെ ജ്ഞാനം കേൾക്കാൻ ദക്ഷിണദേശത്തുനിന്നും രാജ്ഞി വന്നതും ഇവിടെ എടുത്തു പറയുന്നു. യേശുവാകട്ടെ ശലോമോനെക്കാൾ വലിയവൻ.

www.malankaralibrary.com

യേശു തന്റെ വാക്കു ഗ്രഹിച്ചവർക്കു മുന്നറിയിപ്പു നൽകുന്നു, പിശാചിനെ പുറത്താക്കിയശേഷം ഓരോ വ്യക്തിയിലും സമൂഹത്തിലും സംഭവിക്കാവുന്നതിനെപ്പറ്റി. പുറത്തുപോയ പിശാച് തിരികെ വരുമ്പോൾ എല്ലാം വെടിപ്പായി കിടക്കുന്നതു കണ്ടാൽ കൂടുതൽ ദുഷ്ടരായ ഏഴു പിശാചുക്കളെ കൂട്ടിക്കൊണ്ടു വന്ന് കുടിയേറുമ്പോൾ, പിശാചിനെ പുറത്താക്കുന്നതിനു മുമ്പുള്ള അവസ്ഥയെക്കാൾ അവസാനത്തെ സ്ഥിതി ശോചനീയമായിരിക്കുമെന്ന്, വീടിന്റെ ഒരു ഉപമയാണിത് പിശാച് അധികം ഉണർന്നു പ്രവർത്തിക്കുന്നു. അതുകൊണ്ട് സഭയിൽ വസിക്കുന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. ശക്തനായ യേശു കൂടെയുണ്ട്. അവിടുത്തെ സാന്നിദ്ധ്യം സഭയിലുള്ളവർ അറിഞ്ഞു ആശ്രയിച്ചു പ്രവർത്തിക്കണം.

ഈ ഭവനാനുഭവത്തിന്റെ വെളിച്ചത്തിൽ വേണം, യേശുവിന്റ അമ്മയും സഹോദരരും വന്ന് യേശുവിനോട് സംഭാഷണം ചെയ്യാൻ കാത്തുനിന്ന സംഭവത്തെക്കാണാൻ. സ്വാഭാവികജനനത്തിന്റെ അടിസ്ഥാനത്തിലുള്ള ഭവനാനുഭവത്തിന് ഉപരിയായി ഒന്ന് യേശുവിന് വാഗ്ദാനം ചെയ്യാനുണ്ട്, സ്വർഗ്ഗസ്ഥനായ തന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവരോട്. അങ്ങനെയുള്ളവരാണ്, തന്റെ അമ്മയും സഹോദരനും, സഹോദരിയും. നിങ്ങളുടെ പിതാവെന്ന് പറയുന്നതിന് പകരം എന്റെ പിതാവെന്ന് യേശു പറയുന്നത്, ആ പിതാവിനോട് യേശുവിന് ഭവനാനുഭവം ഉള്ളതുകൊണ്ടാണ്. അതിൽ ആദ്യമേ ഉൾപ്പെട്ടവളാണ്, യേശുവിന്റെ അമ്മ. അതേ ഭവനാനുഭവത്തിൽ തന്നിൽ വിശ്വസിക്കുന്നവരെ ഉൾപ്പെടുത്താൻ യേശു ആഗ്രഹിക്കുകയും ചെയ്യുന്നു.

## അധ്യായം പതിമൂന്ന്

**ദൈ**വഹിതം അനുവർത്തിക്കുന്നവർ പിതാവിന്റെ മക്കളാണ്, യേശുവിന്റെ സഹോദരരാണ്. അവർ ദൈവരാജ്യത്തിൽ ഉൾപ്പെടുകയും ചെയ്യുന്നു. വളരെ ലളിതമായ രൂപരേഖയാണിത്. എങ്കിലും അതിൽ പ്രവേശിക്കുവാൻ വിസമ്മതിക്കുന്നവർ ധാരാളം. ഈ പ്രശ്നത്തിന് മത്തായി സുവിശേഷകൻ ഉത്തരം നൽകുകയാണ്,

www.malankaralibrary.com

യേശുവിന്റെ ഉപമകൾ എടുത്തെഴുതന്നതിലൂടെ. ഒരു വശത്ത് യേശുവിന്റെ ഉപദേശം ഒരുകൂട്ടം ആളുകൾ നിരാകരിക്കുന്നതിലുള്ള വേദന, മറുവശത്ത് ഒരു ചെറിയ ഗണം അത് സ്വീകരിക്കുന്നതിലുള്ള ആനന്ദം-ഈ ദ്വന്ദഭാവം ഓരോ ഉപമയിലും നിറഞ്ഞുനിൽക്കുന്നു. പക്ഷേ ഉപമകൾ ഉപദേശിക്കുന്നതിലൂടെ, യേശു ആരെയും തള്ളിപ്പറയുന്നില്ല. ഓരോ ഉപമയും സ്വർഗ്ഗരാജ്യത്തിലേക്കുള്ള ക്ഷണമാണ്. അതിന്റെ ബാഹ്യഭാവം, ഒരു ചെറിയ കഥ എന്നപോലെ ആകർഷകമാണ്. അത് സൂചിപ്പിക്കുന്ന ദൈവഹിതാനുഷ്ഠാനത്തിന് ഇസ്രായേൽ ജനം തയ്യാറാകുമോ എന്നതാണ്, യേശുവിന്റെ മുമ്പിലെ പ്രശ്നം. തയാറാകാത്തവർ കേട്ടിട്ടും കേൾക്കാതെയും കണ്ടിട്ടും കാണാതെയും, പിന്തിരിഞ്ഞുപോകുന്നു. തയ്യാറാകുന്നവരാകട്ടെ യേശുവിൻ പക്കലേക്ക് അടുത്തു വരുന്നു. 'സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു, ദൈവത്തിലേക്കു തിരിഞ്ഞുവരുവിൻ', എന്ന സുവിശേഷത്തിന്റെ വിളി, ഓരോ വ്യക്തിയിലും നിർണ്ണായകമാകുന്നത് ഉപമകൾക്ക് ചെവി കൊടുക്കുമ്പോഴാണ്. അതുകൊണ്ട് ഓരോ ഉപമയുടെയും അവസാനത്തിൽ വിളിച്ചു പറയുന്നു, കേൾക്കുവാൻ ചെവിയുള്ളവൻ കേൾക്കട്ടെ. കേൾക്കുന്നവൻ തന്റെ ഉൾക്കാത് തുറക്കുമോ എന്നതാണ് കാതലായ പ്രശ്നം.

ഉപമകൾക്ക് അടിസ്ഥാന മാതൃകയാണ്, വിതക്കാരന്റെ ഉപമ. ധാരാളിയായ ഒരുകർഷകൻ ഒരു ഇടവും വിട്ടുകളയുന്നില്ല. വിത്തു വിതയ്ക്കുമ്പോൾ വഴിയരികിലും പാറപ്പുറത്തും മുൾച്ചെടിച്ചെടികളുടെ ഇടയിലും, അത് വീഴുന്നു. അവിടെയെല്ലാം എന്തു സംഭവിച്ചു, എങ്ങനെ വിത്ത് നഷ്ടമായി എന്ന് യേശു എടുത്തു പറയുന്നു. വിത്ത് മുളച്ചുവെങ്കിലും, ഫലം നൽകാത്ത അവസ്ഥയാണ്, അവിടെയെല്ലാം. എന്നാൽ നല്ല നിലത്ത് വീണ വിത്ത് നൂറു മേനിയും, അറുപത് മേനിയും, മുപ്പതു മേനിയും ഫലം നൽകി. നല്ല നിലം നോക്കി വിതയ്ക്കാനാണെങ്കിൽ യേശുവിനെ ശിഷ്യരോട് മാത്രം ഉപദേശിച്ചാൽ മതിയായിരുന്നു. അങ്ങനെയാണല്ലോ ഓരോ ദേശത്തുമുള്ള ഗുരുക്കന്മാർ ചെയ്തിരുന്നത്, ശിഷ്യരെ മാത്രം പഠിപ്പിക്കുക. എന്നാൽ ജനക്കൂട്ടം ഏറി വന്നു. അവരെ ആരെയും വിട്ടുകളയുവാൻ യേശു തയ്യാറായില്ല. അതുകൊണ്ട് അവിടുന്ന് പടവിൽ കയറിയിരുന്ന് സംസാരിച്ചതായി സുവിശേഷകൻ പറയുന്നു. ശിഷ്യന്മാരോ പടവിൽ യേശുവിന്റെ കൂടെ ഉണ്ടായിരുന്നു. യേശു ഉപമകളിൽ സംസാരിച്ചു. പാറപ്പു

www.malankaralibrary.com

റത്തും മുൾച്ചെടികളുടെ ഇടയിലും മറ്റും വിത്തു വീണു ഫലം നൽകാതെ പോകുന്ന അനുഭവം ഉണ്ടാകാമെന്ന് യേശു അറിഞ്ഞിരുന്നു, എങ്കിലും എല്ലാവരോടും സംസാരിച്ചു. ഫലം നൽകുന്നതിൽ തടസ്സം നിൽക്കുന്നത് കേൾക്കുന്നവരാണ്. അവർ കേട്ടിട്ടും കേൾക്കാതെയും കണ്ടിട്ടും കാണാതെയും പോകുന്നു. ദൈവത്തിലേക്ക് തിരിഞ്ഞു വരാൻ അവർ വിസമ്മതിച്ചു. വചനം വിതച്ച യേശുവിനോടു നിരന്തരം ജീവപരമായി ബന്ധപ്പെടുന്നവർ മാത്രമേ ഫലം പുറപ്പെടുവിക്കുകയുള്ളു. ജനം ഉപമ കേട്ട് പരിഞ്ഞുപോയി. ശിഷ്യരാകട്ടെ ഉപമയുടെ ഉള്ളർത്ഥം അറിയാൻ യേശുവിന്റെ കൂടെ നിന്നു.

യേശു ശിഷ്യരോടു പറഞ്ഞു, "സ്വർഗ്ഗരാജ്യത്തിന്റെ രഹസ്യങ്ങൾ അറിയാൻ നിങ്ങൾക്കാണ് വരം ലഭിച്ചിരിക്കുന്നത്" എന്ന്. മത്തായി സുവിശേഷകൻ രഹസ്യങ്ങൾ എന്ന് ബഹുവചനം ഉപയോഗിച്ചിരിക്കുന്നു. ഓരോ വ്യക്തിക്കും ഓരോ രഹസ്യം എന്നായിരിക്കും അതിന്റെ അർത്ഥം. ഉപമയിൽ ഫലം നൽകുന്നതിനെപ്പറ്റി നൂറുമേനിയും, അറുപത് മേനിയും, മുപ്പതുമേനിയും എന്നു വ്യത്യാസപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക. ഓരോ വ്യക്തിയിലും, ഓരോ സമൂഹത്തിലും വ്യത്യസ്തമായാണ് വചനം ഫലം പുറപ്പെടുവിക്കുന്നത്. സ്വർഗ്ഗരാജ്യത്തിന്റെ രഹസ്യങ്ങൾ ഓരോ വ്യക്തിയിലും, ദൈവം പകർന്നുകൊടുക്കുന്ന ജീവന്റെ ചൈതന്യവും അനുഭവവുമാണ്. ഫലം നൽകാനുള്ള ദൗത്യവും പ്രേരണയും വ്യത്യസ്തമായിരിക്കുന്നു. എന്നാൽ എല്ലാവരോടും, ജീവകേന്ദ്രമായ യേശുക്രിസ്തു ബന്ധപ്പെട്ടിരിക്കുന്നു. ഓരോ വിശ്വാസിക്കും സ്വന്തം ഫലം പുറപ്പെടുവിക്കത്തക്കവണ്ണം യേശു പറയുന്നു. " ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവൻ ഉണ്ടാകാനും സമൃദ്ധിയായി ഉണ്ടാകാനുമാണ് "(യോഹ 10/10). ഇസ്രായേൽ ജനത്തിന് ദൈവം ജീവന്റെ അനുഭവം നൽകിയിരുന്നു. അവരിൽ പലരും അതു കളഞ്ഞുകുളിച്ചു. ആ പൈതൃകമാണ്, യേശു ശിഷ്യർക്കു നൽകുന്നത്. നഷ്ടപ്പെട്ടു പോയ ജീവൻ, നശിച്ചു പോയവരിൽ നിന്ന്, എടുത്ത് ഫലം നൽകുന്നവർക്ക് നൽകാനുള്ള തുടക്കം ആണിത്. ഇല്ലാത്തവരിൽ നിന്ന് ഉള്ളതു കൂടിയെടുത്ത് ഉള്ളവർക്കു നൽകുന്നു. ഈ സന്ദർഭം വച്ചു നോക്കുമ്പോൾ ഏശായായുടെ പ്രവചനം അന്വർത്ഥമാണെന്ന് കാണാം. " അവർ കണ്ണുകൊണ്ടു കണ്ട് കാതുകൊണ്ട് കേട്ട് , മാനസാന്തരപ്പെടുകയും, ഞാൻ അവരെ

www.malankaralibrary.com

സുഖപ്പെടുത്തുകയും അസാധ്യമാകുമാറ് ഈ ജനതയുടെ ഹൃദയം കഠിനമായിത്തീർന്നിരിക്കുന്നു.'' (13/15). പഴയ ഇസ്രായേലിന്റെ സ്ഥാനത്ത് പുതിയ ഇസ്രയേലിനെ സ്ഥാപിക്കുന്നതാണ്, ഉപമകളുടെ ഉദ്ദേശ്യം. ഈ പുതിയ ഇസ്രായേലിനെയാകട്ടെ പ്രവാചകൻ മുന്നേകൂട്ടി ദർശിച്ചതാണ്. ഇതുവച്ച് യേശു തന്റെ അരുളപ്പാട് പൂർത്തിയാക്കുന്നു. '' അനേകം പ്രവാചകന്മാരും നീതിമാന്മാരും നിങ്ങൾ കാണുന്നവ കാണാൻ ആഗ്രഹിച്ചു. എങ്കിലും കണ്ടില്ല'' (13/17). പഴയത് പൂർത്തീകരിച്ച്, പുതിയ ആളുകൾക്ക് യേശു പങ്കുവെയ്ക്കുന്നു. അതുകൊണ്ട് ശിഷ്യന്മാരുടെ ചെറുഗണത്തെ നോക്കി യേശു പറഞ്ഞു. നിങ്ങൾ ഭാഗ്യവാന്മാർ, 'ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ എന്ന ആശംസയുടെ പൂർത്തീകരണം ഇവിടെ ദർശിക്കാം.

വചനം ചെറിയ ആട്ടിൻകൂട്ടത്തിൽ നല്ല ഫലം പുറപ്പെടുവിച്ചു. അതാണ്, പുതിയ ഇസ്രായേലായ സഭ. എന്നാൽ ഈ സഭയിൽ ഉൾപ്പെട്ടവർ തന്നെ ഫലം തരാതിരിക്കുന്നില്ലേ ? ഇതാണ്, മത്തായി സുവിശേഷകൻ ഉത്തരം നൽകുന്ന വേറൊരു പ്രശ്നം. അതിന് യേശു തന്നെ അരുളിചെയ്ത വേറൊരു ഉപമയെ സുവിശേഷകൻ ആശ്രയിക്കുന്നു., ഗോതമ്പിന്റെയും കളയുടെയും ഉപമ. വിതക്കാരന്റെ ഉപമയിൽ നിലത്തിന്റെ നല്പു നോക്കാതെ വിത്തു വിതക്കുന്നു; ഇതിലാകട്ടെ കളകൾ പറിച്ചു കളയാൻ വയലിന്റെ ഉടമസ്ഥൻ അനുവദിക്കുന്നില്ല. ആദ്യത്തേതിൽ വചനം ലഭിക്കാതെ ആരും ഉണ്ടാകരുത് എന്നാണെങ്കിൽ, ഇതിൽ കളയോടൊപ്പം ഗോതമ്പു ചെടികളും പിഴുതു കളയരുത് എന്നാണ് ഉടമസ്ഥന്റെ നിർബന്ധം. രണ്ടിലും ദൈവത്തിനു തന്റെ മക്കളുടെ മേലുള്ള കരുതൽ വ്യക്തമാണ്. വിതക്കാരന്റെ ഉപമയിൽ എന്നപോലെ ഇതിലും ശിഷ്യന്മാർ യേശുവിൽ നിന്ന് വിശദീകരണം ആവശ്യപ്പെടുന്നു. ശിഷ്യന്മാരുടെ ബോധനവിധേയത്വമാണ്, ഇതിലെ മാതൃകാപാഠം. സഭയിലും വചനം ചെവിക്കൊള്ളുന്ന മനസ്സ്, വിശ്വാസികൾ നിലനിർത്തേണ്ടതാണ്. ഓരോ ദൈവപൈതലും ദൈവാത്മാവിന് ചെവികൊടുക്കുന്നതാണ്, കൂടുതൽ പ്രധാനം. സ്വർഗ്ഗരാജ്യം, വയലിൽ പാകിയ കടുകുമണിപോലെ വളർന്ന് ഒരു വലിയ ചെടിയാകുന്നതും 'പറവകൾ അതിൽ വന്ന് പാർക്കുന്നതും' വിശ്വാസികൾ സഭയായും വ്യക്തികളായും ദൈവാത്മാവിന് കീഴവഴങ്ങുന്നതിന്റെ നല്ല ഫലമാണ്, കുറിക്കുന്നത്. ചെറിയ അജഗണം ബൃഹത് രൂപം പ്രാപി

www.malankaralibrary.com

ക്കുന്ന സാധ്യതയും യേശു തള്ളിക്കളയുന്നില്ല. സഭയിലും ജനക്കൂട്ടത്തിന്റെ പ്രതീതി ഉണ്ടാകുകയാണോ? കളകൾ വളരുന്ന പഴയ ഇസ്രായേലിന്റെ സ്ഥിതി സഭയിലും ആവർത്തിച്ചേക്കാം. ഉപമകൾ ജനക്കൂട്ടത്തെ പഠിപ്പിക്കുന്നതിനുള്ള നല്ല ഉപാധിയാണ്. എന്നാൽ ഫലം തരുന്നത് ചെറിയ ഗണം മാത്രം. ദൈവത്തിന്റെ വായിൽ നിന്നു വരുന്ന വചനം എന്നപോലെ ഉപമയും വ്യർത്ഥമായിപ്പോകുന്നില്ല. ലോകസ്ഥാപനം മുതൽ നിഗൂഢമായിരുന്നവ പ്രസ്താവിക്കുന്നത്, ഉപമളിലൂടെയാണ്. ദൈവജീവൻ എങ്ങനെ വ്യക്തികളിലും സമൂഹങ്ങളിലും കടന്നുവരുന്നുവെന്ന് ഉപമകൾ വെളിവാക്കിത്തരുന്നു.

കളകളുടെ ഉപമയും യേശു ശിഷ്യന്മാർക്ക് വിശദീകരിച്ചുകൊടുക്കുന്നു. "നല്ല വിത്തു വിതക്കുന്നവൻ മനുഷ്യപുത്രനാണ്, വയൽ ലോകവും, നല്ല വിത്ത് രാജ്യത്തിന്റെ പുത്രന്മാരും, കളകൾ ദുഷ്ടന്റെ പുത്രന്മാരുമാണ്'' (12/38). മനുഷ്യപുത്രനെന്ന അഭിധാനത്തിന്റെ അർത്ഥം യേശു കൂടുതൽ വ്യക്തമാക്കുന്നു. മനുഷ്യപുത്രൻ, ശാബതിന്റേയും കർത്താവാണ്, പാപം മോചിക്കുവാൻ അധികാരമുള്ളവനാണ്, എന്ന് നേരത്തേ പറഞ്ഞുവല്ലോ. വിത്തു വിതയ്ക്കുന്നവനും, കൊയ്ത്തിന് ദൈവദൂതന്മാരെ അയക്കുന്നതും മനുഷ്യപുത്രൻ തന്നെ. എല്ലാ അധികാരവും പിതാവ് പുത്രന് നൽകിയിരിക്കുന്നു എന്നത് അനുസരിച്ചാണ്, യേശു ഇവിടെ തന്റെ ദൗത്യം വിശദമാക്കുന്നത്. നല്ല വിത്ത് വളർന്നു രാജ്യത്തിന്റെ പുത്രന്മാർ ആയിത്തീരുന്നു. ചീത്ത വിത്തോ, ദുഷ്ടന്റെ പുത്രന്മാർ, അവസാനത്തിൽ അഗ്നിയ്ക്ക് ഇരയാകുന്നു. ചെടി ഏതായിരിക്കുന്നുവോ അങ്ങനെ തുടരുന്നു എന്നാണ് ഉപമയിൽ സൂചിപ്പിക്കുന്നത്. എങ്കിലും നല്ലതായി തുടങ്ങിയവർ ചീത്തയാകുന്നതും, ചീത്തയായിരുന്നവർ നല്ലവരാകുന്നതും, ഇവിടെ നിഷേധിക്കുന്നില്ല. ഉപമയിൽ ഒതുങ്ങിനിൽക്കുന്ന വിവരണം മാത്രം, യേശു ജനത്തിന് നൽകുന്നു. എന്നാൽ യേശുവിൽ നിന്ന് വെളിച്ചം തേടുന്നവർ അതിന്റെ രഹസ്യം അനുഭവിക്കുന്നു. " അപ്പോൾ നീതിമാന്മാർ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ ശോഭിക്കും'' (13/43). ഈ സൂര്യൻ യേശു തന്നെയാണ്, യേശുവിന്റെ പ്രകാശത്താൽ യേശുവിൽ വിശ്വസിക്കുന്നവരും പ്രകാശിതരാകുന്നു.

www.malankaralibrary.com

നീതിമാൻ സ്വർഗ്ഗരാജ്യത്തിൽ എത്തിച്ചേരുന്നത് എത്ര വലിയ ത്യാഗത്തിന്റെ ഫലമാണ്. അതിന്റെ മാറ്റ് മനസ്സിലാക്കി അയാൾ കാലേകൂട്ടി പ്രവർത്തിക്കുന്നു. ഒരു വയലിൽ നിധി ഒളിച്ചു വച്ചിരിക്കുന്നത് ഒരുവൻ അറിഞ്ഞ് അക്കാര്യം രഹസ്യമായി സൂക്ഷിച്ചു, തനിക്കുള്ളതെല്ലാം വിറ്റു ആ വയൽ വാങ്ങുന്നു. ഇപ്പറഞ്ഞത് കുടുംബത്തിൽ ദൈവദൗത്യം ഏൽപ്പിച്ചവരെ ഉദ്ദേശിച്ചാണ്. ഒരു രത്നവ്യാപാരി ആകട്ടെ വിലയേറിയ ഒരു രത്നം ഉണ്ടെന്നു മനസ്സിലാക്കി, തനിക്കുള്ളതെല്ലാം വിറ്റു ആ രത്നം വാങ്ങുന്നു. ഈ ഉപമ ലോകബന്ധങ്ങൾ ഉപേക്ഷിച്ചു സന്യാസികളാകുന്നവരെ ഉദ്ദേശിക്കുന്നു. ഇവ രണ്ടും സ്വർഗ്ഗരാജ്യത്തിന് സദൃശമാണെന്ന് യേശു വ്യക്തമാക്കിത്തരുന്നു. അദൃശ്യമായ സ്വർഗ്ഗരാജ്യത്തിന്റെ മൂല്യം തിരിച്ചറിഞ്ഞു ദൃശ്യമായതെല്ലാം ഉപേക്ഷിക്കുന്ന വലിയ വിശ്വാസം ആണ്, ഒരുവനെ സ്വർഗ്ഗരാജ്യത്തിന് പ്രാപ്തനാക്കുന്നത്. ഈവിധം സ്വർഗ്ഗരാജ്യം കാംക്ഷിച്ച് പ്രവർത്തിക്കുന്നവർ പുളിമാവുപോലെ വർത്തിക്കുകയും സമൂഹത്തെ മുഴുവൻ പുളിപ്പുള്ളതാക്കുകയും ചെയ്യുന്നു. ആന്തരിക പരിവർത്തനമാണ്, സ്വർഗ്ഗത്തിന് യോഗ്യരാക്കുന്നത്, സമൂഹത്തിൽ പുളിമാവുപോലെ വർത്തിക്കുന്നവരുടെ ജീവിതം, സ്വർഗ്ഗത്തെയും, ഭൂമിയെയും, ബന്ധിക്കുന്ന കോണി ആയിത്തീരുന്നു.

ലോകാന്തത്തോട് ബന്ധപ്പെടുത്തിയ സ്വർഗ്ഗരാജ്യം നിദർശനം ചെയ്തിരിക്കുന്നു. അത് നല്ലതും തീയതുമായ മത്സ്യങ്ങളെ വീശിപ്പിടിക്കുന്ന വലയോട് സദൃശമാണ്. നല്ല മീൻ ശേഖരിക്കും, ചീത്തയായത് എറിഞ്ഞു കളയും. അതുപോലെ യുഗാന്തത്തിലും നല്ലവരെയും തീയവരെയും മാലാഖമാർ തിരഞ്ഞെടുക്കുന്നു. തീയവരെ തീനരകത്തിലേക്ക് എറിഞ്ഞുകളയുന്നു. നിങ്ങൾ ഇവയെല്ലാം ഗ്രഹിച്ചുവോ എന്ന് ശിഷ്യന്മാരോട് യേശു ചോദിച്ചു. 'ഉവ്വ്' എന്ന് അവർ ഉത്തരം പറഞ്ഞു. ഉപമകളുടെ പൊരുൾ അവർക്ക് വെളിവാകുന്നു. അവർക്ക് ചുമതലയും ഏൽപ്പിച്ചുകൊണ്ട് യേശു പറഞ്ഞു –"സ്വർഗ്ഗരാജ്യത്തിന്റെ ശിഷ്യനായിത്തീർന്ന ഓരോ നിയമജ്ഞനും, തന്റെ കരുതലിൽ നിന്ന് പുതിയതും പഴയതും പുറത്തെടുക്കുന്ന വീട്ടുടമസ്ഥന് തുല്യനായിരിക്കും" (13/52). ആ ദൗത്യം നിർവഹിച്ചതിന്റെ നല്ല ഫലമാണ്, സുവിശേഷങ്ങൾ, പ്രത്യേകിച്ച് മത്തായിയുടെ സുവിശേഷം.

www.malankaralibrary.com

## അധ്യായം പതിനാല് (13/53-58 - 14/1-36)

ഇസ്രായേൽക്കാർ അഹങ്കരിച്ചിരുന്നത് അബ്രഹാമിൽ നിന്നുള്ള സ്വാഭാവികജനനത്തിന്റെ പേരിൽ ആയിരുന്നു. അവരിലും ചിലർ ഉയർന്ന ഉദ്യോഗവും പദവിയും വഹിച്ചിരുന്നതനുസരിച്ച്, കൂടുതൽ ബഹുമാനമുള്ളവരായി പരിഗണിക്കപ്പെട്ടിരുന്നു. എന്നാൽ അവഗണിക്കപ്പെട്ട സ്ഥലമാണ്, നസ്രത്ത്. അവരിൽ തച്ചന്റെ ജോലി ചെയ്തിരുന്നവർ കൂടുതൽ അവഗണിക്കപ്പെട്ടുവന്നു. ഇതെല്ലാം വച്ചാണ്. നസ്രത്തുകാർ നസ്രായനെ നേരിടുന്നത്. പക്ഷെ ഒരു കാര്യം അവർ സമ്മതിച്ചു, യേശുവിന് അന്യാദൃശവും, അന്യൂനവുമായ അത്ഭുതശക്തി ഉണ്ടെന്ന്. അതിൽ സന്തോഷിക്കുന്നതിനു പകരം യേശുവിനെ താഴ്ത്തിക്കെട്ടി, കുടുംബത്തിന്റെ താഴ്ച വച്ച് സ്വന്തം നാട്ടുകാർ കളിയാക്കി. അവർക്ക് അവനിൽ ഇടർച്ച ഉണ്ടായി. സ്വർഗ്ഗരാജ്യത്തിലേക്കുള്ള പാതയിൽ അവർ തങ്ങൾക്കുതന്നെ വിലങ്ങുതടിയിട്ടു എന്നാണ്, അതിന്റെ അർത്ഥം. യേശു പറഞ്ഞു, 'പ്രവാചകൻ സ്വദേശത്തും സ്വഭവനത്തിലുമല്ലാതെ മറ്റെങ്ങും അവമതിക്കപ്പെടുന്നില്ല' (13/51) യൂദയാദേശവും ഇസ്രായേൽ ഭവനവും മിശിഹായെ തള്ളിപ്പറയുമെന്നതിന്റെ സൂചനയാണ്, ഇത്. പിതാവിൽ നിന്നു പുറപ്പെട്ടുവന്ന പുത്രനെ സ്വീകരിക്കാനുള്ള വിശ്വാസം അവർക്ക് ഇല്ലാതെ പോയി.

ദൈവത്തിന്റെ രക്ഷാകരമായ ഇടപെടലിനെ നിരാകരിച്ച വേറൊരു സംഭവം, സുവിശേഷകൻ അടുത്തതായി വിവരിക്കുന്നു. ഇതിലെ കഥാപുരുഷൻ വലിയ ഹേറോദേസു രാജാവിന്റെ പുത്രൻ ഹേറോദേസു അന്തിപ്പാസ് ആണ്. അയാളുടെ ഭാവനാസൃഷ്ടി ആണ്, മരിച്ചു പോയ യോഹന്നാന്റെ ശക്തികൊണ്ടാണ് യേശു പ്രവർത്തിക്കുന്നത് എന്ന ബാലിശമായ കെട്ടുകഥ. ഈ സന്ദർഭം വെച്ച് ഹേറോദേസ് എങ്ങനെ യോഹന്നാൻ സ്നാപകനെ വധിച്ചുവെന്ന് സുവിശേഷകൻ വിവരിക്കുന്നു. തന്റെ സഹോദരൻ ജീവിച്ചിരിക്കവേ, അയാളുടെ ഭാര്യയെ ഹേറോദേസ് സ്വന്തമാക്കിയതിന്റെ പേരിൽ യോഹന്നാൻ അവരെ കുറ്റപ്പെടുത്തി. അതിൽ കോപിഷ്ഠനായി ഹെറോദേസ് പ്രവാചകനെ തടവിലാക്കിയിരുന്നു. ഒരു രാജകൊട്ടാരം എങ്ങനെ തിന്മയുടെ കൂടാരമാകുന്നുവെന്ന് സുവിശേഷകൻ വ്യക്തമാക്കുന്നു. ഒരു പെണ്ണിന്റെ ആട്ടത്തിൽ മതിമയങ്ങി എന്തു സമ്മാനവും നൽകാമെന്ന് വാഗ്ദാനം ചെയ്യുന്ന രാജാവ്,

www.malankaralibrary.com

തനിക്ക് എതിരെ സംസാരിച്ചവനോട് പ്രതികാരം ചെയ്യാൻ കാത്തുകെട്ടി നിൽക്കുന്ന വെപ്പാട്ടി, ഏതു അധർമ്മവും ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്ന രാജസദസ്സ്, അതിന്റെ കൂടെ താളത്തിന് തുള്ളുന്ന കൊച്ചു പെണ്ണും. രംഗം പൂർത്തിയായി. ഇവരെല്ലാ വരും വിശുദ്ധന്റെ വധത്തിന് കൂട്ടായി പ്രവർത്തിച്ചു. യോഹന്നാന്റെ ശിഷ്യർ അദ്ദേഹത്തിന്റെ, മൃതശരീരം കണ്ടെടുത്തു മറവു ചെയ്തു. അവർ വിവരം യേശുവിനെ അറിയിച്ചു. ഈ സംഭവം യേശുവിന്റെ ജീവിതത്തിൽ വഴിത്തിരിവു കുറിക്കുന്നു.

യോഹന്നാന്റെ വധത്തെപ്പറ്റി കേട്ട്, യേശു വിജനസ്ഥല ത്തേക്ക് പിൻവാങ്ങി. പ്രാർത്ഥിക്കുവാൻ. ജനമാകട്ടെ കാൽനടയായി, യേശുവിനെ പിന്തുടർന്നു. ഒരു വലിയ ജനക്കൂട്ടം. അവരുടെ ആവ ശ്യങ്ങൾ യേശു അറിഞ്ഞു, യേശുവിന്റെ ആ നല്ല മനസ്സിൽ ശിഷ്യ ന്മാരും പങ്കുചേർന്നു. സ്നേഹത്തിന്റെ കൂട്ടായ്മയുടെ ആരംഭം. യേശു ശിഷ്യരോടു പറഞ്ഞു - നിങ്ങൾ അവർക്കു ഭക്ഷണം കൊടു ക്കുവിൻ. അഞ്ചു അപ്പവും രണ്ടു മത്സ്യവും മാത്രമെ അവിടെ ശിഷ്യ രുടെ പക്കലുണ്ടായിരുന്നുള്ളു. യോഹന്നാൻ സുവിശേഷകൻ പറ യുന്നത്, ആ അപ്പവും മത്സ്യവും അന്ത്രയോസു ഒരു ബാലന്റെ കയ്യിൽ നിന്നും വാങ്ങിച്ചു എന്നാണ്. ശിഷ്യന്മാർ ജനത്തെയും തങ്ങളുടെ കൂട്ടായ്മയിൽ ഉൾപ്പെടുത്തിക്കഴിഞ്ഞു. അങ്ങനെ മെസ യാനിക സമൂഹത്തിന്റെ തുടക്കം കുറിച്ചു. 'യേശു ആ അഞ്ചപ്പവും രണ്ടു മത്സ്യവും മുറിച്ച്, അപ്പം ശിഷ്യന്മാരെ ഏൽപ്പിച്ചു' (14/19) അപ്പം മുറിച്ചു കൊടുത്തതായി സുവിശേഷകൻ പറയുന്നു. എവുക്കാറിസ്തിക സമൂഹത്തിന്റെ മുൻകുറിയാണ് അത്. 'ശേഷിച്ച കഷണങ്ങൾ പന്ത്രണ്ടു കുട്ട നിറയെ ശിഷ്യർ ശേഖരിച്ചു'(14/20). ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളുടെ പുതിയ ക്രമം രൂപമെ ടുക്കുന്നതാണ്, സുവിശേഷകൻ ഇവിടെ സൂചിപ്പിക്കുന്നത്. ഭക്ഷി ച്ചവർ പുരുഷന്മാർ അയ്യായിരം. പിന്നെ സ്ത്രീകളും കുട്ടികളും. ഇസ്രായേൽ ജനത്തിന്റെ നല്ല ഒരു ഭാഗം ഈ വിരുന്നിൽ പങ്കു ചേർന്നു.

അതിനുശേഷം യേശു എല്ലാവരെയും പിരിച്ചുവിട്ടു. മറുക രയ്ക്കു പോകാൻ ശിഷ്യന്മാരെ നിർബന്ധിച്ചു. ജനക്കൂട്ടത്തെ പിരിച്ചുവിട്ടതിനുശേഷം യേശു ഏകാന്തതയിൽ പ്രാർത്ഥിക്കാൻ മല യിൽ കയറി, മോശ മലയിൽകയറി ജനത്തിനുവേണ്ടി ദൈവത്തോടു

www.malankaralibrary.com

പ്രാർത്ഥിച്ചതുപോലെ. യേശു പിതാവിനോടു സംഭാഷിച്ചു, ഇസ്രായേലിന്റെ ഭാവിരൂപം തേടിക്കൊണ്ടിരുന്നു, പരമപ്രധാനമായ സംഭാഷണം. 'അപ്പോൾ ശിഷ്യർ മറുകരയ്ക്കുപോകാൻ ബദ്ധപ്പെടുകയായിരുന്നു. കാറ്റു പ്രതികൂലമായിരുന്നതിനാൽ വഞ്ചി തിരമാലകളിൽപെട്ടു വല്ലാതെ ഉലഞ്ഞു. യേശുവാകട്ടെ കടലിന്മേൽ നടന്നു വേഗമെത്തി. ശിഷ്യന്മാർ പരിഭ്രാന്തരായി നിലവിളിച്ചു. യേശുവിനെ അവർ തിരിച്ചറിഞ്ഞില്ല. യേശു അവരോടു സംസാരിച്ചു', 'ധൈര്യമായിരിക്കുവിൻ, ഞാനാകുന്നു. ഭയപ്പെടേണ്ട.' ഞാനാകുന്നു, എന്നത് പഴയനിയമത്തിൽ ദൈവത്തിന്റെ സ്വരമാണ്, പുതിയ നിയമത്തിലാകട്ടെ യേശുവിന്റെയും. പത്രോസ് സ്വരം തിരിച്ചറിഞ്ഞു. 'കർത്താവേ, നീയാണെങ്കിൽ ഞാൻ വെള്ളത്തിൻ മീതെ നിന്റെ അടുത്തേക്കു വരുവാൻ കല്പിക്കുക'. 'വരൂ'എന്ന് യേശു പറഞ്ഞു. പത്രോസു വഞ്ചിയിൽ നിന്നിറങ്ങി വെള്ളത്തിൻ മീതെകൂടി യേശുവിൻപക്കലേക്കു നടന്നു. കാറ്റു ആഞ്ഞടിച്ചു, പത്രോസു ഭയന്നു, നിലവിളിച്ചു. 'കർത്താവേ രക്ഷിക്കണേ.' യേശു കൈനീട്ടി അവനെ പിടിച്ചു. അല്പവിശ്വാസീ നീ സംശയിച്ചതെന്ത്. യേശുവും പത്രോസും ഒന്നിച്ചു വഞ്ചിയിൽ കയറി. കാറ്റിലും കോളിലും യേശുവിൽ ആശ്രയിക്കുവാൻ അനുഗ്രഹം ലഭിച്ച പത്രോസു, യേശുവിന്റെ സ്ഥാനത്ത് സഭയെ നയിക്കേണ്ടവനാണ്. യേശുവാണ് സഭയുടെ നാഥനും ജീവനും ശക്തിയുമെല്ലാം. യേശു പത്രോസിനെ ബലപ്പെടുത്തി. ശിഷ്യന്മാരെ തന്റെ സാന്നിധ്യം കൊണ്ട് സന്തോഷിപ്പിച്ചു, ശിഷ്യന്മാർ യേശുവിനെ ആരാധിച്ചു 'സത്യമായും നീ ദൈവപുത്രനാണ്' എന്നു പറഞ്ഞു. സഭയുടെ പ്രതിരൂപം ഇവിടെ ദൃശ്യമാകുന്നു. യേശുക്രിസ്തുവിനോട് ഒന്നിച്ചു നില്ക്കുന്ന വിശ്വാസികളുടെ സമൂഹത്തിന്റെ ആരംഭം. അവർ കടൽ കടന്ന് ഗനസറേത്തിലെത്തി, അവിടെ ജനം അവനെ തിരിച്ചറിഞ്ഞു. "ചുറ്റുമുള്ള നാട്ടിലെല്ലാം ആളയച്ച്, സകല രോഗികളെയും അവന്റെ അടുത്തു കൊണ്ടു വന്നു (14/34-35). ഓരോരുത്തരും മറ്റുള്ളവരെ യേശുവിന്റെ പക്കലേക്ക് ആളയച്ചു കൂട്ടുകയായിരുന്നു. അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ ഒന്നു തൊടാനെങ്കിലും അനുവദിക്കണമെന്ന് അവർ അവനോട് അപേക്ഷിച്ചു. 'സ്പർശിച്ചവരെല്ലാം സുഖം പ്രപിച്ചു'(14/36) പരസ്പരം സ്നേഹബന്ധം പാലിക്കുന്ന ഭാവിയിലെ വിപുലസമൂഹത്തിന്റെ നാന്ദി ഇതിൽ സുവിശേഷകൻ കുറിച്ചുവച്ചു.

www.malankaralibrary.com

## അദ്ധ്യായം പതിനഞ്ച്

ദൈവം മനുഷ്യനിൽ ഇടപെടുകയും അവന്റെ ഹൃദയത്തിൽ വന്നു വസിക്കുകയും ചെയ്യുന്നുവെന്നത് ആണ്, ഇസ്രയേലിന്റെ തുടർച്ചയുടെ അടിസ്ഥാനം. ആ ബന്ധമാണ് വിശ്വാസം. അബ്രഹാമിലും മറ്റു പൂർവ്വപിതാക്കന്മാരിലും അതു ദർശനീയമായിരുന്നു. മോശ ദൈവത്തോട് നിരന്തരം ബന്ധപ്പെട്ടതിന്റെ ഫലമായി, ഇസ്രായേലിനെ ഒരു ജനമായി ദൈവം ഉയർത്തിയെടുത്തു. ഈ ദൈവബന്ധത്തിന് അകൽച്ച സംഭവിച്ചപ്പോൾ, മനുഷ്യൻ ഉണ്ടാക്കി വയ്ക്കുന്ന നിയമങ്ങളാണ്, പ്രധാനമെന്നു വന്നു. അത് ഇസ്രായേലിന്റെ വീഴ്ചക്കു കാരണമായി. നഷ്ടപ്പെട്ട ആ ഉന്നത സ്ഥാനം തിരികെ പ്രാപിക്കുമെന്നും ഒരിക്കലും നഷ്ടമാകാത്തവിധം ദൈവാത്മാവ് ഓരോ വ്യക്തിയെയും നിയന്ത്രിക്കുന്ന അവസ്ഥ ഉണ്ടാകുമെന്നും പ്രവാചകന്മാർ ഇസ്രായേലിനെ മുൻകൂട്ടി അറിയിച്ചിരുന്നു. ഇതെല്ലാം നിറവേറ്റാനാണ്, യേശു മനുഷ്യനായി ജനിച്ചത്. യേശുവിലൂടെ പിതാവു സ്വയം വെളിപ്പെടുത്തുകയും, യേശുവിൽ വിശ്വസിക്കുന്നവരെയെല്ലാം ദൈവമക്കൾ ആക്കുകയും ചെയ്യുന്ന ദൈവാനുഭവമാണ് യേശു ശിഷ്യന്മാർക്ക് തുറന്നു കാണിച്ചു കൊടുത്തത്, ഓരോ വ്യക്തിക്കും തന്റെ ഹൃദയം ദൈവത്തിന്റെ ആലയമാക്കുവാൻ സാധിക്കുന്ന ഉന്നതാനുഭവമാണ് അത്.

ഈ ഉന്നതാനുഭവം പ്രാപിക്കുന്നതിന് മനുഷ്യർ പടച്ചുവച്ച നിയമങ്ങൾ പ്രതിബന്ധമാകുന്നുവെന്നു മനസ്സിലാക്കി, ആ നിയമങ്ങൾ തിരുത്തുകയും അതിന്റെ പ്രയോക്താക്കളെ വിമർശിക്കുകയും ചെയ്യുവാൻ യേശു തയ്യാറായി. ഈ സാഹചര്യത്തിലാണ് യേശുവിന്റെ ശിഷ്യർ ഭക്ഷണത്തിനു മുമ്പുള്ള ക്ഷാളനാചാരം അനുസരിക്കുന്നില്ലെന്ന് പ്രീശർ വിമർശനം തൊടുത്തുവിട്ടത്. ഉദാത്തമായ ദൈവാനുഭവത്തിന്റെ പിന്നിലെ ഉത്തരവാദിത്വം വ്യക്തമാക്കികൊടുക്കാൻ യേശു ഇത് അവസരമായി എടുത്തു. മാതാപിതാക്കന്മാരെ അധിക്ഷേപിക്കുന്നവൻ മരിക്കണം എന്ന ദൈവ കല്പന നിലവിലിരിക്കെ, അവർക്ക് ഉപജീവനത്തിന് ഒന്നും നൽകേണ്ടെന്നു വയ്ക്കുന്ന മനുഷ്യ നിയമത്തെ യേശു കഠിനമായി എതിർത്തു. അവരുടെ ഉപജീവനത്തിനു വച്ച തുക ദേവാലയത്തിൽ കാഴ്ചയായി അർപ്പിച്ചാൽ ചുമതല തീർന്നു എന്നായിരുന്നു പ്രീശർ പഠിപ്പിച്ചിരുന്നത്. ദേവാലയം മനുഷ്യബന്ധങ്ങൾക്ക് ഉപരിയായി നിൽക്കുന്നു

www.malankaralibrary.com

എന്നായിരിക്കണം, പ്രീശർ ഈ ദുഷിച്ച ഉപദേശത്തിനു കൊടുക്കുന്ന ന്യായം. ദൈവം നേരിട്ടു കൽപിച്ചു തന്ന പ്രമാണത്തിനു കടകവിരുദ്ധമായി പ്രവർത്തിച്ചാണോ, ദേവാലയത്തിൽ നേർച്ച അർപ്പിക്കേണ്ടത്, ഒരിക്കലുമല്ല.

യേശു ഒരുദാഹരണം എടുത്തുകാണിക്കുകയായിരുന്നു. കാരണം അത്രമേൽ മനുഷ്യ നിർമ്മിതമായനിയമങ്ങൾ ജനത്തിന്മേൽ നിയമജ്ഞരും പ്രീശരും അടിച്ചേൽപ്പിച്ചിരുന്നു. ഇവ സ്വീകരിച്ച ജനത്തെ സംബന്ധിച്ച് ഏശയായുടെ പ്രവചനം നിറവേറിയതായി യേശു ചൂണ്ടിക്കാണിക്കുന്നു. "ഈ ജനം അധരം കൊണ്ടു മാത്രം എന്നെ ബഹുമാനിക്കുന്നു. എന്നാൽ അവരുടെ ഹൃദയം എന്നിൽ നിന്നും വളരെ അകലെയാണ്. അവർ മനുഷ്യനിർമ്മിത നിയമങ്ങൾ പ്രമാണങ്ങളായി പഠിപ്പിച്ചുകൊണ്ട് വ്യർത്ഥമായി എന്നെ ആരാധിക്കുന്നു"(15/9). മനുഷ്യനിയമങ്ങൾ ദൈവപ്രമാണങ്ങളായി പഠിപ്പിക്കുന്നതനുസരിച്ച് നിയമജ്ഞർക്ക് ജനത്തിന്റെമേൽ മേധാവിത്വം ഉറപ്പിക്കാൻ സാധിച്ചിരുന്നു. അതിന് എതിരായാണ് യേശു പടവെട്ടിയത്, ഇതിൽ പ്രീശർക്ക് ഇടർച്ച ഉണ്ടായെന്ന് ശിഷ്യന്മാർ ചൂണ്ടിക്കാണിച്ചപ്പോൾ യേശു നൽകിയ മറുപടിയും പ്രധാനമാണ്. "എന്റെ സ്വർഗ്ഗസ്ഥപിതാവു നട്ടതല്ലാത്ത ചെടികളൊക്കെയും പിഴുതു മാറ്റപ്പെടും" (15/13). ദൈവം മോശയിലൂടെ പ്രമാണങ്ങൾ നൽകി, എന്നാൽ പിതാവു പുത്രനിലൂടെ, ജീവൻ നല്കി, പുതിയ ചെടികൾ ഉൾപ്പെടുന്ന ഒരു പുതിയ തോട്ടം ഉണ്ടാക്കുകയാണ്. പുതിയ ഇസ്രായേലിനെപ്പറ്റി ആണ് ഇതിലെ സൂചന. ദൈവത്തിൽ നിന്ന് ജീവൻ പ്രാപിക്കാത്തത് ഒക്കെയും മാറ്റിക്കളഞ്ഞാണ് പുതിയ ഇസ്രായേലിന് രൂപം കൊടുക്കുന്നത്. അതിന് ഉണ്ടാകുന്ന എതിർപ്പുകളൊന്നും പ്രശ്നമല്ല. യേശുവിൽ നിന്ന് വെളിച്ചം സ്വീകരിക്കാത്ത 'കുരുടർ' മറ്റുള്ളവരെ വഴി നടത്തിയാൽ ഇരുകൂട്ടരും കുഴിയിൽ വീഴുമെന്നതായിരിക്കും, അനന്തരഫലം.

ദൈവത്തിന്റെ നേർവഴിയെ വിമർശിക്കുന്നവർ സ്വയം അശുദ്ധരാകുകയാണ് എന്ന് യേശു വ്യക്തമാക്കുന്നു.. "വായിലേക്കു പ്രവേശിക്കുന്നതല്ല, വായിൽ നിന്നു വരുന്നതാണ്, ഒരുവനെ അശുദ്ധനാക്കുന്നത്"(15/11) അശുദ്ധമായി കണക്കാക്കപ്പെടുന്ന വസ്തുക്കൾ ഭക്ഷിക്കുന്നതിലൂടെ അശുദ്ധരാകും, എന്ന പ്രീശരുടെ ദുരുപദേശത്തിന്റെ പൊള്ളത്തരം, യേശു ഇതിൽ വെളിവാക്കുന്നു.

www.malankaralibrary.com

ആത്മാവിനെ ഭക്ഷണം അശുദ്ധമാക്കുന്നില്ല. കാരണം ഭക്ഷണം ശരീരത്തിൽ സ്വീകരിച്ച് ബാക്കി വരുന്നത് തള്ളിക്കളയുന്നുവെന്ന് മാത്രം. അത് കഴിക്കുന്ന വ്യക്തി അശുദ്ധനാകുന്നില്ല. എന്നാൽ വായിൽ നിന്ന് വരുന്ന വാക്കുകൾ, മലീമസമായ ഹൃദയത്തിൽ നിന്നാണ് എങ്കിൽ, അശുദ്ധമായിരിക്കും. അവ എല്ലാ തിന്മകൾക്കും കാരണമായിത്തീരുകയും ചെയ്യുന്നു. സമൂഹത്തെ ദുഷിപ്പിക്കുന്നത്, പ്രവൃത്തികളെക്കാൾ വാക്കുകളാണ്. യേശു നല്ല വചനങ്ങളിലൂടെ ഒരു പുതിയ സമൂഹം കെട്ടിപ്പടുക്കാൻ ശ്രമിക്കുമ്പോൾ, ഈ വിധ ത്തിലുള്ള വിമർശനങ്ങൾ വരുന്നത് ചീത്തഹൃദയത്തിൽ നിന്നാണ്. അവ യേശുവിന് എതിരാണെന്നതിനെക്കാൾ, ദൈവത്തിനെതിരാ ണ്. അതു വഴി ആത്മീയാന്ധത പൂണ്ടു കുറേപ്പേർ രാജ്യത്തിന് പുറത്തുപോകുന്നു.

ഇസ്രായേലിലെ നഷ്ടപ്പെട്ട ആടുകളുടെ പക്കലേക്കാണ് യേശു അയക്കപ്പെട്ടത്, പിശാചിന്റെ വലയിൽ പെട്ടവരെ രക്ഷിക്കാൻ. എന്നാൽ ഹൃദയത്തിൽ ദൈവം പ്രകാശം വീശിയതിന്റെ ഫലമായി, തന്റെ പക്കലേക്ക് വരുന്ന വിജാതീയരെയും സ്വീകരിക്കാൻ യേശു തയാറാണെന്നതിന്, സുവിശേഷത്തിൽ ഏറെ തെളിവുകളുണ്ട്. അതിനു വിളിക്കപ്പെടുന്ന വ്യക്തികൾ ആന്തരികമായ വിശ്വാസം, ബാഹ്യമായും വെളിപ്പെടുത്തണം. യഹൂദന്മാരുടെ രാജാവിനെ അന്വേഷിച്ചിറങ്ങിയ ജ്ഞാനികളുടെ വിവരം നേരത്തെ രേഖപ്പെടു ത്തിയത് ആണല്ലോ അതേ ചുവടു വച്ച് കനാൻകാരി, യേശുവിനെ ദാവീദിന്റെ പുത്രനെന്നു വിളിച്ച്, തന്റെ പുത്രിയെ പിശാചു ബാധ യിൽ നിന്ന് സുഖപ്പെടുത്താൻ അപേക്ഷിച്ചു. അവളുടെ എളിമ യാണ് ആരെയും ആകർഷിക്കുന്നത്. ‘നായ്ക്കളും യജമാനന്റെ മേശ യിൽ നിന്ന് വീഴുന്ന അപ്പക്കഷണങ്ങൾ തിന്നുന്നുണ്ടല്ലോ’, ആ എളിമയിലൂടെ അവൾ അബ്രഹാമിന്റെ മകളുടെ സ്ഥാനം നേടി യെടുത്തു. ‘സ്ത്രീയേ നിന്റെ വിശ്വാസം വലുതാണ് ’.എന്ന് യേശു പറഞ്ഞപ്പോൾ അവളുടെ മകൾ സൗഖ്യം പ്രാപിച്ചു. മാത്രമല്ല, അമ്മ ദൈവത്തിന്റെ മകളായും തീർന്നു. അവൾ ഇസ്രായേലിന്റെ ദൈവത്തെ മഹത്വപ്പെടുത്തി. എല്ലാവിധത്തിലുള്ള രോഗങ്ങളാലും വ്യാധികളാലും പീഡിക്കപ്പെട്ട വളരെയേറെപ്പേർ സുഖം പ്രാപിച്ച തായി സുവിശേഷകൻ എടുത്തുപറയുന്നു. അവരെല്ലാം ഇസ്രാ യേലിന്റെ ദൈവത്തെ മഹത്വപ്പെടുത്തി. സുവിശേഷകൻ വിശ്വാ സത്തിലൂടെ രൂപം കൊള്ളുന്ന പുതിയ ഇസ്രയേലിലേക്ക് വിരൽചൂ ണ്ടുകയാണ്.

www.malankaralibrary.com

പുതിയ ഇസ്രായേലിന്റെ രൂപധാരണത്തിന്റെ പശ്ചാത്തലത്തിൽ വേണം, ഏഴപ്പം കൊണ്ട് നാലായിരം പേരെ തീറ്റിപ്പോറ്റിയ സംഭവവിവരണം വായിക്കുവാൻ. വാക്കുകളെക്കാൾ ചടുലമാണ് പ്രവൃത്തി. യേശു ഉപദേശങ്ങളെക്കാൾ അധികം രോഗസൗഖ്യം നൽകാൻ ഇഷ്ടപ്പെട്ടു. ഓരോന്നും അത്ഭുതം ആകകൊണ്ട്, ശരീരത്തിന് സൗഖ്യമെന്നപോലെ ആത്മാവിനും ആനന്ദമായും ഭവിക്കുന്നു. ദൈവസ്നേഹത്തിന്റെ അനുഭവം വളരെപ്പേർക്ക് ലഭിച്ചു. അപ്പം വർദ്ധിപ്പിച്ച സംഭവത്തിൽ നാലായിരം പുരുഷന്മാർക്കും, കൂടാതെ സ്ത്രീകൾക്കും, കുട്ടികൾക്കും രാജ്യത്തിലേക്ക് ക്ഷണം ലഭിച്ചു. യേശു ഇവിടെ തന്റെ പെസഹാവിരുന്നിന്റെ മുൻകുറി കാണിക്കുകയാണ്. ശിഷ്യന്മാർക്കാകട്ടെ, അപ്പം വിളമ്പിക്കൊടുക്കാൻ അവസരം കിട്ടി; മാത്രമല്ല പെസഹാ വിരുന്നിന്റെ പ്രതീക്ഷയും അവരിൽ ഉളവായി. ശേഷിച്ച കഷണങ്ങൾ ഏഴു കുട്ട നിറയെ എടുത്തു. സ്വർഗ്ഗരാജ്യത്തിന്റെ അനുഭവം തുടരുന്നുവെന്നതിന്റെ സൂചന ആണിത്.

---

## അദ്ധ്യായം പതിനാറ്

സ്വർഗ്ഗരാജ്യത്തിന്റെ രഹസ്യങ്ങൾ അറിയാൻ വരം ലഭിച്ചവരെന്ന നിലയിൽ ശിഷ്യന്മാർക്ക് പ്രത്യേക പരിഗണന യേശു നല്കിത്തുടങ്ങി. അതിന് വരം ലഭിക്കാത്ത പ്രീശരും നിയമജ്ഞരും എതിർശക്തിയായി വേർതിരിഞ്ഞു നിൽക്കാനും ആരംഭിച്ചു. അവർ യേശുവിന്റെ പക്കൽ, ചോദ്യം ചോദിക്കാനും പരീക്ഷിക്കാനുമാണ്, വരുന്നത് (നേരത്തേ അവർ പിറുപിറുത്തിരുന്നു, ശിഷ്യരോട് ചോദ്യം ചോദിച്ചിരുന്നു, അത്രമാത്രം.) യേശുവിൽ നിന്നും എന്തെങ്കിലും അനുഗ്രഹം ലഭിക്കുവാൻ അവർക്ക് ആഗ്രഹമില്ലായിരുന്നു. മാത്രമല്ല ശിഷ്യന്മാർക്ക് ദുരുപദേശം നൽകാനും അവർ ശ്രമിച്ചു. അവരുടെ ദുരുപദേശത്തിന്റെ അടിസ്ഥാനം എന്താണ് എന്ന് ശിഷ്യർക്ക് വ്യക്തമാക്കിക്കൊടുക്കാൻ യേശു നിഷ്കർഷിച്ചു. പഴയ ഇസ്രായേൽ പരാജയപ്പെടുന്നിടത്ത് പുതിയ ഇസ്രായേലായ സഭ രൂപം കൊള്ളണമെന്നാണ്, അവിടുത്തെ ആഗ്രഹം.

സ്വർഗ്ഗരാജ്യത്തിൽ നിന്ന് ഒരു അടയാളം കാണിച്ചുകൊടുക്കണമെന്ന് പ്രീശരും മറ്റും യേശുവിന്റെ അടുത്ത് ആവശ്യം ഉന്ന

www.malankaralibrary.com

യിച്ചു. ഇതേ ചോദ്യം അവർ നേരത്തേ ചോദിച്ചതാണ്. അപ്പോൾ അനുതാപത്തിന്റെ ആവശ്യം യേശു ഉപദേശിച്ചുകൊടുത്തു (12/38-41) അന്നു യേശു കൊടുത്ത മറുപടി ഇവിടെയും ആവർത്തിച്ചിരിക്കുന്നു. (10/1-4) ഇവിടെ യേശു അവരോട് അനുതപിക്കാൻ ആവശ്യപ്പെട്ടില്ല. അവർ കഠിനഹൃദയരാണെന്ന് തെളിഞ്ഞുകഴിഞ്ഞു.

"ആകാശത്തിന്റെ ഭാവഭേദങ്ങൾ തിരിച്ചറിയാൻ നിങ്ങൾക്കു കഴിയുന്നു. എന്നാൽ കാലത്തിന്റെ അടയാളങ്ങൾ നിങ്ങൾക്കു കഴിയുകയില്ലേ". (16/3) എന്ന് നേരിയ പരിഹാസത്തോടെ യേശു അവർക്ക് മറുപടി നൽകുകയാണ്. അവർ അടയാളം ആവശ്യപ്പെട്ടത് യുക്തി വച്ച് ബോധ്യപ്പെടാനാണ്. അവർക്ക്, ദൈവത്തിൽ വിശ്വസിക്കുക, അഥവാ ദൈവത്തിന്റെ വാഗ്ദാനങ്ങൾ നിറവേറാൻ പ്രതീക്ഷിച്ചിരിക്കുക എന്ന പ്രശ്നമേ ഇല്ല. കുരുശിൽ നിന്ന് ഇറങ്ങി വരിക, അപ്പോൾ മിശിഹാ ആണെന്ന് സമ്മതിക്കാം എന്ന്, യേശുവിന്റെ കുരിശിന്റെ ചുവട്ടിൽ നിന്ന് പിന്നീട് യഹൂദർ ആക്ഷേപിച്ചുവല്ലോ. ഇത്തരം അടയാളമാണ്, പ്രീശർ ആവശ്യപ്പെട്ടത്, ദൈവത്തിലേക്ക് തിരിഞ്ഞു വരാൻ അവർ സന്നദ്ധരായില്ല.

പ്രീശരുടെയും സദുക്കായരുടെയും പുളിച്ച മാവിൽ നിന്നും കരുതിയിരിക്കുവിൻ, എന്ന് യേശു പറഞ്ഞത്, അപ്പം എടുക്കാത്തതിന്റെ പേരിൽ ശാസിച്ചതാണെന്ന് ശിഷ്യർ തെറ്റിദ്ധരിച്ചു. എന്നാൽ അഞ്ചു അപ്പം കൊണ്ട് അയ്യായിരം പേരെയും ഏഴപ്പം കൊണ്ട് നാലായിരം പേരെയും തീറ്റി തൃപ്തിയാക്കിയത് ഓർമ്മിപ്പിച്ചപ്പോൾ ദുഷിച്ച ഉപദേശങ്ങൾ വിട്ടുപേക്ഷിച്ച് പുതിയ ഇസ്രയേൽ തുടങ്ങുന്നതിനെപ്പറ്റിയാണ്, യേശു ഉദ്ദേശിച്ചതെന്ന് ശിഷ്യന്മാർ മനസ്സിലാക്കി. പുളിച്ച മാവെല്ലാം മാറ്റിവേണം പുതിയ പെസഹാ ആഘോഷിക്കാൻ. പെസഹായിലാണല്ലോ ഇസ്രായേൽ ദൈവജനമായി രൂപം ധരിച്ചത്. പുതിയ ഇസ്രയേലിന്റെ കെട്ടുപണിയിൽ ഏർപ്പെട്ടിരിക്കുക ആകകൊണ്ട്, അതിന്റെ പ്രാവർത്തികകേന്ദ്രമായ ശിഷ്യസമൂഹത്തിന് കോട്ടമോ തകർച്ചയോ സംഭവിക്കരുതെന്ന് യേശുവിന് നിർബന്ധം ഉണ്ടായിരുന്നു. പ്രീശരുടെയും സദുക്കായരുടെയും കൂട്ടുകെട്ടിൽ നിന്ന് ശിഷ്യരെ സംരക്ഷിക്കുകയാണ്, യേശുവിന്റെ ഉന്നം. അതുകൊണ്ട് മിശിഹായെ സ്വീകരിക്കുവാൻ തടസ്സമായിവരുന്ന അവരുടെ ദുരുപദേശത്തെപ്പറ്റി യേശു അവരെ ഓർമ്മിപ്പിക്കുന്നു. മാനുഷികബോധനത്തിലും മനുഷ്യനിർമ്മിതമായ നിയമത്തിലും കുരുക്കിയിടുന്നതാണ്. പ്രീശരുടെയും മറ്റും പുളിച്ചമാവ് അഥവാ ദുരുപദേശം.

www.malankaralibrary.com

യേശു യറുശലേമിലേക്കുള്ള യാത്രയിലായിരുന്നു, പുതിയ പെസഹാ ആഘോഷിക്കുവാനുള്ള പ്രയാണത്തിൽ. അപ്പോൾ ശിഷ്യർ, യേശു ആരെന്നു മനസ്സിലാക്കിയിരിക്കണം. ഇക്കാര്യത്തിൽ ശിഷ്യന്മാർക്കുള്ള അവബോധം നവീകരിക്കുന്നതിന് മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത് എന്ന് യേശു ശിഷ്യന്മാരോട് ചോദിച്ചു. മനുഷ്യപുത്രനെ മനസ്സിലാക്കുന്നതിൽ ശിഷ്യർക്കു ലഭിക്കുന്ന ബോധപരമായ പുരോഗതിയുടെ ഘട്ടമാണിത്. ജനത്തിന്റെ അഭിപ്രായം വിഭിന്നം ആയിരുന്നു. എന്നാൽ എല്ലാവരും യേശുവിനെ ദൈവത്തിൽ നിന്നുള്ള ഒരു പ്രവാചകനായി അംഗീകരിച്ചിരുന്നു. യേശുവിന്റെ ചോദ്യത്തിന് മറുപടിയായി, പത്രോസു പറഞ്ഞു. 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹാ ആകുന്നു'. (16/16). പത്രോസിന്റെ ഈ അറിവ് ജഡരക്തങ്ങളിൽ നിന്നല്ല. 'സ്വർഗ്ഗസ്ഥനായ പിതാവ് നിനക്ക് വെളിപ്പെടുത്തി തന്നതാണ്' (16/7) എന്ന് യേശു ശ്ലാഘിക്കുന്നു.

'പിതാവല്ലാതെ മറ്റാരും പുത്രനെ അറിയുന്നില്ല' (11/27) എന്ന് യേശു നേരത്തെ പറഞ്ഞിട്ടുള്ളതാണ്. യേശുവിന്റെ സുവിശേഷം മുഴുവൻ പുത്രൻ പിതാവിനെ വെളിപ്പെടുത്തുന്ന സംഭവമാണ്. യാഹോവായായ ദൈവം യഥാർത്ഥത്തിൽ ഇസ്രായേലിന്റെ പിതാവാണ്, എന്നു മനസ്സിലാക്കികൊടുക്കുകയാണ് മത്തായിയുടെ സുവിശേഷത്തിന്റെ ലക്ഷ്യം. പിതാവിൽ നിന്ന് ജനിച്ച പുത്രൻ ശിഷ്യന്മാരെ വിശ്വാസത്തിലൂടെ വീണ്ടും ജനിച്ച്, പിതാവിന്റെ മക്കൾ ആയിത്തീരുവാൻ ഒരുക്കികൊണ്ടിരിക്കുക ആയിരുന്നു. ആ പരിശീലനത്തിന്റെയും ബോധനത്തിന്റെയും പുതിയ ഘട്ടത്തിലേക്ക് പ്രവേശിക്കുന്നതിന്റെ പ്രാരംഭം ആയാണ്, പത്രോസു യേശുവിലുള്ള വിശ്വാസം പ്രഖ്യാപിച്ച് ഏറ്റുപറഞ്ഞത്. അതിൽ ശിഷ്യന്മാരെല്ലാം പത്രോസിനോട് ഒത്തുനിന്നു. ഈ സന്ദർഭം വച്ച് യേശു പത്രോസിനോടു പറഞ്ഞു, 'നീ പാറയാകുന്നു. ഈപാറമേൽ എന്റെ പള്ളി ഞാൻ പണിയും? (16/18). ദൈവമാണ്, 'ഇസ്രായേലിന്റെ പാറയും, കോട്ടയും സങ്കേതവും' പണിക്കാർ ഉപേക്ഷിച്ചു കളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നു (21/42). എന്ന് യേശു തന്നെപ്പറ്റി ഉപമയായി പറയുന്നുമുണ്ട്. ഈ വാക്യം പുതിയ ഇസ്രായേലിനെപ്പറ്റിയാണ്. 'പള്ളി' എന്നതിന് സമൂഹമെന്നും കെട്ടിടമെന്നും അർത്ഥമുണ്ട്. പഴയ നിയമത്തിൽ പലയിടത്തും ഇസ്രായേലിനെ കെട്ടിടത്തോട് സദൃശമാക്കിയിട്ടുണ്ട്. അതുപോലെ, പത്രോസു ഏറ്റു പറഞ്ഞ

www.malankaralibrary.com

വിശ്വാസം സഭയ്ക്കു അടിത്തറ ആയിരിക്കുന്നു. ആ വിശ്വാസം പുതിയ ഇസ്രായേലിൽ രൂപം കൊണ്ടു വളരേണ്ടതാണ്. ആ വിശ്വാസത്തിന് ആരംഭം കുറിച്ച പത്രോസുതന്നെ അതിന്റെ വളർച്ചയിലും നേതൃത്വം നൽകണം എന്നതാണ്, യേശുവിന്റെ ഉദ്ദേശ്യം.

സ്ഥിരമായി നിലനിൽക്കുന്ന ഒരു സമൂഹമായാണ്, യേശു സഭയെ വിഭാവനം ചെയ്തത്. പാറയെന്ന പ്രതീകത്തിന്റെ അർത്ഥവും അതു തന്നെ. 'നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല . എന്ന് യേശു വാഗ്ദാനം ചെയ്യുന്നു. പിശാചിനെതിരായുള്ള പോരാട്ടമാണ്, ഇവിടെ സൂചിപ്പിക്കുന്നത്. യേശു പിശാചിനെതിരെ പോരാടി സ്വർഗ്ഗരാജ്യം പടുത്തുയർത്തുന്നു. 'സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു തരും' , എന്ന് പത്രോസിനോടു വാഗ്ദാനം ചെയ്യുമ്പോൾ, യേശു തന്റെ മരണവും ഉത്ഥാനവും വഴി സംസ്ഥാപിക്കുന്ന രാജ്യത്തിന്റെ ചുമതല മുഴുവൻ പത്രോസിനെ ഏൽപ്പിക്കുന്നു എന്നാണ് അർത്ഥം വച്ചത്. പുതിയ ഇസ്രായേലിന്റെ പ്രധാന ഉത്തരവാദിത്വമാണ്, ഇത്

സഭാസമൂഹത്തിന്റെ മൂപ്പൻ എന്ന നിലയിൽ എല്ലാ അധികാരവും പത്രോസിന് ഭരമേൽപ്പിക്കപ്പെട്ടു. '' നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും (16/19) 'കെട്ടപ്പെടുക'. 'അഴിക്കപ്പെടുക' എന്നത് ദൈവം പ്രവർത്തിക്കുന്നതിന്റെ സൂചകമാണ്. ഇവിടെ ഒരേ പ്രവൃത്തിയുടെ മാനുഷികമായ ദൃശ്യഭാവവും, ദൈവികമായ അദൃശ്യഭാവവും എടുത്തു കാണിക്കുന്നു. പിശാചിനെ ബന്ധിക്കുകയും, പാപത്തിൽ നിന്നു മോചിക്കുകയും ചെയ്യുമ്പോഴാണ്, ഓരോ വിശ്വാസിയും സ്വതന്ത്രനാകുന്നത്. ക്രിസ്തുവിനാണ് സ്വർഗ്ഗരാജ്യത്തിന്റെയും സഭയുടെയും മേലുള്ള കർതൃത്വം. ഭൂമിയും സ്വർഗ്ഗവും തമ്മിലുള്ള നല്ല ബന്ധമാണ് ക്രിസ്തു സ്ഥാപിച്ചത്. അതിന്റെ ദൃശ്യമായ പ്രകാശനമാണ് പത്രോസിലൂടെയും പിൻഗാമികളിലൂടെയും നിർവ്വഹിക്കപ്പെടുന്നത്. പിശാചിനെ ബന്ധിച്ച് ദൈവമക്കളെ മോചിപ്പിക്കുകയെന്ന ദൈവീക ദൗത്യം ദൃശ്യമായി തുടരുവാൻ പത്രോസിനെയും മറ്റു ശിഷ്യരെയും ക്രിസ്തു ചുമതലപ്പെടുത്തി. ഇതാണ് സഭയുടെ ദൗത്യത്തിന്റെ രത്നച്ചുരുക്കം. കെട്ടുകയും അഴിക്കുകയും ചെയ്യുന്നതിലൂടെ ക്രിസ്തു പിശാചുമായി നിരന്തരം ഏർപ്പെട്ടിരിക്കുന്ന പോര

www.malankaralibrary.com

ാട്ടത്തിൽ സഭ പങ്കുചേരുന്നു. സഭ ക്രിസ്തുവിന്റെ രണ്ടാം വരവുവരെ ഈ സമരം ദൃശ്യവത്കരിച്ചുകൊണ്ടിരിക്കുന്നു. അബ്രഹാമിൽ ആരംഭിച്ചു സഭയിൽ പൂർത്തിയാക്കപ്പെടുന്ന ക്രിസ്തുവിന്റെ രക്ഷാദൗത്യത്തിന്റെ സമഗ്രദർശനം വച്ചുവേണം, 'പത്രോസേ നീ പാറയാകുന്നു'. എന്ന ക്രിസ്തുവചനത്തിന്റെ അർത്ഥസൗഷ്ടവം അനുഭവിച്ചറിയുവാൻ.

പിശാചിനെതിരെ പോരാടി സഭ സ്ഥാപിക്കുമെന്നു വാഗ്ദാനം നൽകിക്കഴിഞ്ഞു. അപ്പോൾ ആ പോരാട്ടത്തിന്റെ സ്വഭാവം എന്തായിരിക്കുമെന്നത്, തികച്ചും സംഗതമായ ചോദ്യമാണ്, അതു ശിഷ്യരെ അറിയിക്കേണ്ടതുമുണ്ട്. അതുകൊണ്ട് യേശു പറഞ്ഞു- "തനിക്ക് യറുശലേമിലേക്ക് പോകേണ്ടതുണ്ട് ശ്രേഷ്ഠന്മാരിൽ നിന്നും പ്രധാന പുരോഹിതന്മാരിൽ നിന്നും നിയമജ്ഞരിൽ നിന്നും ഏറെ സഹിക്കേണ്ടി വരും. താൻ വധിക്കപ്പെടും, എന്നാൽ മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കും" (16/21) എന്ന്. ഇത് ശിഷ്യന്മാർക്ക് മാനുഷികമായി സമ്മതിക്കാവുന്നതിൽ അധികമായിരുന്നു. കാരണം അവർ അത്രമാത്രം യേശുവിനെ സ്നേഹിച്ചിരുന്നു. അതനുസരിച്ച് പത്രോസ് പറഞ്ഞു, "ദൈവം കനിയട്ടെ, കർത്താവേ, ഇതൊരിക്കലും നിനക്ക് സംഭവിക്കാതിരിക്കട്ടെ"(16/22) എന്ന്. മാനുഷികമായ ബുദ്ധിയും വിവേകവും വച്ചാണ് പത്രോസു സംസാരിച്ചത്. എന്നാൽ യേശു പ്രവചിച്ചത്, പിതാവിന്റെ ഹൃദയം മനസ്സിലാക്കിക്കൊണ്ടും. യേശു പത്രോസിനോടു പറഞ്ഞു. "സാത്താനേ എന്റെ പിറകിൽ പോകുക. നീ എനിക്ക് മാർഗ്ഗതടസ്സമാണ്. നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ്" (16/23). ഇതിൽ ഓരോ പദവും പ്രധാനമാണ്. 'സാത്താൻ ' എന്നുവച്ചാൽ പ്രലോഭിപ്പിക്കുന്നവൻ, തെറ്റായ വഴിയെ പോകാൻ പ്രേരിപ്പിക്കുന്നവൻ. പത്രോസ് യേശുവിനെ വഴിതെറ്റിക്കുവാൻ ശ്രമിച്ചു. അക്കാര്യം യേശു തുറന്നു പറഞ്ഞു. അതുപോലെ 'പിറകിൽ വരിക' എന്ന് യേശു ആവശ്യപ്പെടുന്നത്, 'മുമ്പിൽ നിന്ന് തടസ്സപ്പെടുത്തരുത്' എന്ന് അർത്ഥത്തിലാണ്. കർത്താവിനോടുള്ള മാനുഷിക സ്നേഹത്തെ പ്രതിയാണ് പത്രോസു 'അങ്ങനെ സംഭവിക്കാതിരിക്കട്ടെ' എന്ന് തടസ്സം പറഞ്ഞത്. ആ സ്നേഹം യേശു വിലമതിച്ചു. എന്നാൽ അവിടുത്തേക്ക് പോകേണ്ടതോ പിതാവ് കാണിച്ചു കൊടുക്കുന്ന വഴിയേയാണ്. അത് മരണത്തിന്റെയും ഉയിർപ്പിന്റെയും വഴിയാണ്. അതേ മാർഗ്ഗത്തിലൂടെ പത്രോസും ശിഷ്യരും തന്നെ പിൻ

www.malankaralibrary.com

ചെല്ലണമെന്ന് യേശുവിന് നിർബന്ധമുണ്ട്. ഗുരു കാണിച്ചു കൊടുക്കുന്ന വഴിയേ ശിഷ്യന്മാരും അനുഗമിക്കണം. അതുകൊണ്ട് യേശു പത്രോസിനെ സ്നേഹപൂർവ്വം ശാസിച്ചു, തന്റെ പിന്നാലെ വരാൻ ആവശ്യപ്പെടുകയും ചെയ്തു.

ക്രിസ്തുശിഷ്യന്റെ മാർഗ്ഗമെന്തെന്ന്, യേശു തുടർന്നു വിവരിക്കുന്നു. "ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അവൻ തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" (16/24). കുരിശ് സഹനത്തിന്റെ പ്രതീകമാണ്. യേശു സ്വയം പരിത്യജിക്കുകയും കുരിശെടുക്കുകയും ചെയ്തു. ഇതേ മാർഗ്ഗം അവിടുന്നു കൂടുതൽ വ്യക്തമാക്കിത്തരുന്നു. " സ്വന്തം ജീവൻ കാത്തുവയ്ക്കുവാൻ ആഗ്രഹിക്കുന്നവൻ, അത് നഷ്ടപ്പെടുത്തും. എനിക്കുവേണ്ടി സ്വജീവൻ നഷ്ടപ്പെടുത്തിയാൽ അവൻ അത് കണ്ടെത്തും" (16/25). പിതാവിന്റെ ഹിതമനുസരിച്ച്, സ്വജീവൻ നഷ്ടപ്പെടുത്തുവാൻ സന്നദ്ധനായി മുമ്പോട്ടു പോകുന്ന യേശു, ഈ വാക്കുകളിലൂടെ തന്നെ അനുഗമിക്കുവാൻ, ശിഷ്യരോട് ആവശ്യപ്പെടുന്നു. ലോകത്തെ ഉപേക്ഷിച്ചു യേശുവിനെ പിന്തുടരുന്ന ശിഷ്യരോട് യേശു പറയുന്നു . "മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്ത്വത്തിൽ തന്റെ ദൂതന്മാരോടൊത്ത് വരാനിരിക്കുന്നു. അപ്പോൾ ഓരോരുത്തർക്കും അവരവരുടെ പ്രവൃത്തിയനുസരിച്ച് പ്രതിഫലം നൽകും." (16/27) പ്രവൃത്തിയുടെ മകുടമാണ്, വിശ്വാസികൾ ക്രിസ്തുവിനു നൽകുന്ന സമർപ്പണം. മനുഷ്യപുത്രൻ പിതാവിന്റെ മഹത്ത്വത്തിൽ പ്രവേശിക്കുന്നതിന്റെ അർത്ഥം, ശിഷ്യർക്ക് അപ്പോഴും ബോധ്യമായിരുന്നില്ല. അതുകൊണ്ട് യേശു കൂടുതൽ സ്പഷ്ടമായി പറയുന്നു. "മനുഷ്യ പുത്രൻ തന്റെ രാജ്യത്തിൽ വരുന്നതു ദർശിക്കുന്നതിനു മുമ്പ് ഇവിടെ നിൽക്കുന്നവരിൽ ചിലർ മരിക്കുകയില്ലെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു." (16/28) യേശുവിനെ മഹത്ത്വത്തിൽ ദർശിക്കുന്നതിന് ഭാഗ്യം ലഭിച്ചവരാണ് ശിഷ്യർ. യേശു ഈ വാക്യം ജനങ്ങളുടെ മുമ്പാകെ സംസാരിച്ചതായിരിക്കാം. അവരിൽ തിരഞ്ഞെടുക്കപ്പെട്ട 'ചിലരാ' ണ് ശിഷ്യർ. അവർ യേശുവിനെ മഹത്ത്വത്തിൽ ദർശിക്കുവാൻ വിളിക്കപ്പെട്ടവരാണ്. 'മഹത്ത്വം' യേശു ഉയിർപ്പിൽ പ്രാപിക്കുവാനിരിക്കുന്നു.

www.malankaralibrary.com

## അദ്ധ്യായം പതിനേഴ്

യേശു യാത്ര ചെയ്യുന്നതോടൊപ്പം ശിഷ്യരെ പഠിപ്പിച്ചിരുന്നു, കൂടുതലും ഓരോ സംഭവത്തിലൂടെ. അതിന്നിടയ്ക്ക് ഒരു മലയിലേക്ക് അവരെ, പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയും, യേശു കൊണ്ടുപോയി. 'ആറു ദിവസം കഴിഞ്ഞു' - കൂടാരപ്പെരുന്നാൾ ഒരാഴ്ചത്തേക്കാണ്, അതു വച്ചു കണക്കു കൂട്ടുന്നു. ദൈവം മോശക്കു നൽകിയ ദർശനം (പുറ 24/13-16) പോലെ ഒരു ദൈവദർശനം ഉദ്ദേശിച്ചാണ് 'മലകയറി' എന്ന് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത്. " അവരുടെ മുമ്പിൽ അവൻ രൂപാന്തരപ്പെട്ടു. അവന്റെ മുഖം സൂര്യനെപ്പോലെ പ്രകാശിച്ചു"(17/2). പ്രകാശം ദൈവസത്തയുടെ ബഹിർപ്രസരണമാണ്. "മോശയും ഏലിയായും യേശുവിനോട് സംസാരിക്കുന്നത് ശിഷ്യർ കണ്ടു." (17/3). അവർ ആശ്ചര്യപ്പെട്ടു. പത്രോസു പറഞ്ഞു. "കർത്താവേ, നാം ഇവിടെ ആയിരിക്കുന്നതു നല്ലതാണ്". (17/4)/ യഹൂദന്മാർക്ക് കൂടാരം കെട്ടി വസിക്കുന്നത്, സന്തോഷകരമായിരുന്നു, കൂടാരപ്പെരുന്നാളിൽ. ഈ പശ്ചാത്തലത്തിൽ വേണം പത്രോസിന്റെ വാക്കുകൾ മനസ്സിലാക്കുവാൻ ശോഭയേറിയ ഒരു മേഘം വന്ന് അവരെ ആവരണം ചെയ്തു. 'അതിന്നുള്ളിൽ നിന്ന് ഒരു സ്വരം " ഇവൻ എന്റെ പ്രിയ പുത്രനാണ്, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു". (17/5) ശിഷ്യന്മാർ ഭയപ്പെട്ടു, താഴെ വീണു. യേശുവിന്റെ അനുഭവത്തിൽ ശിഷ്യന്മാർക്ക് പങ്കു ചേരാൻ പറ്റിയില്ല. യേശു അടുത്തു വന്നു. അവരെ സ്പർശിച്ചുകൊണ്ടു പറഞ്ഞു," എഴുന്നേൽക്കുവിൻ, ഭയപ്പെടേണ്ട"(17/7) അവർ കണ്ണുകൾ ഉയർത്തി നോക്കിയപ്പോൾ, യേശുവിനെ മാത്രം കണ്ടു. യേശുവിന്റെ മഹത്ത്വവൽക്കരണത്തിന്റെ സൂചനയാണ്, ഈ സംഭവം. ഈ മൂന്നു ശിഷ്യർ ഗതസമേനിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന യേശുവിനെ അടുത്തു കാണുകയുണ്ടായി. അങ്ങനെ അവർ യേശുവിന്റെ മഹത്ത്വത്തിനും വേദനയ്ക്കും സാക്ഷികളായി.

പിതാവ്, തന്റെ പുത്രനെ ശിഷ്യർക്ക് ചൂണ്ടിക്കാണിച്ചു, പുത്രനെ പിൻചെല്ലുവാൻ അവരെ പ്രേരിപ്പിച്ചു. ഇസ്രയേലിന്റെ മുഴുവൻ പുതുതാക്കലിൽ ആണ്, യേശു ഏർപ്പെട്ടിരിക്കുന്നതെന്ന്, മോശയുടെയും ഏലിയായുടെയും സാന്നിദ്ധ്യം തെളിയിച്ചു. അവരാണല്ലോ നിയമത്തിന്റെയും പ്രവചനത്തിന്റെയും പ്രണേതാക്കൾ.

www.malankaralibrary.com

യേശുവിന്റെ മാമോദീസായുടെ സമയത്തുചെയ്ത പ്രഖ്യാപനം, പിതാവായ ദൈവം ആവർത്തിച്ചു. മരണവും ഉയിർപ്പുമാകുന്ന മാമോദീസായ്ക്ക് യേശുവിനെ നിർദ്ദേശിച്ചയക്കുന്ന സംഭവമാണ് ഇത്. യേശുവാണ്, ഇസ്രായേലിന്റെ വീണ്ടെടുപ്പിന് നിയോഗിക്കപ്പെട്ടവൻ. ശിഷ്യന്മാരെ സംബന്ധിച്ച്, ഈ സംഭവത്തിന്റെ പൊരുൾ തിരിഞ്ഞത് യേശു ഉയിർത്തെഴുന്നേറ്റു കഴിഞ്ഞാണ്. അതുകൊണ്ട് യേശു നിർദ്ദേശിച്ചു ആരോടും പറയരുത് എന്ന്. രഹസ്യത്തിൽ ദർശിച്ചത് ഉയിർപ്പു കഴിഞ്ഞ് അവർക്ക് പരസ്യമായി ഉദ്ഘോഷിക്കുവാൻ സാധിച്ചു. യേശു മിശിഹാ ആണെന്ന ബോധ്യത്തിൽ, ഏലിയാ നേരത്തേ വരേണ്ടതല്ലേ എന്നു ശിഷ്യർ ചോദിച്ചു. അതിന് അദ്ദേഹം വന്നു കഴിഞ്ഞു എന്ന് യേശുവിന്റെ ഉത്തരം. യോഹന്നാൻ സ്നാപകനെക്കുറിച്ചാണ് യേശു പറഞ്ഞതെന്ന്, ശിഷ്യർ മനസ്സിലാക്കി. പഴയ ഇസ്രായേലും പുതിയ ഇസ്രായേലും തമ്മിലുള്ള കണ്ണിയാണ്, യോഹന്നാൻ സ്നാപകൻ. യഹൂദർക്ക് ഇഷ്ടമുള്ളതെല്ലാം അവനോട് ചെയ്തു. അതുപോലെ മനുഷ്യപുത്രനും അവരിൽ നിന്ന് പീഡകൾ ഏൽക്കാൻ പോകുന്നു എന്ന് യേശു തുടർന്നു പറഞ്ഞു. മനുഷ്യപുത്രൻ, 'യഹോവയുടെ സഹിക്കുന്ന ദാസനാണ്' എന്ന് ശിഷ്യർക്ക് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തു.

ശിഷ്യർക്ക് സുഖമാക്കാൻ സാധിക്കാതെവന്ന ബാലനെ യേശു സുഖപ്പെടുത്തിയതാണ് അടുത്ത സംഭവം. ശിഷ്യന്മാർ വിശ്വാസത്തിൽ ഇനിയും വളരേണ്ടത് ഉണ്ടെന്നു വ്യക്തമാക്കാൻ, ഇത് ഒരു അവസരമായി. യേശു പറഞ്ഞു 'സത്യമായി ഞാൻ നിങ്ങളോട് പറയുന്നു', "നിങ്ങൾക്കു കടുകുമണിയോളം വിശ്വാസം ഉണ്ടെങ്കിൽ ഈ മലയോട്, ഇവിടെനിന്നു മാറി മറ്റൊരു സ്ഥലത്തേക്ക് പോവുക എന്നു പറഞ്ഞാൽ, അത് മാറിപ്പോകും . (17/21) മല യറുശലേം ആണ്, യഹൂദരുടെ ആരാധനാകേന്ദ്രം. പുതിയ ഇസ്രായേലിൽ യറുശലേമിന്റെ പ്രാധാന്യം നഷ്ടപ്പെട്ടു, പുതിയ ആരാധനാകേന്ദ്രങ്ങൾ ഉണ്ടായി. ഇതെല്ലാം സംഭവിച്ചത്, ശിഷ്യർക്ക് യേശുവിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തമായി കാണുവാൻ സാധിച്ചു. അല്പവിശ്വാസികൾ വിശ്വാസവീരന്മാർ ആയിത്തീരുന്ന സംഭവമാണ് ഇവിടെ മുന്നറിയിച്ചത്. ഇതെല്ലാം സാധിക്കുന്നത്, യേശുവിന്റെ മരണവും ഉത്ഥാനവും മുഖാന്തിരമായിരിക്കും. അതുകൊണ്ട് രണ്ടാംപ്രാവശ്യവും യേശു തന്റെ മരണത്തെയും

www.malankaralibrary.com

ഉയിർപ്പിനെയും കുറിച്ചു പ്രവചനം നടത്തി. മനുഷ്യപുത്രന്റെ ദൗത്യത്തിന്റെ ചുരുളുകൾ അങ്ങനെ അഴിയുകയാണ്.

യേശു ദേവാലയനികുതി കൊടുക്കുമോ? കൊടുക്കുമെന്നു പത്രോസു മറുപടി കൊടുത്തു. ഗുരുവിന്റെ മനസ്സറിഞ്ഞു പറഞ്ഞു എന്നാണ് ശിഷ്യന്റെ ഭാവം. ഇതിനെയും ശിഷ്യന്മാർക്ക് കുടുതൽ അറിവു പ്രദാനം ചെയ്യുന്നതിനുള്ള ഒരവസരമായി യേശു മാറ്റിയെടുത്തു. "ഭൂമിയിലെ രാജാക്കന്മാർ ആരിൽ നിന്നാണ് നികുതി പിരിക്കുന്നത് മക്കളിൽ നിന്നോ അന്യരിൽ നിന്നോ"? എന്ന് യേശു ചോദിച്ചു ദേവാലയ നികുതി ഒരു വിധത്തിൽ ദൈവത്തിന് നൽകുന്ന കാഴ്ചയാണ്. യേശുവാകട്ടെ ദൈവപുത്രനാണ്. ദേവാലയത്തിന് നികുതി കൊടുക്കാൻ ബാധ്യസ്ഥനുമല്ല. എങ്കിലും ദേവാലയത്തിന്റെ ചുമതലക്കാർക്ക് ഇടർച്ച ഉണ്ടാകരുതല്ലോ. അതുകൊണ്ട് യേശു നിർദ്ദേശിച്ചു- "ചൂണ്ടയിട്ട് ആദ്യം ലഭിക്കുന്ന മത്സ്യത്തിന്റെ വായ് തുറക്കുമ്പോൾ ഒരു നാണയം കണ്ടെത്തും. അതെടുത്ത് എനിക്കും നിനക്കും വേണ്ടി കൊടുക്കുക" (17/27). ദൈവഹിതം നിറവേറ്റുന്നതിനാണ്, നികുതി കൊടുക്കുന്നതെന്ന് യേശു അത്ഭുതത്തിലൂടെ തെളിയിച്ചുകൊടുത്തു. ഈ സംഭവവിവരണം നൽകുന്നതിൽ സുവിശേഷകന്റെ ഉദ്ദേശ്യം, യേശുവും പത്രോസും തമ്മിലുള്ള അടുപ്പം വ്യക്തമാക്കുകയാണെന്ന് പറയാം.

## *അധ്യായം പതിനെട്ട്*

**യേ**ശു ഈ അധ്യായത്തിൽ സംസാരിക്കുന്നത്, പന്ത്രണ്ടു ശിഷ്യരെ മാത്രം വച്ചല്ല, ഒരു വലിയ സമൂഹത്തെ മുൻനിർത്തിയാണ്. യേശുവിന്റെ ഉയിർപ്പു കഴിഞ്ഞ് സഭയിൽ രൂപം കൊണ്ട ഉപദേശങ്ങളാണ് ഇവയെന്ന്, ചില ബൈബിൾ പണ്ഡിതന്മാർ പ്രസ്താവിക്കുന്നുണ്ട്. യേശുവിന്റെ കാലത്തു തന്നെ പുതിയ ശിഷ്യന്മാർ യേശുവിനോട് ചേർന്നുകൊണ്ടിരുന്നു. അവർക്കു പ്രത്യേക പരിഗണന കൊടുക്കേണ്ട ആവശ്യവും വന്നിരുന്നു. മാത്രമല്ല വിശ്വാസികളുടെ സമൂഹത്തിൽ ഉൾപ്പെട്ടവർ തെറ്റിപ്പോകുന്ന സാഹചര്യവും ഉണ്ടായിരുന്നു. അപ്പോഴെല്ലാം സമൂഹത്തിൽ നല്ല ബന്ധങ്ങൾ പുലർത്തുക എന്നതാണ്, കൂടുതൽ പ്രാധാന്യം. ദൈവത്തോടു

www.malankaralibrary.com

ബന്ധപ്പെടുന്നവർ, സഹോദരരരായി പരസ്പരം ബന്ധപ്പെട്ടിരിക്കുമല്ലോ. അങ്ങനെ ഈ അധ്യായത്തിലെ ഉപദേശങ്ങൾ യേശുവിന്റെ കാലത്തു തന്നെ സംഗതമായിരുന്നു. അവ യേശു നൽകിയതുമാണ്. ഈ ഉപദേശങ്ങൾ യേശുവിന്റെ ഉത്ഥാനശേഷം, സഭ കൂട്ടിച്ചേർത്തെഴുതി കാണും എന്നത്, നിഷേധിക്കാവുന്നതല്ല. യേശു തന്റെ ശിഷ്യന്മാരുടെ സമൂഹത്തിന് നൽകിയ ഉപദേശങ്ങളായി ഇവയെ പരിഗണിക്കുന്നതായിരിക്കും ശരി.

വ്യത്യസ്തരായ വ്യക്തികൾ ഉൾപ്പെടുന്ന വിശ്വാസിസമൂഹത്തിൽ, ആരാണ് വലിയവൻ, ആരാണ് ചെറിയവൻ, എന്ന ചോദ്യം സ്വാഭാവികമാണ്. എന്നാൽ ഓരോരുത്തരും സ്വയം താഴ്ത്തുവാൻ ശ്രമിക്കുക, അഥവാ ദൈവത്തിൽ ആശ്രയിച്ച് നിൽക്കുവാൻ സന്നദ്ധരാകുക. എന്നതായിരിക്കണം, സ്വർഗ്ഗരാജ്യത്തിൽ എല്ലാവരും സ്വീകരിക്കേണ്ട ജീവിതശൈലി. മറ്റുള്ളവരെ ഏറ്റം ആശ്രയിക്കുന്നത് ശിശുക്കളാണ്. മാനസാന്തരപ്പെടുന്നവൻ സ്വയം താഴ്ത്തുന്നവനാണ്, ദൈവത്തിൽ ആശ്രയിക്കുന്നവനാണ്. അവർ ശിശുക്കളെപ്പോലെ ആയിത്തീരുന്നു. ഈ പാശ്ചാത്തലം വച്ച് ഒരു ശിശുവിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് യേശു പറഞ്ഞു. "ഈ ശിശുവിനെപ്പോലെ സ്വയം ചെറുതാകുന്നവനാണ് സ്വർഗ്ഗരാജ്യത്തിലെ വലിയവൻ" (18/4). മാനസാന്തരപ്പെടുന്നവ്രെ ആസ്പദമാക്കിയാണ് യേശു ഈ ഉപദേശം നൽകിയത്. അവർ ശിശുസഹജർ ആയിത്തീരുന്നു "അവരെ എന്റെ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു" (18/5). സ്വീകരിച്ചവർ നവാഗതർക്ക് ദുർമാതൃക നൽകുന്നത് എത്ര ഭീകരമാണ്. അങ്ങനെ ചെയ്യുന്നവർ കടുത്ത ശിക്ഷയ്ക്കു അർഹർ ആയിത്തീരുന്നു. ഒരുവനെ തെറ്റിൽ വീഴിക്കാൻ ശ്രമിക്കുന്നത് വിശ്വാസി സമൂഹത്തിന് അകത്ത് നടക്കാവുന്ന കടുത്ത തിന്മയാണ്. അത് ഉണ്ടായേ തീരൂ, പിശാചു ഉണർന്നിരുന്നു പ്രവർത്തിക്കുന്നതുകൊണ്ട്. പക്ഷേ അത് മുഖേന ലോകത്തിനു വന്നു ഭവിക്കുന്ന ദുരിതം, എത്ര വലുതാണ്. അത് ആരുമൂലം ഉണ്ടാകുന്നുവോ, അവന് കുടുതൽ ദുരിതം. വിശ്വാസജീവിതം ജാഗ്രതയുടേതാണ്. അതുവച്ചു വേണം പാപഹേതുക്കളെ, അവ ഓരോവ്യക്തിയുടെയും സമൂഹത്തിന്റെയും ജീവിതത്തോട് എത്ര അവഗാഹമായി ബന്ധപ്പെട്ടിരുന്നാലും, വെറുത്തുപേക്ഷിക്കുക, ഓരോ വിശ്വാസിയുടെയും കർത്തവ്യമാണ്. "നിന്റെ കൈയോ കാലോ, പാപഹേതു ആകുന്നെങ്കിൽ വെട്ടി എറിഞ്ഞു കളയുക" എന്നതുകൊണ്ട്, ഇതാണ് ഉദ്ദേശിക്കുന്നത്.

www.malankaralibrary.com

ഈ ചെറിയവരിൽ ഒരുവനെയും നിന്ദിക്കാതിരിക്കുക. “സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ എന്റെ സ്വർഗ്ഗസ്ഥപിതാവിന്റെ മുഖം എപ്പോഴും ദർശിച്ചുകൊണ്ടിരിക്കുന്നു”. (18/10-11) സമൂഹ ത്തിൽ എല്ലാവരെയും ഉദ്ദേശിച്ചാണ്, യേശു ഇത് പറഞ്ഞത്. ഓരോ വ്യക്തിക്കും തന്റെ മാലാഖ ദൈവത്തിന്റെ സവിധത്തിലുണ്ടല്ലോ. ഈ അടിസ്ഥാനത്തിലാണ് യേശു നല്ല ഇടയന്റെ ഉപമ പറയുന്നത്. തൊണ്ണൂറ്റൊമ്പതിനെയും വിട്ടുംവച്ച്, വഴിതെറ്റിപ്പോയ ആടിന്റെ പിന്നാലെ പോകുന്ന ഇടയനാണ്, യേശു. യേശുവിന്റെ മാതൃക യിൽ ജീവിക്കുന്ന കൂടുതൽ ഇടയന്മാർ ഉണ്ടാകണം. ഇത് ദൈവ ത്തിന്റെ ഹിതമാണ്. അവിടുന്ന് തെറ്റിപ്പോകാത്ത തൊണ്ണൂറ്റൊമ്പതു ആടുകളെക്കാൾ, തെറ്റിപ്പോയി തിരിച്ചു വന്ന ആടിന്റെ പേരിൽ സന്തോഷിക്കുന്നു. “ഈ ചെറിയവരിൽ ഒരുവൻ പോലും നശിച്ചു പോകണമെന്ന് എന്റെ സ്വർഗ്ഗസ്ഥപിതാവ് ഇച്ഛിക്കുന്നില്ല ”, എന്ന് യേശു പറയുന്നു.

വ്യക്തികളുടെ തെറ്റു തിരുത്തുന്നതിന് സഭയിൽ ഉണ്ടകേണ്ട ക്രമീകരണം ഇതാണ്. തെറ്റ് തിരുത്തുന്നതിൽ മൂന്നുഘട്ടങ്ങൾ യേശു ചൂണ്ടിക്കാണിക്കുന്നു. ഒന്നു തെറ്റു ചെയ്തവനെ അടുത്ത യാൾ തിരുത്തുക, രണ്ട്, അതിനും വഴങ്ങുന്നില്ലെങ്കിൽ തെറ്റു ചെയ്തവന് രണ്ടോ മൂന്നോ സാക്ഷികളുടെ സഹായത്തോടെ തിരു ത്തിക്കൊടുക്കുക, മൂന്ന്, എന്നിട്ടും തിരുത്തുവാൻ തയ്യാറാകാത്ത വനെ സഭയുടെ മുമ്പിൽ കൊണ്ടു വരിക. “സഭയെപ്പോലും അനു സരിക്കുന്നില്ലെങ്കിൽ, അവൻ നിനക്കു വിജാതീയനെപ്പോലെയും ചുങ്കക്കാരനെപ്പോലെ ആയിരിക്കട്ടെ. (18/17) ഒരുവൻ തന്റെ ആത്മാ വിനെ നഷ്ടമാക്കുന്ന അവസരത്തിലാണ്, ഈ ഇടപെടൽ വേണ്ട ത്.അല്ലാതെ തനിക്ക് അനിഷ്ടകരമായ പ്രവർത്തിച്ചതിന്റെ പേരി ലല്ല. തനിക്കെതിരെ തിന്മ ചെയ്യുന്നവനോട് ക്ഷമിക്കുക. അതേസ മയം സ്വർഗ്ഗരാജ്യത്തിന്റെ കെട്ടുപണിക്കു വരുന്ന തടസ്സം നീക്കുക, എന്നതാണ്, അടിസ്ഥാനാവശ്യം. ഈ അടിസ്ഥാനത്തിൽ യേശു പറയുന്നു “നിങ്ങൾ ഭൂമിയിൽ-കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ട പ്പെട്ടിരിക്കും, നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും. (18/18) സ്വർഗ്ഗരാജ്യത്തിന്റെ എതിർശക്തികളെ ബന്ധിക്കുക, അതിന്റെ കെട്ടുപണിക്കു സഹായമായവയെ അഴിച്ചു വിടുക, ഇവ രണ്ടും സഭ ചെയ്യുന്നതിനെ, ദൈവം സ്വർഗ്ഗത്തിൽ പൂർത്തിയാക്കിത്തരും.

www.malankaralibrary.com

ദൈവനിയോഗത്തിൽ, രണ്ടുപേർ ഒന്നിച്ചു ചോദിക്കുന്ന കാര്യം സ്വർഗ്ഗസ്ഥപിതാവ് നടത്തിക്കൊടുക്കും, രണ്ടോ മൂന്നോ പേർ ഒന്നിച്ചു കൂടുന്നിടത്ത് യേശു ക്രിസ്തു സന്നിഹിതനായിരിക്കുകയും ചെയ്യും. സഭയിൽ ഒന്നിച്ചുള്ള പ്രാർത്ഥനയും പ്രവർത്തനവുമാണ്, ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത്. സ്വർഗ്ഗരാജ്യത്തിന്റെ കെട്ടുപണി, ക്രിസ്തു തന്നിൽ വിശ്വസിക്കുന്നവരോടൊത്ത് സഭാശരീരത്തിൽ നിർവഹിക്കുന്ന പ്രക്രിയയാണ്. സഭയിൽ സഹോദരങ്ങൾ സഹ കരിച്ചു പ്രവർത്തിക്കുന്നതുപോലെ ആവശ്യമാണ്, ഒരുവൻ മറ്റൊരു വനോട് ക്ഷമിക്കുന്നതും. ഈ സന്ദർഭത്തിൽ സഭയുടെ മുഴുവൻ സഞ്ചാലനം ഏല്പിക്കപ്പെട്ട പത്രോസ് യേശുവിനോട് ചോദിക്കു ന്നു. എത്ര പ്രാവശ്യം ക്ഷമിക്കണമെന്ന്. യേശു അരുളിചെയ്തു. "ഏഴ് എഴുപതു പ്രാവശ്യമെന്ന് ഞാൻ നിന്നോട് പറയുന്നു." (18/22). ഈ സന്ദർഭം വെച്ച് യേശു പറയുന്നു, "സ്വർഗ്ഗരാജ്യം, തന്റെ സേവ കരുടെ കണക്കുതീർക്കാൻ ആഗ്രഹിച്ച ഒരു രാജാവിനു സദൃശമാ കുന്നു"(18/23) എന്ന്, പതിനായിരം താലന്ത് കടപ്പെട്ടിരുന്ന സേവ കൻ കേണുവീണു അപേക്ഷിച്ചപ്പോൾ, രാജാവ് എല്ലാ കടവും ഇള ച്ചുകൊടുത്തു. എന്നാൽ അവൻ പുറത്തുവന്നപ്പോൾ, തനിക്ക് നൂറു ദേനാറാ കടപ്പെട്ടിരുന്ന ഒരു കൂട്ടുഭൃത്യനെ കണ്ട് കണക്കു തീർക്കാൻ ആവശ്യപ്പെട്ടപ്പോൾ, കുറച്ചു കാലത്തേക്ക് ഇളവു വേണമെന്നു അ പേക്ഷിച്ചതു, ചെവിക്കൊള്ളാതെ അവനെ തടങ്കലിൽ ഏൽപ്പിക്കുക യാണ് ചെയ്തത്. രാജാവ് ഇതറിഞ്ഞ് പതിനായിരം താലന്ത് തിരി കെത്തരുന്നതുവരെ കാരാഗൃഹത്തിലിട്ടു എന്നാണ് രത്നച്ചുരുക്കം. ദൈവമാണ് കണക്കുതീർക്കാൻ ആവശ്യപ്പെടുന്ന രാജാവ്. ഓരോ മനുഷ്യനും ദൈവമുമ്പാകെ വളരെയേറെ കടപ്പെട്ടിരിക്കുന്നു. കടമെ ല്ലാം ഇളച്ചാണ്, വിശ്വാസികളെ ക്രിസ്തു സഭയിൽ പ്രവേശിപ്പിച്ചത്. പാപത്തെ ദൈവത്തിനുള്ള കടമായി യേശു മനസ്സിലാക്കിത്തരുന്നു. എന്നാൽ ഓരോ വിശ്വാസിയും തന്റെ സഹോദരനോട് ക്ഷമിക്കു ന്നില്ലെങ്കിൽ അവന് ഇളച്ചുകൊടുത്തതെല്ലാം കടഭാരമായി അവന്റെ മേൽ ചുമത്തപ്പെടും. അതുകൊണ്ട് യേശു പറയുന്നു, "നിങ്ങൾ സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലെങ്കിൽ, എന്റെ സ്വർഗ്ഗ സ്ഥനായ പിതാവ് നിങ്ങളോടും ഇതുപോലെ (ഉപമയിലെപ്പോലെ) പ്രവർത്തിക്കും." ഓരോരുത്തനും തന്റെ സഹോദരനോട്, ദൈവം ആവശ്യപ്പെടുന്ന പ്രകാരം ക്ഷമിക്കുമ്പോൾ, ദൈവഭരണം നടപ്പി ലാകുന്നു. സ്വർഗ്ഗരാജ്യം സംസ്ഥാപിതമാവുകയും ചെയ്യുന്നു.

www.malankaralibrary.com

## അദ്ധ്യായം പത്തൊമ്പത്

യേശുവിന്റെ ചിന്തയിൽ ഉയർന്നു നിന്നിരുന്ന സ്ഥലമാണ് യറുശലേം. അതായിരുന്നുവല്ലോ, ഇസ്രായേലിന്റെ കേന്ദ്രസ്ഥാനം. ഇസ്രായേലിന്റെ നേതൃത്വം കൈയടക്കിയവരും അവിടെത്തന്നെ ആയിരുന്നു. അവരെയെല്ലാം സത്യത്തിലേക്കും നീതിയിലേക്കും നയിക്കുവാൻ യേശു തീവ്രമായി ആഗ്രഹിച്ചു. ആദ്യമായി യേശു പ്രീശരുടെ യുക്തിവാദത്തെ നേരിടുന്നു, വിവാഹമോചനത്തെപ്പറ്റിയുള്ള ചോദ്യശരത്തിന് ഉത്തരം കൊടുത്തുകൊണ്ട്. അതേസമയം മുതിർന്നവരെ യേശു അറിയിക്കുന്നു, ശിശുക്കളെപ്പോലെ ഉള്ളവരുടേതാണ് സ്വർഗ്ഗരാജ്യം എന്ന്. അടുത്തതായി ധനികനായ യുവാവിനെ യേശു ഉപദേശിക്കുന്നു, 'എല്ലാം വിറ്റ് ദരിദ്രർക്ക് കൊടുത്ത് തന്നെ അനുഗമിക്കുവാൻ.' പക്ഷേ അവൻ തിരികെപ്പോയി. ഈ സംഭവം വച്ച്, ശിഷ്യർ ചോദിച്ചതിന് യേശു മറുപടി കൊടുത്തു "ധനവാന് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക ദുഷ്ക്കരം എന്ന്. എല്ലാം ഉപേക്ഷിച്ച് യേശുവിനെ പിന്തുടർന്ന ശിഷ്യർ പന്ത്രണ്ടു സിംഹാസനങ്ങളിൽ ഇരുന്നു ഇസ്രായേലിനെ ന്യായം വിധിക്കുമെന്ന് വാഗ്ദാനവും ചെയ്തു. ഇസ്രായേലിൽ നിന്ന് പുതിയ ഗണത്തിന്റെ തെരഞ്ഞെടുപ്പ് എങ്ങനെ ആയിരിക്കുമെന്ന് ഈ അധ്യായത്തിൽ നിന്ന് മനസ്സിലാക്കാം.

ദൈവം സ്ഥാപിച്ച ആദ്യത്തെ സമൂഹഘടനയാണ് ഭാര്യാഭർതൃബന്ധത്തിന്റേത്. "പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ടകന്ന് ഭാര്യയോട് ചേർന്നിരിക്കും. അവർ ഇരുവരും ഏകശരീരം ആയിത്തീരും "(19/5). ഇത് എല്ലാം മനുഷ്യർക്കുമുള്ളതാണ്. എങ്കിലും ദൈവമാണ് ഏതൊരു പുരുഷനെയും സ്ത്രീയേയും യോജിപ്പിക്കുന്നത് ."ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ" (19/6) എന്നാൽ പുരുഷന് സ്വന്തം ഇഷ്ടം വച്ച് യോജിക്കുകയും വേർപെടുത്തുകയും ചെയ്യാമെന്ന് ആയിരുന്നു, അന്നത്തെ സമൂഹചിന്ത. സമൂഹത്തിന്റെ മുമ്പിൽ നല്ലപേര് നിലനിർത്താൻ ഭർത്താവു ഭാര്യക്കു ഉപേക്ഷാപത്രം കൊടുത്തു എന്നിരിക്കും. ഉപേക്ഷിക്കാൻ ഗൗരവമായ കാരണമൊന്നും വേണം എന്നില്ലായിരുന്നു. യേശു പറഞ്ഞു "നിങ്ങളുടെ കഠിനഹൃദയം കൊണ്ട് മോശ വിട്ടുവീഴ്ച ചെയ്തെന്നിരിക്കും" എന്നാൽ ദൈവഹിതം അല്ല, അതിൽ അനുവർത്തിക്കപ്പെടുന്നത്. പരസ്യമായ

www.malankaralibrary.com

ദുർമ്മാതൃകകൊണ്ട് കുടുംബജീവിതം അസാധ്യമാകുമ്പോൾ അല്ലാതെ വിവാഹമോചനം അനുവദനീയം അല്ലെന്നാണ്, യേശു നൽകിയ തീർപ്പ്. അങ്ങനെയെങ്കിൽ വിവാഹം കഴിക്കാതിരിക്കുകയാണ് നല്ലതെന്ന് ശിഷ്യന്മാർ പ്രതികരിച്ചു. അപ്പോൾ യേശു പറഞ്ഞു "കൃപ ലഭിച്ചവരല്ലാതെ മറ്റാരും ഈ ഉപദേശം ഗ്രഹിക്കുന്നില്ല "19/11 വിവാഹജീവിതത്തിന്റെ പരിശുദ്ധി ദൈവം നൽകുന്ന ദാനമാണ്. മനുഷ്യർ സ്വന്തമായി വച്ചിരിക്കുന്ന വിവാഹബന്ധം, ദൈവത്തിന് സമർപ്പിക്കണമെന്നാണ്, യേശു ഉപദേശിച്ചത്. ദൈവം, ഏകശരീരമായി യോജിപ്പിച്ചത്, ഏകമായി പാലിക്കാൻ ഭാര്യാഭർത്താക്കന്മാരെ സഹായിക്കുമെന്നാണ്, ഇതിലെ വിവക്ഷ.

ദൈവത്തിൽ ആശ്രയിക്കുന്നതിന്റെ ആവശ്യം വ്യക്തമാക്കാൻ സുവിശേഷകൻ, യേശു, ശിശുക്കളെ ആശീർവദിച്ച സംഭവം, എടുത്തുകാണിക്കുന്നു. ഇത് ഉപമാരൂപത്തിലുള്ള അവതരണമാണ്. ശിശുക്കൾ വിശ്വാസികളുടെ സമൂഹത്തിലേക്ക് കടന്നുവരുന്നവരെ സൂചിപ്പിക്കുന്നു. "ശിശുക്കളെ എന്റെ അടുത്തുവരാൻ അനുവദിക്കുവിൻ, അവരെ തടയരുത്, എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരെപ്പോലെ ഉള്ളവരുടേതാകുന്നു" (19/14) ശിശുക്കൾ മാതാപിതാക്കന്മാരിൽ ആശ്രയിക്കുന്നതുപോലെ, വിശ്വാസികൾ സ്വർഗ്ഗസ്ഥപിതാവിൽ ആശ്രയിക്കണമെന്നാണ്, ഇതിലെ വിവക്ഷ. ശിശുക്കൾക്ക് പ്രത്യേകപദവി നൽകുന്ന രീതി യേശു സഭയിൽ തുടങ്ങിവച്ചു എന്നതും പ്രധാനമാണ്. യേശു ഉപദേശിച്ചതിന് ഒരു എതിരുദാഹരണവും സുവിശേഷകൻ അവതരിപ്പിക്കുന്നു. സ്വന്തം പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഒരു യുവാവ് ചോദിച്ചു- "ഗുരോ, നിത്യ ജീവൻ പ്രാപിക്കാൻ ഞാൻ എന്തു നന്മയാണ്, ചെയ്യേണ്ടത് " (19/16) ഓരോരുത്തരും ചെയ്യുന്ന നന്മക്ക് പ്രതിഫലമാണ് നിത്യജീവൻ, എന്ന ധാരണ പൊതുവെ ഉണ്ടല്ലോ. എന്നാൽ നിത്യജീവൻ ദൈവത്തിന്റെ ദാനമാണ്. ദൈവം ഒരുവൻ മാത്രം നല്ലവൻ. എങ്കിലും ദൈവപ്രമാണങ്ങൾ കാക്കാൻ ഓരോ മനുഷ്യനും ചുമതലയുണ്ട്. ദൈവത്തിന്റെ നന്മയിൽ പങ്കുചേരാൻ അതൊരു വ്യവസ്ഥയാണ്. സാധാരണ ഗുരുക്കന്മാരോട് ചോദിക്കുന്നതു പോലെ ഈ യുവാവ് യേശുവിനോട് ചോദിച്ചു, പ്രമാണങ്ങൾ ഏവയെന്ന്. ദൈവത്തിന്റെ പ്രമാണങ്ങൾ, യേശു അവന് ചുരുക്കത്തിൽ പറഞ്ഞു കൊടുത്തു. അവയെല്ലാം നിർവ്വഹിക്കുന്നുവെന്ന് യുവാവ് മറുപടിയും നൽകി. ഇനി എന്തു കുറവാണ് തനിക്കുള്ളത്, എന്നായിരുന്നു യുവാവിന്റെ

www.malankaralibrary.com

അടുത്ത ചോദ്യം. ''നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുത്ത ശേഷം എന്നെ അനുഗമിക്കുക''. യേശു തുറന്നു പറഞ്ഞു, ദൈവത്തിൽ ആശ്രയിക്കുന്നവനാകുക, എന്ന്. ''ഈ വചനം കേട്ട് ആ യുവാവ് തിരിച്ചു പോയി, കാരണം അവന് വളരെ സമ്പത്തുണ്ടായിരുന്നു''(19/22).

ശിഷ്യരെ പഠിപ്പിക്കാൻ യേശു ഇത് ഒരു അവസരമായി എടുത്തു. ''ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതാണ്''(19/24). തികച്ചും അസാധ്യമായ കാര്യം. ''മനുഷ്യർക്ക് ഇത് അസാധ്യമാണ്, എന്നാൽ ദൈവത്തിന് എല്ലാം സാധിക്കും'' (19/26) സ്വന്തമായി ഉള്ളതു ഉപയോഗിച്ച് എല്ലാം നേടിയെടുക്കുവാൻ ശ്രമിക്കുന്നവനാണ്, ധനവാൻ. ദൈവത്തെ കൂടാതെ, ദീർഘകാലം സുഖസമ്പത്തോടെ ജീവിക്കുവാൻ വ്യാമോഹിച്ച ധനവാനെ, വെറും ഭോഷനായി, ഉപമയിൽ യേശു ചിത്രീകരിക്കുന്നുണ്ട്. എന്നാൽ തങ്ങളുടെ സ്വത്തുക്കൾ ദരിദ്രർക്ക് കൊടുത്തു, ദരിദ്രരായിക്കൊണ്ട് യേശുവിനെ പിൻചെന്നവരുമുണ്ട്. ശിഷ്യന്മാർ ആ ഗണത്തിൽ പെടുന്നു. അവർ സ്വർഗ്ഗരാജ്യത്തിൽ ഉൾപ്പെട്ടു കഴിഞ്ഞു.

''പത്രോസു പറഞ്ഞു ഇതാ ഞങ്ങൾ എല്ലാം ഉപേക്ഷിച്ച് നിന്നെ അനുഗമിച്ചിരിക്കുന്നു. ഞങ്ങൾക്ക് എന്താണ് ലഭിക്കുക''. (19/27) ശിഷ്യന്മാർക്ക് ഉപേക്ഷിക്കാൻ വലുതായൊന്നും ഉണ്ടായിരിക്കില്ല. എന്നാൽ അവർ ആത്മാർത്ഥതയോടെ യേശുവിൽ ആശ്രയിച്ചു. മാത്രമല്ല യേശു തന്റെ രാജ്യം സ്ഥാപിക്കുമ്പോൾ അവർക്കും ഒരു പങ്കു ലഭിക്കും എന്ന് പ്രതീക്ഷിക്കുകയും ചെയ്തു. എന്നാൽ അതു സ്ഥാപിക്കുന്നതിനു മുമ്പേ യേശുവിന് പീഡനങ്ങൾ സഹിക്കേണ്ടി വരുമെന്നും അവർ മനസ്സിലാക്കിയിരുന്നു. എങ്കിലും പത്രോസിന്റെ ചോദ്യം പ്രസക്തമാണ്. യേശു മറുപടി പറഞ്ഞു. ''പുനർജീവിതത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്ത്വത്തിന്റെ സിംഹാസനത്തിൽ ഉപവിഷ്ടനാകുമ്പോൾ, എന്നെ അനുഗമിച്ച നിങ്ങൾ ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളെ ന്യായം വിധിച്ചുകൊണ്ട് പന്ത്രണ്ടു സിംഹാസനങ്ങളിൽ ഇരിക്കും,'' (19/28). അനുഗമിക്കുകയെന്നുവച്ചാൽ ഓരോരുത്തരും തന്റെ കുരിശെടുത്തു അനുഗമിക്കുക എന്നാണെന്ന് യേശു വ്യക്തമാക്കിക്കഴിഞ്ഞു. മനുഷ്യപുത്രനെ വിധിയാളനായി കാണുന്നതിനെപ്പറ്റി ഇവിടെ പരാമർശിക്കുന്നു.

www.malankaralibrary.com

ഇസ്രായേൽ എന്നു വച്ചാൽ പുതിയ ഇസ്രായേൽ എന്നാണ് അർത്ഥം. പന്ത്രണ്ടു സിംഹാസനങ്ങളിലിരുന്നു പന്ത്രണ്ടു ഗോത്രങ്ങളെ വിധിക്കുമെന്ന് പറഞ്ഞിരിക്കുന്നത്, പുതിയ ഇസ്രായേൽ, പഴയതിന്റെ തുടർച്ചയാണെന്ന് വ്യക്തമാക്കാനാണ്. യേശുവാണ് വിധിയാളൻ. എല്ലാത്തിലുമെന്നപോലെ വിധിതീർപ്പിലും. ശ്ലീഹന്മാർ അതിൽ പങ്കാളികൾ ആയിരിക്കുന്നു. അവർക്കു സഭയിലുള്ള നേതൃത്വസ്ഥാനമാണ് ഇതിൽ. യേശു കൽപിച്ചുകൊടുക്കുന്നത്. സഭയിൽ എല്ലാ വിശ്വാസികൾക്കും, എല്ലാം ഉപേക്ഷിച്ചവരെന്നനിലയിൽ, ലഭിക്കാൻ പോകുന്ന ഭാഗ്യം യേശു ഇവിടെ വിശദമാക്കുന്നു. കുടുംബങ്ങളിൽ ലഭിച്ചിരുന്ന ബന്ധങ്ങളുടെ സ്ഥാനത്ത് സഭയിൽ ലഭിക്കുന്ന പുതിയ ബന്ധങ്ങൾ കൂടുതൽ സന്തോഷകരമാണെന്ന സൂചനയും ഈ വാക്യത്തിൽ (19/29)കാണാം, പഴയ ഇസ്രായേലിലെ കുടുംബബന്ധങ്ങൾ യേശുവിനെ അനുഗമിക്കുന്നതുകൊണ്ടു നഷ്ടമാകുന്നതിനെപ്പറ്റി നേരത്തേ വ്യക്തമാക്കിയിട്ടുണ്ട്. (10/ 34-39) യേശു ശിഷ്യന്മാർക്ക് ഒരു മുന്നറിയിപ്പ് കൂടി നൽകുന്നു. മുമ്പന്മാർ പലരും പിമ്പന്മാരും, പിമ്പന്മാർ മുമ്പന്മാരുമാകും (19/30). നിത്യജീവൻ, ഓരോരുത്തർക്കും ദൈവം നിശ്ചയിക്കുന്ന സൗജന്യദാനമാണ്. മനുഷ്യന്റെ പ്രവർത്തനത്തിനുള്ള കൃത്യമായ കൂലിയല്ല.

## അധ്യായം ഇരുപത്

ഇസ്രായേൽ ദൈവത്തിന്റെ മുന്തിരിത്തോട്ടമാണ്, അതിന്റെ ഉടമയും അവകാശവും ദൈവത്തിനുതന്നെ. ഈ ആശയം വ്യക്തമാക്കുകയാണ് ഈ അധ്യായത്തിൽ. ഒരു ഉപമ വച്ചു ഈ അധ്യായം തുടങ്ങുന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള സഹകരണമാണ്, ഉപമയുടെ സാരം. യജമാനന്റെ തോട്ടത്തിൽ വേലക്കാർ പ്രതിഫലം പ്രതീക്ഷിച്ചു ജോലിചെയ്യുന്നു. പ്രതിഫലം,ദൈവം നിശ്ചയിക്കുന്നതുതന്നെ. സമയത്ത്, എത്രജോലി ചെയ്തുവെന്നതാണല്ലോ, പ്രതിഫലത്തിന്റെ മാനദണ്ഡം. അത് മനുഷ്യന്റെ നീതി. ദൈവത്തിന്റെ നീതിയാകട്ടെ അതിന് ഉപരിസ്ഥമാണ്. ദൈവത്തിന്റെ നീതി പാലിക്കപ്പെടുന്നതായി ഉപമയിൽ ചൂണ്ടിക്കാണിക്കുന്നു. അതോടെ, മുമ്പന്മാർ പിമ്പമാരും പിമ്പന്മാർ മുമ്പന്മാരും, ആകും. ഇത് വിശദ

www.malankaralibrary.com

മാക്കപ്പെടുന്നു, ഈ ഉപമയിൽ, ദിവസത്തിന്റെ തുടക്കത്തിലേ വേലയ്ക്ക് ഇറങ്ങിയവർ, പകലിന്റെ ഭാരവും ചൂടും സഹിച്ചു. അവർ ഒരു ദേനാറാ എന്ന നിരക്കിൽ കൂലി സമ്മതിച്ചവരാണ്. പിന്നീട് ഓരോ മണിക്കൂറിലും വേലയ്ക്ക് ഇറങ്ങിയവർ, അതിനനുസരിച്ചു കുറച്ചു വേല ചെയ്തു. പതിനൊന്നാം മണിക്കൂറിൽ വേലതുടങ്ങിയവരോ കാര്യമായി വേല ഒന്നും ചെയ്തില്ല, എന്നാൽ യജമാനൻ വിളിച്ച ഉടനെ ഇറങ്ങിവന്നവരാണ്. താമസിച്ച് വന്നവർ കൂലിപേശിയില്ല. "ന്യായമായ കൂലി നിങ്ങൾക്കു ഞാൻ തരും" എന്ന യജമാനന്റെ വാക്ക് അവർ വിശ്വസിച്ചു. അവരുടെ വിശ്വാസം ഫലം പുറപ്പെടുവിച്ചു. അവസാനത്തേ മണിക്കൂറിൽ വന്നവർ മുതൽ ആദ്യം വന്നവർവരെ, എല്ലാവർക്കും ഓരോ, ദേനാറാ കൂലികൊടുത്തു. യജമാനൻ നോക്കിയത്, ചെയ്ത വേലയല്ല, പിന്നയോ ഓരേ ആളിന്റെയും വ്യക്തിമൂല്യമാണ്. ഇതാണ്, ദൈവത്തിന്റെ നീതി. ദൈവരാജ്യത്തിൽ ലഭിക്കുന്ന പ്രതിഫലത്തിന്റെ മാനദണ്ഡവും അതുതന്നെ."പിമ്പന്മാർ മുമ്പന്മാരും മുമ്പന്മാർ പിമ്പന്മാരും ആകും"എന്ന വാക്യത്തോടെ ഉപമ അവസാനിക്കുന്നു.

യേശു തന്റെ പീഡാനുഭവവും മരണവും മുന്നറിയിക്കുന്നത്, പന്ത്രണ്ടു ശിഷ്യന്മാരോടു മാത്രമാണ്. യറുശലേമിലേക്കു യാത്ര ചെയ്യുന്നത്, മരണത്തിലേക്കും ഉത്ഥാനത്തിലേക്കുമാണ്. മനുഷ്യപുത്രൻ ഏല്പ്പിക്കപ്പെടും, ആദ്യമേ യഹൂദാധികാരികളുടെ കയ്യിൽ, പിന്നീട് വിജാതീയർക്ക്. രണ്ടാം പ്രവചനത്തിലെ 'മനുഷ്യർക്കു' എന്നത് ഇവിടെ വിശദമാക്കപ്പെട്ടു. അവർ(യഹൂദരും വിജാതീയരും) ഒന്നിച്ച് അവനെ പരിഹസിക്കുകയും പ്രഹരിക്കുകയും ക്രൂശിക്കുകയും ചെയ്യും. പീഡാനുഭവത്തിന്റെയും മരണത്തിന്റെയും വ്യക്തമായ ചിത്രം യേശു തന്റെ ശിഷ്യന്മാർക്കു നൽകിക്കഴിഞ്ഞു. "എന്നാൽ മൂന്നാം ദിവസം അവൻ ഉയർപ്പിക്കപ്പെടും" (20/19). പിതാവാണ്, പുത്രനെ മരണത്തിൽനിന്ന് ഉയർപ്പിക്കുന്നത്. യേശുവിന്റെ പീഡാനുഭവവും മരണവും ഉത്ഥാനവും, പിതാവിന്റെ പദ്ധതിയനുസരിച്ചാണ് നടക്കുന്നത്.

പീഡാനുഭവത്തിന്റെയും മരണത്തിന്റെയും അറിയിപ്പു കഴിഞ്ഞയുടനേ യാക്കോബിന്റെയും യോഹന്നാന്റെയും അമ്മ നിന്റെ രാജ്യത്തിൽ എന്റെ ഈ രണ്ടു പുത്രന്മാരിൽ ഒരുവൻ വലതുവശത്തും, അപരൻ ഇടതുവശത്തും ഇരിക്കുവാൻ കൽപ്പിക്കണം എന്ന

www.malankaralibrary.com

പേക്ഷിച്ചത് അനവസരമായിപ്പോയി എന്നു തോന്നാം. ദൈവപദ്ധതിയും മനുഷ്യന്റെ കണക്കുകൂട്ടലും തമ്മിലുള്ള വൈരുദ്ധ്യമാണ്, സുവിശേഷകൻ ഇവിടെ എടുത്തുകാണിക്കുന്നത്. ആ രണ്ടു ശിഷ്യന്മാരും, യേശു കുടിക്കുന്ന പാനപാത്രം കുടിക്കാൻ തയ്യാറാണെന്ന് സമ്മതിച്ചു; യേശു അവരുടെ വിശ്വാസം അംഗീകരിക്കുകയും ചെയ്തു. അവർക്ക് എന്തു സ്ഥാനം ലഭിക്കണമെന്ന്, പിതാവ് കൽപ്പിച്ചിരിക്കുന്നത് നടക്കുമെന്നു പറഞ്ഞുകൊണ്ട് യേശു, ആ സംഭാഷണത്തിനു വിരാമമിട്ടു. എങ്കിലും യേശു രണ്ടു ശിഷ്യർക്കും അനുകൂലമായിരിക്കുമെന്ന് ചിന്തിച്ച്, മറ്റു ശിഷ്യർ അമർഷം കൊണ്ടു. ഈ അവസരം വച്ച്, യേശു അധികാരത്തിന്റെ ശരിയായ അർത്ഥം ശിഷ്യർക്ക് പറഞ്ഞുകൊടുത്തു. അധികാരം മേൽക്കോയ്മയല്ല ,ഒരു കൂട്ടം യജമാനന്മാരും മറ്റൊരുകൂട്ടം അടിമകളുമാകുന്നതുമല്ല. "നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ , ഇതരരുടെ ശുശ്രൂഷകനും, നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ, ഇതരരുടെ ദാസനും, ആയിത്തീരണം" (20/27). അധികാരത്തിനു പുതിയ ഉൾക്കാഴ്ച, യേശു ഇതിലൂടെ നൽകുന്നു. അത് യേശുവിന്റെ ജീവിതത്തിൽ നിന്ന് ഉരുത്തിരിയുന്നതാണ്. യേശു മാതൃകയായി സ്വയം വെളിപ്പെടുത്തുന്നു. "ശുശ്രൂഷിക്കപ്പെടാനല്ല ശുശ്രൂഷിക്കാനും അനേകരുടെ മോചനത്തിനു വിലയായി സ്വജീവൻ കൊടുക്കാനും – മനുഷ്യപുത്രൻ വന്നിരിക്കുന്നു"(20/28) മനുഷ്യപുത്രൻ അധികാരത്തോടെ പ്രത്യക്ഷപ്പെടുമെന്നതിനു ഒരു പുതിയ വിവരണം, ഇവിടെ യേശു നൽകുന്നു. യേശു ആദ്യമേ സ്ഥാപിക്കുന്നത് ശുശ്രൂഷയുടെ രാജ്യമാണ്. അതിൽ പങ്കുചേരാനാണ് ശിഷ്യർ വിളിക്കപ്പെട്ടത്. സെബദി പുത്രന്മാരുടെ അമ്മയുടെ അഭ്യർത്ഥന അവസരമായെടുത്ത്, സഭയുടെ ശുശ്രൂഷ, ചൈതന്യം, തന്റെ പീഡാമരണങ്ങളുടെ പകർപ്പായിരിക്കണമെന്ന് യേശു ചൂണ്ടിക്കാണിക്കുന്നു. ഇതിലൂടെ ദൈവം യജമാനനായിരിക്കുന്ന മുന്തിരത്തോട്ടത്തിലെ വേലയുടെ സ്വഭാവവും വ്യക്തമായിവരുന്നു.

യേശുവിന്റെ ശുശ്രൂഷയുടെ മാതൃകയായി, രണ്ട് അന്ധന്മാരെ യേശു സുഖപ്പെടുത്തിയ സംഭവം സുവിശേഷകൻ എടുത്തുപറയുന്നു. അന്ധന്മാർ രണ്ടു പേരുണ്ട്. അവരെ ഒരു സമൂഹമായി സുവിശേഷകൻ അവതരിപ്പിക്കുന്നു. രണ്ടുപേർ ഒന്നിച്ച് അഭ്യർത്ഥിക്കുന്ന ഏതു കാര്യവും സ്വർഗ്ഗസ്ഥപിതാവ് സാധിച്ചുകൊടുക്കുമെന്നാണല്ലോ. യേശു പറഞ്ഞിരിക്കുന്നത്. "കർത്താവേ,

www.malankaralibrary.com

ദാവീദിന്റെ പുത്രാ, ഞങ്ങളിൽ കനിയേണമേ" എന്ന് അവർ വിളിച്ചപേക്ഷിച്ചു. ജനത്തിന്റെ സ്വഭാവം, ഇത്തരം ഒച്ചയും ബഹളവും ഇഷ്ടപ്പെടാതിരിക്കുകയാണല്ലോ, അതുകൊണ്ട് ജനം അന്ധരെ തടസ്സപ്പെടുത്തി. എന്നാൽ പാവപ്പെട്ടവരെ ശുശ്രൂഷിക്കാൻ വന്നിരിക്കുന്നുവെന്ന്, യേശു സമൂഹത്തിന് ഒന്നുകൂടി തെളിയിച്ചുകൊടുത്തു. "ഞാൻ നിങ്ങൾക്ക് എന്തു ചെയ്യണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്" എന്ന് യേശു ചോദിച്ചപ്പോൾ "കർത്താവേ, ഞങ്ങൾക്ക് കണ്ണു തുറന്ന് കിട്ടണം" എന്ന് അവർ മറുപടി കൊടുത്തു. "യേശു ഉള്ളഴിഞ്ഞ് അവരുടെ കണ്ണുകളിൽ സ്പർശിച്ചു. തൽക്ഷണം അവർക്ക് കാഴ്ച ലഭിച്ചു" (20/33-34). ഈ വിവരണത്തിൽ നിന്ന് വ്യക്തമാണ് അവർ ആഗ്രഹിച്ചതിൽ കൂടുതൽ നൽകാൻ യേശു തയ്യാറായി, എന്ന്. അത് ശുശ്രൂഷയുടെ ഉയർന്ന ഭാവമാണ്. അന്ധർ യേശുവുമായി വ്യക്തിബന്ധത്തിലേക്ക് പ്രവേശിച്ചുകഴിഞ്ഞു. അവരും അവനെ അനുഗമിച്ചു. പന്ത്രണ്ടു പേർക്കു പുറമെ യേശുവിന് കൂടുതൽ ശിഷ്യർ ഉണ്ടായിരുന്നു. അവരാണല്ലോ സഭയുടെ ആദ്യത്തെ അംഗങ്ങൾ.

## അധ്യായം ഇരുപത്തിഒന്ന്

യേശു പ്രതീക്ഷിച്ചതാണ്, ഇസ്രാ.യേലിൽ വേർതിരിവുണ്ടാകുമെന്ന്. എന്നാൽ ഇസ്രായേൽ മുഴുവനും ദൈവത്തിലേക്ക് തിരിഞ്ഞുവരും എന്നുള്ള പ്രതീക്ഷയിലാണ് യേശു പ്രവർത്തിച്ചിരുന്നത്. എന്നാലും, കണ്ടിട്ടും കാണാതെയും കേട്ടിട്ടും കേൾക്കാതെയും, മനസുകൊണ്ടു ഗ്രഹിച്ചിട്ടും മാനസാന്തരപ്പെടാതെയും ഉള്ള ഒരു കൂട്ടത്തെപ്പറ്റി ഏശായാ പ്രവചിച്ചിരുന്നതാണ്. അത് നിറവേറുകയും ചെയ്തു. അതേസമയത്ത് മനംതിരിഞ്ഞ് യേശുവിൽ വിശ്വസിച്ച ഒരു ചെറിയ അജഗണവും ഉണ്ടായി, യേശുവിന് ശിഷ്യപ്പെട്ടിരുന്നവർ. ഈ രണ്ടു ഗണവും തമ്മിലുള്ള വേർതിരിവ് വ്യക്തമാക്കുകയാണ്, ഈ അധ്യായത്തിൽ. ദൈവാലയപ്രവേശനത്തിലും അതു കഴിഞ്ഞുള്ള ദൈവാലയ ശുദ്ധീകരണത്തിലും ഈ തിരിവ് പ്രകടമാണ്. അത്തിവൃക്ഷത്തിന്റെ ശാപം, ഫലം തരാതിരിക്കുന്ന ഇസ്രായേൽക്കാരെ ഉദ്ദേശിച്ചാണ്. യേശുവിന്റെ അധികാരം ചോദ്യം ചെയ്തത്, യേശുവിനെ എതിർത്തിരുന്നവർ ആണ്. 'രണ്ടു പുത്ര

www.malankaralibrary.com

ന്മാരുടെ ഉപമ' യിൽ രണ്ടു മക്കളിൽ ഒരാൾ അപ്പന്റെ നിർദ്ദേശം നിരാകരിച്ചശേഷം തിരികെ വന്നയാളും മറ്റൊരാൾ ചെയ്യാമെന്ന് പറഞ്ഞശേഷം ചെയ്യാതിരുന്നയാളും ആണല്ലോ. അത് ഇസ്രയേലിന്റെ വിഭജനമാണ് സൂചിപ്പിച്ചത്. മുന്തിരിത്തോട്ടത്തിലെ കൃഷിക്കാർ, ചരിത്രപരമായി തുടരെ യഹോവയെ അനുസരിക്കാതിരുന്ന കഠിനഹൃദയരായ ഇസ്രായേൽകാർ തന്നെ. ഇവിടെ യേശു തന്റെ മരണവും സൂചിപ്പിച്ചുകൊണ്ട്, തനിക്കെതിരെ നടത്തുന്ന ആലോചനയിൽ നിന്ന് പിന്മാറാൻ, ദൈവനാമത്തിൽ ആവശ്യപ്പെടുകയും ചെയ്തു. പ്രീശരും പ്രധാന പുരോഹിതരും ആകട്ടെ യേശുവിനെ പിടികൂടാൻ ശ്രമിച്ചു. പക്ഷേ അവർ ജനക്കൂട്ടത്തെ ഭയപ്പെട്ടിരുന്നു, അതുകൊണ്ട് മുമ്പോട്ടു വന്നില്ല.

മിശിഹാ രാജാവ് എന്ന നിലയിൽ യറുശലേം നഗരത്തിൽ സമാഗതനാകേണ്ടതും, പുരോഹിതനെന്ന നിലയിൽ ദേവാലയത്തിൽ പ്രവേശിക്കേണ്ടതും ആവശ്യമായിരുന്നു. പക്ഷേ രണ്ടും പ്രതീകാത്മകമായിമാത്രം. കാരണം മിശിഹാ ഭൗതികമായി രാജത്വം പ്രാപിക്കുന്നില്ല, ദേവാലയത്തിൽ ബലി അർപ്പിക്കുന്നുമില്ല. എന്നാൽ യഥാർത്ഥ ഇസ്രായേലെന്ന ബോധ്യത്തിൽ തന്റെ യറുശലേം യാത്ര തരപ്പെടുത്താൻ, യേശു ശിഷ്യരെ ഭരമേൽപ്പിച്ചു, അവർ യേശു ആവശ്യപ്പെട്ടപോലെ ഒരു കഴുതയെയും അതിന്റെ കഴുതക്കുട്ടിയെയും കൊണ്ടു വന്നു. അതിന്മേൽ വസ്ത്രങ്ങൾ വിരിച്ചു. യേശു അതിന്മേൽ ഇരുന്നു. "നിന്റെ രാജാവ് വിനയാന്വിതനായി കഴുതപ്പുറത്ത്, കഴുതക്കുട്ടിയുടെപുറത്ത് കയറി വരുന്നു" . (സഖ 9/9) രണ്ടിന്റെയും പുറത്ത് കയറി വരുന്നതെങ്ങനെയെന്ന് ചിലർ ചോദിക്കാറുണ്ട്. ചോദ്യം അർത്ഥരഹിതമെന്നല്ലാതെ എന്തു പറയാൻ. മത്തായി സുവിശേഷകൻ പ്രവചനത്തോട് ഏറ്റം വിശ്വസ്തത പുലർത്തുന്നുവെന്നതിന്റെ തെളിവാണിത്. മിശിഹായുടെ വരവിന്റെ വിശദാംശങ്ങൾ പോലും പ്രവചിക്കപ്പെട്ടിരുന്നു. സെഹിയോൻ പുത്രി, തന്റെ രാജാവിന് നൽകിയ വരവേൽപ്പാണ് ഇത്. ജനം ആർത്തു വിളിച്ചു. "ദാവീദിനു പുത്രനു ഓശാന കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ ഉയരങ്ങളിൽ ഓശാന" (21/9). ഓശാന, ആഘോഷപരമായ സ്തുതിയാണ്. 'കർത്താവേ രക്ഷിക്കുക' എന്നാണ് അതിന്നർത്ഥം. കർത്താവിന്റെ നാമത്തിൽ വരുന്നത് രക്ഷിക്കുവാനാണല്ലോ. 'ഉയരങ്ങളിൽ നിന്ന് 'എന്നത് ദൈവമെന്നതിന് ഒരു വർത്തുള പ്രയോഗം. രക്ഷയുടെ അനുഗ്രഹം ഇറങ്ങിവരുന്നതിനെപ്പറ്റിയാണ് സൂചന. യേശുവിനെ

www.malankaralibrary.com

പ്പറ്റി ജനം പറഞ്ഞു, "ഇവൻ ഗലീലിയിലെ നസ്രത്തിൽ നിന്നുള്ള പ്രവാചകനായ യേശു" (2/11) ജനത്തിന് ഇതിനപ്പുറമൊന്നും യേശുവിനെപ്പറ്റി ബോധ്യമായിരുന്നില്ല.

യേശു ദേവാലയത്തിൽ പ്രവേശിച്ചയുടൻ അവിടെ കച്ചവടം ചെയ്തിരുന്നവരെ പുറത്താക്കുകയാണ് ചെയ്തത്. "എന്റെ ഭവനം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടുമെന്ന എഴുതപ്പെട്ടിരിക്കുന്നു. എന്നാൽ നിങ്ങൾ അതു കവർച്ചക്കാരുടെ ഗുഹയാക്കുന്നു"(21/13) ഇതായിരുന്നു ദൈവനാമത്തിൽ യേശുവിന്റെ പരിദേവനം. യേശുവിന്റെ വേദന പ്രവൃത്തിയിൽ നിഴലിക്കുന്നു. അതിന്റെ അടയാളം യേശു പ്രകടിപ്പിച്ചു എന്നല്ലാതെ പാടെ ശുദ്ധീകരിക്കാനൊന്നും അവിടുന്നു ഉദ്ദേശിച്ചിരുന്നില്ല. കച്ചവടം മാത്രമല്ല ദേവാലയത്തെ അശുദ്ധമാക്കിയത്. അതിന്റെ ചുമതലപ്പെട്ടവരുടെ മനസ്സും ഹൃദയവുമാണ്, അശുദ്ധമായിരുന്നത്. ഇസ്രയേലിന്റെ മുഴുവൻ അശുദ്ധി നിർമ്മൂലനം ചെയ്യുന്ന, തന്റെ മരണമാകുന്ന ബലിയെക്കുറിച്ച് മുന്നറിയിക്കുകയായിരുന്നു, യേശു ദേവാലയപ്രവേശത്തിലൂടെ. ഒന്നു നശിക്കുമ്പോൾ വേറൊന്ന് നിർമ്മിക്കേണ്ടിയിരുന്നു. തന്റെ ശരീരത്തിൽ യേശു ഒരു പുതിയ ദേവാലയം നിർമ്മിക്കാനിരിക്കുന്നു. ഈ സംഭവത്തിനിടയിലും, യേശു രോഗികളെ സുഖപ്പെടുത്തുന്നതിൽ വ്യാപൃതനായി. യേശുവിന് സ്നേഹമാണ് പ്രധാനം. എങ്കിലും പുരോഹിതരും നിയമജ്ഞരും കോപാകുലരായി. "ശിശുക്കളുടെയും, മുലകുടിക്കുന്നവരുടെയും അധരങ്ങളിൽ നീ സ്തുതി ഒരുക്കി" (21/16) എന്ന കീർത്തനവാക്യമായിരുന്നു, അതിന് യേശു നൽകിയ മറുപടി.

ഇസ്രായേൽ ഫലം നൽകുന്നില്ല. എന്നതിന് പ്രതീകമായാണ്, .യേശു അത്തിമരത്തെ ശപിച്ചത്. അത്തിമരം ഉണങ്ങിപ്പോയപോലെ ഇസ്രയേലും നശിക്കുമെന്നാണ് അതിന്റെ അർത്ഥം. ശിഷ്യർ വിശ്വാസത്തിൽ വളരണമെന്ന ബോധനവും അതിലുണ്ട്. "ഈ മലയോട് ഇവിടെനിന്ന് മാറി കടലിൽ ചെന്ന് വീഴുക എന്നു നിങ്ങൾ പറഞ്ഞാൽ അത് സംഭവിച്ചിരിക്കും" (21/21). യറുശലേം നഗരം നില്ക്കുന്ന മലയാണ് ഇവിടെ ഉദ്ദേശിച്ചത്. യറുശലേമിന്റെ സ്ഥാനത്ത് വേറൊരു ക്രമീകരണം വരുമെന്നു സാരം. "വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നതെല്ലാം നിങ്ങൾക്കു ലഭിക്കും" (21/22) ദൈവത്തിന്റെ മഹത്തായ പ്രവൃത്തികൾ എല്ലാത്തിനെയും പൂർത്തിയാക്കിത്തരുന്നു.

www.malankaralibrary.com

യേശു ദേവാലയത്തിൽനിന്ന് കച്ചവടക്കാരെ പുറത്താക്കി, അവിടെ വച്ചു രോഗികളെ സുഖപ്പെടുത്തി, അതിനുശേഷം ജനത്തെ പഠിപ്പിച്ചുകൊണ്ടിരുന്നു. ദൗത്യത്തിന്റെ പൂർണ്ണമായ നിർവ്വഹണ മാണ്, സുവിശേഷകൻ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. അപ്പോൾ ജനപ്രമാണിമാർ, ഏത് അധികാരത്താൽ നീ ഇത് ചെയ്യു ന്നു, എന്നു യേശുവിനോട് ചോദിച്ചത്, തികച്ചും സ്വാഭാവികമാണ്. അതിന് യേശു മറുചോദ്യം ഉന്നയിച്ചു. യോഹന്നാന്റെ മാമോദീസാ സ്വർഗ്ഗത്തിൽ നിന്നോ, മനുഷ്യരിൽ നിന്നോ. പ്രമാണികൾ ചിന്തിച്ചു. 'സ്വർഗ്ഗത്തിൽ നിന്ന്' എന്ന മറുപടി പറഞ്ഞാൽ നിങ്ങൾ എന്തു കൊണ്ട് സ്വീകരിച്ചില്ല എന്നു ചോദ്യമുണ്ടാവാം. മനുഷ്യരിൽ നിന്നു പറയാൻ അവർ ജനത്തെ ഭയപ്പെട്ടു, കാരണം യോഹന്നാനെ ജനം പ്രവാചകനായി പരിഗണിച്ചിരുന്നു. ജനം അപ്പോഴും യേശുവിന്റെ പക്ഷത്തു തന്നെ. യോഹന്നാനെ സ്വീകരിക്കുന്നവൻ മിശിഹാ യെയും സ്വീകരിക്കും.

യേശു ചോദ്യത്തിന് ഉത്തരം കൊടുത്തില്ല. പക്ഷേ അവ രോടു ഒരു ഉപമ പറഞ്ഞു. അപ്പൻ തന്റെ രണ്ടു മക്കളോട് മുന്തി രിത്തോട്ടത്തിൽ പോയി വേലചെയ്യാൻ പറഞ്ഞതിന്റെ കഥ, മൂത്തവൻ 'മനസ്സില്ലാ' എന്നു പറഞ്ഞെങ്കിലും പിന്നീട് അതേപ്പറ്റി ദു:ഖിച്ചു, തോട്ടത്തിൽ പോയി വേല ചെയ്തു. ഇളയവൻ വേല ചെയ്യാ മെന്ന് സന്തോഷത്തോടെ പറഞ്ഞെങ്കിലും, തോട്ടത്തിൽ പോയി ല്ല, വേല ചെയ്തുമില്ല. ഈ ഉപമയിൽ നിന്ന് യേശു യഹൂദപ്രമാ ണികളുടെ തെറ്റ് ചൂണ്ടിക്കാണിക്കാൻ ശ്രമിക്കുകയായിരുന്നു. "യോഹന്നാൻ നീതിയുടെ മാർഗ്ഗത്തിലൂടെ നിങ്ങളെ സമീപിച്ചു. നിങ്ങൾ അവനിൽ വിശ്വസിച്ചില്ല. എന്നാൽ ചുങ്കക്കാരും വേശ്യ കളും അവനിൽ വിശ്വസിച്ചു" (21/32). യേശു ഈ ഉപമകൊണ്ട് ഉദ്ദേശിച്ചത്, മൂത്ത മകന്റെ സ്ഥാനത്ത് ചുങ്കക്കാരെയും വേശ്യക ളെയും, ഇളയവന്റെ സ്ഥാനത്ത് യഹൂദനേതാക്കളെയും ആണ്. ആദ്യത്തെ ഗണം സാധാരണ മനുഷ്യരുടേതാണ്, രണ്ടാമത്തേതോ യഹൂദപ്രമാണികളുടേതും. യഹൂദർ ദൈവത്തെ പ്രീതിപ്പെടുത്തു ന്നുവെന്ന് എപ്പോഴും ബാഹ്യപ്രകടനം നടത്തിയിരുന്നു, എന്നാൽ ദൈവഹിതം അനുവർത്തിച്ചിരുന്നില്ല. സാധാരണ ജനത്തിൽ നിന്ന് പലരും മാനസാന്തരപ്പെട്ടു.

www.malankaralibrary.com

ഇസ്രായേലിന്റെ ചരിത്രം മുഴുവൻ ഉൾക്കൊള്ളുന്ന ഉപമയാണിത്-മുന്തിരിത്തോട്ടത്തിന്റെ ഉപമ. തോട്ടം നട്ടുപിടിപ്പിച്ചു, അതിനുചുറ്റും വേലി കെട്ടി. അതിൽ മുന്തിരിച്ചക്കു സ്ഥാപിക്കുകയും, ഗോപുരം നിർമ്മിക്കുകയും ചെയ്തു. വേലി നിയമവ്യവസ്ഥയെയും മുന്തിരിച്ചക്കു ദേവാലയത്തെയും ഗോപുരം അധികാരത്തെയും സൂചിപ്പിക്കുന്നുവെന്ന് ചിന്തിക്കാം. വീട്ടുടമസ്ഥന്റെ അസാന്നിദ്ധ്യത്തിൽ തോട്ടം പരിപാലിക്കാൻ കൃഷിക്കാരെയും ആക്കി. ഇതിനെല്ലാം ശേഷം, ഫലം ശേഖരിക്കാൻ ഭൃത്യന്മാരെ അയയ്ക്കുന്നതു മുതലാണ്, പ്രശ്നം രൂക്ഷമായത്. കൃഷിക്കാർ അവരെ ഫലം ഏൽപ്പിച്ചില്ലെന്നു മാത്രമല്ല, മർദ്ദിക്കയും കൊല്ലുകയും ചെയ്തു. അവസാനം ഉടമസ്ഥൻ തന്റെ പുത്രനെത്തന്നെ അയച്ചു. കൃഷിക്കാർ അവനെ ബഹുമാനിക്കുമെന്ന് കരുതി. എന്നാൽ പുത്രൻ അവകാശിയാണല്ലോ. അതുകൊണ്ടു പുത്രനെ പിടിച്ച് തോട്ടത്തിനു വെളിയിൽ കൊണ്ടുപോയി കൊന്നുകളഞ്ഞു. യേശു തന്നെ ശ്രവിച്ചിരുന്ന യഹൂദപ്രമാണികളോടു ചോദിച്ചു, ഉടമസ്ഥൻ എന്തു ചെയ്യും . എന്നു. അവർ പറഞ്ഞു, അവൻ ആ ദുഷ്ടരെ നിഷ്ഠുരമായി നശിപ്പിക്കുകയും യഥാകാലം ഫലം കൊടുക്കുന്ന മറ്റു കൃഷിക്കാരെ മുന്തിരിത്തോട്ടം ഏൽപ്പിക്കുകയും ചെയ്യും,എന്ന് ദൈവമാണ് ഉടമസ്ഥൻ, ഓരോ സമയത്ത് ഇസ്രയേലാകുന്ന തോട്ടത്തിൽ നിന്ന് ഫലം അന്വേഷിക്കാൻ പ്രവാചകരെ അയച്ചു. ഇസ്രയേലിന്റെ നേതൃത്വം അവരെ ഓരോരുത്തരെയും പീഡയേൽപ്പിക്കുകയും കൊല്ലുകയും ചെയ്തു. യോഹന്നാൻ സ്നാപകനാണ്, ആ നിരയിലെ ഏറ്റവും അവസാനത്തെയാൾ. എന്നാൽ ദൈവം തന്റെ ഏകജാതനെ അയച്ചു. ആ യേശുവിനെ യഹൂദപ്രമാണികൾ എങ്ങനെ വധിക്കുമെന്ന് മുന്നറിയിപ്പും, ഈ ഉപമയിലൂടെ നല്കിക്കഴിഞ്ഞു. പക്ഷെ അതിലൂടെ ഇസ്രയേൽ നശിക്കുകയില്ല. "പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ലു മൂലക്കല്ലായിത്തീരുന്നു എന്ന വചനം യേശു അവരെ ഓർമ്മിപ്പിച്ചു" (20/42). മത്തായി സുവിശേഷകൻ പുതിയ ഇസ്രയേലിന്റെ സൂചന ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നു. യേശു അവരോടു പറഞ്ഞു, "ദൈവരാജ്യം നിങ്ങളിൽ നിന്ന് എടുത്തു ഫലം പുറപ്പെടുവിക്കുന്ന ജനത്തിനു നൽകപ്പെടും" (21/43). "വിജാതീയരെ ഉൾപ്പെടുത്തി പുതിയ ഇസ്രയേലിന് രൂപംകൊടുക്കുന്നതിനെപ്പറ്റിയുള്ള പ്രവചനമാണിത്." അതോടൊപ്പം തന്നെ എതിർക്കുന്നവർക്കുണ്ടാകുന്ന നാശം യേശു മുന്നറിയിക്കുന്നു. "ഈ

www.malankaralibrary.com

കല്ലിൽ വീഴുന്നവൻ തകർന്നുപോകും. ഇത് ആരുടെ മേൽ വീഴുന്നുവോ അവനെ അത് ധൂളിയാക്കും'' (21/44) ഈ ഉപമകൾ തങ്ങളെപ്പറ്റിയാണെന്ന് യഹൂദപ്രമാണികൾ മനസ്സിലാക്കി. അവർ യേശുവിനെ പിടികൂടാൻ ആഗ്രഹിച്ചു. എന്നാൽ അവർ ജനത്തെ ഭയപ്പെട്ടു. മത്തായി സുവിശേഷകൻ ജനത്തെപ്പറ്റി എപ്പോഴും നല്ല രീതിയിലാണ് പ്രതിപാദിക്കുന്നത്.

---

## *അദ്ധ്യായം ഇരുപത്തിരണ്ട്*

സ്വർഗ്ഗരാജ്യത്തിന്റെ വ്യത്യസ്തഭാവങ്ങൾ സുവിശേഷകൻ വെളിപ്പെടുത്തുകയാണ്, ഈ അധ്യായത്തിൽ. പല സന്ദർഭങ്ങളിൽ യേശുക്രിസ്തു അരുളിചെയ്ത വചനങ്ങളായിരിക്കും, സുവിശേഷകൻ, പ്രത്യേകമായ ഉദ്ദ്യേശ്യം വച്ച് ഒന്നിച്ചു രേഖപ്പെടുത്തിയിരിക്കുന്നത്. സ്വർഗ്ഗരാജ്യവും മിശിഹായും തമ്മിലുള്ളബന്ധം, ഒരു രാജാവ് തന്റെ പുത്രനെ ഉദ്ദേശിച്ചു നടത്തിയ വിരുന്നിന്റെ ഉപമയിലൂടെ വ്യക്തമാക്കിയിരിക്കുന്നു. മിശിഹാ ഭൗമികരാജാവായി ഭരണം നടത്തുമോ എന്ന ചോദ്യത്തിന് ഉത്തരമാണ് അടുത്തതായി നൽകിയിരിക്കുന്നത്. ഉയിർത്തെഴുന്നേറ്റ ആത്മാക്കളുടെ ജീവിതം സ്വർഗ്ഗത്തിൽ ഏതുവിധം ആയിരിക്കുമെന്നു വിശദമാക്കുന്നതാണ് അടുത്തഭാഗം. മിശിഹാ എങ്ങനെ ദാവീദിന്റെ പുത്രനും അതേസമയം ദാവീദിന്റെ കർത്താവും ആയിരിക്കുന്നുവെന്ന് യേശു ഫ്രീശരോട് ചോദ്യം ചോദിക്കുന്നു. വിശ്വാസംകൊണ്ടു മാത്രമെ മിശിഹായെ യഥാർത്ഥമായി മനസ്സിലാക്കാൻ സാധിക്കൂ എന്ന ധ്വനി ഈ ചോദ്യത്തിലുണ്ട്.

രാജാവ് തന്റെ പുത്രനെ ഉദ്ദേശിച്ച് നടത്തുന്ന വിരുന്ന്, പിതാവായ ദൈവം, തന്റെ ഏകജാതന്റെ അഭിഷേകം പ്രമാണിച്ചു നടത്തുന്നതാണ്. അതിലേക്ക് ആദ്യമായി വിളിക്കപ്പെട്ടത്, ഇസ്രായേൽക്കാരാണ്. പക്ഷേ അവരെല്ലാം ലോകകാര്യങ്ങളിൽ വ്യഗ്രരായിപ്പോയി. ആദ്യക്ഷണം കിട്ടിയവർ വിരുന്നിന് എത്തിച്ചേരാൻ വിസമ്മതിച്ചു. ഇവിടെ വിരുന്നിന്റെ കാര്യം ഓർമ്മിപ്പിക്കാൻ വന്ന പ്രവാചകരെ, ഇസ്രായേൽജനംപിടികൂടി അവമാനിക്കുകയും വധിക്കുകയും ചെയ്തുവെന്ന് ,കൂട്ടിച്ചേർത്തിരിക്കുന്നു. കൊലപാതകികളെ

www.malankaralibrary.com

നശിപ്പിച്ച് അവരുടെ നഗരം അഗ്നിക്കിരയാക്കിയെന്ന് പറഞ്ഞത്, വിദേശരാജാക്കന്മാർ ഉപകരണമാക്കി യറുശലേം നഗരത്തെയും മറ്റും നശിപ്പിച്ചിതിനെ ഉദ്ദേശിച്ചായിരിക്കും. ദുഷ്ടരെയും ശിഷ്ട രെയും വിളിച്ചുചേർത്തുവെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, പുതിയ ഇസ്രായേലായ സഭയിലും എല്ലാത്തരത്തിലുള്ള ആളുകളും ഉൾപ്പെ ടുമെന്നതാണ്. സഭയിൽ ദൈവാത്മാവിന്റെ സഹായം ഉള്ളതുകൊ ണ്ട്,യോഗ്യതയില്ലാത്തവരെ കണ്ടുപിടിക്കാൻ സാധിക്കുന്നു. കല്യാ ണവസ്ത്രം, മിശിഹായുടെ വിരുന്നിൽ പങ്കുകൊള്ളാൻ ഓരോവ്യ ക്തിയ്ക്കുമുള്ള യോഗ്യതയുടെ പ്രതീകമാണ്. മിശിഹായുടെ വിരു ന്നിനുള്ള യോഗ്യത മിശിഹായിലുള്ള വിശ്വാസമാണ്.

സ്വർഗരാജ്യത്തിലെ വിരുന്നിൽ ഭാഗഭാക്കാകാൻ ഓരോ വ്യക്തിയും അനുതാപത്തോടെ ദൈവത്തിലേക്ക് തിരിഞ്ഞുവരണം. എന്താണ് മിശിഹായുടെ ഈ വിരുന്ന്? തന്റെ മരണത്താൽ യേശു സ്വയം വിഭജിച്ചുകൊടുക്കുന്ന പെസഹാവിരുന്ന് ആണ്. യേശുവിന്റെ ഉത്ഥാനശേഷം വിശ്വാസികൾക്ക് ലഭ്യമാകുന്ന കൂട്ടനുഭവമാണ് അത്. അതനുസരിച്ച് വിശുദ്ധകുർബാനയിലെ വിരുന്നിലേക്ക്, ഈ ഉപമ വിരൽ ചൂണ്ടുന്നുണ്ട്. പക്ഷെ അയോഗ്യരെ വിരുന്നിൽ നിന്ന് പുറ ത്താക്കുന്ന സഭയുടെ നടപടിയൊന്നുമല്ല. ഉപമയിൽ ഉദ്ദേശിക്കുന്നത്. അയോഗ്യരായി വിരുന്നിൽ പങ്കെടുക്കുന്നവർക്ക് ലഭിക്കുന്ന ആത്യ ന്തികശിക്ഷയാണ്, 'അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും' എന്നതുകൊണ്ട് അർത്ഥമാക്കുന്നതു്. വിളിക്കപ്പെട്ടവർ വളരെ - ഇസ്രായേൽക്കാരെല്ലാം വിളിക്കപ്പെട്ടവരിൽ ഉൾപ്പെടുന്നു. തെരഞ്ഞെ ടുക്കപ്പെട്ടവരോ ചുരുക്കം - പുതിയ ഇസ്രായേലിൽ ഉൾപ്പെടുന്ന യഹോവയുടെ സാധുക്കളും മറ്റു വിജാതീയരുമാണ് അവർ. അവ രിൽ നിന്ന് വീണ്ടും ഒരു തെരഞ്ഞെടുപ്പ് ഉണ്ടാകുമെന്ന സൂചനയും ഉപമയിലുണ്ട്.

പ്രീശരും ഹേറോദ്യരും ഒന്നിച്ചാണ് യേശുവിനെ ഉത്തരം മുട്ടിക്കാൻ ശ്രമിച്ചത്, പ്രീശർ റോമാഭരണം വെറുക്കുന്നവർ,ഹേറോ ദ്യർ റോമാഭരണത്തിന്റെ പക്ഷം നില്ക്കുന്നവർ. നികുതി കൊടു ക്കണം എന്നുപറഞ്ഞാൽ, പ്രീശരും മറ്റും എതിരാകും. കൊടുക്കേ ണ്ടെന്നു പറഞ്ഞാൽ ഹേറോദ്യരും മറ്റും എതിരാകും, എന്നതായി രുന്നു സ്ഥിതി. യേശു നികുതിക്കുള്ള നാണയം കൊണ്ടുവരാൻ പറഞ്ഞു. അതിൽ സീസറിന്റെ മുഖമുദ്ര പതിഞ്ഞിട്ടുണ്ട്. യാതൊ

www.malankaralibrary.com

ന്നിന്റെയും രൂപം കൊത്തിവയ്ക്കരുതെന്നു നിർബന്ധം വയ്ക്കുന്നവർ ആയിരുന്നു, യഹൂദർ. ഏതായാലും രൂപവും മേലെഴുത്തും സീസറിന്റേതാണെന്ന് വാദം ഉന്നയിച്ചവർ തന്നെ സമ്മതിച്ചു. "സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുക്കുക" (22/21). എന്നു യേശു മറുപടി പറഞ്ഞു. തൽക്കാലം വാദം അവസാനിച്ചു. എന്നാൽ ഈ മറുപടിയാണ് യേശുവിനെതിരെ കള്ളസാക്ഷിയായി ഉയർന്നുവന്നത്. യേശു ഭൗതികമായ രാജ്യവും ഭരണവും കാംക്ഷിക്കുന്നില്ലെന്ന് ഇവിടെ വെളിവാക്കുന്നു. ക്രിസ്തീയസഭയുടെ പ്രവർത്തനത്തിന് ഇത് മാർഗ്ഗദർശനം ആകുകയും ചെയ്യുന്നു.

അടുത്തത് സദ്ദൂക്യരുടെ ഊഴമായിരുന്നു.അവർ മരിച്ചവരുടെ ഉയിർത്തെഴുന്നേല്പിൽ വിശ്വസിച്ചിരുന്നില്ല. ഭാവനാവിലാസം കലർന്ന ഒരുകഥ, അവർ എതിർവാദമായി ഉന്നയിച്ചു. അതിലും യഹൂദരുടെ പൂർണ്ണസംഖ്യയായ ഏഴ്, എടുത്ത് ഉപയോഗിച്ചുവെന്നത് രസകരമായിരിക്കുന്നു. ഭൂമിയിൽ ഏഴു ഭർത്താക്കന്മാർ ഉണ്ടായിരുന്ന ഒരു ഭാര്യയ്ക്ക് സ്വർഗ്ഗത്തിൽ ആരായിരിക്കും ഭർത്താവ് എന്നതാണ്, പ്രശ്നം. യേശു പറഞ്ഞു, പുനരുത്ഥാനത്തിൽ ആരും വേൾക്കുകയോ വേളി കൊടുക്കുകയോ ഇല്ല, എന്ന്. ആത്മീയാനുഭവത്തിന്റെ സൂചനയും ഇതിൽ നൽകിയിരിക്കുന്നു, മാലാഖമാരുടേതുപോലുള്ള ജീവിതമാണ് അത്. അതോടൊത്ത് പുനരുത്ഥാനത്തിന് യേശു ശക്തമായ തെളിവു നൽകി. അബ്രഹാമിന്റെ ദൈവം എന്ന് ,ദൈവം സ്വയം പരിചയപ്പെടുത്തിയിട്ടുണ്ട്. "അവിടുന്ന് മരിച്ചവരുടെ അല്ല, ജീവിക്കുന്നവരുടെ ദൈവം ആണ്" (22/32) അതായത് അബ്രഹാമും ഇസഹാക്കും യാക്കോബുമെല്ലാം ജീവിച്ചിരിക്കുന്നു. ജീവനുള്ളവരുടെ സമൂഹമാണ് സ്വർഗ്ഗരാജ്യം.

"ഗുരോ, നിയമത്തിലെ അതിപ്രധാന കല്പന ഏതാണ്" എന്നതായിരുന്നു, അന്നത്തെ നിയമപണ്ഡിതരെന്ന് ഭാവിച്ചിരുന്ന റാബിമാർ എപ്പോഴും നേരിട്ടിരുന്ന ചോദ്യം, ഓരോരുത്തരും ഓരോ തരത്തിൽ മറുപടിയും കൊടുത്തിരുന്നു. യേശു പറഞ്ഞു, "നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കുക. രണ്ടാമത്തെ കല്പനയും ഇതിനു തുല്യം തന്നെ. അതായത്, നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക" (22/37-39). ഓരോ

www.malankaralibrary.com

വ്യക്തിക്കും തന്നോടുതന്നെ തോന്നുന്ന താത്പര്യം ശുശ്രൂഷയായി സമർപ്പിക്കുക. സമർപ്പണം പരിശുദ്ധാത്മാവ് പരസ്നേഹമായി മാറ്റിത്തരും. ദൈവത്തിന്റെ സ്നേഹത്തിന് പ്രതിസ്നേഹം നൽകുക, അതേ സ്നേഹം മറ്റുള്ളവർക്ക് ശുശ്രൂഷയായി സമർപ്പിക്കുക. ഇതാണ് യേശുവിന്റെ ഉദാത്തമാതൃക. ആ മാതൃകയനുസരിച്ച് ജീവിക്കുന്നവർ സ്വർഗ്ഗരാജ്യത്തിൽ ഉൾപ്പെട്ടിരിക്കുമെന്ന് യേശു വാഗ്ദാനം ചെയ്യുന്നു. സമസ്തമായ നിയമവും പ്രവചനവും ഉള്ളടക്കുന്നതായി, ഈ രണ്ടു നിയമങ്ങളെ യേശു ഉയർത്തിക്കാണിച്ചപ്പോൾ പുതിയ ഇസ്രായേലിന് പൂർണ്ണമായ മാർഗ്ഗദർശനം നൽകുകയായിരുന്നു.

ചോദ്യങ്ങൾ ചോദിക്കുന്ന എതിരാളികൾ ഒരുമിച്ചു കൂടിക്കഴിഞ്ഞു, യേശുവിനെ എതിർക്കാൻ. അവരോട് യേശു ഒരു ചോദ്യം ഉന്നയിച്ചു. എല്ലാവരും സമ്മതിച്ചിരിക്കുന്നതാണ്, മിശിഹാ ദാവീദിന്റെ പുത്രൻ ആയിരിക്കുമെന്ന്, "എന്നാൽ ദാവീദ് ആത്മാവിനാൽ പ്രചോദിതനായി, കർത്താവ് എന്റെ കർത്താവിനോട് അരുളിചെയ്തു". 'ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദങ്ങൾക്ക് കീഴിലാക്കുവോളം നീ എന്റെ വലതുഭാഗത്ത് ഉപവിഷ്ടനാവുക' എന്നു പറയുന്നത് എങ്ങനെ, ദാവീദു മിശിഹായെ കർത്താവു എന്നു വിളിക്കുന്നത് എങ്ങനെ, എന്നായിരുന്നു, യേശുവിന്റെ ചോദ്യം. സ്വന്തം പുത്രനെ കർത്താവെന്നു വിളിക്കുമോ? ഇതിൽ സുപ്രധാനസത്യം യേശു ഉള്ളടക്കിയിരിക്കുന്നു. ദൈവത്തിന്റെ ഏകജാതനാണ്, മിശിഹായായി പിറന്നിരിക്കുന്നത്. മിശിഹായുടെ ദൗത്യം ദൈവം ഏല്പിച്ചുകൊടുത്തതാണ്. അത് പൂർത്തീകരിക്കുന്നതും ദൈവം തന്നെ. പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവവും ഇതിൽ വെളിവാക്കിയിരിക്കുന്നു. മിശിഹാ എന്നനിലയിൽ തന്റെ ദൗത്യം നിറവേറ്റിയശേഷം പുത്രൻ, പിതാവിന്റെ വലതു ഭാഗത്ത് ഉപവിഷ്ടനാകേണ്ടിയിരിക്കുന്നു.മിശിഹായുടെ ദൗത്യം ഇനിയും പൂർത്തിയാകാനുണ്ട്, അതുപൂർത്തിയാകുമ്പോൾ ലോകം അവസാനിക്കും. ആ ദൗത്യത്തിന്റെ പൂർത്തീകരണം പരിശുദ്ധാത്മാവിന്റെ നടത്തിപ്പിലാണ് സാധിക്കുന്നത്. അതായത് പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്, എന്ന മൂന്നു ആളുകളിൽ ജീവിക്കുന്ന ഏകദൈവം, മനുഷ്യവംശത്തെ ഒന്നാക്കിത്തീർക്കുന്നു. അപ്പോൾ ദൈവത്തിന്റെ ശത്രുക്കളെല്ലാം അവിടത്തെ പാദങ്ങൾക്കു കീഴിലായിക്കഴിയും. ഇങ്ങനെ രക്ഷാപദ്ധതിയുടെ പര്യവസാനം, ദാവീദിന്റെ പ്രാർത്ഥന

www.malankaralibrary.com

ഉദ്ധരിച്ചുകൊണ്ട് യേശു യഹൂദർക്കു കാണിച്ചുകൊടുത്തു. പക്ഷെ അത് ചെവിക്കൊള്ളുന്നത് യേശുവിനെ വാക്കുമുട്ടിക്കാൻ വന്നവരല്ല, പ്രത്യുത യേശുവിന് തങ്ങളെ സമർപ്പിച്ച് ശിഷ്യരായിക്കൊണ്ട്, ദൈവത്തിന്റെ മക്കൾ ആകുന്നവരാണ്.

## അധ്യായം ഇരുപത്തിമൂന്ന്

പ്രീശരെയും നിയമജ്ഞരെയും വിമർശിക്കുന്ന ഒരു ഭാഗമായാണ്, ഈ അധ്യായത്തെ കൂടുതൽ പേരും മനസ്സിലാക്കുന്നത്. ഈ വിമർശനത്തിന് നാലു വശങ്ങളുണ്ട്. ഒന്ന് അന്നത്തെ അവസ്ഥയുടെ വിലയിരുത്തൽ, രണ്ട് അതിന് ഉത്തരവാദികളെ ശാസിക്കുന്നത്, മൂന്ന് പുതിയ അവസ്ഥയ്ക്ക് നിർദ്ദേശങ്ങൾ, നാല് പഴയതിന്റെ അസ്തമയവും, പുതിയതിന്റെ ഉദയവും. വാസ്തവത്തിൽ പഴയ ഇസ്രയേലിന്റെ സ്ഥാനത്ത് പുതിയത് സ്ഥാപിക്കുന്നതിന് യേശു ഏറ്റെടുക്കുന്ന തപസ്യയാണ്, ഈ അധ്യായത്തിന്റെ അടിസ്ഥാനപ്രമേയം.

മോശയുടെ സിംഹാസനത്തിൽ ഇരിക്കുന്ന പ്രീശരെയും നിയമജ്ഞരെയും പരാമർശിച്ചുകൊണ്ട് ഈ അധ്യായം തുടങ്ങുന്നു. ആ പദവി വച്ച് അവർ നൽകുന്ന നിർദ്ദേശങ്ങൾ അനുഷ്ഠിക്കണം. എന്നാൽ അവർ, പറയുന്നതനുസരിച്ച് പ്രവർത്തിക്കാത്തതുകൊണ്ട്, അവരെ വ്യക്തിപരമായി അനുകരിക്കുന്നതു ശരിയല്ല താനും. മാത്രമല്ല, അവർ ദുർവഹമായ ഭാരം മനുഷ്യരുടെ ചുമലിൽ വയ്ക്കുന്നു. ഒരു വിരലുകൊണ്ടു പോലും ഒട്ടൊന്ന് സഹായിക്കുന്നുമില്ല. ഭാരം ചുമത്തുന്ന നിർദ്ദേശങ്ങൾ, അക്കാരണത്താൽ സ്വീകാര്യമല്ലാതാകുന്നു. പ്രീശരും മറ്റും ഒത്തിരി പൊങ്ങച്ചം കാണിക്കുന്നുണ്ട്. നിയമങ്ങളെഴുതിയ നെറ്റിപ്പട്ടങ്ങൾക്ക് വീതികൂട്ടി, തങ്ങൾ നിയമങ്ങൾ അനുസരിക്കുന്നവരെന്ന് വരുത്തുക, തൊങ്ങലുകൾക്ക് നീളം കൂട്ടി, വഹിക്കുന്ന സ്ഥാനവും പദവിയും വലുതാക്കുക. ഇങ്ങനെ പലതും. ഇതെല്ലാം ചെയ്യുന്നതിലൂടെ പ്രീശരും നിയമജ്ഞരും മോശയുടെ സിംഹാസനത്തിൽ ഇരിക്കാൻ അനർഹരായിത്തീരുന്നു.

www.malankaralibrary.com

ഓരോരുത്തരും റബ്ബി അഥവാ ഗുരുവെന്നു വിളിക്കപ്പെടുവാൻ ഇഷ്ടപ്പെടുന്നു. വാസ്തവത്തിൽ അന്നത്തെ ഇസ്രയേലിൽ നിരവധി ഗുരുക്കന്മാരും വ്യത്യസ്തങ്ങളായ വ്യാഖ്യാനങ്ങളും, ഉണ്ടായത്, ശാപം ആയിത്തീർന്നിരുന്നു. ജനം ആരെ പിൻചെല്ലണമെന്ന് അറിയാതെ, ഇടയനില്ലാത്ത ആടുകളെപ്പോലെ ആയിയെന്ന് യേശു പരിതപിച്ചതായി (9/36) മുന്നധ്യായത്തിൽ വായിച്ചതാണ്. ഇസ്രയേൽ ഒന്നാണ്, അതിന്റെ ബോധനവും ഏകീകരിച്ചതായിരിക്കണം. മോശയിൽ തുടങ്ങിവച്ചത്, ഒരു 'സമൂഹവും ഒരു ബോധനവും' എന്ന അടിസ്ഥാനത്തിലാണ്. പുതിയ ഇസ്രായേൽ ആ രീതിയിലേക്ക് തിരികെപ്പോകണം. ഈ പാശ്ചാത്തലത്തിൽ യേശു പറയുന്നു നിങ്ങൾ ''റബ്ബി എന്നു വിളിക്കപ്പെടരുത് എന്തെന്നാൽ നിങ്ങൾക്ക് ഒരു ഗുരുവേയുള്ളു. നിങ്ങൾ സഹോദരന്മാരാണ്''(23/8). എല്ലാവരും തുല്യരായിരിക്കുന്ന അവസ്ഥയാണ്, പുതിയ ഇസ്രായേലിന്റേത്.

യേശു തന്നിൽ വിശ്വസിക്കുന്നവരെ ഒരു പുതിയ തലത്തിലേക്ക് ഉയർത്തുകയാണ്. ''ഞാൻ എന്റെ നിയമം അവരുടെ ഉള്ളിൽ നിക്ഷേപിക്കും. അവരുടെ ഹൃദയത്തിൽ എഴുതും. ഞാൻ അവരുടെ ദൈവവും, അവർ എന്റെ ജനവും ആയിരിക്കും''(ജറ 31/33). ദൈവത്തിന്റെ ആത്മാവ് ഓരോരുത്തനെയും പഠിപ്പിക്കുന്ന അവസ്ഥയാണ്, പുതിയ ഇസ്രയേലിന്റേത്. അവരെല്ലാം ദൈവത്തിൽ വീണ്ടും ജനിച്ചവരാണ്. ഇസ്രായേലിന് ഒരു പിതാവേയുള്ളു. സ്വർഗ്ഗസ്ഥനായപിതാവ്. (23/9) ഇപ്പറഞ്ഞതുകൊണ്ട് യഥാർത്ഥ മാതാപിതാക്കന്മാരെ അവഗണിക്കാൻ യേശു പഠിപ്പിക്കുകയല്ല. അതിന്റെ ഗൗരവം നേരത്തേ ഉപപാദിച്ചതാണ് (cf 15/5) സ്വർഗ്ഗസ്ഥ പിതാവിനെക്കുറിച്ചുള്ള അവബോധം, ഇസ്രായേലിൽ വളർന്നുവരികയായിരുന്നു. യേശുവിന്റെ ആഗമനത്തോടെ അത് പൂർണ്ണമായി. പുതിയ ഇസ്രയേലിൽ എല്ലാവരും ഒന്നിച്ച് സ്വർഗ്ഗസ്ഥപിതാവിനെ വിളിച്ചു പ്രാർത്ഥിക്കുന്നു. അതുപോലെ പല നേതാക്കൾ ഉണ്ടായിരിക്കുക എന്ന അവസ്ഥ മാറി ക്രിസ്തു മാത്രമാണ് നേതാവ്, എന്ന ബോധ്യവും കൈവരിച്ചു. ഇതാണ് പുതിയ ഇസ്രയേലിന്റെ മുഖമുദ്ര. അവരുടെ പ്രവർത്തന പ്രമാണവും യേശു വ്യക്തമാക്കിത്തരുന്നു. ''നിങ്ങളിൽ വലിയവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം''(23/72). ഈ ദർശനം വച്ച് പ്രമുഖസ്ഥാനവും പ്രധാന പീഠവും അഭിവാദനവും തേടുന്നവരെ, യേശു ശാസിക്കുന്നു. ''തന്നെ

www.malankaralibrary.com

ത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും'' എന്ന്. അതുപോലെ പുതിയ ഇസ്രായേലിൽ ഉൾപ്പെടുന്നവർക്ക് നൽകുന്ന വാഗ്ദാനമാണ്, 'തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും', എന്നത്.

യേശുവിന്റെ കാലത്ത് യഹൂദർ റോമാസാമ്രാജ്യത്തിന്റെ പല ഭാഗത്തായി ചിതറിപ്പാർത്തിരുന്നതിനാൽ മറ്റു മതങ്ങളിൽ നിന്ന് യഹൂദമതത്തിലേക്ക് ആളെച്ചേർക്കുക എളുപ്പമായിരുന്നു. അതിന്റെ ചുമതലക്കാരെന്ന് ഭാവിച്ചിരുന്ന പ്രീശരോട്, യേശു പറയുന്നു ''നിങ്ങൾ മനുഷ്യർക്കു നേരെ സ്വർഗ്ഗരാജ്യം അടച്ചുകളയുന്നു. നിങ്ങൾ അതിൽ പ്രവേശിക്കുന്നില്ല, പ്രവേശിക്കാൻ വരുന്നവരെ അനുവദിക്കുന്നുമില്ല''.(23/13-14) ഇത് പ്രീശർക്കു നൽകുന്ന ആദ്യ ശാസനയാണ്. ഇസ്രയേലിന്റെ ചൈതന്യം സ്വർഗ്ഗരാജ്യമാണ്. അതു ലോകത്തിൽവച്ചു തീർത്തുകളയുന്ന രീതിയിലാണ് പ്രീശർ വർത്തിച്ചിരുന്നത്. 'നിങ്ങൾക്കു പ്രതിഫലം ലഭിച്ചുകഴിഞ്ഞു', യേശു പലവുരു മലയിലെ പ്രസംഗത്തിൽ പറഞ്ഞതാണിത്. സ്വർഗ്ഗരാജ്യത്തിന്റെ ഭാഗ്യം അവർ നഷ്ടപ്പെടുത്തുന്നു. അതില്ലാതെ പുറത്തു നിൽക്കുന്നവരെ, സ്വർഗ്ഗരാജ്യത്തിലേക്ക് നയിക്കുക സാധ്യമല്ല. അടുത്ത ശാസനയും ഇതിനോട് ചേർന്നു പോകുന്നതാണ്, ''ഒരുവൻ നിങ്ങളുടെ മതത്തിൽ ചേർന്നു കഴിയുമ്പോൾ അവനെ ഇരട്ടി നരകത്തിന്റെ സന്തതിയാക്കിത്തീർക്കുന്നു''.(33/15) അവരാകട്ടെ സ്വന്തം മതത്തിൽ കുറെയൊക്കെ ദൈവത്തെ വിളിച്ച് ജീവിച്ചിരുന്നവരായിരുന്നു. എന്നാൽ യഹൂദമതത്തിന്റെ ലോകായതികമായ ചട്ടക്കൂട്ടിൽപെട്ട്, ലോകത്തെ മാത്രം നോക്കി ജീവിക്കുന്ന നേതൃത്വത്തിന്റെ തെറ്റായ ആകർഷണത്തിൽ ഉൾപ്പെട്ട്, കൂടുതൽ നരകയോഗ്യരായിത്തീരുന്നു എന്നതാണ്, പുതിയതായി ചേർന്നവർക്ക് ഉണ്ടാകുന്ന ദുരനുഭവം.

പ്രീശരോട് യേശു പറയുന്നു''അന്ധരായ വഴികാട്ടികളെ നിങ്ങൾക്ക് ദുരിതം''. (23/16) ആണയിടുന്നതിനെപ്പറ്റിയുള്ള ദുരുപദേശം വച്ചാണ്, അവരെ കുരുടരായ വഴികാട്ടികളെന്ന് യേശു വിളിച്ചത്. ആണയിടുന്നതു തന്നെ തെറ്റ് (15/33-37) മാനുഷികമായ സങ്കല്പങ്ങൾ വച്ച്, ദൈവാരാധനയുടെ പേരിൽ ആണയിടുന്നതാകട്ടെ, കൂടുതൽ തെറ്റായിത്തീരുന്നു.''ഒരുവൻ ദേവാലയത്തെക്കൊണ്ടു ആണയിടുന്നത് അവനെ കടപ്പെടുത്തുന്നില്ല. ദേവാലയ

www.malankaralibrary.com

ത്തിലെ സ്വർണ്ണത്തെക്കൊണ്ട് ആണയിട്ടാൽ അവൻ കടപ്പെട്ടിരിക്കും''(23/16) സ്വർണ്ണം കൂടുതൽ വിലയേറിയത് എന്നാണല്ലോ മനുഷ്യസങ്കല്പം. അതുപോലെ ''ബലിപീഠത്തെക്കൊണ്ട് ആണയിടുന്നത് കടപ്പെടുത്തുന്നില്ല , എന്നാൽ ബലിപീഠത്തിലെ കാഴ്ചവസ്തുവിനെക്കൊണ്ട് ആണയിടുന്നതുമൂലം ഒരുവൻ കടപ്പെട്ടിരിക്കും''(23/18). യേശു പറയുന്നു, ''സ്വർണ്ണത്തെ പവിത്രമാക്കുന്നതു ദൈവാലയവും'' കാഴ്ചവസ്തുവിനെ പവിത്രമാക്കുന്നതു ബലിപീഠവും ആണ്. അതുകൊണ്ട് അവ രണ്ടുമാണ് യഥാർത്ഥത്തിൽ പരിശുദ്ധം. ദേവാലയം ദൈവത്തിന്റെ വാസസ്ഥലം ആകകൊണ്ടും ബലിപീഠം ദേവത്തിന്റെ കരുണയുടെ വേദി ആകകൊണ്ടും. അതുപോലെ ദൈവനാമം ഉച്ചരിക്കാനുള്ള ഭയം കൊണ്ട് സ്വർഗ്ഗത്തെ വച്ച് യഹൂദർ ആണയിട്ടിരുന്നു. സ്വർഗ്ഗമാകട്ടെ ദൈവത്തിന്റെ സിംഹാസനം മാത്രം. മനുഷ്യസങ്കല്പങ്ങൾ വിട്ടു, ദൈവത്തെ ആരാധിക്കുവാനാണ് യേശു ആവശ്യപ്പെടുന്നത്. ഈ വിധത്തിൽ സ്വർണ്ണത്തെക്കൊണ്ടും ബലിവസ്തുവിനെക്കൊണ്ടും സ്വർഗ്ഗത്തെക്കൊണ്ടും ആണയിടുന്നത്, മിഥ്യാരാധന ആണ്. മിഥ്യകളായ മനുഷ്യസങ്കല്പങ്ങൾ വച്ച് യഥാർത്ഥമായ ദൈവാരാധനയിൽ നിന്ന് മനുഷ്യരെ വ്യതിചലിപ്പിക്കുന്നതിന്റെ പേരിലാണ്, പ്രീശരെയും മറ്റും യേശു ശാസിച്ചത്. യഥാർത്ഥാരാധനയിലേക്ക് യേശു അവരെയും ക്ഷണിക്കുകയാണ്.

യഹൂദരുടെ അടിസ്ഥാനകർത്തവ്യങ്ങളിൽ ഒന്നാണ്, ദശാംശം കൊടുക്കുക. ഗോതമ്പ്, ഒലിവെണ്ണ, ദ്രാക്ഷാരസം എന്നിവയ്ക്കേ ആദ്യകാലത്ത് ദശാംശം കൊടുത്തിരുന്നുള്ളു. എന്നാൽ യേശുവിന്റെ കാലത്ത് തുളസി, ചതകുപ്പ, ജീരകം, എന്നതിനെല്ലാം ദശാംശം കൊടുക്കുന്നത്, നിർബന്ധമായി. ദുർവഹമായ ചുമടിന് ഒരു ഉദാഹരണമാണിത്. എന്നാൽ യേശു ചോദിക്കുന്നു, നീതി, കാരുണ്യം വിശ്വസ്തത എന്നിവ, എന്തുകൊണ്ട് അവഗണിക്കുന്നുവെന്നു. അവ ദൈവത്തെ മുൻനിർത്തി, ഓരോരുവനും തന്റെ സഹോദരനോടു ചെയ്യേണ്ട കടമകളാണ്. ദൈവത്തെ മുമ്പിൽ നിർത്തുന്നുമില്ല, സഹോദരനെ പരിഗണിക്കുന്നുമില്ല, വെറും വസ്തുക്കളിൽ മാത്രം ശ്രദ്ധിക്കുന്നു., എന്ന രീതിയെയാണ് യേശു കുറ്റപ്പെടുത്തുന്നത്. എല്ലാം ഉൾപ്പെടുത്തുന്ന സമഗ്രശൈലി കെട്ടിപ്പടുക്കാൻ യേശു ആവശ്യപ്പെടുന്നു.

www.malankaralibrary.com

അഞ്ചാമത്തെ ശാസന കേന്ദ്രീകരിക്കുന്നത്, പാത്രങ്ങളുടെ പുറവശം മാത്രം വെടിപ്പാക്കുന്നതിലാണ്. ഇതുമൊരു മതാചാരം ആയിത്തീർന്നിരുന്നു. ശിഷ്യർ കൈകഴുകാതിരുന്നതിനെപ്പറ്റിയുള്ള തർക്കം ഓർക്കുമല്ലോ. പാത്രങ്ങളുടെ പുറം മാത്രം കഴുകുന്നതിന്റെ ഫലമായി വ്യക്തിക്ക് എന്തു ശുദ്ധീകരണമാണ് ഉണ്ടാവുക ? എന്നാൽ അകം ശുദ്ധിയാക്കുന്നത് പ്രതീകാത്മകമായി മനുഷ്യന്റെ ആന്തരികശുദ്ധിയെ സൂചിപ്പിക്കുന്നു. ഉള്ളിലാണ് എല്ലാ അശുദ്ധിയും കുടികൊള്ളുന്നത്. "അവരുടെ ഉള്ള് കവർച്ചയും ആർത്തിയും കൊണ്ട് നിറഞ്ഞിരിക്കുന്നു." (23/25) മനുഷ്യഹൃദയത്തിലെ അശുദ്ധിയിലേക്ക് പ്രതീകാത്മകമായി വിരൽ ചൂണ്ടുകയാണ് ഇവിടെ. ഹൃദയം എല്ലാം സ്വീകരിക്കുന്ന പാത്രമാണല്ലോ. "അകം ശുദ്ധിയാക്കുക, അപ്പോൾ പുറവും താനേ ശുദ്ധിയായിക്കൊള്ളും" . (23/26). മനുഷ്യർ ആന്തരികശുദ്ധിയാണ് ആദ്യമേ ശ്രദ്ധിക്കേണ്ടതെന്ന് ഇവിടെ വ്യക്തമാക്കുന്നു. ഹൃദയം ശുദ്ധമായാൽ ശരീരവും ശുദ്ധമായിക്കൊള്ളും.

അടുത്ത ശാസനകൾ (ആറും ഏഴും) പ്രീശരുടെ പെരുമാറ്റത്തെ നേരിട്ട് പരാമർശിക്കുന്നവയാണ്. 'വെള്ളയടിച്ച കുഴിമാടങ്ങൾ' , അതിൽത്തന്നെ വ്യക്തമായ പ്രതീകമാണ്. പ്രീശരോട് യേശു പറയുന്നു -"ബാഹ്യമായി മനുഷ്യർക്കു നല്ലവരായി കാണപ്പെടുന്ന നിങ്ങൾ ഉള്ളിൽ കാപട്യവും അനീതിയും നിറഞ്ഞവരാണ്, (23/28). മുകളിൽ പാത്രങ്ങൾ വെടിപ്പാക്കുന്നതിനോട് ബന്ധപ്പെടുത്തി പറഞ്ഞത്, ഇവിടെ തെളിച്ചു പറഞ്ഞിരിക്കുന്നു. അടുത്ത ശാസനയിൽ, പ്രവാചകന്മാരുടെയും, നീതിമാന്മാരുടെയും സ്മാരകങ്ങൾ അലങ്കരിക്കുന്നതിലേ കാപട്യം യേശു വ്യക്തമാക്കുന്നു. സ്വയം നീതീകരിച്ചുകൊണ്ട്, അന്നത്തെ പ്രീശർ പറയുന്നു. "ഞങ്ങൾ പിതാക്കന്മാരുടെ കാലത്ത് ജീവിച്ചിരുന്നെങ്കിൽ, പ്രവാചകന്മാരുടെ രക്തത്തിൽ പങ്കാളികൾ ആകുമായിരുന്നില്ല" (23/30). എന്ന്, യേശു പറയുന്നു. നിങ്ങൾ നിങ്ങളുടെ പിതാക്കന്മാരുടെ ചെയ്തികൾ പൂർത്തിയാക്കുകയാണല്ലോ. എന്ന്. "പിതാക്കന്മാർ അവരെ വധിച്ചു, നിങ്ങൾ വധിക്കപ്പെട്ടവരുടെ കല്ലറകൾ പണിയുന്നു, അതുകൊണ്ട് നിങ്ങൾക്ക് ലഭിച്ച വീതം പൂർത്തിയാക്കുവിൻ", എന്നു വിപരീതോക്തിയിൽ യേശു ശാസിക്കുന്നു. ഇവിടെ ആന്തരികവ്യതിയാനം ഇല്ലാതെ പുറമെ ചിലത് കാട്ടിക്കൂട്ടുന്നതിനെയാണ്, യേശു വിമർശിക്കുന്നത്.

www.malankaralibrary.com

യേശുവിന്റെ കാലത്ത് പ്രീശരും മറ്റും ചെയ്യുന്നത്, യേശു എടുത്തുകാണിക്കുന്നു."ഇതാ പ്രവാചകന്മാരെയും ജ്ഞാനികളെയും നിയമജ്ഞരെയും ഞാൻ നിങ്ങളുടെ പക്കലേക്ക് അയക്കുന്നു. അവരിൽ ചിലരെ നിങ്ങൾ വധിക്കുകയും ക്രൂശിക്കുകയും ചെയ്യും, ചിലരെ നിങ്ങൾ സിനഗോഗുകളിൽവച്ച് ചമ്മട്ടികൊണ്ട് അടിക്കുകയും പട്ടണം തോറും പിന്തുടർന്നു പീഡിപ്പിക്കുകയും ചെയ്യും" (23/34). പ്രവാചകന്മാരും ജ്ഞാനികളും നിയമജ്ഞരും പുതിയ ഇസ്രയേലിന്റെ പ്രവർത്തകരാണ്. അവരെ മൂന്നു വിഭാഗമായി പരിഗണിക്കേണ്ടതില്ല. 'വധിച്ചു' എന്നത് സ്നാപകയോഹന്നാനെ ആണ് ഉദ്ദേശിക്കുന്നത്. 'ക്രൂശിക്കും' എന്നത് യേശുവിന്റെ മരണത്തെപ്പറ്റിയുള്ള മുന്നറിയിപ്പാണ്. പിന്നീട് പറഞ്ഞത് ശ്ലീഹന്മാരിൽ സാർത്ഥകമായിയെന്നും കാണാം. നീതിമാന്മാരുടെ കല്ലറ പണിയുന്ന യഹൂദന്മാരുടെ ഹൃദയത്തിൽ മാറ്റം വന്നില്ല.

ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ, യേശുവിന്റെ കാലത്തു ജീവിച്ചിരുന്ന യഹൂദന്മാർക്ക് നിർണ്ണായകഭാഗം വഹിക്കാനുണ്ടായിരുന്നു. മുമ്പുകാലത്ത് പിതാക്കന്മാർ ചെയ്ത ദുഷ്കർമ്മങ്ങളെപ്പറ്റി അനുതപിക്കുകയെന്നതാണ്, ഏതിനും തുടക്കം. യേശുവിൽ, പിതാവിന്റെ സ്നേഹവും രക്ഷാപദ്ധതിയും തുറന്നു വയ്ക്കപ്പെട്ടുകഴിഞ്ഞു. പൂർവ്വികരെക്കാൾ എല്ലാം നേരായ രീതിയിൽ മനസ്സിലാക്കുവാൻ, യേശുവിനെ ദർശിക്കുകയും ശ്രവിക്കുകയും ചെയ്തവർക്കു സാധിക്കുന്നു. "മനസാന്തരപ്പെടുവിൻ, ദൈവരാജ്യം സമീപിച്ചിരിക്കുവിൻ" എന്ന് യോഹന്നാൻ ആഹ്വാനം ചെയ്തു. മാനസാന്തരത്തെ ആശ്രയിച്ചാണ്, സ്വർഗ്ഗരാജ്യത്തിന്റെ കെട്ടുപണി നില്ക്കുന്നത്. യേശു തന്റെ ആഹ്വാനം ആവർത്തിച്ചുവെന്നു മാത്രമല്ല. അതിന്റെ മേഖലകൾ ഏതെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തു. പ്രീശർക്കും നിയമജ്ഞർക്കും നൽകിയ ശാസനകളും, ഇതേ ഉദ്ദേശ്യത്തിലുള്ളതാണ്.

യഹൂദർ ഏതെല്ലാം രീതിയിൽ പ്രവാചകന്മാരെയും ജ്ഞാനികളെയും നിയമജ്ഞരെയും പീഡിപ്പിച്ചു എന്ന് വിശദമാക്കിയതിനുശേഷം, അതിന്റെ ഉപസംഹാരമെന്നോണം യേശു പറയുന്നു "അങ്ങനെ നിരപരാധിയായ ആബേലിന്റെ രക്തം മുതൽ ദേവാലയത്തിനും ബലിപീഠത്തിനും മധ്യേവച്ച് നിങ്ങൾ വധിച്ച ബറാക്കിയായുടെ പുത്രനായ സഖറിയായുടെ രക്തം വരെ ഭൂമിയൽ ചൊരി

www.malankaralibrary.com

യപ്പെട്ട എല്ലാ നീതിമാന്മാരുടെയും രക്തം നിങ്ങളുടെ മേൽ പതിക്കും'' (23/35). 'ആബേൽ മുതൽ സഖറിയാ വരെ' എന്നു പറയുമ്പോൾ പഴയനിയമത്തിന്റെ ചരിത്രം മുഴുവനും ഉൾപ്പെടുന്നു. 'നിങ്ങൾ വധിച്ചു' എന്നു പറയുന്നതിലൂടെ പഴയ ഇസ്രയേലിനെ യേശു ഒന്നായി ദർശിക്കുന്നു. അതിന്റെ മുഴുവൻ പ്രതിനിധികളെന്ന നിലയിലാണല്ലോ അന്നത്തെ യഹൂദർ സ്വയം ചിന്തിച്ചിരുന്നത്. മിശിഹായെ നേരിൽ കാണുവാൻ ഭാഗ്യം സിദ്ധിച്ചവരാണ്, യേശുവിന്റെ സമകാലീനർ. മിശിഹാ, സ്ഥാപിക്കാനിരിക്കുന്ന സ്വർഗ്ഗരാജ്യത്തിന്റെ കെട്ടുപണിയിൽ മനസാന്തരപ്പെട്ടു പങ്കുചേരാൻ, അവരോട് യേശു ആവശ്യപ്പെട്ടു. എല്ലാവരെയും രക്ഷിക്കുന്ന മിശിഹായുടെ ദൗത്യത്തിൽ പങ്കുചേരാത്തവർ അന്നുവരെ നടന്നിട്ടുള്ളതിന്റെ എല്ലാം കുറ്റക്കാരാകുന്നു എന്നാണ് യേശു സമർത്ഥിക്കുന്നത്.

യറുശലേമിനെ, ഇസ്രായേലിന്റെ മുഴുവൻ പ്രതീകമായി യേശു പരിഗണിച്ചു. യഹോവായുടെ അവിശ്വസ്തമണവാട്ടിയായ യറുശലേം പ്രവാചകരെയെല്ലാം കല്ലെറിഞ്ഞു വധിച്ചു. പഴയ ഇസ്രായേൽ ചെയ്ത തെറ്റിനെല്ലാം യറുശലേം ഉത്തരവാദിയാണെന്ന് നിഗമിക്കുകയാണിവിടെ. എന്നാൽ ദൈവം യഥാർത്ഥമാതാവിനെപ്പോലെ ഇസ്രയേലിന്റെ സന്താനങ്ങളെ രക്ഷിക്കുവാൻ ശ്രമിച്ചു. ഏതുസമയത്തും രക്ഷ അർഹിക്കുന്ന ആളുകൾ ഉണ്ടല്ലോ. തെറ്റു ചെയ്തവരെ, ദൈവം പ്രവാചകർ മുഖേന അനുതാപത്തിലേക്ക് ക്ഷണിച്ചു. ഇസ്രയേലിനെ മുഴുവൻ രക്ഷിക്കാൻ ആഗ്രഹിച്ചു. ''പക്ഷേ നിങ്ങൾ വിസമ്മതിച്ചു'' (23/27). ഈ തലമുറ എല്ലാ കുറ്റത്തിനും ഉത്തരം പറയണമെന്ന് യേശു ഓർമ്മിപ്പിച്ചു. അവസാനമായി മിശിഹായെപ്പോലും അവർ തിരസ്ക്കരിക്കുകയാണല്ലോ. അതിന്റെയെല്ലാം ശിക്ഷയായി, യറുശലേമിനു വരാൻപോകുന്ന നാശത്തെ യേശു മുന്നറിയിക്കുന്നു. ''നിങ്ങളുടെ ഭവനം പരിത്യക്തവും ശൂന്യവുമായിത്തീർന്നിരിക്കുന്നു'' (23/38). ദൈവം ദേവാലയം വിട്ടിറങ്ങിപ്പോയ പ്രതീതിയാണ് ഇവിടെ സൂചിപ്പിക്കുന്നത്. തെറ്റുകാരായ പ്രീശർക്കു നേരെ യേശു രക്ഷയുടെ വാതിൽ കൊട്ടിയടക്കുന്നില്ല. ''കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതനാണ് എന്നു നിങ്ങൾ പറയുന്നതു വരെ ഇനി നിങ്ങൾ എന്നെ കാണുകയില്ല'' (23/39). രക്ഷയുടെ വഴിയിലേക്കു കടന്നുവരാനുള്ള മിശിഹായുടെ വിളിയാണിത്. യഹൂദർ യേശുവിനെ മിശിഹായായി അംഗീകരിക്കണം. കർത്താവിന്റെ നാമത്തിൽ വരുന്നവൻ മിശിഹയാണല്ലോ. 'നിങ്ങൾ

www.malankaralibrary.com

എന്നെ ദർശിക്കുകയില്ല' എന്നതുകൊണ്ട്, യേശുവിനെ മിശിഹാ യായി ദർശിക്കണം എന്നാണ്, പരോക്ഷമായി ഉദ്ദേശിക്കുന്നത്. മത്തായി സുവിശേഷം എഴുതിയ കാലത്തും ഈ വിളി പ്രസക്ത മായിരുന്നു.

---

## അദ്ധ്യായം ഇരുപത്തിനാല്

**ഈ** അധ്യായം യറുശലേം ദേവാലയനാശത്തിന്റെയും, അതിനൊപ്പം പ്രപഞ്ചത്തിന്റെ അഴിഞ്ഞുപോകലിന്റെയും പ്രവചനം എന്ന നിലയിലാണ്. സാധാരണ കാണുന്നത്. ദേവാലയത്തിന്റെ നാശം നിർണ്ണായകസംഭവമാണ്. ദൈവം തന്റെ നിവാസം ദേവാല യത്തിൽ തുടരുകയായിരുന്നു. അത് ഇസ്രായേൽ ജനത്തിന്റെ മാത്ര മല്ല മനുഷ്യകുലത്തിന്റെ മുഴുവൻ രക്ഷയുടെ അടയാളമായി ഉയർന്നു നിന്നിരുന്നു. എന്നാൽ ദേവാലയം പുനർനിർമ്മാണം അസാധ്യമാ കുമാറ്, നശിപ്പിക്കപ്പെടുകയാണെങ്കിൽ, പിന്നെ ഭാവി എന്തെന്ന് ആർക്കും ചിന്തിക്കുകപോലും സാധിക്കുമായിരുന്നില്ല. അതാണ് യേശു പ്രവചിച്ചത്. ദേവാലയം നശിക്കുന്നതിന് അനുസരിച്ച് വേറൊരു ദേവാലയം പണുതുയർത്തുവാൻ ദൈവം തീരുമാനിച്ചു. യേശു മരിച്ച് ഉയർപ്പിക്കപ്പെടുമ്പോഴാണ്, ആ പുതിയ ദൈവനിവാസം ആരംഭം ഇടുന്നത്. ഇതാണ്, യേശു ഈ അധ്യായത്തിൽ നൽകുന്ന കാതലായ വാഗ്ദാനം. യേശു പീഡയേൽക്കുന്നതുപോലെ ശിഷ്യ ന്മാരും പീഡയേൽക്കേണ്ടി വരും. അതുവഴി ആയിരിക്കും രാജ്യം സംസ്ഥാപിതമാകുന്നത് . എല്ലാ ജനതകളുടെയും സാക്ഷ്യത്തി നായി രാജ്യത്തിന്റെ ഈ സുവിശേഷം ലോകമെങ്ങും പ്രസംഗിക്ക പ്പെടും.അതിനു ശേഷം അന്ത്യം ആഗതമാകും ഇതാണ്, ഈ അധ്യായത്തിന്റെ പ്രധാനപ്രമേയം.

ശിഷ്യർക്ക് ഉണ്ടാകുന്ന പ്രതിസന്ധിയാണ് ആദ്യമേ യേശു മുന്നറിയിക്കുന്നത്. യറുശലേമിന്റെ നാശത്തിന് മുമ്പായി ഉണ്ടാകുന്ന പ്രശ്നസങ്കുലമായ അന്തരീക്ഷത്തിൽ ക്രിസ്തുവിന്റെ ശിഷ്യന്മാരും ഉൾപ്പെടേണ്ടി വരും. പ്രധാനപ്രശ്നം കള്ള മിശിഹാമാരുടേതാണ്. യേശു യഥാർത്ഥ മിശിഹാ അല്ലെന്ന് തെറ്റിദ്ധരിപ്പിക്കുന്ന ശ്രമങ്ങ ളാണവ. ഭൗതികരാജ്യം സ്ഥാപിക്കുന്ന മിശിഹായോടാണ്, ഇസ്രാ

www.malankaralibrary.com

യേൽക്കാർക്കു പണ്ടേയുള്ള മമത. താദൃശശ്രമങ്ങൾ യുദ്ധങ്ങളും കലഹങ്ങളും ഉളവാക്കുന്നു. അതിനോടൊപ്പം ക്ഷാമങ്ങളും ഭൂകമ്പങ്ങളും ഉണ്ടാകുന്നു. എല്ലാം പാപത്തിന്റെ ഫലമായാണ്, ഇസ്രായേൽ വ്യാഖ്യാനിച്ചിരുന്നത്. ഇതിനെല്ലാം കാരണം ക്രിസ്തുവിന്റെ പുതിയ ഉപദേശമാണെന്ന് ചിലർ പറഞ്ഞുവച്ചെന്നുവരും. തദ്ഫലമായി ജനം ക്രിസ്ത്യാനികളെ ദ്വേഷിക്കുന്നു, അവരിൽ പലരും വിശ്വാസം ഉപേക്ഷിക്കുന്നു, പരസ്പരം ഒറ്റിക്കൊടുക്കുന്നു, പകയ്ക്കുന്നു. പിന്നെ വ്യാജപ്രവാചകരുടെ കേളീരംഗമാകും, യൂദയാ മുഴുവനും. അധർമ്മം വർദ്ധിക്കുന്നു, സ്നേഹം തണുത്തുറയുന്നു. ഇതിനെയെല്ലാം അതിജീവിക്കുന്നവർ രക്ഷപ്പെടും. പ്രാതികൂല്യസാഹചര്യങ്ങൾ നിറഞ്ഞ ഈ സന്ദർഭത്തിലാണ് ദൈവത്തിന്റെ പ്രവർത്തനം ശക്തമാകുന്നത്. അപ്പോൾ ക്രിസ്തുവിന്റെ ശിഷ്യർക്ക് ലോകമെങ്ങും സുവിശേഷം പ്രസംഗിക്കുവാനുള്ള ഉത്തരവാദിത്വവും വർദ്ധിക്കുന്നു. സുവിശേഷ പ്രചാരണത്തോട് ലോകാന്ത്യത്തെ ഇവിടെ ബന്ധപ്പെടുത്തുന്നുണ്ട്.

അടുത്ത വിവരണം പഴയ ഇസ്രായേലിനെ ആസ്പദമാക്കിയാണ്. അതിന്റെ കേന്ദ്രമായ ദേവാലയം അശുദ്ധമാക്കപ്പെട്ടുവെന്ന് കാണുമ്പോൾ, യൂദായിലുള്ളവർ മലകളിലേക്ക് പാലായനം ചെയ്യട്ടെയെന്നു യേശു പറയുന്നു. ദേവാലയത്തിൽ നിന്നും ദൈവം വിട്ടുപോകുമെന്നു പ്രവാചകർ നേരത്തേ അറിയിച്ചിരുന്നു. ദേവാലയത്തിന്റെ പരിശുദ്ധി നഷ്ടപ്പെട്ടാൽ ജനം അതിന്റെ ചുറ്റും തളമിട്ടു കിടക്കുന്നതിൽ അർത്ഥമില്ല. അവർ പിന്നെ ചെയ്യേണ്ടത് മലകളിലേക്കു ദൈവസംസർഗ്ഗത്തിനായി ഓടിപ്പോവുകയാണ്. ഇത് തികച്ചും അടിയന്തിരമായി സംഭവിക്കേണ്ടതാണെന്ന് യേശു അനുസ്മരിപ്പിക്കുന്നു. അതേ സമയത്ത് ശാബതിന്റെ നിയമം എങ്ങനെ കാത്തുസൂക്ഷിക്കണമെന്നും ചോദിക്കുന്നു. ദേവാലയം അശുദ്ധമാക്കപ്പെടുന്നതോടൊപ്പം ഒരിക്കലും ഉണ്ടാകാത്ത ഉഗ്രപീഡനങ്ങൾ ഉണ്ടാകുമെന്നു യേശു മുന്നറിയിക്കുന്നു. അവിടെയും ഇസ്രായേലിന് ആശ്വാസകാരണമുണ്ട്. പുതിയ ഇസ്രായേലിന്റെ തിരഞ്ഞെടുക്കപ്പെട്ടവർ നിമിത്തം ദൈവം പീഡനകാലം കുറയ്ക്കുന്നു. ഈ കുഴപ്പം പിടിച്ച സാഹചര്യത്തിൽ നിന്ന് മുതലെടുക്കുവാൻ കള്ളമിശിഹാമാർ നുഴഞ്ഞുകയറുമെന്ന് യേശു വീണ്ടും അറിയിക്കുന്നു. വാസ്തവത്തിൽ യറുശലേമിന്റെ നാശത്തിനുമുമ്പ് അങ്ങനെ സംഭവിക്കുകയും ചെയ്തു. ഇത് മത്തായിയുടെ സുവിശേഷരചനയ്ക്കു രംഗ

www.malankaralibrary.com

മൊരുക്കുന്നു. മറ്റു പ്രവാചകന്മാർ, തിരഞ്ഞെടുക്കപ്പെട്ടവരെപ്പോലും വഴിതെറ്റിക്കും വിധത്തിൽ അടയാളങ്ങൾ കാണിച്ചേക്കും. ഈ സാഹചര്യത്തിൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക്, സുവിശേഷം അത്താണിയായി അനുഭവപ്പെടും. മിശിഹാ അവിടെ ഉണ്ട്, ഇവിടെ ഉണ്ട് എന്നുപറഞ്ഞു വഞ്ചിക്കുന്നവരെ പിൻചെല്ലരുതെന്ന് സുവിശേഷം മുന്നറിയിക്കുന്നു. യേശു പ്രഖ്യാപിച്ചു, "കിഴക്കുനിന്നു പടിഞ്ഞാറോട്ടു പായുന്ന മിന്നൽപ്പിണറുപോലെ ആയിരിക്കും മനുഷ്യപുത്രന്റെ ആഗമനം" (24/ 27). മിശിഹായുടെ മഹിമാഗമനത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. യേറുശലേം നഗരത്തിന്റെ പതനവും ലോകാന്തവും ഒന്നിച്ചു ചേർത്തു, യേശു സംസാരിക്കുന്നു. ശവമുള്ളിടത്ത് കഴുകന്മാർ തടിച്ചുകൂടും എന്നത് ഒരു പഴമൊഴിയാണ്. എല്ലാവർക്കും ദൃശ്യമായിരിക്കുന്നവിധത്തിൽ ആയിരിക്കും മിശിഹായുടെ ആഗമനവും എന്നാണ് അതിലെ സൂചന. ലോകാന്ത്യത്തിൽ എല്ലാവരും പരിഭ്രമിക്കും. മിശിഹായുടെ വരവിനോട് ബന്ധപ്പെട്ടു ഉണ്ടാകുന്ന ചിന്താക്കുഴപ്പങ്ങൾ, അവിടത്തെ രണ്ടാമത്തെ വരവിലേ അവസാനിക്കുകയുള്ളൂവെന്ന് യേശു എടുത്തുകാണിക്കുന്നു. ആദ്യത്തെ വരവ് രണ്ടാമത്തേതിന് മുൻകുറിയാണ്. ഈ രണ്ടു വരവുകൾക്കും ഇടയ്ക്കുള്ള കാലയളവിലാണ് പുതിയ ഇസ്രായേൽ പ്രവർത്തനനിരതം ആകുന്നത്. സഭ മുഴുവൻ ജാഗ്രതയോടെ പ്രവർത്തിക്കേണ്ട ഈ സമയസന്ധിയെ, സഭയുടെ സമരഘട്ടമെന്ന് സഭാപിതാക്കന്മാർ വിശേഷിപ്പിക്കുന്നുണ്ട്. ദുഷ്ടനും അവന്റെ കൂട്ടാളികൾക്കുമെതിരെ ക്രിസ്തു ചെയ്യുന്ന സമരം, അവിടത്തെ ശരീരമായ സഭ തുടരണം, എന്നാണ് ഇതിന്റെ അർത്ഥം.

മനുഷ്യപുത്രന്റെ ആഗമനത്തോടുകൂടി, പ്രപഞ്ചത്തിന്റെ അവസാനവുമുണ്ടാകും. അന്ന് പ്രപഞ്ചത്തെപ്പറ്റി നിലവിലിരുന്ന ജ്ഞാനം വച്ച് യേശു സംസാരിക്കുന്നു.ശാസ്ത്രീയജ്ഞാനം നൽകുകയല്ല, യേശുവിന്റെ ദൗത്യം. പ്രപഞ്ചത്തിന്റെ സൃഷ്ടിയെപ്പറ്റി ഉൽപത്തിപുസ്തകം വിവരണം നൽകുന്നുണ്ട്. അതിന്റെ എതിർദിശയിൽ പ്രപഞ്ചത്തിന്റെ അഴിവിനെപ്പറ്റിയുള്ള വർണ്ണനയും പോകുന്നു. നക്ഷത്രങ്ങൾ നിപതിക്കും, ആകാശശക്തികൾ ഇളകുകയും ചെയ്യും. എന്നതെല്ലാം ആ രീതിയിൽ പരിഗണിച്ചാൽ മതി. ആകാശത്തിൽ കാണപ്പെടുന്ന മനുഷ്യപുത്രന്റെ അടയാളം വിശുദ്ധസ്ലീബായുടേത് ആണെന്നു സഭാപിതാക്കന്മാർ വ്യാഖ്യാനിക്കുന്നുണ്ട്. മനുഷ്യപുത്രൻ ആകാശത്തിൽ, മേഘങ്ങളിൽ, ശക്തിയോടും

www.malankaralibrary.com

മഹത്ത്വത്തോടും കൂടി എഴുന്നെള്ളിവരുമെന്നത്, ദാനിയേൽ ദീർഘ ദർശിയുടെ പ്രവചനമാണ്. മനുഷ്യപുത്രൻ മാലാഖമാരെ അയക്കുന്നത്, അവിടന്ന് ദൈവമാണെന്നതിന്റെ വെളിപ്പെടുത്തലാണ്. ലോകാവസാനം ആകുമ്പോഴേയ്ക്കും പുതിയ ഇസ്രായേൽ അഥവാ സഭ ഭൂമിയിൽ എല്ലായിടത്തും സ്ഥാപിതമായിക്കഴിയും. അതിന്റെ പ്രവചനമായി യേശു പറയുന്നു. "അവർ (മാലാഖമാർ) ആകാശത്തിന്റെ ഒരറ്റം മുതൽ മറ്റേഅറ്റംവരെ നാലുദിക്കുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരെ ഒരുമിച്ചുകൂട്ടും." ഇതെല്ലാം യുഗാന്തവിവരണത്തിന്റെ ചിത്രം വരച്ചുവയ്ക്കുന്നു. മനുഷ്യപുത്രന്റെ രണ്ടാം വരവിന്റെ വിശദാംശങ്ങൾ ചേർന്ന്, ഒരു ചിത്രത്തിന്റെ പശ്ചാത്തലം സൃഷ്ടിക്കുന്നു.

മുൻവിവരണങ്ങളിൽ, ശിഷ്യന്മാർക്ക് ഉണ്ടാകുന്ന പ്രതികൂലാനുഭവങ്ങൾ എടുത്തുകാണിക്കുകയായിരുന്നു. അവയാണ് വിശ്വാസമാന്ദ്യം, ജനങ്ങൾ തമ്മിലുള്ള ഭിന്നതകൾ, കലഹങ്ങൾ, യുദ്ധങ്ങൾ മുതലായവ. ഇവയിലെല്ലാം തെരഞ്ഞെടുക്കപ്പെട്ടവർക്ക് അതായത് സഭയ്ക്കു വ്യക്തമായ ഒരു ദൗത്യം നിർവഹിക്കാനുണ്ട്. അവരുടെ അടിസ്ഥാനചൈതന്യമാകട്ടെ സ്നേഹമാണ്. സ്നേഹത്തിൽ മനുഷ്യരെ യോജിപ്പിക്കുകയും ഒന്നിപ്പിക്കുകയും ചെയ്യുകയാണ്, സഭയുടെ പ്രധാനകർത്തവ്യം. ഇത് വ്യക്തമാക്കാൻ യറുശലേമിന്റെ നാശവും ലോകാവസാനവും പ്രേരകസംഭവങ്ങളായി യേശു മുൻകൂട്ടി എടുത്തുകാണിച്ചിരിക്കുന്നു. യേശുവിന്റെ രണ്ടാം വരവിന് തെരഞ്ഞെടുക്കപ്പെട്ടവർ എങ്ങനെ ഒരുങ്ങിയിരിക്കണമെന്നതാണ് ഈ അധ്യായത്തിലെ പ്രധാനപ്പെട്ട ആഹ്വാനം. ലോകാസാനം വരെ ദൈവത്തിന്റെ സ്നേഹത്തിന് സാക്ഷ്യം നൽകാൻ തെരഞ്ഞെടുക്കപ്പെട്ടവരുടെ ഈ തലമുറ തുടരണമെന്നത്, ദൈവത്തിന്റെ പദ്ധതിയാണ്.

യറുശലേമിന്റെ നാശവും ലോകാന്ത്യവുമെല്ലാം എപ്പോൾ സംഭവിക്കുമെന്ന് ശിഷ്യർ ആരാഞ്ഞതിന് 'നിങ്ങളുടെ ദൗത്യം മനസ്സിലാക്കുവിൻ,' എന്നാണ് യേശു മറുപടി പറഞ്ഞത്. പ്രതിസന്ധികളിൽ എങ്ങനെ പെരുമാറണമെന്ന് യേശു ശിഷ്യരെ ഉപദേശിച്ചു. ആദ്യത്തേത് യറുശലേമിന്റെ നാശത്തോട് ബന്ധപ്പെട്ടതാണ്. അതിന്റെ ലക്ഷണങ്ങൾ ഓരോന്നും അവിടുന്ന് മുൻകൂട്ടി പറഞ്ഞുകൊടുത്തു. ആ സാദൃശ്യം വച്ച് ലോകാന്ത്യത്തിന്റെ വിവരവും സൂചി

www.malankaralibrary.com

പ്പിച്ചു. ''ഇതെല്ലാം സംഭവിക്കുന്നതുവരെ ഈ തലമുറ കടന്നുപോകുകയില്ല'' (24/34). എന്നാണ് യേശു നൽകുന്ന ഉറപ്പ്. ഈ തലമുറ എന്നതിന് എന്തായിരിക്കും അർത്ഥം ? ശ്ലീഹന്മാരുടെ തലമുറ എന്ന് ചിലർ അർത്ഥം കണ്ടെത്തിയിരുന്നു. പക്ഷേ യേശു പറഞ്ഞത് ഓരോരോവ്യക്തിയിലുമുള്ള ഭൗതികജീവനെ ആസ്പദമാക്കിയല്ല, പ്രത്യുത സഭയാകുന്ന ശരീരത്തിലെ ദൈവിക ജീവനെ പുരസ്ക്കരിച്ചാണ് - ഈ തലമുറ എന്നതിന് സഭയെന്നുതന്നെ അർത്ഥം. ലോകാവസാനം വരെ സഭ നിലനിൽക്കുന്നതാണ്. 'എന്റെ വചനങ്ങൾ കടന്നുപോകുകയില്ല,' എന്നതിൽ സുവിശേഷത്തിന്റെ നിലനിൽപ്പും ഉദ്ദേശിച്ചിരിക്കുന്നു. ഈയർത്ഥത്തിൽ ലിഖിതസുവിശേഷത്തിന്റെ പ്രസക്തി ഏറെയാണ്. ലോകാവസാനം എന്തു സംഭവിക്കും എന്ന് ആകുലപ്പെടാതെ സുവിശേഷം പ്രചരിപ്പിക്കുകയാണ് സഭ ഏറ്റെടുക്കേണ്ട ദൗത്യം. ലോകം അവസാനിക്കുന്ന നാളും നാഴികയും പിതാവിന് മാത്രം അറിവായിരിക്കുന്നു. ''പിതാവിനല്ലാതെ മറ്റാർക്കും സ്വർഗ്ഗത്തിലെ ദൂതന്മാർക്കോ പുത്രനുപോലുമോ അറിഞ്ഞുകൂടാ'' (24/36). ക്രിസ്തുവിന്റെ സുവിശേഷത്തിന് അദൃശ്യമായ മാനവും ശക്തിയുമുണ്ട്. അതിന്റെ ദൃശ്യവത്കരണമാണ് ഭൂമിയിൽ സഭയുടെ ദൗത്യം. ഈ ദൃശ്യമാക്കൽ സമയഗതിയിൽ പൂർണ്ണമായിക്കൊണ്ടിരിക്കും.

സഭയുടെ ദൗത്യനിർവ്വഹണത്തിലും ഒരു പ്രതിസന്ധിയുണ്ട്. ലോകം അവസാനിക്കുന്നത് മനുഷ്യരാശിയുടെ മുഴുവനും വിഭജനത്തിലാണ്. ഇത് മനസ്സിലാക്കിത്തരാൻ യേശു, നോഹിന്റെ കാലത്തെ ജലപ്രളയത്തിന്റെ സാദൃശ്യം ഉപയോഗിക്കുന്നു. ജലപ്രളയത്തിന്റെ കാലത്ത് മനുഷ്യർ തിന്നും കുടിച്ചും വേളി കഴിച്ചും കഴിപ്പിച്ചും, കഴിഞ്ഞിരുന്നു. ജലപ്രളയത്തിൽ അവരെല്ലാം നശിച്ചു. ദൈവത്തിന്റെ വിളികേട്ട് ഉണർന്നിരുന്ന നോഹയും കുടുംബവും മാത്രം രക്ഷപ്പെട്ടു. മനുഷ്യപുത്രന്റെ ആഗമനത്തിൽ നോഹയുടെ പെട്ടകത്തിന് സദൃശമായ സഭയിൽ ഉൾപ്പെട്ടിരിക്കുന്നവർ രക്ഷ പ്രാപിക്കും, മറ്റുള്ളവരോ നശിച്ചുപോകും. എങ്ങനെ ആയിരിക്കും ഈ വിഭജനം ഉണ്ടാകുന്നത് ? അന്നത്തെ പരിചിതസാഹചര്യങ്ങൾ വച്ച് യേശു ആ ചോദ്യത്തിന് ഉത്തരം നൽകുന്നു. വയലിൽ ആയിരിക്കുന്ന രണ്ടു പേരിൽ, ഒരാൾ എടുക്കപ്പെടും, ഒരാൾ അവശേഷിക്കും. തിരികല്ലിൽ പൊടിച്ചുകൊണ്ടിരിക്കുന്നവരിൽ ഒരുവൾ എടുക്കപ്പെടും, മറ്റവൾ അവശേഷിക്കും. എടുക്കപ്പെടും, എന്നു പറഞ്ഞി

www.malankaralibrary.com

രിക്കുന്നത് ഓരോ വ്യക്തിയുടെയും മരണത്തെവച്ചാണ്. പൊതുവായ അവസാനത്തെപ്പറ്റി സംസാരിച്ചതിൽ നിന്ന് വളരെ സമർത്ഥമായി വ്യക്തിതലത്തിലേക്ക് യേശു ചിന്ത തിരിച്ചുവിടുന്നു. അതുവച്ച് യേശു പറയുന്നു, "നമ്മുടെ കർത്താവു ഏതുദിവസം വരുമെന്ന് അറിയാത്തതുകൊണ്ട് നിങ്ങൾ ഉണർന്നിരിക്കുവിൻ" (24/42) ഈ പരാമർശം പൊതുതലത്തിലും വ്യക്തിതലത്തിലും പ്രസക്തമാണ്."നിങ്ങൾ പ്രതീക്ഷിക്കാത്ത നാഴികയിൽ ആയിരിക്കും മനുഷ്യപുത്രൻ വരുന്നത്" (24/44). മനുഷ്യപുത്രന്റെ വരവ് ഓരോ വ്യക്തിക്കും അനുഭവപ്പെടുന്നതിനെപ്പറ്റിയും ഇതിൽ സൂചനയുണ്ടല്ലോ.

തന്റെ മക്കളെ ജാഗരൂകരാക്കുന്നതിൽ സഭാനേതാക്കൾ നിരന്തരം വ്യാപൃതരായിരിക്കുന്നു. അവർ ജനത്തിനു വേണ്ട ഉപദേശവും പോഷണവും നൽകികൊണ്ടിരിക്കണം. അതിനായി ചുമതലപ്പെട്ട ആളുകളുമുണ്ട്, തക്കസമയത്തു ഭക്ഷണം കൊടുക്കാൻ നിയോഗിക്കപ്പെട്ടവർ തന്നെ. " യജമാനൻ വരുമ്പോൾ അപ്രകാരം ചെയ്യുന്നതായി കാണപ്പെടുന്ന ഭൃത്യൻ ഭാഗ്യവാൻ" (24/46). യജമാനൻ മിശിഹായാണ്. അതേ സമയം മേൽനോട്ടത്തിനു നിയോഗിക്കപ്പെട്ടവരുണ്ട്. സഭയുടെ അനുദിനവൃത്തികളിൽ എർപ്പെട്ടവരുടെമേൽ അവർ അന്വേഷണം നടത്തുന്നു. പുരോഹിതർ, മെത്രാൻ എന്ന തരം തിരിവ് ഇവിടെ സുവിശേഷകൻ ഉദ്ദേശിക്കുന്നുണ്ടോ ? തീർത്തു പറയാനാവില്ല . ദൃശ്യഘടയെപ്പറ്റി സൂചന ഈ ഉപമയിൽ ഉണ്ട്. എന്നാൽ ആത്യന്തികമായി സഭയുടെ നിയന്ത്രണം യേശു ക്രിസ്തുവിൽ തന്നെ. ദുഷ്ടഭൃത്യനെപ്പറ്റി പറയുന്നത് ശ്രദ്ധിക്കുക. "പ്രതീക്ഷിക്കാത്ത ദിവസത്തിലും അറിയാത്ത നാഴികയിലും യജമാനൻ വന്ന് അവനെ ശിക്ഷിക്കുകയും കപടനാട്യക്കാരുടെ കൂട്ടത്തിൽ തള്ളുകയും ചെയ്യും" (24/50,51). കപടനാട്യക്കാർ എന്ന പദം വഴിതെറ്റിയ യഹൂദനേതാക്കന്മാരെ സൂചിപ്പിക്കുന്നതാണല്ലോ. അവരുടെ ഗണത്തിൽ സഭയിലുള്ളവരും പെട്ടുപോയേക്കാമെന്ന് യേശു മുന്നറിയിപ്പ് നൽകുന്നു. ഈ അധ്യായത്തിന്റെ അവസാന ഭാഗത്ത് സഭയുടെ മുഴുവന്റെയും പ്രത്യേകം ചുമതലപ്പെട്ടവരുടെയും ജാഗ്രതാവ്യവസ്ഥയാണ് ഊന്നിപ്പറഞ്ഞിരിക്കുന്നത്. യറുശലേമിന്റെ നാശത്തെയും ലോകത്തിന്റെ അന്ത്യത്തെയുംപറ്റി ഇതിൽ പ്രതിപാദിക്കുണ്ടെങ്കിലും രണ്ടിനും ഇടക്കുള്ള സഭാശുശ്രൂഷയാണ് പ്രധാന പ്രമേയം.

www.malankaralibrary.com

## അദ്ധ്യായം ഇരുപത്തിയഞ്ച്

മിശിഹായുടെ വരവിനുവേണ്ടി കാത്തിരുന്ന ഒരു ജനമാണ് ഇസ്രായേൽ. അത് ഒരു വിവാഹാഘോഷമായി അവർ പരിഗണിച്ചിരുന്നു. മിശിഹായെ മണവാളനായും ഇസ്രായേലിനെ മണവാട്ടിയായും. ഉപമയിൽ, ദൈവം അകലത്തായിരുന്ന ഒരു കാലയളവുണ്ടായിരുന്നു, എന്നു തോന്നും. ദൈവം നിഷ്ക്രിയനായി നോക്കി നില്ക്കുന്നുവെന്ന് ഇതിൽ നിന്ന് അർത്ഥമാകുന്നില്ല. അവിടുന്ന് ജനത്തിലെ ഓരോ വ്യക്തിയെയും വിളിച്ച് ഓരോ ദൗത്യം ഏൽപ്പിച്ചിരിക്കുന്നു. പ്രീശരും നിയമജ്ഞരുമെല്ലാം, അങ്ങനെ ദൗത്യം ഏൽപ്പിക്കപ്പെട്ടവരാണ്. ദൗത്യം നിർവ്വഹിക്കാനുള്ള ആസ്തിയും ഏൽപ്പിച്ചിരുന്നു. അതിനെല്ലാം കണക്കുകൊടുക്കേണ്ടതാണ്, മിശിഹായുടെ വരവിൽ. മിശിഹാ രാജ്യം സ്ഥാപിക്കാൻ വരുന്ന സന്ദർഭം വച്ചുള്ളതാണ്, ആദ്യത്തെ രണ്ടു ഉപമകളും, ഇതിനെക്കാൾ പ്രധാനമാണ്. മിശിഹായുടെ രണ്ടാം വരവിന്റേത്. എല്ലാ ജാതികളെയും ന്യായം വിധിക്കാൻ വരുന്ന സന്ദർഭം. മേഘങ്ങളിൽ ഏറി മാലാഖമാരാൽ പരിസേവിതനായി വരുമ്പോൾ ജനമെല്ലാം രണ്ടായി തിരിക്കപ്പെടും. ശിഷ്ടരും, ദുഷ്ടരും. എന്തായിരിക്കും ഈ വേർതിരിവിന്റെ മാനദണ്ഡമെന്ന് ,യേശു തന്റെ പ്രഭാഷണത്തിന്റെ അന്ത്യത്തിൽ വെളിപ്പെടുത്തുന്നു. മൂന്നു ഉപമകളിലും വേർതിരിവിന്റെ പ്രക്രിയ വിവക്ഷിക്കപ്പെടുന്നു ആദ്യത്തെ രണ്ടിലും വേർതിരിവ് ഇസ്രായേലിനെ പ്രധാനമായും ബാധിക്കുമ്പോൾ, മൂന്നാമത്തേതിൽ (ഇതും ഒരു ഉപമയായി കണക്കാക്കാം) മനുഷ്യരാശിയെ മുഴുവൻ എത്തിപ്പിടിക്കുന്നു. ഇരുപത്തിനാലാം അദ്ധ്യായത്തിലെ പാശ്ചാത്തലം ഇരുപത്തിയഞ്ചിലും പ്രകടമാകുന്നുണ്ട്. ആദ്യത്തേത് സമൂഹപരവും, അടുത്തത് വ്യക്തിപരവും ആണെന്ന വ്യത്യാസം മാത്രം.

കാത്തിരിപ്പിന്റെ പ്രതീകമാണ്, കന്യക. പത്തു കന്യകകൾ വിളക്കുമെടുത്ത് മണവാളനെ എതിരേൽക്കാൻ കാത്തിരുന്നുവെന്ന് ഉപമയിൽ പറയുന്നു. അവർ ഇസ്രായേലിന്റെ പ്രാതിനിധ്യം വഹിക്കുന്നു. ഇസ്രായേൽ മണവാട്ടിയും മിശിഹാ മണവാളനും. മിശിഹായെപ്പറ്റി വ്യത്യസ്ത വീക്ഷണങ്ങളാണ്, യേശുവിന്റെ കാലത്ത് യഹൂദർ പുലർത്തിയിരുന്നത്. എന്നാൽ മേൽപ്പറഞ്ഞ ഉപമയിൽ രണ്ടു വീക്ഷണങ്ങൾ സുവിശേഷകൻ എടുത്തുകാണിക്കുന്നു, ബുദ്ധി

www.malankaralibrary.com

യുള്ളവരും ഇല്ലാത്തവരും. മാനുഷിക ബുദ്ധിയെയല്ല, ദൈവം നൽകുന്ന വെളിച്ചത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. എല്ലാവർക്കും വിളക്കുണ്ട്, അതായത് ഇസ്രായേലിന്റെ പാരമ്പര്യം. അതിൽ അഞ്ചു പേർ വിളക്കിനോടൊപ്പം എണ്ണയുമെടുത്തു, എന്നാൽ മറ്റു അഞ്ചുപേർ എണ്ണ എടുത്തില്ല. വിശ്വാസമാണ് എണ്ണ. അത് സ്വീകരിച്ച പുതിയ ഇസ്രായേൽ മാത്രമായിരിക്കും വിളക്ക് കത്തിച്ചു വെളിച്ചം നൽകുന്നത്. മിശിഹായെപ്പറ്റി ഓരോരുത്തരും പുലർത്തുന്ന വിശ്വാസവീക്ഷണം എന്ത് ? യേശു തന്റെ മരണത്തിലൂടെയും ഉയിർപ്പിലൂടെയും ഇസ്രയേലിന്റെ മണവാളനായി അവരോധിക്കപ്പെടുമ്പോൾ അവിടുത്തെ സ്വീകരിക്കുവാൻ ആരായിരിക്കും യോഗ്യരായി പരിഗണിക്കപ്പെടുക ? യേശുവിന്റെ മരണത്തിനും ഉയിർപ്പിലും വിശ്വാസമുള്ളവർ മാത്രം. ഈ വിശ്വാസം ഓരോ വ്യക്തിക്കും സ്വന്തമാണ്. ആ ജീവന്റെ അനുഭവം മറ്റുള്ളവർക്ക് പകർന്നു കൊടുക്കാവതല്ല. ആ അനുഭവമുള്ളവർ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നു. വിളക്കുകളായി ശോഭിക്കുന്നു. അവർ വിവാഹവിരുന്നിൽ, അതായത് പുതിയ ഇസ്രായേലിന്റെ സ്നേഹത്തിലും കൂട്ടായ്മയിലും ഉൾപ്പെടുന്നു. പാരമ്പര്യത്തിന്റെ വിളക്ക് കയ്യിലുണ്ടെങ്കിലും യേശുവിന്റെ പുതിയ വെളിപാട് സ്വീകരിക്കാത്തവർ തിരസ്കൃതരാകുന്നു. മണവാളൻ അവരോടു പറയുന്നു 'നിങ്ങളെ ഞാൻ അറിയുന്നില്ല' എന്ന്. യേശുവിന്റെ വെളിപാട് ഹൃദയത്തിൽ ജീവാനുഭവമായി കാത്തുസൂക്ഷിക്കാനാണ്, 'ഉണർന്നിരിക്കുവിൻ', എന്ന മുന്നറിയിപ്പിലൂടെ യേശു നിർദ്ദേശിക്കുന്നത്. മത്തായി സുവിശേഷം എഴുതുന്ന കാലത്ത് ഈ വിശ്വാസം നഷ്ടമാകുന്ന ധാരാളം പ്രലോഭനങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. കള്ളമിശിഹാമാർ തെറ്റായ ധാരണകൾ നൽകിയിരുന്നു. അതിനെതിരെ ജാഗ്രതയോടിരിക്കുവാൻ, ഉപമ ഓർമ്മിപ്പിക്കുന്നു.

യാത്ര പുറപ്പെടുന്നതിനു മുമ്പ് ഉടമസ്ഥൻ ഭൃത്യന്മാരെ വിളിച്ച് ജോലി ഏൽപ്പിക്കുക എന്നത് പരിചിതമായ പ്രതീകമാണ്. ദൈവം ഇസ്രയേലിലെ ഓരോ വ്യക്തിക്കും ചുമതലയേൽപ്പിക്കുന്നു. ഓരോ വ്യക്തിക്കും വ്യത്യസ്തമായി ഏല്പിച്ചുഎന്ന്, ഏറിയും കുറഞ്ഞും താലന്തുകൾ നൽകിയതിൽ നിന്ന് മനസ്സിലാക്കാം. നിയമത്തിന്റെയും പ്രവചനത്തിന്റെയും ദൈവചൈതന്യം, പ്രയോഗികജീവിതത്തിൽ കാത്തുസൂക്ഷിക്കുന്നതിനെയാണ് താലന്തു സൂചിപ്പിക്കുന്നത്. ഓരോ വ്യക്തിക്കും സ്വന്തമായി പ്രാർത്ഥനാധ്യാ

www.malankaralibrary.com

നങ്ങളിലൂടെ, അതിനെ വളർത്തിയെടുക്കാം. ആ ചൈതന്യം മറ്റുള്ളവർക്ക് പകർന്നുകൊടുക്കാം. ദൈവം പ്രത്യക്ഷംആകാനിരിക്കുന്ന അവസ്ഥയിൽ താലന്തു വർദ്ധിപ്പിക്കാനുള്ള പ്രേരണ, സന്തോഷകരമായ പ്രതീക്ഷയാണ്. എന്നാൽ ഒരു താലന്തു ലഭിച്ചവൻ യജമാനനെ കഠിനഹൃദയനായി എണ്ണി. പക്ഷേ ആരാണ് കഠിനഹൃദയൻ, എന്ന് യേശു നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. വചനം കഴിച്ചിട്ട് കാവൽ കിടന്നവൻ തന്നെ. യേശുവിന്റെ കാലത്ത് സദ്ദൂക്കായരും താദൃശവീക്ഷണമാണ് പുലർത്തിയിരുന്നത്. ഒരു പുതുമയും വളർച്ചയും വേണ്ട. എന്നാൽ വചനത്തിന്റെ ചടുലത മനസ്സിലാക്കിയവർ, താലന്ത് വർദ്ധിപ്പിച്ച് യജമാനനു തിരികെ സമർപ്പിച്ചു. ദുഷ്ടനും മടിയനുമായ ഭൃത്യന്റെ പക്കൽനിന്നു താലന്ത് എടുത്ത് പത്തു താലന്തുള്ളവനു കൊടുക്കുവാൻ യജമാനൻ കല്പിച്ചു. പുതിയ ഇസ്രായേൽ പാരമ്പര്യത്തിന്റെ ഉടമയായി. ദുഷ്ടനായ ഭൃത്യനെ പുറത്തെ അന്ധകാരത്തിലേക്ക് എറിഞ്ഞുകളയുകയും ചെയ്തു. യേശുവിനെ മിശിഹായായി സ്വീകരിക്കാത്തവർ ശിക്ഷാവിധിയിലേക്കു തള്ളപ്പെടുന്നു.എന്നാൽ ദൈവം നൽകിയ താലന്ത് നേരായി ഉപയോഗിച്ച്, വിശ്വാസത്തിലൂടെ തിരികെ സമർപ്പിച്ചവർ അനേകം കാര്യങ്ങളുടെ വിചാരിപ്പുകാരായി നിയമിക്കപ്പെടുന്നു. അവർ മിശിഹായുടെ സന്തോഷത്തിലേക്ക് പ്രവേശിക്കുന്നു; അവിടെ ഭൃത്യന്മാരെന്ന തരഭേദമില്ല, എല്ലാവരും സഹോദരന്മാരാണ്. പുതിയ ഇസ്രായേലിന്റെ ചൈതന്യമാണ്, യേശു ഉപമയിലൂടെ വെളിപ്പെടുത്തുന്നത്.

ദൈവം എല്ലാ മനുഷ്യരുടെയും പിതാവാണ്, എന്നു യേശു വെളിപ്പെടുത്തിയത് ഒരുസാഹസമായി ആർക്കും തോന്നാം. ആ വെല്ലുവിളി യേശു തന്റെ ജീവിതത്തിൽ ഏറ്റെടുത്തു, വിശക്കുന്നവർക്ക് ഭക്ഷണം കൊടുക്കുക. രോഗികളെ സുഖപ്പെടുത്തുക മുതലായവയിലൂടെ. 'നിങ്ങൾ അവർക്ക് ഭക്ഷണം കൊടുക്കുവിൻ,' എന്നാണ് യേശു ശിഷ്യരോട് ആവശ്യപ്പെട്ടത്. താദൃശമായ പരസ്നേഹപ്രവർത്തനങ്ങൾ സഭ ആരംഭം മുതലേ ഏറ്റെടുക്കുകയും ചെയ്തു. വിശക്കുന്നവർക്ക് ഭക്ഷണം കൊടുക്കുക, ദാഹിക്കുന്നവർക്ക് കുടിക്കാൻ കൊടുക്കുക, പരദേശിക്ക് പാർപ്പിടം നൽകുക, ഉടുക്കാനില്ലാത്തവർക്കു ഉടുക്കാൻ കൊടുക്കുക. രോഗികളെ ശുശ്രൂഷിക്കുക കാരാഗൃഹത്തിലിരിക്കുന്നവരെ സന്ദർശിക്കുക, എന്നിങ്ങനെ പരസ്നേഹ പ്രവൃത്തികൾ പ്രധാനമായും ഏവയെന്നു, യേശു ഇവിടെ

www.malankaralibrary.com

ചൂണ്ടിക്കാണിച്ചിരിക്കുന്നു. എന്തായിരിക്കും ഈ ഉപവികൃത്യങ്ങളുടെ ഉദ്ദേശ്യം? സഹോദര്യത്തിന്റെ സന്തോഷം അനുഭവിക്കുകയാണത്. സഹായം സ്വീകരിക്കുന്നവരെ താഴ്ത്തി ക്കെട്ടുമ്പോൾ എല്ലാവരും സഹോദരർ ആണെന്ന പ്രമാണം വിസ്മരിക്കപ്പെടുന്നു. തിരികെ സഹായം ലഭിക്കുമെന്ന പ്രതീക്ഷയിലാണ് സഹായം ചെയ്യുന്നത്, എങ്കിൽ ആ സഹായം തന്റെ തരക്കാർക്കു മാത്രമായി ചുരുങ്ങിപ്പോകുന്നു. 'നീ സഹായംചെയ്യുന്നതിലൂടെ മറ്റുള്ളവർ നിന്നെ പ്രശംസിക്കുമെന്ന ചിന്തയാണോ ഉള്ളത്. എങ്കിൽ നീ പ്രതിഫലം മുൻകൂട്ടി പ്രാപിച്ചുകഴിഞ്ഞു' എന്നു യേശു വ്യക്തമാക്കുന്നു. ഇങ്ങനെ മറ്റുള്ളവർക്കു സഹായം ചെയ്യുന്നതിലെ ദുരുദ്ദേശങ്ങൾ യേശു നേരത്തെ വിശദമാക്കിയിട്ടുണ്ട്. ഇവിടെ യേശു ഒരു പുതിയ പരിഗണന അവതരിപ്പിക്കുന്നു. ''എന്റെ ഏറ്റവും എളിയ ഈ സഹോദരിൽ ഒരുവന്, നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തു തന്നത്'' (25/40). സഭ ഒരു സഹോദരസമൂഹം ആയാണ് യേശു സ്ഥാപിച്ചത്. യേശുവിൽ സഹോദരന്മാരെയും സഹോദരികളെയും നേടിയെടുക്കുകയാണ്, പുതിയ ഇസ്രായേലിന്റെ സന്തോഷം. അബ്രഹാമിന്റെ മക്കൾ എന്ന പഴയ വീക്ഷണത്തെക്കാൾ ഉന്നതമാണിത്. എല്ലാവരും യേശുവിൽ സഹോദരരാണ്. സഭയിൽ ഉൾപ്പെട്ടവർ മാത്രമല്ല, പുറത്തുള്ളവരും, എല്ലാ മനുഷ്യരും ദൈവത്തിന്റെ മക്കളാണ്. ഈ വിശാലവും ഉന്നതവുമായ വീക്ഷണം അനുസരിച്ച് മനുഷ്യരെല്ലാം പ്രവർത്തിക്കണമെന്നാണ്, സ്വർഗ്ഗരാജ്യത്തിന്റെ ലക്ഷ്യം. ഉള്ളവർ ഇല്ലാത്തവരെ തുണയ്ക്കുക. ഈ ലക്ഷ്യത്തിൽ ഭാഗഭാക്കുകളാകുമ്പോൾ, എല്ലാവരെയും, ശിഷ്ടരെയും ദുഷ്ടരെയുമെല്ലാം പരിപാലിക്കുന്ന ദൈവത്തിന്റെ സ്നേഹപ്രക്രിയയിൽ, ദൈവത്തിന്റെ മക്കൾ പങ്കുകാരാകുന്നു. ദൈവം എങ്ങനെ എല്ലാവരുടെയും പിതാവാകുന്നു എന്നും, എല്ലാവർക്കും എങ്ങനെ അപ്പം നൽകുന്നു എന്നുമുള്ള ചോദ്യത്തിന് ഉത്തരം ലഭിക്കുകയും ചെയ്യുന്നു. ഈ മഹാ ദൗത്യത്തിൽ പങ്കുചേരുന്നുവോയെന്നാണ്, ചെമ്മരിയാടുകളുടെയും കോലാടുകളുടെയും ഉപമയിലൂടെ യേശു ഉന്നയിക്കുന്ന പ്രശ്നം.

ചെമ്മരിയാടുകളെയും കോലാടുകളെയും ഇടയൻ വേർതിരിക്കുന്ന സാധാരണ സംഭവം,ഏറ്റം പ്രധാനമായ സത്യം വെളി

www.malankaralibrary.com

പ്പെടുത്തുന്നതിന് യേശു ഉപാധിയായി സ്വീകരിക്കുന്നു. "മനുഷ്യ പുത്രൻ എല്ലാ മാലാഖമാരുമൊന്നിച്ച് മഹത്വത്തിൽ എഴുന്നെള്ളു മ്പോൾ, തന്റെ മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ടനാകും." (25/31). ഈ സന്ദർഭത്തിലാണ് ശിഷ്ടരും ദുഷ്ടരും തമ്മിലുള്ള വേർതിരിവു നടക്കുന്നത്. ശിഷ്ടൻ, സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഹിതം അനുവർത്തിക്കുന്നവൻ,ദുഷ്ടൻ അനുവർത്തിക്കാത്തവനും. എന്താണ് ദൈവഹിതമെന്ന് മുകളിൽ വ്യക്തമാക്കിയതാണ്. ശിഷ്ട രോടു പറയും, "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കി യിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ"(25/34). ലോകത്തിന്റെ ആരംഭംമുതൽ, ദൈവത്തിന്റെ സ്നേഹപദ്ധതിയിൽ പങ്കുചേർന്ന വർക്കെല്ലാം ഈ ഭാഗ്യം തുറന്നുവച്ചിരിക്കുന്നു. പുതിയ ഇസ്രാ യേലായ സഭയിൽ ഉൾപ്പെട്ടവർക്ക് ഈ പദ്ധതിയിൽ പങ്കുചേരു വാൻ കൂടുതൽ പ്രേരണ ലഭിക്കുന്നു. ആ രീതിയിൽ അവർക്കു മുൻഗണനയുണ്ട്. സ്വന്തം സമൂഹത്തിൽപ്പെട്ടവരെ മാത്രം സ്നേഹി ക്കുന്ന പഴയ സമുദായത്തിന്റെ സ്ഥാനത്ത് എല്ലാവരെയും, ശത്രു ക്കളെപ്പോലും, സ്നേഹിക്കുവാൻ യേശു തന്റെ ശിഷ്യർക്ക് കൽപ്പന നൽകിയിരിക്കുന്നു. ഈ കൽപ്പന അനുവർത്തിക്കാത്തവർ ഇടതുഭാഗത്തേക്ക് മാറ്റപ്പെടുകയാണ്. "ഈ ഏറ്റവും എളിയവരിൽ ഒരുവന് നിങ്ങളിത് ചെയ്യാതിരുന്നപ്പോൾ എനിക്കു തന്നെയാണ് ചെയ്യാതിരുന്നത്"(25/46). ദൈവം സ്നേഹമാകുന്നു എന്ന പ്രമാണം ഇവർ ജീവിതത്തിൽ പകർത്തിയില്ല. അതിലൂടെ അവർ പിശാചിന്റെ കൂട്ടുകെട്ടിൽ ഉൾപ്പെട്ടു കഴിഞ്ഞു. പിശാച് ശത്രുത യും ദ്വേഷവും നിസ്സംഗതയുമാണ് പഠിപ്പിക്കുന്നത്. അതുമാത്രം ചെവിക്കൊണ്ടവരോട് യേശു പറയുന്നു. ശപിക്കപ്പെട്ടവരേ, നിങ്ങൾ എന്നിൽ നിന്നകന്ന് പിശാചിനും അവന്റെ ദൂതന്മാർക്കുമായി ഒരു ക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക് പോകുവിൻ (25/41) ക്രിസ്തു വിന്റെ രണ്ടാമത്തെ വരവിൽ ഓരോവ്യക്തിക്കും സമ്മാനമോ ശിക്ഷയോ പ്രതിഫലമായി ലഭിക്കുന്നു. "ദുഷ്ടൻ നിത്യാഗ്നിയി ലേക്കും നീതിമാന്മാർ നിത്യജീവനിലേക്കും പ്രവേശിക്കും." (25/46) പിതാവ് തന്റെ ഏകജാതനിലൂടെ നടപ്പിലാക്കിയ രക്ഷാപദ്ധ തിയുടെ പൂർത്തീകരണം ആണിത്.

www.malankaralibrary.com

## അദ്ധ്യായം ഇരുപത്തിയാറ്

**പീ**ഡാനുഭവവിവരണം നാലു സുവിശേഷങ്ങൾക്കും പൊതുവാണ്. സംഭവങ്ങളുടെ അടുക്ക് ക്രമാനുഗതമാണ്, എല്ലാ സുവിശേഷങ്ങളും ഒരേ അടിസ്ഥാനക്രമം പാലിക്കുകയും ചെയ്യുന്നു. എന്നാലും ഓരോന്നിനും വിവരണത്തിന്റെ വിശദാംശങ്ങളിൽ ചില പ്രത്യേകതകളുണ്ട്. ഓരോന്നും മൊത്തമായി സ്വീകരിച്ചിരിക്കുന്ന രചനോദ്ദേശ്യം, പീഡാനുഭവവിവരണത്തിനും പാലിക്കുന്നുണ്ട്. മത്തായിയുടെ സുവിശേഷം യേശുവിനെ യഥാർത്ഥ ഇസ്രായേലായും യൂദന്മാരുടെ രാജാവായും ചിത്രീകരിക്കുന്നുവെന്ന് നാം കണ്ടു കഴിഞ്ഞു. അതേ ഉദ്ദേശ്യം പീഡാനുഭവവിവരണവും പാലിക്കുന്നതായി കാണാം. മൂന്നു സംഭവങ്ങളാണ് ഇതിന് അടിസ്ഥാനമായി ഉദ്ദേശിച്ചിരിക്കുന്നത്. അവ പെസഹാവിരുന്ന്, ഗത്സമേനിലെ പ്രർത്ഥന യേശു സ്വയം ഏല്പിച്ചുകൊടുക്കുന്നത്, എന്നിവയാണ്. ഇതിൽ യേശുവിന്റെ മനോഭാവം ശരിയായി വ്യക്തമാക്കിയിട്ടുണ്ട്. അതോടൊപ്പം യേശുവിന്റെ ശത്രുക്കളുടെയും ശിഷ്യന്മാരുടെയും പ്രതികരണങ്ങളും വിവരിച്ചു തരുന്നു.

ഒന്നാമതായി യേശു തന്റെ മനോഭാവം ശിഷ്യന്മാർക്കു വ്യക്തമാക്കുന്നു. "രണ്ടു ദിവസങ്ങൾക്കുശേഷം പെസഹായാണെന്ന് നിങ്ങൾക്ക് അറിയാമല്ലോ. മനുഷ്യപുത്രൻ ക്രൂശിക്കപ്പെടാൻ ഏൽപ്പിക്കപ്പെടും". പെസഹായെന്നതുകൊണ്ട് ഒടുവിലത്തെ അത്താഴം മാത്രമല്ല, യേശു ഉദ്ദേശിക്കുന്നത്, പിന്നെയോ തന്റെ മരണവും ഉത്ഥാനവും അതിൽ ഉൾപ്പെടുന്നു. അതിലാണ് ഇസ്രയേലിന്റെ ഉടമ്പടി പുതുക്കപ്പെടുന്നതും പുതിയ ഇസ്രയേൽ രൂപം കൊള്ളുന്നതും. അത് പിതാവിന്റെ പദ്ധതിയുടെ നിറവേറ്റലാണ്. ഏല്പിക്കപ്പെടുമെന്ന് പറയുന്നതുകൊണ്ട് അതിൽ ദൈവത്തിന്റെ കർതൃത്വം ഉണ്ടെന്ന് വ്യക്തമാക്കിയിരിക്കുന്നു. ഇതിന്നെതിരെ പ്രധാന പ്രമാണികൾ ചിന്തിക്കുന്നത്, അവർ യേശുവിനെ പിടിച്ചു വധിക്കുമെന്ന നിലയിലാണ്. മാനുഷികമായി നോക്കുമ്പോൾ അങ്ങനെ മാത്രമേ തോന്നുകയുള്ളു. എന്നാൽ യേശുവിന്റെ പീഡാനുഭവവും മരണവും ഗ്രഹിക്കാൻ വിശ്വാസദർശനം ആവശ്യമായിരിക്കുന്നു. പിതാവ് ആഗ്രഹിച്ചതനുസരിച്ച് പുത്രൻ നിറവേറ്റിയ പെസഹാ സംഭവമായി വേണം, നാം ഇതിനെ കാണുവാൻ. മാനുഷികചിന്തക്ക് അതീതമായ ദൈവാനുഭവത്തിലേക്ക് ഉയരാനുള്ള ആത്മീയസന്നദ്ധതയാണ്,

www.malankaralibrary.com

യേശുവിന്റെ പീഡാനുഭവത്തിലേക്ക്, വിശ്വാസികളെ പിടിച്ചടുപ്പിക്കുന്നത്.

പീഡാനുഭവത്തിന്റെ ആദ്യരംഗമായി, മത്തായി സുവിശേഷകൻ അവതരിപ്പിക്കുന്നത്, യേശുവിന്റെ മേൽ ഒരു സത്രീ തൈലാഭിഷേകം ചെയ്യുന്നതാണ്. മിശിഹാ എന്ന പദവി യേശു ഏറ്റെടുക്കുന്നതിനു മുമ്പ് അഭിഷിക്തനാകുന്നു, പ്രതീകാത്മകമായി മാത്രം. പിതാവു പുത്രനെ നിത്യതയിൽ മിശിഹായായി അഭിഷേകം ചെയ്തതിന്റെ പ്രത്യക്ഷീകരണമായി ഈ സംഭവത്തെ ദർശിക്കാം. ആ കർമ്മത്തിന് വിളിക്കപ്പെട്ട സ്ത്രീ ദൈവാത്മാവിനാൽ പ്രചോദിതയായി മുമ്പോട്ടു വരുന്നു. അസാധാരണമായ ഒരു കർമ്മമാണ് അവൾ നിർവ്വഹിച്ചത്. വളരെ വിലയേറിയ സുഗന്ധ തൈലം സ്ഫടികപാത്രത്തിൽ കൊണ്ടുവന്ന് അവൾ യേശുവിന്റെ തലയിൽ ഒഴിച്ചു. കണ്ടവരെല്ലാം അമ്പരന്ന് പോയി, ഈ കാഴ്ചയിൽ. ശിഷ്യരാകട്ടെ തങ്ങളുടെ വികാരം ഉടനെ പ്രകാശിപ്പിച്ചു, ഇത്ര,യേറെ വിലയുള്ള സുഗന്ധതൈലം വിറ്റുകിട്ടുന്ന വിലകൊണ്ട് ദരിദ്രരെ സഹായിക്കാമായിരുന്നല്ലോ. എന്ന്, യേശു മറുപടി പറഞ്ഞു. "എന്റെ സംസ്കാരത്തിനുള്ള ഒരുക്കമായാണ് ഇവൾ എന്റെ ശരീരത്തിൽ തൈലം പൂശിയത്." മിശിഹായെന്ന പൂർണ്ണതയിൽ യേശു പ്രവേശിച്ചത് തന്റെ ഉത്ഥാനത്തിലാണ്, അതിന് തൊട്ടുമുമ്പുള്ള സംഭവമാണ് സംസ്കാരത്തിന്റേത്. മരിച്ചശേഷം നിത്യാനുഭവത്തിലേക്ക് പ്രവേശിക്കുന്നുവെന്ന് കാണിക്കാൻ ഓരോ ഇസ്രായേൽക്കാരന്റെയും മൃതദേഹം തൈലം കൊണ്ട് അഭിഷേകം ചെയ്തിരുന്നു. അതിലും എത്രയോ കൂടുതൽ അർത്ഥവത്താണ് യേശുവിന്റെ അഭിഷേകം. ആ സംഭവത്തിന്റെ, ഓർമ്മ സുവിശേഷം ഘോഷിക്കുന്നിടത്തെല്ലാം കൊണ്ടാടുമെന്ന് യേശു പ്രവചിക്കുന്നു.

ശിഷ്യർക്ക് യേശുവിന്റെ ഉന്നതചിന്തയിൽ പങ്കുചേരാൻ സാധിക്കാത്തതുകൊണ്ടാണല്ലോ പാവപ്പെട്ട സത്രീയെ അവർ ശാസിച്ചത്. പീഡാനുഭവത്തിലേക്ക് പ്രവേശിക്കുന്ന യേശുവിൽ നിന്ന് ശിഷ്യർ ഏറെ അകലത്തായിരുന്നു. ആ അകലം, അവിശ്വാസത്തിന്റെ രൂപം ധരിച്ചു, യൂദാസ് സ്ക്കറിയോത്തായിൽ. അവൻ യേശുവിനെ ഒറ്റിക്കൊടുക്കാൻ ശത്രുക്കളുമായി ധാരണയിലെത്തി, മുപ്പത് വെള്ളിക്കാശിന് അവർ പറഞ്ഞൊത്തു. യേശു എല്ലാം അറിഞ്ഞിരുന്നു, തന്നെ ചതിയിൽ പിടിച്ച് വിസ്തരിച്ചു വധിക്കുന്നതിനെ

www.malankaralibrary.com

പ്പറ്റി. എന്നാൽ പ്രവാചകർ ദീർഘദർശനം ചെയ്തത് എല്ലാം ദൈവ പ്രേരണയാലാണെന്നും, അവ നിറവേറണമെന്നും ആയിരുന്നു, യേശുവിന്റെ മുമ്പിലെ യഥാർത്ഥ പ്രചോദനം. "എന്നോടുകൂടെ പാത്രത്തിൽ കൈമുക്കുന്നവൻ എന്നെ ഒറ്റിക്കൊടുക്കും. മനുഷ്യപു ത്രൻ എഴുതപ്പെട്ടിരിക്കുന്നതുപോലെ പോകുന്നു" (26/23, 24). ഏറ്റം വലിയ സ്നേഹബന്ധമുള്ളവരാണ്, ഒരേ പാത്രത്തിൽ നിന്നും ഭക്ഷി ക്കുന്നത്. പെസഹാഭക്ഷണത്തിൽ പങ്കുചേർന്ന യൂദാസ് തന്നെ ഒറ്റിക്കൊടുക്കുമെന്നാണ്, യേശു ഇവിടെ പറഞ്ഞത്. ഒരേ കുടും ബത്തിൽ പെട്ടവരാണ്, ഒന്നിച്ചു പെസഹാ ഭക്ഷിച്ചിരുന്നത്. എന്നാൽ യൂദാസ് പുതിയ പെസഹായിൽ, വിശുദ്ധ കുർബാനയുടെ സ്ഥാപനത്തിൽ പങ്കു ചേർന്നുവോ എന്നു തീർത്തുപറയാനാവില്ല. 'അപ്പക്കഷണം സ്വീകരിച്ചയുടൻ അവൻ (യൂദാസ്) പുറത്തുപോയി' (യോഹ13/30) എന്നാണ്. യോഹന്നാന്റെ സുവിശേഷത്തിൽ പറ യുന്നത്. അതുകൊണ്ടു പരമ്പരാഗതക്രമം പൂർത്തിയാകുന്നതിനു മുമ്പ് അവൻ വിട്ടുപോയിയെന്നു വിചാരിക്കാം.

പരമ്പരാഗതക്രമം, മോശയുടെ പെസഹായുടെ അനുസ്മര ണ ആയിരുന്നുവെങ്കിൽ പുതിയ പെസഹാ, യേശു അർപ്പിക്കാനി രിക്കുന്ന ബലിയുടെ മുന്നനുഭവമാണ്. 'വാങ്ങി ഭക്ഷിക്കുവിൻ, ഇതെന്റെ ശരീരമാണ്' (26/26) എന്ന് യേശു പറഞ്ഞത് തന്റെ മരണ ത്തിൽ തന്റെ ശരീരം വിഭജിക്കപ്പെടുമെന്ന് ഉദ്ദേശിച്ചാണ്. അതാണ്, യേശു പിതാവിന് അർപ്പിച്ച ആദ്യത്തെ കുർബാന. 'ആശിർവദിച്ചു' എന്ന പദത്തിന്, 'ദൈവത്തിന് നന്ദിപറഞ്ഞു' എന്നർത്ഥമുണ്ട്. അതോടുകൂടി ഇസ്രയേലിന്റെ പുതിയ ഉടമ്പടി പുതുക്കുകയും ചെയ്തു. പിതാവ് ഉടമ്പടി പുതുക്കി, പുത്രൻ അതിന് പറഞ്ഞൊ ക്കുകയും ചെയ്തു. ആദ്യത്തെ ഉടമ്പടി അബ്രഹാമിനോടും അവന്റെ സന്താനങ്ങളോടുമാണ്. രണ്ടാമത്തേതോ എല്ലാ മനു ഷ്യർക്കും വേണ്ടിയുള്ളതും. ഈ അർത്ഥത്തിലാണ്, യേശു പറ ഞ്ഞത്, "ഇതു പാപമോചനത്തിനായി അനേകർക്കു വേണ്ടി ചിന്ത പ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്" (26/26). വാസ്തവത്തിൽ പുതിയ ഇസ്രയേലിന്റെ ആരംഭം കുറിക്കുന്നത്, ഈ പെസഹാസംഭവമാണ്. അത് ഒടുവിലത്തെ അത്താഴമെന്നതി നെക്കാൾ മിശിഹായുടെ മരണത്തെയും ഉയിർപ്പിനെയും അർത്ഥ വത്താക്കുന്ന മെസയാനിക വിരുന്നാണ്. ഈ വിരുന്നു പുതിയ ഇസ്രായേലിൽ എന്നും തുടരുവാനിരിക്കുന്നു. ഈ വിരുന്നിന്റെ

www.malankaralibrary.com

തുടർച്ചയാണ്, യേശു മുന്തിരിച്ചാറിൽ നിന്നു വീണ്ടും കുടിക്കുകയില്ലെന്ന് പറഞ്ഞതിൽ വിവക്ഷിച്ചത്. യേശുവിന് വേറൊരു വിരുന്നില്ല.

ശിഷ്യന്മാർ പെസഹാവിരുന്നിൽ പങ്കുചേർന്നു, എന്നാൽ യേശുവിന്റെ മരണത്തിൽ ഭാഗഭാക്കാകാൻ അവർക്ക് സാധ്യമല്ല. യേശു പറഞ്ഞു "ഈ രാത്രി നിങ്ങൾ എല്ലാവരും എന്നിൽ ഇടറും" (26/31) അതിനുള്ള കാരണവും യേശു ചൂണ്ടിക്കാണിച്ചു. ഞാൻ ഇടയനെ അടിക്കും ആടുകൾ ചിതറിപ്പോകും. ദൈവത്തിന്റെ തീരുമാനത്തിൽ, മനുഷ്യർക്ക് സ്വതവേ പങ്കുപറ്റാൻ സാധിക്കാത്ത രഹസ്യമാണ്, യേശുവിന്റെ മരണവും ഉയിർപ്പും. യേശുവിൽ വിശ്വസിക്കുന്നവർക്ക് പങ്കു ചേരാൻ സാധിക്കും, പരിശുദ്ധാത്മാവിനെ പ്രാപിച്ചശേഷം. ഇതാണ് "ഞാൻ ഉയർപ്പിക്കപ്പെട്ടശേഷം നിങ്ങൾക്കു മുമ്പേ ഗലീലിയിലേക്ക് പോകും, എന്നതിന്റെ ഉള്ളർത്ഥം. ആ വലിയ പങ്കു ചേരലിനുവേണ്ടി യേശു തന്റെ ശിഷ്യരെ മാറ്റി നിർത്തി. എന്നാൽ പെസഹായുടെ ദൈവരഹസ്യം ഗ്രഹിക്കാതെ, പത്രോസു പറഞ്ഞു "നിന്നോടുകൂടെ മരിക്കേണ്ടി വന്നാൽപോലും ഞാൻ നിന്നെ നിഷേധിക്കുകയില്ല."(26/35). എന്ന്. പത്രോസിനോടുകൂടെ മറ്റു ശിഷ്യരും ഇത് ആവർത്തിച്ചു. എന്നാൽ യേശു പ്രവചിച്ചതുപോലെ, പത്രോസു മൂന്നുപ്രാവശ്യം യേശുവിനെ തള്ളിപ്പറഞ്ഞു. അതുപോലെ മറ്റു ശിഷ്യരും ചിതറിപ്പോകുകയും ചെയ്തു.

യേശു തന്റെ ദൗത്യത്തെപ്പറ്റി ഏറ്റം ബോധവാനായ നിമിഷമാണ്, ഗത്സമേനിലേത്. പെസഹാ വിരുന്നിൽ വെളിപ്പെടുത്തിയത്, തന്റെ ശരീരത്തിൽ പൂർത്തിയാക്കണമെന്നായിരുന്നു, പിതാവ് പുത്രനു ഏൽപ്പിച്ചു കൊടുത്ത ദൗത്യം, ഒരു പുതിയ ഉടമ്പടിയിലൂടെ ഇസ്രായേൽ ജനത്തെ ഉയിർത്തെഴുന്നേൽപ്പിക്കുക ആയിരുന്നു, അത്. തന്റെ ജനത്തെ മുഴുവൻ യേശു ഹൃദയത്തിൽ സൂക്ഷിച്ചിരുന്നു. യഥാർത്ഥ ഇസ്രായേലായ യേശുവിന് പഴയ ഉടമ്പടിയുടെ ലംഘനങ്ങളെല്ലാം ഹൃദിസ്ഥമായിരുന്നു. വെറും മാനുഷികത വച്ച് ചിന്തിച്ചിരുന്നവർ യേശുവിന്റെ താദൃശചിന്താഗതിയുമായി പൊരുത്തപ്പെടുന്നതിൽ പരാജയപ്പെടുന്നു. യേശു, ഏറ്റമധികം ആശ്രയിച്ചിരുന്ന ശിഷ്യരോട് കാത്തിരിക്കുവാൻ ആവശ്യപ്പെട്ടശേഷം, മുമ്പോട്ടുപോയി. ഏറ്റം സ്നേഹിച്ചിരുന്ന പത്രോസിനെയും സെബദിയുടെ മക്കളെയും കൂടെ കൊണ്ടുപോകുകയും, ഉണർന്നിരുന്നു പ്രാർത്ഥി

www.malankaralibrary.com

ക്കുവാൻ അവരോട് ആവശ്യപ്പെടുകയും ചെയ്തു. പക്ഷെ അവർ ഉറങ്ങിപ്പോയി. യേശു തിരികെ വന്ന് അവരെ വിളിച്ചുണർത്തി പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥി ക്കുവാൻ ആവശ്യപ്പെട്ടു. പക്ഷെ അവർ പിന്നെയും മയങ്ങിപ്പോയി. യേശു വീണ്ടും തിരികെ വന്ന്, അവരോട് പറഞ്ഞു – സമയമായി, ശത്രുക്കൾ എത്തിക്കഴിഞ്ഞു,

ഈ നേരം മുഴുവൻ യേശു പ്രാർത്ഥിക്കുകയായിരുന്നു, നാഴി കകളോളം.അതിനു മുമ്പേ യേശു പറഞ്ഞിരുന്നു. "തീവ്രദു:ഖത്താൽ മരണത്തോളം എത്തിയിരിക്കുന്നു."(26/38) ആന്തരികമായ പോരാ ട്ടത്തിന്റെ ദു:ഖമാണത്. ഒരു വശത്ത് പിതാവിന്റെ സ്നേഹവും മനുഷ്യരാശിയെ രക്ഷിക്കാനുമുള്ള അഭിവാഞ്ചയും, മറുവശത്ത് മനുഷ്യരുടെ പ്രത്യേകിച്ച്, ദൈവത്തിന്റെ ജനത്തിന്റെ പാപങ്ങ ളുടെ കാഠിന്യവും ആധിക്യവും. സ്നേഹം കരുണയായും, മോചനം ജീവനായും മാറേണ്ടത് പുത്രനിലൂടെയാണ്. ഈ ഭാരം യേശു വിനെ വേദനിപ്പിക്കുകയും തളർത്തുകയും ചെയ്തു. പിതാവിന്റെ ഹിതം അനുവർത്തിച്ചു വേണം, ഈ പ്രശ്നത്തിന് പരിഹാരം കാണുവാൻ. "എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം പോലെ നിറവേ റട്ടെ" എന്നു പേർത്തു പേർത്തു യേശു പ്രാർത്ഥിച്ചു. കുടിക്കു വാൻ പോകുന്ന ദു:ഖത്തിന്റെ പാനപാത്രം എത്രയേറെ കയ്പും ചവർപ്പുമുള്ളതാണെന്ന് യേശു തന്റെ ശരീരത്തിൽ അനുഭവിച്ചു. 'കഴിയുമെങ്കിൽ ഈ പാനപാത്രം കടന്നുപോകണമേ,' എന്ന് യേശു പ്രാർത്ഥിച്ചു, വീണ്ടും, വീണ്ടും. അതോട് ചേർത്തു പറഞ്ഞു "നിന്റെ ഹിതം നിറവേറട്ടെ എന്ന്." പിതാവിന്റെ ഹിതം അനുവർത്തിക്കു ന്നതിലൂടെ ആണ്, ഒരുവൻ ദൈവരാജ്യത്തിൽ ഉൾപ്പെടുന്നതെന്ന് യേശു നേരത്തേ പഠിപ്പിച്ചിരുന്നു. അങ്ങനെ രാജ്യത്തിന്റെ ആദ്യ ജാതനായിക്കൊണ്ട്, ഓരോരുത്തർക്കും ദൈവഹിതം നിറവേറ്റുന്ന തിന് ശക്തി പകർന്നുകൊടുക്കുകയാണ്, യേശുവിന്റെ പെസഹാ സംഭവത്തിന്റെ ഉദ്ദേശ്യം. അതിന്റെ ആദ്യപാദമാണ് പീഡാനുഭവവും, മരണവും. മണിക്കൂറുകളോളം തുടർന്നു പ്രാർത്ഥിച്ചശേഷം, യേശു ശക്തിപ്പെട്ടു, ധൈര്യപ്പെട്ടു. എല്ലാം നേരിടുവാനുള്ള കരുത്ത് ഉൾക്കൊണ്ട് യേശു ശിഷ്യരോട് പറഞ്ഞു. "എഴുന്നേൽക്കുവിൻ, നമുക്കു പോകാം, ഒറ്റിക്കൊടുക്കുന്നവൻ അടുത്തെത്തിയിരിക്കുന്നു" (26/46).

www.malankaralibrary.com

പന്ത്രണ്ടു പേരിലൊരുവൻ തന്നെ ഒറ്റിക്കൊടുക്കുന്നു എന്നതായിരുന്നു, യേശുവിനെഏറ്റം വേദനിപ്പിച്ചത്. "എന്നോടുകൂടി താലത്തിൽ കൈമുക്കുന്നവൻ എന്നെ ഒറ്റിക്കൊടുക്കും"(സങ്കീ 41/9) എന്ന പ്രവചനം ഓർത്തു, യേശു അതിലും പിതാവിന്റെ ഹിതം കണ്ടെത്തി. തന്നെ ചുംബനത്തിലൂടെ ഒറ്റിക്കൊടുത്ത യൂദാസിനെയും, യേശു 'സ്നേഹിതാ' എന്ന് വിളിച്ച്, അവൻ ചെയ്ത നിന്ദ്യകൃത്യത്തെപ്പറ്റി അനുതപിക്കുവാൻ പ്രേരിപ്പിച്ചു. പ്രധാനാചാര്യന്റെ സേവകനെ വെട്ടി, ചെവി ഛേദിച്ച പത്രോസിനെ യേശു വിലക്കി "എന്റെ പിതാവു തന്റെ ദൂതന്മാരുടെ പന്ത്രണ്ടിലേറെ വ്യൂഹങ്ങളെ അയച്ചു തരികയില്ലെന്നു നീ വിചാരിക്കുന്നുവോ" (26/53) പക്ഷേ, അതല്ല, എന്റെ പിതാവിന്റെ തീരുമാനം; പ്രത്യുത സ്നേഹം കൊണ്ടും ക്ഷമ കൊണ്ടും, മനുഷ്യരെ കീഴ്പ്പെടുത്തുകയാണ്. അതിന്റെ കൂടെപറഞ്ഞു. "വാളെടുക്കുന്നവൻ വാളാൽ നശിക്കും" (26/52). ദൈവത്തിന്റെ പദ്ധതി മനുഷ്യന്റേതിൽ നിന്നും വ്യത്യസ്തമാണ്. ആ പദ്ധതി പ്രവാചകരിലൂടെ ദൈവം വെളിപ്പെടുത്തിക്കഴിഞ്ഞു. വിശുദ്ധലിഖിതങ്ങൾ നിറവേറണമെന്നാണ്, യേശുവിന്റെ നിർബന്ധം. യേശുവിനെ ബന്ധിച്ചു കൊണ്ടുപോയശേഷം, നിയമജ്ഞരും മൂപ്പന്മാരും സമ്മേളിച്ചു. യേശുവിന്റെമേൽ എന്തു കുറ്റം ചുമത്തണമെന്ന് കിഴിഞ്ഞാലോചിച്ചു. കള്ളസാക്ഷികളെ സദസ്സിന്റെ മുമ്പിൽ നിർത്തി. ഒന്നിനും യേശു മറുപടി പറഞ്ഞില്ല. എന്നാൽ പ്രധാനപുരോഹിതൻ, 'നീ മിശിഹായാണോ' എന്നു ചോദിച്ചതിന് യേശു മറുപടി പറഞ്ഞു. "ഇപ്പോൾ മുതൽ മനുഷ്യപുത്രൻ ശക്തിയുടെ വലതുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്നതും വാനമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും."(26/64) എന്ന്. മത്തായിയുടെ സുവിശേഷപ്രകാരം, യേശുവിന്റെ ഈ പ്രഖ്യാപനമാണ്, യഹൂദപ്രമാണികൾ അവിടുത്തെ മരണത്തിനു വിധിക്കുവാൻ കാരണമായത്. മനുഷ്യപുത്രനെ ശക്തിപ്രഭാവത്തോടെ കാണുന്നതിൽ, യേശു പുതിയ ഇസ്രായേലിന്റെ മൂർത്തീഭാവംആയിത്തീരുമെന്ന് യേശു മുന്നറിയിച്ചു. പ്രകാരാന്തരേണ, ശത്രുക്കൾ തന്നെ, യേശുവിനെ പ്രസ്തുത ഉന്നതസ്ഥാനത്ത് അവരോധിച്ചുവെന്നതാണ്, ഇതിലെ അർത്ഥവിപര്യയം. മരണം മഹിമാഗമനത്തിന്റെ മുന്നോടിയായി ഭവിച്ചു.

പത്രോസിനെ ശിഷ്യരിൽ പ്രധാനിയായി മത്തായിയുടെ സുവിശേഷം എടുത്തുകാണിക്കുന്നു. യേശു അദ്ദേഹത്തിന് പ്രത്യേക

www.malankaralibrary.com

പരിഗണന നൽകുകയും, ചെയ്തു. അതേ സമയം പത്രോസും മറ്റു ശിഷ്യന്മാരുമെല്ലാം മാനുഷികദൗർബല്യത്തിന് ഒരുപോലെ അടിപ്പെട്ടുവെന്നും സുവിശേഷം സമ്മതിക്കുന്നു. "നിന്നോടുകൂടെ മരിക്കേണ്ടിവന്നാൽ പോലും ഞാൻ നിന്നെ നിഷേധിക്കുകയില്ല" എന്നു പത്രോസു പറഞ്ഞപ്പോൾ, മറ്റെല്ലാശിഷ്യന്മാരും ഏറ്റുപറഞ്ഞുവെന്ന് സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. മാത്രമല്ല പത്രോസിന്റെ പതനം വിശദമായും വാസ്തവമായും, വിവരിച്ചു തരുന്നത്, സുവിശേഷം വാസ്തവികമാണെന്നതിന്റെ തെളിവാണ്. പത്രോസ് മൂന്നു പ്രാവശ്യം യേശുവിനെ തള്ളിപ്പറഞ്ഞതായി സുവിശേഷത്തിൽ കാണുന്നു. "പത്രോസ്, ആ മനുഷ്യനെ ഞാൻ അറിയുകയില്ല" (26/74) എന്നു പറഞ്ഞുവെന്നു മാത്രമല്ല, ശപിക്കാനും ആണയിടാനും തുടങ്ങി. പത്രോസിനെ ഏറെ ഉയർത്തിക്കാണിച്ച സുവിശേഷം, ഈ പതനവും കൃത്യമായി എടുത്തു പറഞ്ഞിരിക്കുന്നു. പക്ഷേ പത്രോസിന് ഒരു ഗുണമുണ്ടായി. അവന്റെ ഉള്ളിൽ ഉറങ്ങിക്കിടന്നിരുന്ന യേശുവിനെപ്പറ്റിയുള്ള സത്ഭാവങ്ങളെല്ലാം ഉണർന്നുവന്നു. മൂന്നുപ്രാവശ്യം തള്ളിപ്പറഞ്ഞു കഴിഞ്ഞയുടനെ, കോഴി കൂകിയ ശബ്ദം പത്രോസു കേട്ടു. യേശു പറഞ്ഞ വാക്കുകൾ അവൻ ഓർമ്മിച്ചു. അവൻ പുറത്തുപോയി ഹൃദയം നൊന്ത് വാവിട്ടു കരഞ്ഞു (26/75). പത്രോസിന്റെ മാനസാന്തരം, യേശുവിനോടൊത്ത് പുതിയ ഇസ്രായേൽ രൂപം കൊള്ളുന്നതിന് നാന്ദിയായി എന്നു പറയാം.

## അധ്യായം ഇരുപത്തിയേഴ്

യഹൂദർ യേശുവിനെ കൊല്ലുന്നതിൽ വിജയിച്ചു, എന്നാൽ അവർ അത്യന്തികമായി പരാജയപ്പെട്ടു; യേശു തന്റെ മരണത്തിൽ പരാജിതനായി കാണപ്പെട്ടു, എന്നാലും വിജയിച്ചു. ഇതാണ് ഈ അധ്യായത്തിലെ മുഖ്യപ്രമേയം. യഹൂദരുടെ പരാജയത്തിന്റെ പല തെളിവുകൾ സുവിശേഷകൻ ഹാജരാക്കുന്നു. ഒന്ന്, യൂദാസ് തെറ്റു ചെയ്തതിൽ ഭാരപ്പെട്ട്, തനിക്കുലഭിച്ച പ്രതിഫലം പ്രധാന പുരോഹിതന്മാരുടെ പക്കലേക്ക് എറിഞ്ഞുകൊടുത്തു. രണ്ട്, തങ്ങൾ യേശുവിൽ ആരോപിച്ചകുറ്റം പിലാത്തോസിന് ബോധ്യപ്പെടുത്തുന്നതിൽ യഹൂദപ്രമാണികൾ പരാജയപ്പെട്ടു. മൂന്ന്, യേശുവിനു പകരം, കുറ്റ

www.malankaralibrary.com

വാളിയെന്ന് പ്രകടമായി തെളിഞ്ഞിരുന്ന ബാറഅബായെ തെരഞ്ഞെടുക്കുവാൻ, അവർ ജനത്തെ പ്രേരിപ്പിച്ചു. നാല് റോമൻ പടയാളികൾ യേശുവിനെ രാജാവിന്റെ വേഷം ഉടുപ്പിച്ചു പരിഹസിച്ചപ്പോൾ, യേശു രാജാവാണെന്ന് അവകാശപ്പെട്ടിരുന്നുവെന്നതിന് തെളിവായി. ദൈവത്തിന്റെ പുത്രൻ എന്ന് യേശു അവകാശപ്പെടുന്നുവെന്ന്, ആ അഭിധാനം വച്ച് പ്രധാന പുരോഹിതരും നിയമജ്ഞരും മൂപ്പന്മാരും പരിഹസിച്ചപ്പോൾ, സമ്മതിച്ചുകൊടുത്തു. അഞ്ച്, യേശു യഥാർത്ഥത്തിൽ ദൈവപുത്രനാണെന്ന്, വധത്തിൽ ഏർപ്പെട്ടിരുന്ന പടയാളികളും മറ്റും യേശുവിന്റെ മരണ സമയത്തു ഏറ്റുപറഞ്ഞു. ആറ്, യഹൂദരുടെ ഒരു പ്രമാണിയായ അറമത്തിയാക്കാരൻ യൗസേഫ്, പീലാത്തോസിന്റെ പക്കൽ നിന്നു അനുവാദം വാങ്ങി, യേശുവിന്റെ ശരീരം ബഹുമാനപുരസ്സരം സ്വീകരിച്ച്, തനിക്കായി തയ്യാർ ചെയ്തിരുന്ന കല്ലറയിൽ ഏറ്റം മാന്യമായി സംസ്കരിച്ചു. ഏഴ്, യേശു മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുമെന്നു പറഞ്ഞിരുന്നത്, പ്രധാന പുരോഹിതന്മാർ ഓർത്ത്, യേശുവിന്റെ കല്ലറയ്ക്ക് കാവൽ ഏർപ്പെടുത്തി; എന്നാൽ അവരുടെ ആവശ്യം അപഹാസ്യമെന്ന നിലയിലാണ്, പീലാത്തോസു അതിനോട് പ്രതികരിച്ചത്. യഹൂദർ പരാജയപ്പെട്ടിടത്തെല്ലാം യേശുവിജയിച്ചു. അതനുസരിച്ച് വർഷങ്ങൾ കഴിഞ്ഞും യഹൂദരുടെ മുമ്പിൽ തുറന്നുവയ്ക്കാനാവുന്ന തെളിവുകൾ സുവിശേഷകൻ കണ്ടെത്തി, ഈ അധ്യായത്തിൽ ചേർക്കുകയും ചെയ്തു.

യൂദാസ്കറിയോത്താ യേശുവിനെ ഏല്പിച്ചു കൊടുത്തതിൽ ദുഖിച്ചത്,മാനസാന്തരമല്ല, ഹൃദയകാഠിന്യത്തിന്റെ തിക്തഫലമാണ്. താൻ പാപം ചെയ്തിരിക്കുന്നുവെന്ന്, അവൻ ഏറ്റു പറഞ്ഞു, എന്നത് വാസ്തവമാണ്. പക്ഷെ തന്റെ തെറ്റു മാനുഷികമായി, കൊടുംപാതകമെന്നു മനസ്സിലാക്കി, കിട്ടിയ പ്രതിഫലം തിരികെ കൊടുക്കാനും ആത്മഹത്യ ചെയ്യാനും യൂദാസ് തീരുമാനിച്ചു. പ്രധാന പുരോഹിതന്മാർ, മുപ്പതു വെള്ളിക്കാശു തിരികെ എടുത്തുവെങ്കിലും, അത് രക്തവിലയാണെന്നു ബോധ്യപ്പെട്ടു, അതു വച്ച് കുശവന്റെ പറമ്പുവാങ്ങി പരദേശികളുടെ സിമിത്തേരിയായി പ്രഖ്യാപിച്ചു. യൂദാസു ചെയ്തത്, കുറ്റമാണെന്ന് അവർ മനസ്സിലാക്കി. ദേവാലയ ഭണ്ഡാരത്തിലെ പണത്തിന് വിശുദ്ധി കല്പിച്ചിരുന്നതുകൊണ്ട്, അതിന്റെ വില ഭണ്ഡാരത്തിലിടാതെ പരോപകാരാർത്ഥം ഉപയോഗിക്കാൻ തീരുമാനിച്ചു. ഇതുകൊണ്ടൊന്നും,

www.malankaralibrary.com

യൂദാസും, കൂട്ടുനിന്ന പുരോഹിതരും, ചെയ്ത പാപത്തിനു പരിഹാരമായില്ല. എന്നാൽ സുവിശേഷകന് ചൂണ്ടിക്കണിക്കാനുള്ളത്, കുറ്റത്തിനു പരിഹാരമായോ എന്നതല്ല, ആ സംഭവത്തിൽ ഒരു പ്രവചനം നിറവേറി എന്നതാണ്. "അവന്റെ വിലയായി ഇസ്രയേൽ മക്കൾ നിശ്ചയിച്ച മുപ്പതു വെള്ളി നാണയങ്ങളെടുത്ത് കർത്താവു കല്പിച്ചതുപോലെ, അവർ കുശവന്റെ പറമ്പിന് വിലയായി കൊടുത്തു" (27/9) ഇതിൽ വില നിശ്ചയിച്ചത്, ഇസ്രായേൽ മക്കളാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇസ്രായേൽ മിശിഹായെ തിരസ്ക്കരിച്ചു എന്നതിന്റെ തെളിവാണിത് . ഇവിടെ പല പ്രവചനങ്ങൾ കൂട്ടിച്ചേർത്ത് സുവിശേഷകൻ നടന്ന സംഭവത്തോട് പൊരുത്തപ്പെടുത്തുന്നുണ്ട്. 'കർത്താവു കല്പിച്ചത്' എന്ന പ്രയോഗം അങ്ങനെ വന്നതാണ്. അന്ന് നിലവിലിരുന്ന പ്രവചനഭാഷാരീതി, സുവിശേഷകനും അവലംബിച്ചുവെന്ന് വിചാരിച്ചാൽ മതി. യേശുവിനെ വധിക്കുന്നതിൽ ശിഷ്യന്മാർക്ക് പങ്കില്ലെന്ന വിവക്ഷയും ഈ സംഭവത്തിലുണ്ട്.

പ്രഭാതമായപ്പോൾ പ്രധാന പുരോഹിതന്മാരും മൂപ്പന്മാരും യേശുവിനെ വധിക്കുവാൻ പീലാത്തോസിന്റെ പക്കൽ ഏല്പിച്ചു കൊടുത്തു. "അപ്പോൾ പീലാത്തോസ് ' ചോദിച്ചു. നീ യഹൂദന്മാരുടെ രാജാവാണോ എന്ന്, യേശു പറഞ്ഞു. നീ തന്നെ പറയുന്നുവല്ലോ" (27/11). 'നീ രാജാവ്' എന്നു ചോദിക്കുകയാണെങ്കിൽ, ഉത്തരവും അതിൽ ധ്വനിക്കുമല്ലോ. ഇതേ രീതിയാണ് എബ്രായ ശൈലിയിലും തുടരുന്നത്. എന്നാൽ ആരോപണങ്ങൾ ഉന്നയിച്ചപ്പോൾ , അതിനൊന്നും യേശു മറുപടി പറഞ്ഞില്ല. മൗനത്തിലൂടെ യേശു അവരെ ഭരിച്ചു. സ്പർദ്ധ കൊണ്ടാണ് പ്രധാനപുരോഹിതന്മാർ യേശുവിനെ ഏല്പിച്ചുകൊടുത്തതെന്ന് പീലാത്തോസ് അറിഞ്ഞിരുന്നു. മാത്രമല്ല 'ആ നീതിമാന്റെ രക്തത്തിൽ ഇടപെടരുതെന്ന്' പീലാത്തോസിന്റെ പത്നി, സ്വപ്നത്തിൽ കിട്ടിയ അറിവു വച്ച് ഉപദേശിക്കുകയും ചെയ്തിരുന്നു. ഇതെല്ലാം ആയപ്പോൾ യേശുവിനെ വിട്ടയക്കണമെന്ന് പീലാത്തോസ് ആശിച്ചു. 'അവനെ ക്രൂശിക്കുക' എന്ന ആക്രോശമല്ലാതെ വേറെ മറുപടിയൊന്നും യഹൂദരിൽനിന്നും ലഭിച്ചില്ല. പെരുന്നാളിന് ഒരാളെ വിട്ടയക്കുകയെന്ന പതിവുവച്ച് , യേശുവിനെയോ കുപ്രസിദ്ധനായ ബാർഅബ്ബായെയോ വിട്ടയയ്ക്കേണ്ടതെന്നു ചോദിച്ചിട്ടു പ്രയോജനമുണ്ടായില്ല. യഹൂദർ ഇഷ്ടപ്പെട്ടത് ബാർഅബ്ബായെ ആയിരുന്നു, യേശുവിനെ

www.malankaralibrary.com

യല്ല. പീലാത്തോസു പ്രതിസന്ധിയിലായി. അവസാനം പീലാത്തോസ് വെള്ളം എടുത്ത് ജനങ്ങളുടെ മുൻമ്പിൽ വച്ച് കൈകഴുകിക്കൊണ്ടു പറഞ്ഞു. "ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല" (27/24). നിസ്സഹായനായ ദേശാധിപതി യേശുവിനെ ചമ്മട്ടി കൊണ്ടടിച്ച് ക്രൂശിൽ തറയ്ക്കാൻ ഏല്പിച്ചുകൊടുത്തു. ചമ്മട്ടികൊണ്ടടിക്കുന്നത് , കൊലപ്പുള്ളിയെ തീർത്തും ദുർബലനാക്കാനും, അയാൾക്കു ക്രൂശിൽ കിടക്കുന്ന സമയം കുറച്ചുകൊടുക്കാനും ആണെന്നു ബൈബിൾ വ്യാഖ്യാതാക്കൾ പറയുന്നു. മത്തായി സുവിശേഷകൻ ഇതെല്ലാം എടുത്തു പറഞ്ഞത്, ഇസ്രായേൽ ഒരു കൂട്ടമായി യേശുവിന്റെ വധത്തിൽ പങ്കുചേർന്നുവെന്നു കാണിക്കാനാണ്. "അവന്റെ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ സന്തതികളുടെ മേലും ആയിരിക്കട്ടെ" എന്നാണ്, അവർ പീലാത്തോസിനോട് മറുപടി പറഞ്ഞത്. യേശുവിന്റെ രക്തത്താൽ യഹൂദരും രക്ഷ പ്രാപിക്കുന്നു എന്ന വിവക്ഷ ഇതിലുണ്ട്.

യഹൂദരുടെ രാജാവാണെന്ന് അവകാശപ്പെടുന്നുവെന്ന് ബോധിപ്പിച്ചാണല്ലോ, യഹൂദർ യേശുവിനെ ന്യായവിസ്താരത്തിന് ഏല്പിച്ചുകൊടുത്തത്. ഒരു സൈന്യവിഭാഗം മുഴുവൻ അവിടെ അണിനിരന്നു, ഏതാണ്ട് ഗാർഡ് ഓഫ് ഓണർ കൊടുക്കാനെന്ന പോലെ. പക്ഷെ രാജാവെന്ന നിലയിൽ അണിയിച്ച് പരിഹസിക്കാനായിരുന്നു അവർ ഒന്നിച്ചു കൂടിയത്. "ഒരു ചുവന്ന പുറംകുപ്പായം അണിയിച്ചു. ഒരു മുൾകിരീടം മുടഞ്ഞ് അവന്റെ ശിരസ്സിൽ വച്ചു. വലതു കയ്യിൽ ഒരു ഞാങ്ങണയും കൊടുത്തു. അവന്റെ മുമ്പിൽ മുട്ടുകുത്തിക്കൊണ്ട് 'യഹൂദരുടെ രാജാവേ, സ്വസ്തി' എന്നു പറഞ്ഞു അവർ അവനെ പരിഹസിച്ചു" (27/28-30). യേശു അന്ന് പരിഹാസവിഷയമായി. എന്നാൽ ഈ പീഡാനുഭവരംഗം ധ്യാനിച്ചു കൊണ്ട് യേശുവിനെ രാജാവായി വിശ്വസിച്ചാരാധിക്കുന്നവർ എത്രയോ കൂടുതൽ. അന്നത്തെ പരിഹാസം സഭയിൽ ഇന്ന് ആരാധനയ്ക്കു ഹേതുവായി.

യേശുവിന്റെ കുരിശു മരണം, ഒരു സംഭവമാണ്. പലതുകൂടി ഭവിക്കുന്നതാണല്ലോ സംഭവം. അതേ സമയം, പിതാവു പുത്രനിലൂടെ നിർവഹിക്കുന്ന ആവിഷ്ക്കരണമാണ്, ഇത്. യഹൂദന്മാരുടെ രാജാവ് എന്ന ആരോപണം കുരിശിന്റെ മുകളിൽ എഴുതി വച്ചതാണ്, ഒരു പ്രധാന വെളിപ്പെടുത്തൽ. പിതാവു പുത്രനെ രാജാവായി

www.malankaralibrary.com

അഭിഷേകം ചെയ്യുന്നു, മരണസംഭവത്തിൽ "അവർ അവന്റെ (യേശുവിന്റെ) വസ്ത്രങ്ങൾ കുറിയിട്ടു ഭാഗിച്ചെടുത്തു" എന്നത് 22ാം സങ്കീർത്തനത്തിലെ ഉദ്ധരണിയാണ്. എല്ലാം മനുഷ്യർക്കായി വീതിച്ചുകൊടുക്കുന്ന രാജാവിനെയാണ് ഇതിൽ നാം കാണുന്നത്. "ദേവാലയം നശിപ്പിച്ചു മൂന്നു ദിവസം കൊണ്ടു, പണിയുന്നവനേ", എന്നത് ദേവാലയത്തിന്റെ ശുദ്ധീകരണസമയത്ത് യേശു പറയുന്നതിൽ നിന്നാണ്. (യോഹ 2/19) തന്റെ ശരീരമാകുന്ന ദേവാലയത്തെക്കുറിച്ചാണ്, യേശു പറഞ്ഞത്. ആ ദേവാലയത്തിന്റെ വിശുദ്ധീകരണം, യേശുവിന്റെ മരണത്തിൽ സംഭവിച്ചു എന്ന് വെളിവാക്കുന്നു. മറ്റുള്ളവരുടെ പരിഹാസവർഷം സ്വീകരിച്ച യേശു സ്വയം വിശുദ്ധീകരിക്കുകയായിരുന്നു. " ഇവൻ ദൈവത്തിൽ ആശ്രയിച്ചു, ദൈവം ഇവനെ രക്ഷിക്കട്ടെ," (27/43) യേശു ദൈവത്തിൽ ആശ്രയിച്ചു ചെയ്ത അത്ഭുതങ്ങളെ ഓർത്തായിരിക്കാം, കാണികൾ പരിഹസിച്ച് പറഞ്ഞത്. ദൈവം യേശുവിനെ രക്ഷിക്കുക തന്നെ ചെയ്യും. പക്ഷെ അതു മനുഷ്യർ വിചാരിക്കുന്നതുപോലെയല്ല, ദൈവം കല്പിക്കുന്നതുപോലെയാണ്, സംഭവിക്കുക. മാനുഷികചിന്തയും ദൈവവെളിപാടും തമ്മിൽ ഏറ്റുമുട്ടിയ സംഭവമാണ്, യേശുവിന്റെ മരണം. യേശു ഇസ്രായേലിന്റെ രാജാവു തന്നെ. മരണമാകുന്ന സംഭവത്തിൽ ദൈവം കല്പിച്ചപോലെ രാജാഭിഷേകം നടന്നു.

യേശു ആറാം മണിമുതൽ ഒമ്പതാം മണിവരെ കുരിശിൽ കിടന്ന അവസരത്തിൽ ഭൂമിയിലെങ്ങും അന്ധകാരമുണ്ടായി. മനുഷ്യരുടെ പാപത്തിന്റെ രൂക്ഷതയും ആധിക്യവും ചൂണ്ടിക്കാണിക്കുന്നതാണ്, അന്ധകാരം. വഴിമുട്ടി ഇരുട്ടിൽ കഴിയുന്ന മനുഷ്യരോട് യേശു താദാത്മ്യപ്പെട്ടു. മാനുഷികബുദ്ധിയുടെ തെളിച്ചം കൊണ്ട് കരകയറാവുന്ന അവസരമല്ല, അത്. ലോകം മുഴുവനും, ദൈവംപോലും തന്നെ വിട്ടുപോയിയെന്ന് തോന്നുന്ന അവസ്ഥ. താദൃശമായ അവസ്ഥയിൽ യേശു ഉയർന്ന സ്വരത്തിൽ വിളിച്ചു പറഞ്ഞു. "എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്തുകൊണ്ട് എന്നെ കൈവിട്ടു" (27/46). 22-ാം സങ്കീർത്തനമാണിത്. ആ നീണ്ട സങ്കീർത്തനം മുഴുവനും യേശു ഉരുവിട്ടുവെന്ന് ചിന്തിക്കുന്നവരുണ്ട്. വ്യഥയിലും വ്യസനത്തിലും പെട്ട നിസ്സഹായനായ മനുഷ്യന്റെ ആശ്വാസമാണത്. എത്രയോപേർ ഈ സങ്കീർത്തനം ഉരുവിട്ടു പ്രാർത്ഥിച്ചിട്ടുണ്ട്. ഇസ്രയേലിന് ദൈവത്തിലുള്ള വിശ്വാസത്തിന്റെ പ്രകാശനമാണ്, ഈ സങ്കീർത്തനം. ഇസ്രായേൽ മുഴുവൻ ദൈവ

www.malankaralibrary.com

ത്തിന്റെ മിശിഹായ്ക്കെതിരെ അണിനിരന്നുവെന്നു തോന്നിക്കുന്ന സന്ദർഭത്തിൽ, യഥാർത്ഥ ഇസ്രായേലായ യേശുവിന്റെ ഈ പ്രാർത്ഥന ഏറ്റം പ്രസക്തമാണ്, ഭാവി സഭയ്ക്കു മുഴുവൻ. യേശു ഉയർന്ന സ്വരത്തിൽ നടത്തിയ ഈ പ്രാർത്ഥനയെപ്പറ്റി വ്യത്യസ്തമായ പ്രതികരണങ്ങൾ ശ്രോതാക്കളിൽ ഉണ്ടായതായി സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നു. പീഡാനുഭവവിവരണത്തിന്റെ പ്രമാണികതക്ക് ഒരു വ്യക്തമായ തെളിവാണിത്. ഇന്നും അതിന്റെ അലകൾ ഓരോ ആത്മാവിലും വ്യത്യസ്തമായി ഉയർന്നു പൊന്തുന്നു. ജീവന്റെ തുടിപ്പുകളായി മാറ്റുന്ന പ്രേരണകളാണ്, സുവിശേഷകൻ തുടർന്നു രേഖപ്പെടുത്തുന്നത്. "യേശു ഉച്ചത്തിൽ നിലവിളിച്ചു ജീവൻ വെടിഞ്ഞു" (27/50). ജീവൻ പിതാവിനെ ഏൽപ്പിച്ചുവെന്നാണ് ഇതേ സംഭവത്തെക്കുറിച്ച് യോഹന്നാൻ സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത്. ജീവൻ ഏൽപ്പിച്ചു; പുതിയ ജീവൻ ആവിർഭവിച്ചു. യേശുവിന്റെ സമർപ്പണം, നവ്യജീവന്റെ സ്ഫോടനമായി രൂപം കൊണ്ടു. പുതിയ സൃഷ്ടിയുടെ ആരംഭം. തദനുസൃതമായ തെളിവുകൾ തുടർന്നു സുവിശേഷകൻ നിരത്തി വയ്ക്കുന്നു.

യേശുവിന്റെ ഉച്ചത്തിലുള്ള ശബ്ദം ഒരു ശക്തിയായി രൂപം കൊണ്ടു. "അപ്പോൾ ദേവാലയത്തിലെ തിരശ്ശീല മുകൾമുതൽ താഴെവരെ രണ്ടായി കീറി; ഭൂമികുലുങ്ങി, പാറകൾ പിളർന്നു, ശവകുടീരങ്ങൾ തുറക്കപ്പെട്ടു." (27/51) ഇതൊരു പ്രതീകാത്മകവിവരണമാണ്. യേശുവിന്റെ മരണത്തിന്റെ ആദ്യത്തെ പാർശ്വഫലം, പഴയ ആചാര്യക്രമത്തിന്റെ തിരോധാനമാണ്. തിരശ്ശീല രണ്ടായി ക്കീറിയത്, ഈ മാറ്റത്തെകുറിക്കുന്നു. യേശുവിൽ ഒരു പുതിയ ക്രമം ആവിർഭവിക്കാനിരിക്കുന്നു. 'ഭൂമി കുലുങ്ങി, പാറകൾ പിളർന്നു' എന്നത് സൃഷ്ടിയിൽ ഉണ്ടാകുന്ന പരിവർത്തനങ്ങളുടെ സൂചകമാണ്. 'ശവകുടീരങ്ങൾ തുറക്കപ്പെട്ടു' എന്നത് യേശുവിന് മുമ്പു മരിച്ചവർ പുതിയ ജീവൻ പ്രാപിക്കും എന്നതിനെ കുറിക്കുന്നു. "യേശുവിന്റെ പുനരുത്ഥാനശേഷം മരിച്ചവർ പലരും പ്രത്യക്ഷപ്പെട്ടു." എന്നതും പ്രതീകാത്മകവർണ്ണനയാണ്. 'വിശുദ്ധനഗരത്തിൽ,' എന്നതിന് സ്വർഗ്ഗീയ യറുശലേമിൽ എന്നു മനസ്സിലാക്കിയാൽ മതി. യേശുവിന്റെ മരണത്തിന്റെ വിവരണത്തിൽ ഭൗമികമായ യറുശലേമിനെ വിശുദ്ധമായി പരിഗണിക്കുന്നതിൽ സാംഗത്യമില്ല. മരണസന്ദർഭം വച്ചു നോക്കുമ്പോൾ പ്രധാനം, ശതാധി

www.malankaralibrary.com

പനും അവന്റെ കൂടെ ഉണ്ടായിരുന്നവരും 'സത്യമായി ഇവൻ ദൈവ പുത്രനാണ്,' എന്നു ഏറ്റു പറഞ്ഞതാണ്. വിജാതീയർപോലും യേശുവിൽ വിശ്വസിക്കത്തക്കവിധം അടയാളങ്ങൾ കാണപ്പെട്ടു. എങ്കിലും യഹൂദർക്ക് മനംമാറ്റം വന്നില്ല. പുതിയ ഇസ്രായേലിന്റെ പുതിയ പൊടിപ്പുകൾ മരണസമയത്തു കണ്ടു തുടങ്ങിയെന്നു ചിന്തിക്കാൻ, ശതാധിപന്റെ മനസാന്തരം ഹേതുവായിത്തീർന്നു. മത്തായി സുവിശേഷകൻ ശിഷ്യന്മാരെ ആരെയും ഈ വിവരണത്തിൽ ഉൾപ്പെടുത്തുന്നില്ല. എന്നാൽ സ്ത്രീകളെപ്പറ്റി പരാമർശമുണ്ട്. ഗലീലിയിൽ നിന്ന് യേശുവിനെ അനുഗമിച്ചവരും അവനു ശുശ്രൂഷ ചെയ്തിരുന്നവരുമായ അനേകം സ്ത്രീകൾ അകലെ ഇക്കാര്യങ്ങൾ നോക്കിക്കൊണ്ടു നിന്നിരുന്നു.(2/55) ഗലീലിയിൽ നിന്നു യറുശലേമിലേക്കുള്ള ദൂരം വച്ചു നോക്കുമ്പോൾ, സ്ത്രീകളുടെ ഈ പങ്കാളിത്തം വളരെ സാഹസികമാണ്. സഭയിൽ അവർക്കുള്ള ശുശ്രൂഷയുടെ ഭാഗഭാഗിത്വത്തെപ്പറ്റി മത്തായി സുവിശേഷകൻ ബോധവാനായിരുന്നു. യഹൂദക്രമത്തിൽ സ്ത്രീകൾക്ക് യാതൊരു പങ്കാളിത്തവും അനുവദിച്ചില്ലാതിരിക്കെ, പുതിയ ഇസ്രായേലിലെ ഈ മാറ്റം വളരെ ശുഭോദർക്കമാണ്.

ക്രൂശുമരണം എത്ര നികൃഷ്ടമാണോ, അതേ രീതിയിലാണ് ക്രൂശിൽ മരിച്ചവരെ സംസ്കരിച്ചിരുന്നത്. ഈ പാശ്ചത്തലത്തിൽ മത്തായി സുവിശേഷകൻ യേശുവിന്റെ കബറടക്കം. വർണ്ണിക്കുന്നത് ശ്രദ്ധിക്കുക. "ജോസഫ് ശരീരമെടുത്ത് ശുചിയായ തുണിയിൽ പൊതിഞ്ഞ് പാറയിൽ തനിക്കുവേണ്ടി ഉണ്ടാക്കിയിരുന്ന. പുതിയ കല്ലറയിൽ സംസ്കരിച്ചു" (27/59). കുരിശുമരണത്തിന്റേതിൽ നിന്നും തികച്ചും വ്യത്യസ്തമാണ്, കബറടക്കത്തിന്റേ സാഹചര്യം. അരിമത്തിയായിലെ യൗസേഫ് സെൻഹെദ്രിൻ സംഘത്തിലെ ഒരു അംഗമായിരുന്നുവെന്ന് പറയുന്നുണ്ട്. യേശുവിന്റെ മരണത്തിന് കൂട്ടുനിന്നവരിൽ നിന്ന് അദ്ദേഹത്തിന്റെ വേർപെടൽ, യേശുവിന്റെ മരണം അനുഗ്രഹകരമാണെന്ന് കാണിക്കാൻ പ്രയോജനപ്പെടുന്നു. ഏതായാലും അരിമത്തിയായിലെ യൗസേഫ് അനുവാദം വാങ്ങിക്കാൻ മുമ്പോട്ടു വന്നത്, യഹൂദ പ്രമാണികൾക്ക് തിരിച്ചടിയായി. കബറടക്കത്തിനു സാക്ഷികളായി, മഗ്ദലേനമറിയത്തേയും മറ്റെ മറിയത്തേയും സുവിശേഷകൻ ഉൾപ്പെടുത്തിയിരിക്കുന്നു. അവരാണ്, യേശുവിന്റെ ഉയിർപ്പിന്റെയും ആദ്യസാക്ഷികൾ.

www.malankaralibrary.com

മൂന്നുദിവസം കഴിഞ്ഞ് താൻ ഇയർത്തെഴുന്നേൽക്കുമെന്ന് യേശു പറഞ്ഞിരുന്നത്, പ്രധാന പുരോഹിതരും പ്രീശരും ഓർത്തു വെന്നത്, യേശുവിന്റെ ഉയിർപ്പിന് തെളിവായി ഭവിക്കുന്നുണ്ട്. നേരത്തേ പറഞ്ഞിരുന്ന പ്രകാരമാണല്ലോ, യേശു ഉയിർത്തെഴു ന്നേറ്റത്. പിലാത്തോസിനെ കാണുവാൻ പ്രീശരും മുമ്പോട്ടുവന്നു. അവരായിരിക്കും യേശു പറഞ്ഞിരുന്നത് ഓർത്തെടുത്തത്, യേശു വിനെ വധിക്കാൻ ആലോചിച്ചതിലോ, പിന്നീടു വിചാരണ നട ത്തിയതിലോ ഒന്നും മത്തായി സുവിശേഷകൻ പ്രീശരെ പരാമർശി ക്കുന്നില്ല. പുതിയ ഇസ്രയേലിൽപെട്ടവരോട് അവർ അനുഭാവം കാട്ടിയിരുന്നവർ ആയിരിക്കാം. കല്ലറയ്ക്ക് കാവൽ നിർത്തണമെന്ന ആശയത്തോട് പിലാത്തോസ് അത്ര പൊരുത്തപ്പെട്ടില്ലെന്നുവേണം, അയാളുടെ പ്രതികരണം വച്ച് നിഗമിക്കാൻ. "നിങ്ങൾക്ക് ഒരു കാവൽ സേനയുണ്ടല്ലോ, പോയി കഴിവുപോലെ കാത്തുകൊള്ളുവിൻ" (27/65). കല്ലറയുടെ കാവൽ ഒരു രഹസ്യസംഭവമായിരുന്നില്ല. ഉയിർപ്പ് വെറും കെട്ടുകഥയാണെന്ന് വിചാരിക്കുന്നവർക്ക് ഇവിടെ തെറ്റു പറ്റിയിരിക്കുന്നു.

## അധ്യായം ഇരുപത്തിയെട്ട്

മത്തായിയുടെ സുവിശേഷത്തിന്റെ തനിമ അവസാനത്തെ അധ്യായത്തിൽ കൃത്യമായി പ്രകടമാകുന്നുണ്ട്. യേശുവിനോട് ഓരോകൂട്ടരുടെയും പ്രതികരണം വ്യക്തമായി അവതരിപ്പിക്കു കയാണ്, ഈ സുവിശേഷത്തിന്റെ പ്രത്യേകത. ഈ അധ്യായത്തിൽ മൂന്നു വിഭാഗങ്ങളെ പരാമർശിക്കുന്നുണ്ട്. ആദ്യമായി ഭക്തസ്ത്രീ കൾ, അവർ യേശുവിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും സാക്ഷി കളാണ്. ആ നിലയിൽ അവർ ആദിമസഭയിൽ ഏറ്റം ആദരണീയ രായിരുന്നു. രണ്ടാമതായി യഹൂദപ്രമാണികൾ – അവർ യേശുവി നോട് നിരന്തരം ഏറ്റു മുട്ടിയവരാണ്. അതിൽ അവർ പരാജയപ്പെ ട്ടു. ആ പരാജയത്തിൽ നിന്നും രക്ഷപ്പെടാനുള്ള വിഫലശ്രമമാണ്, ഈ അധ്യായത്തിൽ ചൂണ്ടിക്കാണിക്കുന്നത്. ഏറ്റം പ്രധാനപ്പെട്ട ഗണം യേശുവിന്റെ പതിനൊന്നു ശിഷ്യന്മാരുടേതാണ്. "അവർ അവനെ ആരാധിച്ചു. എന്നാൽ ചിലർ സംശയിച്ചു" (28/17) ശിഷ്യ ന്മാർ യേശുവിനെ യഥാർത്ഥമായി സ്നേഹിച്ചിരുന്നു. അവന്റെ

www.malankaralibrary.com

മുമ്പിൽ അവർ തുറന്ന മനസ്സോടെ വ്യാപരിച്ചിരുന്നു. അതിന്റെ ഫലമാണ്, അവർ, യേശുവിനെ ദൈവമായി ബോധ്യപ്പെട്ടു ആരാധിച്ചുവെന്നത്. എങ്കിലും ഉയിർപ്പിന്റെ സംഭവത്തിൽ അവരിൽ ചിലർ സംശയിച്ചു. ശിഷ്യരുടെ ദൗർബല്യം ഒന്നും, സുവിശേഷത്തിൽ മറച്ചുവച്ചിട്ടില്ല. അതുകൊണ്ടാണ് സുവിശേഷം വിശ്വാസയോഗ്യമാകുന്നത്. ശിഷ്യരുടെ ദൗർബല്യം മനസ്സിലാക്കിക്കൊണ്ടു തന്നെ, യേശു, അവരെ ശ്ലീഹന്മാർ (അയക്കപ്പെട്ടവർ) ആയി ഉയർത്തി, എല്ലാ അധികാരങ്ങളും, അവർക്കു നൽകി, പുതിയ ഇസ്രായേലിന്റെ കൂട്ടുത്തരവാദിത്വം അവരെ ഏൽപ്പിച്ചു. ഈ മൂന്നു സംഭവങ്ങളും സുവിശേഷത്തെ സംബന്ധിച്ചു പ്രധാനപ്പെട്ടവയാണ്.

യേശുവിനെ ഏറ്റം സ്നേഹിച്ചുവെന്നതാണ് ഭക്തസ്ത്രീകളുടെ പ്രത്യേകത. മരണത്തിന് സാക്ഷികൾ ആയവർ, ഉയിർപ്പിനും സാക്ഷികളാകുക ആവശ്യമായിരുന്നു. മഗ്ദലേന മറിയവും മറ്റേ മറിയവും എന്നു സുവിശേഷം എടുത്തുപറഞ്ഞിരിക്കുന്നു. യഹൂദനിയമത്തിൽ സ്ത്രീകളുടെ സാക്ഷ്യം സാധുവായി പരിഗണിക്കപ്പെട്ടിരുന്നില്ല. എന്നാൽ യേശുവിന്റെ ഉത്ഥാനത്തിന് ആദ്യത്തെ സാക്ഷികൾ ആകാനുള്ള ഭാഗ്യം അവർക്കു തന്നെ. അവർ ഞായറാഴ്ച അതിരാവിലെ കല്ലറയിൽ വന്നത്, യേശുവിനോടുള്ള സ്നേഹം ഒന്നുകൊണ്ടുമാത്രം. പ്രഭാതം പൊട്ടിവിടരുന്ന ആ സന്ദർഭത്തിൽ വലിയ ഒരു ഭൂകമ്പം ഉണ്ടായി. കർത്താവിന്റെ ദൂതർ പ്രത്യക്ഷപ്പെട്ട് കല്ലറ മൂടിയിരുന്ന കല്ല് ഉരുട്ടി മാറ്റി, അതിന്മേൽ ഇരുന്നു. വിജയത്തിന്റെ പ്രതീകാത്മകമായ വർണ്ണന ആണിത്. കാവൽക്കാർ വിറപൂണ്ടു മരിച്ചവരെപ്പോലെ താഴെ വീണു കിടന്നു. അവർ അവിടെ കിടക്കട്ടെ. ദൈവദൂതർ സ്ത്രീകളുടെ ഭയം മാറ്റി. യേശുവിന്റെ വിവരം അവരെ അറിയിച്ചു. "അവൻ അരുളിച്ചെയ്തതു പോലെ ഉയിർപ്പിക്കപ്പെട്ടു" (28/6). പിതാവ് ആണ് പുത്രനെ ഉയിർപ്പിച്ചത്. അത് ആർക്കും ദർശിക്കാൻ വഹിയാത്ത രഹസ്യാത്മകമായ സംഭവമാണ്. "അവൻ കിടന്ന സ്ഥലം വന്നു കാണുവിൻ"(28/7) ശൂന്യമായ കല്ലറയാണ്, യേശുവിന്റെ ഉയിർപ്പിൽ വിശ്വസിക്കാനുള്ള മാനുഷികമായ തെളിവ്. പക്ഷെ അത് ഒന്നുമല്ല. യേശുവിന്റെ ഉയിർപ്പ് മനസ്സുകൊണ്ടും ഹൃദയം കൊണ്ടും സ്വീകരിക്കാനാവുന്ന ദൈവരഹസ്യമാണ്. കല്ലറ കണ്ട് ബോധ്യപ്പെട്ടവർക്ക് വെളിച്ചം ലഭിച്ചു. യേശുവിന്റെ ഉയിർപ്പിൽ ഭക്തസ്ത്രീകൾ വിശ്വസിച്ചു.

www.malankaralibrary.com

മാലാഖ സ്ത്രീകൾക്ക് ഒരു ദൗത്യം ഏൽപ്പിച്ചു. യേശുവിന്റെ ഉയിർപ്പിന്റെ സുവിശേഷം ശിഷ്യന്മാരെ അറിയിക്കാനും, അവരോട് യേശുവിനെ ദർശിക്കാൻ ഗലീലിയിലേക്ക് പോകുന്നതിന് ആവശ്യപ്പെടാനും."അവർ കല്ലറ വിട്ട് ഭയത്തോടും വലിയ സന്തോഷത്തോടും കൂടെ ശിഷ്യന്മാരെ വിവരം അറിയിക്കാൻ ഓടി." (28/8) സമ്മിശ്ര വികാരങ്ങളോടെയാണ് സ്ത്രീകൾ ഉയിർപ്പിന്റെ വാർത്ത സ്വീകരിച്ചത്. മനുഷ്യന് സ്വയം പ്രാപിക്കാൻ സാധിക്കാത്ത തലത്തിൽ നടന്നതും അതേസമയം അഭിമുഖീഭവിച്ചതുമായ സംഭവമാണ്, യേശുവിന്റെ ഉത്ഥാനം. "അപ്പോൾ യേശു എതിരെ വന്ന് അവരെ അഭിവാദനം ചെയ്തു.അവർ അവനെ സമീപിച്ച് പാദങ്ങളിൽ കെട്ടിപ്പിടിച്ച് ആരാധിച്ചു" (28/9). ഉത്ഥിതനായ കർത്താവ് തന്നെ വിശ്വസിക്കുന്നവർക്ക് കൂടുതൽ അഭിഗമ്യനായിത്തീർന്നു. യേശുവിനെ ദൈവവും മനുഷ്യനുമായി ബോധ്യപ്പെട്ടത് അനുസരിച്ച്, അവർ താണു വീണ് ആരാധിച്ചു. മാലാഖ ഏല്പിച്ച ദൗത്യം, യേശു വീണ്ടും അവരെ അനുസ്മരിപ്പിച്ചു. "എന്റെ സഹോദരന്മാരോട് പറയുവിൻ" ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ ശിഷ്യരെ സഹോദരന്മാരായി ഉയർത്തിയിരിക്കുന്നു. മത്തായി സുവിശേഷകൻ ഉയിർപ്പിന്റെ മറ്റു പ്രത്യക്ഷീഭാവങ്ങളൊന്നും വിവരിക്കുന്നില്ല. ശിഷ്യന്മാരെ ഒന്നിച്ച് ഗലീലിയിൽ വച്ച് കാണുന്നതിലാണ്, എല്ലാ സംഭവങ്ങളും കേന്ദ്രീകരിച്ചിരിക്കുന്നത്. യറുശലേം ദുഷ്ടമായ നേതൃത്വത്തിലൂടെ അയോഗ്യമാക്കപ്പെട്ടു കഴിഞ്ഞു. ഉയിർപ്പിന്റെ സുവിശേഷത്തിന് അവൾ അനർഹയായിത്തീർന്നു.

പഴയ ഇസ്രായേലിന്റെ തിരോധാനവും പുതിയ ഇസ്രായേലിന്റെ ആവിർഭാവവുമാണ്, ഈ അധ്യായത്തിന്റെ പ്രധാനപ്രമേയം. സത്യത്തിനെതിരെ മത്സരിക്കാനാണ് പ്രധാനപുരോഹിതന്മാർ ഒരുമ്പെട്ടത്. ശിഷ്യന്മാർ, കള്ളന്മാരെപ്പോലെ, യേശുവിന്റെ മൃതദേഹം കട്ടുകൊണ്ടു പോയശേഷം, യേശു ഉയിർത്തെഴുന്നേറ്റുവെന്ന് വ്യാജവാർത്ത പരത്തുമെന്ന്, ഭയപ്പെട്ട് കല്ലറയ്ക്ക് മുദ്രവെച്ച് കാവൽ ഏർപ്പെടുത്തിയ കൂട്ടരാണവർ. "കാവൽക്കാരിൽ ചിലർ പട്ടണത്തിൽ ചെന്ന് സംഭവിച്ചതെല്ലാം പ്രധാനപുരോഹിതന്മാരെ അറിയിച്ചു." (28/11) ചിലർ മാത്രമേ പോയുള്ളു. പോകാതിരുന്നവർ യേശുവിൽ വിശ്വസിച്ചുവെന്ന ധ്വനി അതിലുണ്ട്. പോയവരും തങ്ങൾക്കു ഭവിച്ച പരാജയം മറച്ചുവച്ചില്ല. സംഭവിച്ചതെല്ലാം അറിയിച്ചു. ഭടന്മാർ സത്യസന്ധരാണ്. അവരെ കള്ളം പറയുവാൻ പഠിപ്പിച്ചത്, യഹൂദപ്രമാ

www.malankaralibrary.com

ണികളാണ്. അവർ നുണയന്മാരാണെന്ന് യേശു പറഞ്ഞതായി യോഹന്നാന്റെ സുവിശേഷത്തിൽ പ്രസ്താവിക്കുന്നുണ്ട്. "ഞങ്ങൾ ഉറങ്ങിക്കിടന്നപ്പോൾ രാത്രിയിൽ അവന്റെ ശിഷ്യന്മാർ വന്ന് അവനെ മോഷ്ടിച്ചുകൊണ്ടുപോയിയെന്നുപറയുവിൻ" (28/13) കൈക്കൂലി കൊടുത്തു, ഭടന്മാരെ വ്യാജം പറയുവാൻ, പ്രധാന പുരോഹിതന്മാർ നിർബന്ധിച്ചു. ഭടന്മാർ പണം വാങ്ങി, വ്യാജവാർത്ത പരത്തുകയും ചെയ്തു. മത്തായി സുവിശേഷം എഴുതുന്ന അവസരത്തിലും ഈ കള്ളക്കഥ പ്രചാരത്തിൽ ഇരുന്നുവെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. യറുശലേം നഗരത്തിൽ യഹൂദർ താമസിച്ചിരുന്ന അവസരത്തിൽ അല്ലാതെ ഈ വ്യാജപ്രസ്താവത്തിന് അർത്ഥമില്ലല്ലോ, മാത്രമല്ല കാര്യം പറഞ്ഞു മനസ്സിലാക്കി, യഹൂദരെ യേശുക്രിസ്തുവിലേക്ക് ആകർഷിക്കുവാനുള്ള ഉദ്ദേശ്യവും, ഈ സംഭവം രേഖപ്പെടുത്തുന്നതിലുണ്ട്. അസത്യത്തിന് നിലനില്പില്ല. മണലിന്മേൽ കെട്ടപ്പെട്ട ഭവനം പോലെ യറുശലേം തകർന്നു വീഴുന്നതിനെ ആണ് സുവിശേഷകൻ ഇവിടെ സൂചിപ്പിക്കുന്നത്. "അതിന്റെ വീഴ്ചവലുതായിരുന്നു" (7/27). എന്ന യേശു മുന്നമേ പ്രവചിച്ചത് ഇവിടെ സമർത്ഥവ്യമാണ്.

മഹാപ്രേഷണം (great Mission)എന്ന് വിളിക്കാവുന്ന ഈ ഭാഗം, മത്തായിയുടെ സുവിശേഷത്തിന്റെ രത്നച്ചുരുക്കമാണ്. ദാവീദിന്റെ പുത്രനായ മിശിഹായുടെ ജനനവും ജീവിതവും മരണവും ഉത്ഥാനവുമാണല്ലോ സുവിശേഷത്തിന്റെ പ്രമേയം. മിശിഹായുടെ സിംഹാസനാരോഹണമാണ്, ഈ ചുരുങ്ങിയ വാക്യങ്ങളിൽ വിവരിക്കുന്നത്. ഗലീലിയിലെ വെളിപാടിൻ മലയിൽ, ഇവിടെയായിരിക്കും യേശു രൂപാന്തരപ്പെട്ടത്, ഒന്നിച്ചുകൂടാൻ യേശു ഉയിർത്തെഴുന്നേറ്റ ഉടനെ ശിഷ്യന്മാരോട് ആവശ്യപ്പെട്ടിരുന്നു. യേശുവും അവിടെ എത്തിച്ചേർന്നു. ഉത്ഥാനത്തിന്റെ പ്രത്യക്ഷീകരണങ്ങളെ സംക്ഷേപിക്കുവാനുള്ള ശ്രമം ഈ ഭാഗത്തിലുണ്ട് . യേശുവിൻ ഓരോ പ്രത്യക്ഷതയിലും ശിഷ്യന്മാർ ഭയപ്പെട്ടു, സംശയിച്ചു; അവസാനം സന്തോഷിച്ചു, വിശ്വസിച്ചു. അതൊക്കെവച്ചാണ്, സുവിശേഷകൻ ചിലർ സംശയിച്ചു. എന്ന് രേഖപ്പെടുത്തിയിരുക്കുന്നത് അത് ശിഷ്യസമൂഹത്തിന്റെ ഐക്യദാർഢ്യത്തെ ബാധിച്ചില്ല. യേശു പതിനൊന്നുപേരെയും ഒന്നിച്ചുകണ്ട് അവർക്ക് എല്ലാ അധികാരവും നൽകി. സിംഹാസനാരൂഢനായ മിശിഹായുടെ അധികാരപ്രഖ്യാ

www.malankaralibrary.com

പനമാണിത്. ഇതിന് മൂന്നു ഭാഗങ്ങളുണ്ട്, ത്രികാലങ്ങളെ സ്പർശിക്കുന്നതായി. ദൈവത്തിന്റെ രക്ഷാകരപദ്ധതി മുഴുവനും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു.

"സ്വർഗ്ഗത്തിലും ഭൂമിയിലും എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു" (28/18) യേശു യഥാർത്ഥത്തിൽ ദൈവമാണ്. ഏകദൈവത്തിൽ മൂന്നാളുകൾ. അതിൽ രണ്ടാമത്തെ ആൾ, വചനമായ ദൈവം, മനുഷ്യനായി അവതരിച്ചു. തന്റെ ജീവിതമരണോത്ഥാനങ്ങളിലൂടെ, പിതാവു നൽകിയ മിശിഹായെന്ന പദവി ശിഷ്യർക്കും മറ്റെല്ലാവർക്കും യേശു വെളിപ്പെടുത്തി. മാത്രമല്ല താൻ പിതാവിന്റെ പുത്രനാണെന്നും, എല്ലാവരെയും ബോധ്യപ്പെടുത്തി. ദൈവമെന്ന നിലയിൽ സർവ്വാരാധനയ്ക്കും താൻ യോഗ്യനാണെന്ന്, യേശു തെളിയിച്ചുകൊടുത്തു. ഉത്ഥിതനായ കർത്താവിനെ കണ്ടപ്പോൾ ശിഷ്യന്മാർ ആരാധിച്ചത്, .യേശു ദൈവമാണെന്ന് ബോധ്യപ്പെട്ടതു മൂലമാണ്. മനുഷ്യപുത്രൻ, എന്ന് യേശു എപ്പോഴും സ്വയം പരിചയപ്പെടുത്തിയിരുന്നു. ആ നാമധേയത്തിന്റെ അർത്ഥവ്യാപ്തി ശിഷ്യർ സാവകാശമാണ് മനസ്സിലാക്കിയെടുത്തത്. യേശുവിന്റെ ഈ ഭരണപ്രഖ്യാപനത്തിൽ, അത് പൂർണ്ണമായി ഗ്രഹിക്കുവാൻ ശിഷ്യർക്കു സാധിച്ചു. മിശിഹാ, മനുഷ്യപുത്രൻ, വചനമായ ദൈവം, എന്നിവയിലൂടെ യേശുവിനെ സഭ സമഗ്രമായി മനസ്സിലാക്കിയത് ശ്ലീഹന്മാർ മുഖാന്തിരമാണ്. പതിനൊന്ന് ശിഷ്യരും, ശ്ലീഹന്മാർ (ദൈവത്താൽ അയക്കപ്പെട്ടവർ എന്നാണ് ഈ പദത്തിന്റെ അർത്ഥം) ആയിത്തീരുകയും ചെയ്തു.

ശ്ലീഹന്മാർക്ക് യേശു നൽകിയ ദൗത്യമാണ് അടുത്ത വാക്യങ്ങളിൽ പ്രതിപാദിക്കുന്നത്. "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ." (28/19) എല്ലാ ജനതകളെയും എന്ന പ്രയോഗം പ്രധാനമാണ്. യേശു തന്നെപ്പറ്റി പരസ്യശുശ്രൂഷയുടെ സമയത്ത് ഇസ്രായേലിലെ നഷ്ടപ്പെട്ട ആടുകളുടെ പക്കലേക്ക് അയക്കപ്പെട്ടിരിക്കുന്നു എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ഇസ്രായേലിന് പുറത്തുള്ളവർക്ക്, യേശു തന്റെ ശുശ്രൂഷയുടെ ഫലം ഒരിക്കലും നിഷേധിച്ചില്ല. നഷ്ടപ്പെട്ട ആടുകളുടെ പക്കലേക്ക് പോകുന്നത് അവരെ നേടിയെടുക്കാനാണ്. നേടിയെടുക്കുന്നതോ, "അബ്രഹാമിൽ എല്ലാ ജനങ്ങളും അനുഗ്രഹിക്കപ്പെടും"

www.malankaralibrary.com

(ഉൽപ18/18) എന്ന യഹോവയുടെ വാഗ്ദാനം പൂർത്തീകരിക്കാനാണ്. 'ശിഷ്യപ്പെടുത്തുക' എന്നതിൽ ഗുരുശിഷ്യബന്ധത്തെയാണ് അനുസ്മരിക്കുക. "യേശു ഗുരുവാണ്, അതിലുപരി നേതാവാണ്" (28/10) മോശ ഇസ്രായേൽ ജനത്തെ നയിച്ചതുപോലെ, സർവ്വജനങ്ങളെയും പിതാവിന്റെ പക്കലേക്ക് നയിക്കുവാൻ അയക്കപ്പെട്ടവനാണ്. അതാണ്, മിശിഹായുടെ യഥാർത്ഥദൗത്യം, ശ്ലീഹന്മാർ അയക്കപ്പെട്ടതും അതിനുവേണ്ടിത്തന്നെ.

"പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ" (28/20) ഏകദൈവത്തിൽ മൂന്നാളുകൾ എന്നത് മുകളിൽ സൂചിപ്പിച്ചുവല്ലോ. യേശു മാമോദീസാ സ്വീകരിച്ചപ്പോൾ പിതാവിന്റെ സ്വരം ഉണ്ടായി. പുത്രൻ മാമോദീസാ സ്വീകരിച്ചു. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. മത്തായിയുടെ സുവിശേഷത്തിന്റെ പ്രധാനപ്രമേയമാണ്, പിതാവും പുത്രനും തമ്മിലുള്ള ബന്ധം. പരിശുദ്ധാത്മാവ് യേശുവിനെ നയിച്ചതായും പറയുന്നുണ്ട്. യേശു യഥാർത്ഥത്തിൽ ദൈവം ആണെന്ന് ബോധ്യപ്പെട്ടാൽ ഏകദൈവത്തിൽ മൂന്നാളുകൾ എന്നതിനെപ്പറ്റി സംശയം ഒന്നും ഉണ്ടാകുകയില്ല. പിതാവു ഒന്നേയുള്ളു ദൈവം മാത്രം; നേതാവു ഒന്നേയുള്ളു, ക്രിസ്തു മാത്രം. ഗുരുവും ഒന്നേയുള്ളു പരിശുദ്ധാത്മാവ് (cf 23/810) എന്നു മുകളിൽ വ്യക്തമാക്കിയതാണ്. ഇങ്ങനെയിരിക്കെ പരിശുദ്ധത്രിത്വത്തിന്റെ വ്യക്തമായ ആവിഷ്ക്കരണം സുവിശേഷത്തിൽ വന്നപ്പോൾ അത് പ്രക്ഷിപ്തം (Interpolated) ആണ്, എന്നൊക്കെ വാദിക്കുന്നത് നിരർത്ഥകമാണ്.

ജ്ഞാനസ്നാനം നൽകുന്നത് പാപമോചനത്തിനുള്ള പ്രക്രിയയാണ്. യോഹന്നാന്റെ മാമോദീസാ അനുതാപസൂചകം മാത്രമായിരുന്നു. "അവൻ (യേശു) പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങളെ സ്നാനപ്പെടുത്തും" (3/11). എന്നുള്ള യോഹന്നാന്റെ വചനം നിറവേറുന്നത് സഭയിലാണ്. യേശു ഉയിർത്തെഴുന്നേറ്റതിലൂടെ പ്രാപിച്ച നവ്യജീവൻ തന്നിൽ വിശ്വസിക്കുന്നവർക്ക് നൽകാനുള്ളതാണ്. ആ ചുമതല അവിടുന്നു ശിഷ്യന്മാരെ ഏൽപ്പിച്ചു. ഇതാണ് മാമോദീസയിലെ 'ദൈവികജീവൻ,' അത് എല്ലാ മനുഷ്യർക്കും ഉദ്ദേശിച്ചുള്ളതാണ്. എല്ലാവരും പാപമോചനവും പുതിയ ജീവനും പ്രാപിച്ച് പിതാവിന്റെ മക്കളാകാൻ വിളിക്കപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

ഇതാണ് ക്രിസ്തു തന്റെ ശിഷ്യർക്കു നൽകിയ അധികാരത്തിന്റെ പാശ്ചാത്തലം.


"ഞാൻ നിങ്ങളോടു കൽപ്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" (28/20) സഭ വെറും അനുഷ്ഠാനക്രമമല്ല, നിയമങ്ങൾ മാത്രം പാലിക്കുവാൻ മാത്രമുള്ള വ്യവസ്ഥയുമല്ല. പ്രത്യുത ക്രിസ്തുവിന്റെ ജീവൻ സ്പന്ദിക്കുന്ന ശരീരമാണ് ,സഭ. അതുകൊണ്ട് സഭാംഗങ്ങൾ, ക്രിസ്തു എങ്ങനെ ജീവിച്ചു എന്ന്, പഠിക്കുവാൻ കടപ്പെട്ടിരിക്കുന്നു. അതുമാത്രവും പോരാ, ഓരോ കാലത്തും ക്രിസ്തുവിന്റെ സാക്ഷ്യം ഉരുത്തിരിഞ്ഞു വരത്തക്കവണ്ണം പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടേണ്ടവരാണ്, ക്രിസ്ത്യാനികൾ. "സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയി ലേക്കു നയിക്കും. അവൻ സ്വമേധയാ ആയിരിക്കുകയില്ല സംസാ രിക്കുന്നത്. അവൻ കേൾക്കുന്നതു മാത്രം സംസാരിക്കും. വരാനി രിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളെ അറിയിക്കും." (യോഹ 16/13) ക്രിസ്തു ആത്മാവിനു വിധേയമായി ജീവിച്ചു. അതുപോലെ ശ്ലീഹന്മാർ പഠിപ്പിച്ചത് ആത്മാവിന്റെ പ്രചോദനത്താലാണ്. അവർ പഠിപ്പിച്ചത് ഓരോ സഭാസമൂഹവും ഓർത്തുവച്ചു. അതുവച്ചാണ് ഓരോ സമൂഹവും വിശ്വസ്തതയോടെ ജീവിച്ചത്. ഈ ജീവിക്കുന്ന സമൂഹങ്ങൾ വായ്മൊഴികൾ ശേഖരിച്ചു. ഓരോ ഘട്ടങ്ങളിലായി സുവിശേഷങ്ങൾ രചിക്കപ്പെട്ടു. അങ്ങനെ വചനത്തിന്റെ സജീവ മായ തുടർച്ച യേശുക്രിസ്തു നിർദ്ദേശിച്ചതനുസരിച്ച് സഭയിൽ നില നിന്നു. ഈ പ്രക്രിയക്കു മുഴുവൻ നിദാനമായി നിന്ന, ക്രിസ്തുവിന്റെ വചനമാണ്, മത്തായി സുവിശേഷകൻ ഇവിടെ കുറിച്ചു വച്ചിരിക്കു ന്നത്. ഈ അടിസ്ഥാനവാക്യം ക്രിസ്തുവിന്റേതല്ലെന്ന് ജല്പിക്കു ന്നത്, വചനത്തോട് കാണിക്കുന്ന അവിശ്വസ്തതയാണ്.

"യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോട് കൂടെ ഉണ്ടാ യിരിക്കും" (28/20). ദൈവം അബ്രഹാമിന് വാഗ്ദാനം നൽകിയിരു ന്നു. ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽക്കരയിലെ മണൽത്തരിപോലെയും സന്തതികൾ ഉണ്ടാകുമെന്ന്. അങ്ങനെ ദൈവത്തിന്റെ സഹവാസഫലമായി, ഇസ്രായേൽ രൂപം കൊണ്ടു. ഇസ്രായേൽ ദൈവത്തിന്റെ ജനമാണ്. എങ്കിലും അവർ ദൈവ ത്തിൽ നിന്ന് തെറ്റിത്തിരിഞ്ഞു. പക്ഷേ യഹോവ തന്റെ ജനത്തോ ടുള്ള സഹവാസം ഉപേക്ഷിച്ചില്ല. ദൈവത്തിന്, തന്റെ ജനത്തോ

www.malankaralibrary.com

ടുള്ള കൂട്ടിരിപ്പിനു മോശയും പ്രവാചകന്മാരും, സാക്ഷ്യം നിന്നു. അതിൻപ്രകാരമാണ്, ദൈവത്തിന്റെ ഏകജാതൻ മനുഷ്യശരീരം ധരിച്ചത്. അന്നു മുതൽ ഇസ്രായേലിന് പ്രത്യക്ഷമായ അടയാളം ലഭിച്ചു. 'ദൈവം നമ്മോടുകൂടെ'' എന്നാണ് യേശു പേർ വിളിക്കപ്പെട്ടത്, അമ്മാനുവേൽ എന്നാൽ യേശു മിശിഹായാണ്. അതനുസരിച്ച് തന്റെ ജനത്തോട് ദൈവം പുലർത്തുന്ന ബന്ധം കൂടുതൽ അടുപ്പമുള്ളതായി. മണവാളന് മണവാട്ടിയോടുള്ള ബന്ധം പോലെ. മശിഹാ തന്റെ മരണവും ഉത്ഥാനവും വഴി മണവാട്ടിയായ സഭയെ കുറവോ, ചുളിവോ ഒന്നുമില്ലാത്തവണ്ണം ശുദ്ധീകരിച്ചെടുത്തു. അതാണ് പുതിയ ഇസ്രായേൽ. അതിന്റെ ശുശ്രൂഷകരാണ് ശ്ലീഹന്മാർ. അവരോട് ക്രിസ്തു അരുളിചെയ്യുന്നു യുഗാന്തം വരെ ഞാൻ നിങ്ങളോടു കൂടി ഉണ്ടായിരിക്കും എന്നു. മണവാളൻ. മണവാട്ടിക്കു കൊടുക്കുന്ന വാഗ്ദാനമാണിത്. ഈ ബന്ധത്തിലൂടെ വേണം, സകല ജനതകളും രക്ഷയുടെ അനുഭവത്തിലേക്കു പ്രവേശിക്കുവാൻ. അവരാണ്, അബ്രഹാമിന്റെ നിരവധിയായ സന്തതികൾ. ദൈവം, തന്റെ മക്കളെ ഭൂമിയുടെ നാലു ഭാഗങ്ങളിൽ നിന്ന് തെരഞ്ഞെടുത്തു കൂട്ടിച്ചേർക്കുന്നു. ആദ്യജാതനായ ക്രിസ്തുവിനോട് അവർ ഒന്നിച്ചു ചേർന്നു. ഈ ഒന്നിച്ചു ചേർക്കലാണ് സഭയുടെ ദൗത്യം. അത് ശ്ലീഹന്മാർക്കും പിൻഗാമികൾക്കും ഏൽപ്പിച്ചുകൊടുത്തിരിക്കുന്നു. അവർക്ക് ,അതായത് സഭയ്ക്ക്, എന്നും ശക്തിയും ആശ്വാസവുമാണ്, ക്രിസ്തുവിന്റെ നിതാന്തസാന്നിദ്ധ്യം.

www.malankaralibrary.com



സുവിശേഷരചന സഭയുടെ പൊതുവായ ഉത്തരവാദിത്വത്തിൽ നടന്നിട്ടുള്ളതാണ്. ഇക്കാര്യത്തിൽ മത്തായിശ്ലീഹാ യറുശലേം സഭയോട് കൂടുതൽ കടപ്പെട്ടരിക്കുന്നു. പക്ഷേ, അദ്ദേഹത്തിന്റെ പ്രതിബദ്ധത കർത്താവായ യേശുക്രിസ്തുവിനോടാണ്. മത്തായിശ്ലീഹാ യേശുവിനോടൊപ്പം മൂന്നുവർഷം നടന്നു. എല്ലാം നോക്കിക്കണ്ട് മനസ്സിൽ സംഗ്രഹിച്ചു. ശ്ലീഹാ എന്ന നിലയിൽ പരിശുദ്ധാത്മാവിന്റെ വരവിനു മുമ്പും പിമ്പും മറ്റു ശ്ലീഹാമാരോട് ഒത്തുചേർന്നു. യേശു ചെയ്തതും പറഞ്ഞതും അനുഭവിച്ചതും അവർ ഒന്നിച്ചു ശേഖരിച്ചുവച്ചു. ആ പൊതുശേഖരത്തിൽ നിന്നാണ്, ശ്ലീഹന്മാർ ചുറ്റിസഞ്ചരിച്ച് ഓരോ സഭകളിൽപെട്ടവരെ പഠിപ്പിച്ചത്. യറു[illegible]ലേം ആയിരുന്നു മത്തായിശ്ലീഹായുടെ ആദ്യപ്രവർത്ത[illegible], യേശു പ്രവചിച്ചപ്രകാരം ഓരോ ദുരന്തങ്ങൾ യറു[illegible]നു ഭവിച്ചപ്പോൾ അവയുടെ ദു[illegible]ഷ്ഫലം അനുഭവിക്കു[illegible] വിശ്വാസികളെ ധൈര്യപ്പെടുത്തുന്നതിനും [illegible]ർത്ഥ[illegible]ശിഹായിലേക്കു യഹൂദരെ ആകർഷിക്കുന്നതി[illegible] വേണ്ടി മത്തായിശ്ലീഹാ സുവിശേഷം എഴുതി. യേശുവിന്റെ ചിന്തകൾ അതിൽ വിശ്വസ്തതയോടെ രേഖപ്പെടുത്തിയിരിക്കുന്നു. അത്, അന്നും ഇന്നും ഏവർക്കും അനുഗ്രഹമായി അനുഭവപ്പെടുകയും ചെയ്യുന്നു.

(മുഖവുരയിൽ നിന്ന്)